വാല്യം 92

ഇരിങ്ങാലക്കുട ബ്ലോക്ക്

(തൃശ്ശൂർ ജില്ല)

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

ഒമ്പതാം പദ്ധതി ജനകീയ പദ്ധ











ഗ്രാമവികസനരേഖ

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

92-5

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്
ഗ്രാമവികസനരേഖ

പൊറത്തിശ്ശേരി പഞ്ചായത്ത് ജനകീയാസൂത്രണ സമിതി പ്രസിദ്ധീകരിക്കുന്നത്

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്
ഗ്രാമവികസന രേഖ 1996

പ്രസിദ്ധീകരണം
പൊറത്തിശ്ശേരി പഞ്ചായത്ത് ജനകീയാസൂത്രണസമിതി

രേഖാ ചിത്രങ്ങൾ
കവിതാ ബാലകൃഷ്ണൻ

കമ്പ്യൂട്ടർ ടൈപ്പ് സെറ്റിങ്ങ്സ്
ലൂൺസ് സിസ്റ്റംസ്, തൃശ്ശൂർ. ഫോൺ: 335827
ഫ്ലിക്സ് കമ്പ്യൂട്ടേർസ്, തൃശ്ശൂർ ഫോൺ: 398126
ചിപ്പ്വാലി, തൃശ്ശൂർ ഫോൺ: 331129

പ്രിന്റിങ്ങ്
നിലയാറ്റിങ്ങൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്,
മരത്താക്കര.(Phone:872185)



ഏതു ധൂസര സങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽക്കൃത ലോകത്തിൽ ചുലർന്നാലും
മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിനും വെളിച്ചവും
മണ്ണും മമതയും
ഇത്തിരി കൊന്നപ്പൂവും.

— വൈലോപ്പിള്ളി

MAP OF KERALA

THRISSUR DISTRICT



ഉള്ളടക്കം

1. ആമുഖം 1

2. പഞ്ചായത്ത് പൊതു വിവരണം 3

3. ഗ്രാമപഞ്ചായത്ത് പൈതൃക സ്മൃതികൾ 4

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 9

5. സാമൂഹ്യ സാമ്പത്തിക മേഖലകൾ

   5.1 കൃഷിയും ജലസേചനവും 12

   5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും ..... 2[illegible]

   5.3 വ്യവസായം 35

   5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 41

   5.5 വിദ്യാഭ്യാസം 49

   5.6 കുടിവെള്ളവും പൊതുജനാരോഗ്യവും 58

   5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും 63

   5.8 സംസ്കാരം 68

   5.9 വനിതാക്ഷേമം 73

   5.10 സംരക്ഷണമേഖല 79

   5.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 84

   5.12 വിഭവസമാഹരണം 91

6. ഉപസംഹാരം 94

PORATHISSERY PANCHAYAT

മെറ്റൽഡ് റോഡുകൾ

വാർഡ് അതിർ

സ്ഥാപനങ്ങൾ



സ്ഥാപനങ്ങൾ

1. സെന്റ്. ആന്റണിസ് ഹൈസ്ക്കൂൾ, എൽ.പി. സ്ക്കൂൾ, മൂർക്കനാട്.
2. സെന്റ്. ജോസഫ്സ് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ, കരുവന്നൂർ.
3. ഗ്രാമപഞ്ചായത്ത് ആഫീസ്, (ബംഗ്ലാവ്), വില്ലേജാഫീസ്, വെറ്റിനറി ക്ലിനിക്, കമ്മ്യൂണിറ്റി ഹാൾ, ആയുർവേദ ഡിസ്പെൻസറി etc.
4. പഞ്ചായത്ത് സ്റ്റേഡിയം, തളിയക്കോണം.
5. മഹാത്മാ യു.പി. സ്ക്കൂൾ, പൊറത്തിശ്ശേരി.
6. ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ സ്മാരക സാംസ്കാരിക നിലയം (പഞ്ചായത്ത് ലൈബ്രറി)
7. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം.
8. ഹോളിക്രോസ് ഹൈസ്ക്കൂൾ, മാപ്രാണം.
9. ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ സ്മാരക ഗവ: യു.പി. സ്ക്കൂൾ
10. ഹോളി ഫാമിലി കോൺവെന്റ് എൽ.പി. സ്ക്കൂൾ, കുഴിക്കാട്ടുക്കോണം.

മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



പി.കെ. ചാത്തൻ മാസ്റ്റർ
(1953 - 1957)



ജോസ് പൊറത്തൂക്കാരൻ
(1957 - 1963)



ടി. പി. സുബ്ബരാമൻ
(1963- 1987)

ശാരദ കുഞ്ഞൻ
(1987 - 1995)

പഞ്ചായത്ത് ഭരണസമിതി

എ.ജെ. ആന്റണി
(പ്രസിഡണ്ട്)

കെ.എസ്. പത്മനാഭൻ
(വൈസ് പ്രസിഡണ്ട്)



ടി.എം. മുകുന്ദൻ
(സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

കെ. ലക്ഷ്മികുട്ടിയമ്മ



ടി.എ. പോൾ

രാജേശ്വരിലാൽ



എ.സി. ഷൺമുഖൻ

എം.ബി. നെൽസൺ

ജയ പീതാംബരൻ



എം.വി. സുനിൽ



നാരായണ മേനോൻ

സുമതി പുഷ്ക്കരൻ



ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി നൽകിയ സുപ്രധാനമായ ഒരു സന്ദേശമുണ്ട്. ഗ്രാമസ്വരാജ്. ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമങ്ങളുടെ വികസനവും സ്വയംപര്യാപ്തതയുമാണ് ഇന്ത്യയുടെ പുരോഗതിക്ക് അടിസ്ഥാനമാകേണ്ടതെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങളുൾകൊള്ളുന്ന ഓരോ റിപ്പബ്ലിക്കാവണം. പ്രതിരോധമുൾപ്പെടെ എല്ലാ കാര്യങ്ങളും നടത്തക്കവിധം സ്വയം പര്യാപ്തമായിരിക്കുകയും വേണം. മഹാത്മജിയെപ്പോലെതന്നെ മറ്റു സ്വാതന്ത്ര്യ സമര നേതാക്കൾക്കും സ്വതന്ത്ര ഇന്ത്യയെകുറിച്ച് ഒരുപാട് സങ്കല്പങ്ങലും സ്വപ്നങ്ങളുമുണ്ടായിരുന്നു.

ഭാരതം സ്വതന്ത്രമയപ്പോൾ ശ്രുതഗതിയിലുള്ളതും ആസൂത്രികവുമാആയ വികസനം ലക്ഷ്യമാക്കി 1951 മുതൽ പഞ്ചവത്സര പദ്ധതികൾ നടപ്പാക്കി. ഇക്കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളും ഇടക്കാലത്തുണ്ടായ വാർഷികപദ്ധതികളും വഴി നമുക്ക് ഏറെ പുരോഗതി നേടായിട്ടുണ്ട്. എന്നാൽ ലക്ഷ്യമിട്ട രീതിയിൽ സ്ഥായിയായതും, ശ്രുതഗതിയിലുള്ളതും നീതിപൂർവ്വകകമായ വിതരണം ഉറപ്പുവരുത്തുന്നതുമായ വളർച്ച കൈവരിക്കാനായില്ല. കേന്ദ്രീകൃതവും, ഉദ്യോഗസ്ഥ മേധാവിത്വപരവും ജനപങ്കാളിത്തമില്ലാത്തതുമായ ഏത് പദ്ധതിക്കും ലക്ഷ്യപ്രാപ്തി കൈവരിക്കാനാവില്ല. ആസൂത്രണം എന്നത് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കൽ മാത്രമായിമാറി.

അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമെ ഇതിനെ മറിക്കടക്കാനാവു എന്നു ബോധ്യപ്പെടലാണ് 1994 പഞ്ചായത്ത്രാജ് നിയമ രൂപീകരണത്തിലെത്തിച്ചത്. 1994 ഏപ്രിൽ 23ന് പ്രാബല്യത്തിൽവന്ന പഞ്ചായത്ത്രാജ് നിയമം ഭരണഘടനയുടെ 73, 74 ഭേദഗതികൾ പരിമതികളോടെയാണെങ്കിലും, ഒരു നൂതനയുഗത്തിലേക്കുള്ള വാതിൽ തുറന്നിടുകയായിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത ജനാധിപത്യരാഷ്ട്ര സംസ്ഥാപനത്തിനാവശ്യമായ മൂല്യബോധവും നൈതിക സംസ്ക്കാരവും വളർത്തിയെടുക്കുന്നതിനു വേണ്ടി പഞ്ചായത്ത് രാജ്, നഗരപാലിക ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രാതഃ സ്മരണീയനായ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി, മഹാത്മാവിന്റെ പാദരേണുക്കൾ പിന്തുടർന്നു. ആ കൈത്തിരി കെട്ടുപോകാതെ സൂക്ഷിച്ചുകൊണ്ട് മുൻപ്രധാനമന്ത്രി നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള സർക്കാർ 73,74 ഭരണഘടനാ ഭേദഗതികളോടെ ത്രിതല പഞ്ചായത്ത് സംവിധാനമുള്ള പഞ്ചായത്ത്രാജ് ബില്ലിന് നിയമപ്രാബല്യം നല്കി. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പഞ്ചായത്രാജ് അനുശാസിക്കുന്ന വ്യവസ്ഥകളോടെ ത്രിതല പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് സമഗ്രഗ്രാമവികസനത്തിലേക്കുള്ള അടിസ്ഥാനശിലയിടുകയും ചെയ്തു. ഈ ശിലയിൽ നിന്നു

കൊണ്ടാണ് ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ സർവ്വാത്മക ഭാവനയിലൂടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപഭാവങ്ങൾ നൽകിയതും അധികാരം ജനങ്ങൾക്ക് കൈമാറുന്ന സത്കർമ്മത്തിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിൽ നാന്ദിയാവുകയും ചെയ്തത്.

നമ്മുടെ സംസ്ഥാനം നേരിടുന്ന കടുത്ത വികസന പ്രതിസന്ധി (ഉല്പാദനമേഖലയിലെ മുരടിപ്പ്, സേവനമേഖലയിലെ നിലവാരതകർച്ച, രൂക്ഷമായ തൊഴിലില്ലായ്മ, വൈദ്യുതിയടക്കമുള്ള അടിസ്ഥാന സൗകര്യമേഖലയിലെ പിന്നോക്കാവസ്ഥ, തുടങ്ങിയവ) തരണം ചെയ്യുവാൻ താഴെതട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെയുള്ള വിദഗ്ധരുടെയും ഉദ്യോഗസ്ഥ മേധാവികളുടെയും സഹകരണത്തോടെയുള്ള ആസൂത്രണം സഹായിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ആസൂത്രണത്തിലുള്ള ഇത്തരം ഇടപെടൽ കാർഷികചെറുകിട വ്യവസായ മേഖലകളിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കും. സേവനതുറകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ തുടക്കം മലയാളവർഷങ്ങളായ ചിങ്ങം ഒന്നിന് (96 സെപ്റ്റ. 17) പൊറത്തിശ്ശേരി പഞ്ചായത്ത് തല ഉൽഘാടനം ഒന്നാം വാർഡിൽ നടന്നു. തുടർന്ന് നടന്ന ജില്ലാ തല ശില്പശാലയിൽ ജനപ്രതിനിധികൾ പങ്കെടുത്തു. 90ം പദ്ധതി ജനകീയ പദ്ധതി വിശേഷാൽ ഗ്രാമസഭക്കു മുന്നോടിയായി പഞ്ചായത്ത് തല പരിശീലനക്ലാസ് 96 സെപ്റ്റം. 16ന് നടന്നു. വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്ത് തല ഉൽഘാടനം 96 സെപ്തംബർ 21 ന് നടന്നു.

പഞ്ചായത്തിലാകെ ഗ്രാമസഭകളിൽ ശരാശരി 200 പേർ പങ്കെടുത്തു. ഏറ്റവും കൂടുതൽ ഈ പങ്കാളിത്തം 315 പേർ പങ്കെടുത്ത 8ാം വാർഡിലായിരുന്നു.

ഗ്രാമസഭകൾ തീവ്രമായ ജനവികാരങ്ങളെയും ജനാഭിലാഷങ്ങളുടെയും പ്രതിഫലനമായി മാറി. പ്രാദേശിക പ്രശ്നങ്ങളും, സാധ്യതകളും 6 ഗ്രൂപ്പായി നടന്ന ഗ്രാമസഭാ ചർച്ചകളിൽ ഗൗരവമായിതന്നെ ഉന്നയിക്കപ്പെട്ടു. തുടർന്നു രൂപീകരിക്കപ്പെട്ട കോർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും ഗ്രാമസഭാറിപ്പോർട്ട് ക്രോഡീകരിക്കുകയും ചെയ്തു. 30.10.96ന് പരിശീലനക്യാമ്പ് നടന്നു. 2.11.96ന് ഭൂപ്രകൃതി, ജലപ്രകൃതി, മണ്ണ്, വിളകൾ തുടങ്ങിയവ മനസ്സിലാക്കാനായി നടത്തിയ പഠന പര്യടനം ആവേശകരമായ അനുഭവമായിരുന്നു. 11.11.96ന് കൂടിയ പഞ്ചായത്ത് കമ്മിറ്റി വായിച്ച് അംഗീകരിച്ച റിപ്പോർട്ട് പഞ്ചായത്തിന്റെ വികസനരേഖയായി മാറുകയാണ്. 96 നവം. 24ന് നടക്കുന്ന വികസന സെമിനാർ കഴിയുന്നതോടെ പൊറത്തിശ്ശേരിയുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതി നിർദ്ദേശങ്ങൾ ഉരുത്തിരിയുമെന്ന് പ്രതീക്ഷിക്കാം.

പൊറത്തിശ്ശേരി ഗ്രാമ പഞ്ചായത്ത് പൊതുവിവരണങ്ങൾ

പഞ്ചായത്തിന്റെ പേര്	:	പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	പൊറത്തിശ്ശേരി,
		മാടായിക്കോണം
		ഇരിങ്ങാലക്കുട.
ബ്ലോക്ക് പഞ്ചായത്ത്	:	ഇരിങ്ങാലക്കുട
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കരുവന്നൂർ, പൊറത്തിശ്ശേരി
താലൂക്ക്	:	മുകുന്ദപുരം
അസംബ്ലി മണ്ഡലം	:	ഇരിങ്ങാലക്കുട
വിസ്തീർണം	:	22.33 ച. കി. മി.
അതിരുകൾ	:	വടക്ക് : കരുവന്നൂർ പുഴ
		കിഴക്ക് : പറപ്പുക്കര, മുരിയാട് പഞ്ചായത്ത്
		തെക്ക് : ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി
		പടിഞ്ഞാറ് : കാറളം പഞ്ചായത്ത്.
ജനസംഖ്യ	:	29018 (1991 സെൻസസ് റിപ്പോർട്ട്)
വാർഡുകൾ	:	12
പ്രസിഡണ്ടിന്റെ പേര്	:	എ. ജെ. ആന്റണി
വൈസ് പ്രസിഡിന്റെ പേര്	:	കെ. എസ്. പത്മനാഭൻ



പൈതൃക സ്മൃതികൾ:-

വേദോപനിഷത്തുകളുടെ കാലത്തിനു മുൻപും പഞ്ചായത്തു പോലുള്ള നാട്ടുഭരണരീതികൾ ഉണ്ടായിരുന്നു. മനുഷ്യൻ സമൂഹമായി ജീവിക്കാൻ തുടങ്ങിയ കാലം മുതൽ പ്രമാണിമാരായ ഏതാനും പേർ ചേർന്ന് സാമൂഹിക ജീവിതത്തിനു നേതൃത്വം നൽകുകയും ആ പ്രമാണിമാരുടെ നേതൃത്വവും മാർഗ്ഗനിർദേശവും സാമൂഹിക പുരോഗതിക്ക് ഉപകരിക്കുകയും ചെയ്തിരിക്കാം. ഇന്ത്യയുടെ ചരിത്രം ആരംഭിക്കുന്ന വൈദിക യുഗം മുതൽ ഗ്രാമഭരണ രീതികളെ പറ്റി അവ്യക്ത സൂചനകൾ ധാരാളം ഉണ്ട്. വേദോത്തരകാലത്ത് മനുസ്മൃതിയിലും രാമായണത്തിലുമെല്ലാം തൽസംബന്ധമായ പ്രസ്താവനകൾ ഉണ്ട്. നിർലോഭരും നിഷ്കാമ കർമ്മികളും നിസ്സാർഥരുമായ മഹാത്മക്കളെ സമാദരിച്ചുകൊണ്ടും അവരോടാലോചിച്ച് കൊണ്ടും കാര്യങ്ങൾ നടത്താം എന്ന് കൗടില്യൻ അർത്ഥശാസ്ത്രത്തിൽ പറയുന്നു. ഇന്നത്തെ പഞ്ചായത്തുകളുടെ പ്രാചീനരൂപങ്ങൾ അന്നും നിലവിലുണ്ടായിരുന്നു. ഈ ഗ്രാമ ഭരണത്തിനായി ഗ്രാമസംഘങ്ങൾ, ഗോത്ര സംഘങ്ങൾ, ജാതിസംഘങ്ങൾ, ദേശ സംഘങ്ങൾ എന്നിവ സംഘടിപ്പിച്ചിരുന്നു. മിക്കവാറും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അടങ്ങിയതും സ്വയംഭരണ സ്വഭാവമുള്ളവയും ആയിരുന്നു ഭാരതത്തിലെ ഗ്രാമസംഘടനകൾ. ഇവയെ ഉത്തരേന്ത്യയിൽ പൊതുവേ പഞ്ചായത്ത് എന്നപേരിലും ദക്ഷണേന്ത്യയിൽ മഹാസഭ, ഊർ, മണ്ഡലം, കീട്ടം എന്നി പേരുകളിലും അറിയപ്പെട്ടിരുന്നു.

അഞ്ച് എന്നർത്ഥമുള്ള പാഞ്ച് അല്ലെങ്കിൽ പഞ്ചാ എന്നവാക്കിൽ നിന്നാവാം നമ്മുടെ പഞ്ചായത്ത് ഉരുത്തിരിഞ്ഞ് വന്നത്. അഞ്ച് അംഗങ്ങൾ ചേർന്നതായിരുന്നു ആദ്യത്തെ പഞ്ചായത്തുകൾ. ഭൂരിപക്ഷനിർണ്ണയത്തിനു അനുയോജ്യമായ സംഖ്യയാണ് അഞ്ച്. പഞ്ചായത്ത് എന്ന പദത്തിന് അഞ്ച് പേർചേർന്ന സഭ എന്ന അർത്ഥമല്ല ഇന്നുള്ളത്. ഗ്രാമഭരണത്തിന് ചുമതലപ്പെട്ട സമിതി എന്ന അർത്ഥമാണ് ഉള്ളത്.

കാറൽമാർക്സ്, വിൻസന്റ് സ്മിത്ത് തുടങ്ങിയ സാമൂഹിക ശാസ്ത്രജ്ഞരും ചരിത്രകാരൻമാരും ഈ സ്ഥാപനങ്ങൾ ഭരണത്തിൽ വഹിച്ചിട്ടുള്ള പങ്കിനെ പറ്റി പ്രശംസിച്ചിട്ടുണ്ട്.

കാറൽമാർക്സ് പറയുന്നു :- ഏഷ്യൻ സമൂഹത്തിൽ കാണപ്പെടുന്ന സുദൃഡതയുടെയും സംഘടനാശക്തിയുടെയും സ്ഥായിത്വത്തിന്റെയും പരിപൂർണ്ണമായ ക്രെഡിറ്റ് ഭാരതത്തിലെ സ്വാവലംബികളായ ഗ്രാമങ്ങളുടെ ഉത്പാദന പദ്ധതികൾക്കാണ്. ഇവിടത്തെ രാഷ്ട്രങ്ങൾ നഷ്ടഭ്രഷ്ടമായി തീർന്നിട്ടുണ്ടെങ്കിലും രാജകുടുംബങ്ങൾ വളർന്നും തളർന്നും നശിച്ചും കൊണ്ടിരുന്നെങ്കിലും ഇവിടെത്ത സമുദായത്തിലും സമൂഹത്തിലും ഈ പരിവർത്ത

നങ്ങളുടെ യാതൊരുവിധ സ്വാധീനശക്തിയും ഉണ്ടായിരുന്നില്ല. അവ പഴയ രീതിൽ തന്നെ തുടർന്നു വന്നു.....

വേദേതിഹാസങ്ങളും നീതിസാസ്ത്രവും മനുസ്മൃതിയും അർത്ഥശാസ്ത്രവും പഠിപ്പിച്ച ആ പൈതൃകത്തിന്റെ നവധാരകൾ ജനകീയ ആസൂത്രണത്തിലൂടെ പുനക്രമീകരി ക്കപ്പെടുകയാണ്. ചരിത്രത്തിന്റെ രഥചക്രങ്ങൾ ജനാധിപത്യ സംവിധാനത്തിലെ അധികാര തമോഗുണങ്ങൾക്കു നേരേ പടഹധ്വനികൾ മുഴക്കും മുമ്പേ നാം മാറ്റങ്ങൾക്ക് തയ്യാറാകുന്നു. അഭിലാഷണീയമായ സാമൂഹിക പരിവർത്തനത്തിന്റെ സംരംഭങ്ങൾ ജനങ്ങൾക്ക് ആവേശവും പ്രതീക്ഷയും നൽകുന്നു.

തറക്കൂട്ടങ്ങൾ

ചിരപുരാതനമായ കേരളീയ ഭരണവ്യവസ്ഥിതിയെ സ്വരൂപിതമായ കാലം മുതൽ ആയിരം കൊല്ലം മാറ്റമില്ലാതെ നിലനിന്ന അതിശയനീയമായ ഭരണഘടന എന്നാണ് അത്ഭുതാദരങ്ങളോടെ വില്യം ലോഗൻ വിശേഷിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ സിവിൽ ഭരണം നടത്തിയിരുന്ന പരമാധികാര പൗരസമിതികളായ തറക്കൂട്ടങ്ങളെ ബ്രിട്ടീഷ് പാർലിമെന്റിനോട് അദ്ദേഹം സാമ്യപ്പെടുത്തിട്ടുണ്ട്. ഭരണനിർവ്വഹണത്തിന്റെ പരഘടകം (Ultimate Unit) തറ അഥവാ ഗ്രാമം ആകുന്നു. അത്തരം ഏതാനും തറകൾ ചേരുന്നതാണ് ദേശം. ഒന്നിലധികം ദേശങ്ങൾ ചേർന്നതാണ് നാട്. ഒരോ തറയ്ക്കും അതിന്റെ കാരണവസംഘങ്ങൾ (തറക്കൂട്ടങ്ങൾ) ഉണ്ട്. നീതിന്യായ നടത്തിപ്പിന്റെ യഥാർത്ഥ ചുമതല ഇവർക്കായിരുന്നു. ചുരുക്കത്തിൽ അധികാരം ജനങ്ങളിലേക്കുതന്നെ ഐകവരുന്ന ആ പ്രക്രിയയുടെ അനുബന്ധമോ അനുസ്യൂതമോ ആയ ഭരണപരിഷ്ക്കാരമാണ് സർക്കാർ ആവഷ്ക്കരിച്ചിരിക്കുന്നത്. എന്നാൽ അത് ശാസ്ത്രീയമായ അപഗ്രഥനത്തിനും സാമ്പത്തികവും സാമൂഹിക വുമായ പരിവർത്തനത്തിനും വിധേയമായിട്ടാണെന്നു മാത്രം. വോട്ടവകാശത്തിനപ്പുറമുള്ള ജനപങ്കാളിത്തത്തിലേക്ക് ഭരണതലം താഴ്ന്നു വന്നിരിക്കുന്നു.

പൊറത്തിശ്ശേരി പഞ്ചായത്ത്.
(Physical setting)

19-ാം നൂറ്റാണ്ടിന്റെ പ്രരംഭദശകങ്ങളിലും 'നിയമ ങ്ങളുടെ സ്വരവും സ്വഭാവവും നിർണ്ണയിക്കുന്ന' പരമാധികാരസ്ഥാനം 'നമ്പുതിരിമാർക്കായിരുന്നുവെന്ന് വാൾട്ടർ ഹാമിൽട്ടൺ രേഖപ്പെടുത്തിയിട്ടുണ്ട്. 1925-ൽ ഔദ്യോഗികമായ പ്രസിദ്ധീകരിയ്ക്കപ്പെട്ടി ട്ടുള്ള'വ്യവഹാരമാലിക'യനുസരിച്ചാണ് നീതിന്യായ നടപടികൾ നിർവ്വഹിച്ചിരുന്നതെന്നു കാണുന്നു. കൊച്ചി രാജ്യത്തെ പെരുമനദിക്കുകാരനായ മഹേശ്വമംഗലം ശങ്കരനമ്പൂതിരിയാണ് ഇത് തയ്യാറാക്കിയതെന്നു കാണുന്നുണ്ട്. പ്രാചീനമായ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണ രീതിയിലേക്ക് വെളിച്ചം വീശുന്നവയാണിതെന്നു തോന്നുന്നു.

സുവ്യക്തമായ രേഖകളുടെ അഭാവത്തിൽ മുൻപുള്ള പഞ്ചായത്ത് സംവിധാനങ്ങളെ പറ്റി ഊഹാപോഹങ്ങളെ ആശ്രയിക്കുകയോ കാരണവന്മാരുടെ ഓർമ്മയിൽ തെളിയുന്ന വെളിച്ചത്തെ ആശ്രയിക്കുകയോ മാത്രമേ നിർവ്വാഹമുള്ളൂ.

പഴയ കൊച്ചിരാജ്യത്ത് മാതൃകാപഞ്ചായത്തുകൾ സ്ഥാപിച്ചിരുന്ന കാലത്ത് നിലവിൽ വന്നതാണ് പൊറത്തിശ്ശേരി പഞ്ചായത്ത്. ഭൂനികുതി നൽകുവാൻ പദവിയുള്ളവർക്കു മാത്രമേ അന്ന് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. അങ്ങിനെയുള്ളവർ വോട്ടു ചെയ്താണ് പ്രസിഡണ്ട്, അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുത്തിരുന്നത്.

അക്കാലത്ത് പഞ്ചായത്തുകളുടെ ചുമതലകൾ വളരെ പരിമിതമായിരുന്നു. പൊതുകിണറുകൾ, കുളങ്ങൾ, ചെറുകിട ജലസേചന പദ്ധതികൾ,

റോഡുകൾ എന്നിവ സംരക്ഷിക്കുക, വഴി വിളക്കുകൾ സ്ഥാപിക്കുക, തണ്ണീർ പന്തലുകൾ പരിപാലിക്കുക, നടവഴികൾ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക, പഞ്ച തിന്നുന്ന കന്നു കാലികളെ പിടിച്ചുകെട്ടുന്ന പൗണ്ടുകൾ സ്ഥാപിക്കുക എന്നിങ്ങനെയുള്ളവയായിരുന്നു. നികുതിപിരിക്കാനുള്ള അധികാരം പഞ്ചായത്തു കൾക്കുണ്ടായിരുന്നില്ല. ആവശ്യമായ കാര്യങ്ങൾ സർക്കാരിലേക്കെഴുതുമ്പോൾ ചെലവുകൾ മുഴുവനും സർക്കാർ നടത്തുകയായിരുന്നു പതിവ്. ഈ രീതിയിൽ നടന്നുവന്ന പഞ്ചായത്തിലെ നമ്മുടെ അറിവിൽ ഏറ്റവും പഴക്കം ചെന്ന പഞ്ചായത്ത് പ്രസിഡണ്ട് തൃക്കൂർ മഠം ശ്രീ ടി.ആർ. സുബ്ബരാമസ്വാമികളായിരുന്നു എന്നുവേണം കരുതാൻ. 'വ്യവഹാരമാലിക' വ്യവസ്ഥയനുസരിച്ച് ഭരണം നിർവ്വഹിച്ചിരുന്ന അവസാനത്തെ പഞ്ചായത്ത് പ്രസിഡണ്ടാണോ അയെന്നും നമുക്ക് ഉറപ്പിച്ചു പറയാൻ തെളിവുകൾ ലഭ്യമല്ല.

അന്നു പഞ്ചായത്ത് പ്രവർത്തിച്ചിരുന്നത് അദ്ദേഹത്തിന്റെ മഠത്തിൽ തന്നെയായിരുന്നു. ഈ രീതിയിൽ നടന്നു വന്ന പഞ്ചായത്തിലെ ഏറ്റവും ഒടുവിലത്തെ പ്രസിഡണ്ട് അറയ്ക്കൽ ലോനപ്പനായിരുന്നു.

തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും കൊണ്ട് മനുഷ്യൻ മനുഷ്യനെ ഇരുകാലി മൃഗങ്ങളായി കണ്ടിരുന്ന അയിത്താചരണത്തിനെതിരെ, വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി നടന്ന ചരിത്രപ്രസിദ്ധമായ കൂട്ടംകളം സമരത്തിൽ മർദ്ദനമേറ്റ ധീരസേനാനികൾ പി.കെ. ചാത്തൻ മാസ്റ്റർ, പി.കെ. അക്കൻ, പി.കെ. ചക്കൻ, കാളിചാത്തൻ മാസ്റ്റർ , കെ.കെ. വേലായുധൻ, വി.കെ. കേശവൻ, വടക്കൂടൻ ആരോമലുണ്ണി, കെ.കെ. ഗോപാലൻ മാസ്റ്റർ തുടങ്ങിയവർ പഞ്ചായത്തിന്റെ പുരോഗമനോ ച്ഛയുടെ ഉയർന്ന പ്രതികങ്ങളായിരുന്നു.

ജനാധാപത്യയുഗത്തിലേക്ക്.

തിരു-കൊച്ചി പഞ്ചായത്ത് നിയമം നിലവിൽ വന്ന 1953 മുതൽക്കാണ് പുതിയ പഞ്ചായത്തുകൾ നിലവിൽ വന്നത്. 21 വയസ്സ് പ്രായപൂർത്തി വോട്ടവകാശപ്രകാരം തിരഞ്ഞെടുപ്പ് നടന്ന ആദ്യത്തെ ജനകീയ പഞ്ചായത്ത് രൂപീകൃതമായി. "ജാതി വ്യവസ്ഥ കേരളത്തെ ഭ്രാന്താലയമാക്കി മാറിയ കാലഘട്ടത്തിൽ പുലയസമുദായത്തിൽ ജനിച്ച് സാമുദായിക പരിഷ്ക്കരണ പ്രസ്ഥാനത്തിലൂടെയും അയിത്തോച്ചാടന സമരത്തിലൂടെയും സ്വാതന്ത്ര്യസമര പോരാട്ടത്തിൽ പങ്കാളികളായ ശ്രീ. പി. കെ. ചാത്തൻ മാസ്റ്ററാണ് ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്. അംഗങ്ങളായി സർവ്വ ശ്രീ. ടി.ആർ. കൃഷ്ണൻ കുട്ടി, കോച്ചൻ, വി.സി. കൃഷ്ണൻ, ടി.കെ. ലോനപ്പൻ, തെക്കൂടൻ ആഗസ്തി മാസ്റ്റർ, കേളുഭക്തർ, വി.സി. കുറുമ്പൻ എന്നിവരുണ്ടായിരുന്നു. ടി.കെ.കൃഷ്ണൻകുട്ടിയായിരുന്നു വൈസ് പ്രസിഡന്റ്. കേരള പിറവിക്കു ശേഷം രൂപംകൊണ്ട ആദ്യത്തെ കേരള മന്ത്രിസഭ യിൽ പട്ടികജാതി/പട്ടികവർഗ ക്ഷേമത്തിനുള്ള മന്ത്രിയായി അദ്ദേഹം സ്ഥാനമേറ്റു. ഇതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് ശ്രീ.പൊറത്തുക്കാരൻ ജോസിനെ എതിരില്ലാതെ തിരഞ്ഞെടുക്കുകയും ചെയ്തു. ആ സമിതിയുടെ ഭരണം 1963 വരെ നീണ്ടു നിന്നു. തുടർന്നുനടന്ന തിരഞ്ഞെടുപ്പിൽ സർവ്വശ്രീ.ടി.പി.സുബ്ബരാമൻ, പി.എൻ. പിഷാരടി, പി.വി.വറീത് മാസ്റ്റർ തെക്കൂടൻ പോൾ മാസ്റ്റർ, കെ.വി.രാമകൃഷ്ണ മേനോൻ, ആർ.കെ.ധർമ്മരാജൻ, എം.എം.ചന്ദ്ര ശേഖരൻ, വി.വി. കോരാൻചിരി എന്നിവരെ തിരഞ്ഞെടുക്കുകയും, ടി.പി. സുബ്ബരാമനെ പ്രസിഡണ്ടാക്കുകയും ചെയ്തു. ശ്രി.പി.എൻ. പിഷാരടിയായിരുന്നു വൈസ് പ്രസിഡണ്ട്. ഉദ്യോഗാർത്ഥം രാജിവെച്ചപ്പോൾ മാസ്റ്റർക്കു പകരമായി ഉപതെരഞ്ഞെടുപ്പിലൂടെ വി.വി. പൗലോസ് അംഗമാവുകയും ചെയ്തു. 1979ലാണ് അടുത്ത പഞ്ചായത്ത് സമിതി നിലവിൽ വന്നത്. സർവ്വശ്രീ. ടി.പി. സുബ്ബരാമനെ തന്നെ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

അംഗങ്ങളായി സർവ്വശ്രീ പി.ടി.ജോസ്, കെ.എസ്.കേശവൻ, കെ.കെ. വേലായുധൻ, ശാരദാ കുഞ്ഞൻ, കാട്ടികുളം കുമാരൻ, പി.ടി. ജോസ്, പി.എം.സാനി, ആർ.കെ.ധർമ്മരാജൻ, പൊയ്യാറ സരോജിനി, പി.പി. ജനാർദ്ധനൻ, പി.എസ്.അരവിന്ദാക്ഷൻ എന്നിവരെയും തിരഞ്ഞെടുത്തു. ശ്രീ.കെ.എസ്. കേശവനായിരുന്നു വൈസ് പ്രസിഡണ്ട്. 1987ൽ കാലാവധി തീർന്നതിനെതുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ ശ്രീമതി ശാരദാകുഞ്ഞൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡണ്ടായി ശ്രീ.കെ.കെ.രാമനും അംഗ ങ്ങളായി കെ.തങ്കപ്പൻ നായർ, കെ.കെ.ബാലൻ, വി.വി.രാമകൃഷ്ണൻ, കെ.എസ്. ശിവദാസൻ, കെ.കെ.നാരായണ മേനോൻ, കെ.വി.ചന്ദ്രൻ, സി.ഡി.ജോസ്, ടി.എ.ജോണി മാസ്റ്റർ, ശോഭനാ ചന്ദ്രൻ എന്നിവരെയും തിരഞ്ഞെടുത്തു. 1995 ൽ പുതിയ ത്രിതല പഞ്ചായത്ത് അധികാര ത്തിലെത്തും വരെ ആ ഭരണസമിതിയായിരുന്നു. 1995 ൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, എന്നിങ്ങനെ ത്രിതലസംവിധാന ം രൂപികരിക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പിലൂടെയാണ് ശ്രീ എ.ജെ. ആന്റണിയെ പ്രസിഡണ്ടായും ശ്രീ. കെ. എസ്. പത്മനാഭനെ വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുത്തത്. അംഗങ്ങളായി കെ. ലക്ഷ്മികുട്ടിയമ്മ, ടി.എ. പോൾ, ടി. എം . മുകുന്ദൻ, രാജേശ്വരി ലാൽ, എ.സി. ഷൺമുഖൻ മാസ്റ്റർ , എം. ബി. നെൽസൻ, ജയ പീതാംബരൻ, എം.വി. സുനിൽ, കെ. നാരായണമേനോൻ, കെ.വി. സുമതി എന്നിവരെയും തിരഞ്ഞെടുത്തു.

വാർഡുവിഭജന ം

പൊറത്തിശ്ശേരി പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെയാണ് കരുവന്നൂർ പുഴ ഒഴുകികൊണ്ടിരിക്കുന്നത്. തെക്ക് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയും പടിഞ്ഞാറ് കാറളം പഞ്ചായത്തും കിഴക്ക് പറപ്പൂക്കര മുരിയാട് പഞ്ചായത്തുകളുമാണ് സ്ഥിതിചെയ്യുന്നത്. 22-33 ചതുശ്രവിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ മൂർക്കനാട്, കരുവനൂർ, തളിയക്കോണം, മാപ്രാണം, പൊറത്തിശ്ശേരി, കാട്ടുങ്ങച്ചിറ, ഊളക്കാട്, മാടായിക്കോണം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നു. മുകുന്ദപുരം താലൂക്കിലെ ഏറ്റവും വടക്കെ അതിർത്തിയിലെ ഈ പഞ്ചായത്ത് ഇരിങ്ങാലക്കുട ബ്ലോക്കിലും ജില്ലാ പഞ്ചായത്തിൽ പറപ്പൂക്കര ഡിവിഷനിലുമാണ്. പൊറത്തിശ്ശേരി, മാടായിക്കോണാ, ഇരിങ്ങലക്കുട, റൂറൽ വില്ലേജിന്റെ ഭാഗം എന്നിവ ഉൾപ്പെടുന്നു. 1952 മുതൽ ഈ പഞ്ചായത്തിൽ ഏഴു വാർഡുകളാണ് നിലവിലുണ്ടായിരുന്നത്. 1979 ൽ അത് 11 വാർഡുകളായി വർദ്ധിച്ചു. 1955 ലെ വിഭജനത്തിൽ വീണ്ടും ഒരു വാർഡുകൂടി വർദ്ധിപ്പിച്ച് 12 വാർഡുകളാക്കുകയും ചെയ്തു.

പഞ്ചായത്ത് ആസ്ഥാനം.

തൃക്കുർ മഠം. ശ്രീ. ടി.ആർ സുബ്ബരാമന്റെ വസതിയിൽ പ്രവർത്തിച്ചു വന്ന പഞ്ചായത്ത് ഓഫീസ് ശ്രീ. അറയ്ക്കൽ ലോനപ്പൻ പ്രസിഡണ്ടായതിനെ തുടർന്നു കരുവനൂർ മൂസാവരി ബംഗ്ലാവിന്റെ കുശിനിയായി ഉപയോഗിച്ചിരുന്ന ഒഴിഞ്ഞ സ്ഥലത്തേക്ക് മാറി പ്രവർത്തനം ആരംഭിച്ചു.

കൊച്ചി രാജ്യത്തിലെ ഭരണകാലത്ത് ഈ മൂസാവരി ബംഗ്ലാവ് ഒരു പ്രധാനകേന്ദ്രമായിരുന്നു. അന്ന് എറണാകുളത്ത് നിന്നും ജലമാർഗ്ഗം കായലിലൂടെയും കാനോലി കനാലിലൂടെയും കരുവനൂർ പുഴ വഴി ഇവിടെയുള്ള ബംഗ്ലാവിലെത്തിയിരുന്ന രാജകുടുബാംഗങ്ങൾ, ദിവാൻ പേഷ്ക്കാർ, തുടങ്ങിയ ഗവൺമെന്റ് അധികാരികൾ ഇവിടെ ഇറങ്ങി ഭരണകാര്യങ്ങൾ നടത്തുകയും കുതിര സവാരിയായി തൃശ്ശിവപേരൂർക്ക് സഞ്ചരിക്കുകയും ചെയ്തിരുന്നു. 1964 ൽ അന്നത്തെ ഭരണസമിതി കുശിനി പെളിച്ചുമാറി ഇന്നുകാണുന്ന പഞ്ചായത്തു കെട്ടിടം നിർമ്മിച്ചു.

വികസനപ്രവർത്തനങ്ങൾ –

ഒരു പുനരവലോകനം.

കേരളപ്പിറവിക്കുശേഷം ഈ പഞ്ചായത്തിന്റെ ആദ്യത്തെ ജനകീയ പ്രസിഡണ്ടായ ശ്രീ. ചാത്തൻ മാസ്റ്ററുടെ നേതൃത്വത്തിൽ അഭിമാനാർഹമായ പലനേട്ടങ്ങളും കൈവരിക്കാൻ പൊറത്തിശ്ശേരി പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തിരുകൊച്ചി പഞ്ചാത്ത് നിയമമനുസരിച്ച് പഞ്ചായത്തുകൾക്ക് കൈവന്ന പ്രത്യേക വരുമാനമാർഗ്ഗമുപയോഗിച്ച് ഈ പഞ്ചായത്തിൽ പല വികസനപ്രവർത്തനങ്ങൾക്കും അടിസ ്ഥാന മിടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പൊതു മരാമത്ത്, ജലസേചന - ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനായി ശ്രീ. ചാത്തൻ മാസ്റ്റർക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം മന്ത്രി യായിരുന്നപ്പോഴാണ് ഇല്ലിക്കൽ ഡാം നിർമ്മാണം, പുത്തൻ തോട് വീതികൂട്ടൽ, രാപ്പൾ - മുത്രത്തി ക്കര വഴി കനാൽ നിർമ്മാണം, മാഞ്ഞകുഴി ഡാം, ബസ്സ് ഗതാഗതത്തിനുതകും വിധം വലുതാക്കി മാറ്റി ഡിസൈൻ ചെയ്തും പുതുക്കാടുമായി ബന്ധിപ്പിക്കുന്ന മാഞ്ഞാം കുഴിഡാം റോഡും ധനുകുളം ബണ്ടും അദ്ദേഹത്തിന്റെ ശ്രമഫല മായി ഉണ്ടായതാണ്.

ടി.പി. സുബ്ബരാമന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ കാലത്താണ് ആയുർവ്വേദ ഡിസ്പെൻസറി , വെറ്റിനറി ക്ലീനിക്ക് എന്നിവ ആരംഭിച്ചത്. പഞ്ചായത്ത് വിട്ട് കൊടുത്ത സ്ഥലത്താണ് ഇവ പ്രവർത്തിക്കുന്നത്. കൂടാതെ മാപ്രാണത്ത് ഷോപ്പിങ്ങ് കോപ്ലക്സ് എന്നിവ. മുരിയാട് കായലിൽ രണ്ടു പൂവ് കൃഷി ചെയ്യാവുന്ന രീതിയിലുള്ള സജ്ജീകരണങ്ങൾ ഉണ്ടായത് ഇക്കാലത്താണ്. അക്കാലത്ത് നിർമ്മിച്ച കോന്തിപുലം ആനന്ദപുരം ചിറ ബണ്ടാണ് പിന്നീട് പി.കെ. ചാത്തൻ മാസ്റ്റർ സ്മാരക റോഡായി മാറിയത്. ഏഴിന പരിപാടിയിൽ ഉൾപ്പെടുത്തി കരുവന്നൂരിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പണികഴിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു. ഇരിങ്ങാലക്കുട വികസന ബ്ലോക്ക് അനുവദിക്കപ്പെട്ടപ്പോൾ ബ്ലോക്കാസ്ഥാനത്തിനായി സ്ഥലം വിട്ടുകൊടുത്തതും കെട്ടിടം പണിക്കാവശ്യമായ സംഭാവന സമാഹരിച്ചതും ഈ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിലാണ് നടന്നത്. തുടർന്ന് വന്ന ശ്രീമതി ശാരദാ കുഞ്ഞൻ നേതൃത്വം നൽകിയ പഞ്ചായത്ത് കമ്മിറ്റിയാണ് ശ്രീ..പി.കെ ചാത്തൻ മാസ്റ്റർ സ്മാരക ലൈ ബറി, തളിയക്കോണം പഞ്ചായത്ത് കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിച്ചത്. കൂടാതെ ഈ പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ മാടായിക്കോണം യു.പി. സ്കൂളിലും കെട്ടിടം പണിതു നൽകിയതും. പി.കെ. ചാത്തൻ മാസ്റ്ററുടെ പേരിൽ പട്ടികജാതി വിഭാഗക്കാർക്ക് ഒരു കമ്മ്യൂണിറ്റി ഹാൾ മാപ്രാണത്ത് നിർമ്മിക്കാനും ഇവർക്ക് കഴിഞ്ഞു.

ഭൂപ്രകൃതി, ജനപ്രകൃതി, ജലസമ്പത്ത്



(ആവലംബം: കൃഷിഭവൻരേഖകൾ, പഠനപര്യടനം, കേരള ലാന്റ് യൂസ് ബോർഡ് 1995 കണക്കുകൾ)

കേരള ലാന്റ് യൂസ് ബോർഡിന്റെ 1995 ലെ കണക്ക് പ്രകാരം കേരളത്തെ 13 സോണുകളായി തിരിച്ചതിൽ സെൻട്രൽ മിഡ്‌ലാന്റ് സോണിൽ കിടക്കുന്ന ഭൂപ്രദേശമാണ് പൊറത്തിശ്ശേരി. പശിമരാശി ചേർന്ന കളിമണ്ണിന് മേൽപ്പം ചരൽമണ്ണും, മണൽമണ്ണും, ചെമ്മണ്ണും, പഞ്ചായത്ത് പ്രദേശത്ത് കാണപ്പെടുന്നു. വടക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞ് കിടക്കുന്ന ഭൂസ്ഥിതിയാണ് പഞ്ചായത്തിനുള്ളത്.

ഭൂപ്രകൃതിയനുസരിച്ച് പൊറത്തിശ്ശേരിയെ താഴെ പറയുന്ന രീതിയിൽ തരം തിരിക്കാം.

1. കുന്നിൻ പ്രദേശം
2. ഉയർന്ന പ്രദേശങ്ങൾ
3. സമതലപ്രദേശങ്ങൾ
4. പാടശേഖരങ്ങൾ
5. തീരസമതലം

കുന്നിൻപ്രദേശം

കുഴിക്കാട്ടുക്കോണം, പുറക്കാട്ട് കുന്ന്, തളിയക്കോണം കുന്ന്, പൊറത്തിശ്ശേരി കുന്ന്, കുത്തുപറമ്പു കുന്ന് എന്നീ 5 കുന്നിൻ പ്രദേശങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവയിൽ സമതലനിരപ്പിൽ നിന്നും 90 അടി ഉയരമുള്ള കൂത്തുപറമ്പ്. ഏറ്റവും ഉയർന്ന പ്രദേശം. മറ്റ് കുന്നിൻ പ്രദേശങ്ങൾ കുഴിക്കാട്ടുക്കോണം കുന്ന് 65 അടി, പുറക്കാട് കുന്ന് 40 അടി, തളിയക്കോണം കുന്ന് 45 അടി പൊറത്തിശ്ശേരി കുന്ന് 75 അടി എന്നീ ക്രമത്തിലാണ് ഉയരം.

ഈ പ്രദേശങ്ങളിലെ മൺതരം ചരൽ മണ്ണും, ചെങ്കല്ലും ചേർന്നതാണ്. ജലസേചന സൗകര്യം അപര്യാപ്തമാണ്. പ്രധാനവിള തെങ്ങാണ്. കുന്നിൻ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ധാരാളമായിട്ടുണ്ട്. ജലസേചനസൗകര്യം കുറവായതിനാൽ കശുമാവ് ധാരാളം നേരത്തെ കൃഷി ചെയ്തിരുന്നു, എന്നാൽ ഇപ്പോൾ കശുമാവ് കൃഷി ഇല്ലാത്ത അവസ്ഥയാണ്. ഉദാഹരണം: കൂത്തുപറമ്പ്കുന്ന് 2905 ഹെക്ടർ ഭൂമി കുന്നിൻ പ്രദേശമായിട്ടുണ്ട്.

ഉയർന്ന പ്രദേശങ്ങൾ

ബ്ലോക്ക് ഓഫീസ് പരിസരം, പീച്ചംപിള്ളിക്കോണം, കരുവന്നൂർ ബംഗ്ലാവ് എന്നീ പ്രദേശങ്ങളാണ് പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങളായിട്ടുള്ളത്. ഈ പ്രദേശത്തെ മൺതരം ചെമ്മണ്ണ് ആണ്., പ്രധാന വിള തെങ്ങ്, ഇടവിളകളായി കവുങ്ങും, വാഴയും ഉണ്ട്. ജലലഭ്യത കുന്നിൻ പ്രദേശത്തേക്കാൾ കൂടുതലുണ്ടെങ്കിലും ജലസേചനസൗകര്യം അപര്യാപ്തമാണ്. പഞ്ചായത്തിന്റെ സമതലപ്രദേശത്തു നിന്നും, തീരസമതലത്തിൽ നിന്നും പമ്പുസെറ്റുകൾ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തുകയാണെങ്കിൽ ഈ പ്രദേശങ്ങളിലെ ജനക്ഷാമം ശാശ്വതമായി. ഒഴിവാക്കാൻ

കഴിയും. 5412 ഹെക്ടർ സ്ഥലം ഉയർന്ന പ്രദേശങ്ങളാണ്.

സമതലപ്രദേശങ്ങൾ

മാപ്രാണം, പുത്തൻതോട്, മൂർക്കനാട് എന്നിവയാണ് പഞ്ചായത്തിലെ സമതലപ്രദേശങ്ങൾ. ഇവിടുത്തെ മൺതരം ചെമ്മണ്ണും, മണൽ മണ്ണുമാണ്. പ്രധാന വിളകൾ തെങ്ങും, കവുങ്ങ്, കുരുമുളക്, വാഴ, ജാതി എന്നിവയാണ്. ജഡല സേചന സൗകര്യം ഈ പ്രദേസത്ത് ലഭ്യമാണ്. 9532 ഹെക്ടർ ഭൂമി സമതലപ്രദേശമാണ്.

പാടശേഖരങ്ങൾ

1771 ഹെക്ടർ ഭൂമി പഞ്ചായത്തിൽ പാടശേഖരങ്ങലായിട്ടുണ്ട്. നെല്ല് പ്രധാനമായും കൃഷി ചെയ്യുന്നു. മുണ്ടകൻ, പുഞ്ചവിരിപ്പ് നിലങ്ങൾ പെടുന്നതാണ് പഞ്ചായത്തിലെ പാടശേഖര

തീരസമതലം

പഞ്ചായത്തിന്റെ വടക്ക് ഭാഗത്തെ അതിർത്തിയായ കരുവന്നൂർ പുഴയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങൾ തീരസമതലമാണ്. കളിമണ്ണും, ഏക്കൽമണ്ണും, പശിമരാശി കലർന്ന മണൽ മണ്ണും ഈ പ്രദേശങ്ങളിൽ കാണുന്നു. 2710 ഹെക്ടർ സ്ഥലം തീരസമതലമായിട്ടുണ്ട്. തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കൃഷി ചെയ്തു വരുന്നു. ഈ പ്രദേശത്ത് ജലലഭ്യ താരതമ്യേന കൂടുതലുള്ള പ്രദേശമാണ്.

ജനപ്രകൃതി

(അവലംബം: 1991ലെ കാനേഷുമാരി കണക്കുകൾ)

1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം പൊറത്തിശ്ശേരിയിലെ ജനസംഖ്യ 229018 ആണ്. ഇതിൽ 13693 പുരുഷൻമാരും 15325 സ്ത്രീകളും ഉണ്ട്. വാർഡ് തിരിച്ചുള്ള കണക്കുകൾ പട്ടികകൾ കൊടുത്തിരിക്കുന്നു.

വാർഡ്തല ജനസംഖ്യാ വിവര പട്ടിക

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	1027	1226	2253
II	983	1149	2132
III	1298	1595	2893
IV	1086	1218	2304
V	1152	1390	2542
VI	1195	1343	2538
VII	872	1044	1916
VIII	1220	1277	2497
IX	1148	1280	2428
X	1122	1233	2355
Xi	1123	1271	2394
XII	1322	1444	2766

മൊത്തം 12 വാർഡുകളായി 6845 വീടുകളാണുള്ളത്. ശരാശരി വീടൊന്നിന് 624 ജനങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. സംസ്ഥാന ശരാശരി 5.6 ആണ്. പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ജനങ്ങൾ അധിവസിക്കുന്നത്.

പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോ മീറ്ററിന് 1300 ആണ്. സംസ്ഥാന ശരാശരി 749 ആണെങ്കിലും ഇക്കാര്യത്തിൽ പഞ്ചായത്ത് ഇരിങ്ങാലക്കുട ബ്ലോക്ക് ജനസാന്ദ്രതയിൽ 2ാമത് നിൽക്കുന്നു.

സംസ്ഥാനത്ത് 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളാണുള്ളതെങ്കിൽ പഞ്ചായത്തിൽ 100 പുരുഷന്മാർക്ക് 1083 സ്ത്രീകൾ ഉണ്ട്. സ്ത്രീ ജനസംഖ്യ പഞ്ചായത്തിൽ കൂടുതലാണ്.

തൊഴിൽ എടുക്കുന്നവരുടെ മേഖലാവിതരണം പരിശോധിക്കുകയാണെങ്കിൽ 12%

കാർഷികതൊഴിലാളികളും 5% കർഷകരും, വ്യവസായ തൊഴിലാളികൾ 7% നാമമാത്രകർഷകർ 26%, കൃഷിയും മറ്റു തൊഴിലുകളും 30% തൊഴിലില്ലാത്തവർ 20% എന്നീ രീതിയിലാണ്.

91 ലെ സൻസസ് പ്രകാരം പഞ്ചായത്തിൽ പുരുഷന്മാരിൽ 11,459 പേരും, സ്ത്രീകളിൽ 12,222 പേരും അക്ഷരാഭ്യാസം ഉള്ളവരാണ്. 5,337 പേർ നിരക്ഷരരാണ്. 90 ലെ സാക്ഷരതാ പ്രവർത്തനം വഴി നിരക്ഷരരെ സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്

ജലസമ്പത്ത്

വടക്ക് കരുവന്നൂർപുഴയും, പടിഞ്ഞാറും, കിഴക്കും കായൽ നിലങ്ങളും, തെക്ക് ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയും അതിരിടുന്ന പഞ്ചായത്തിന്റെ ജലസമ്പത്ത് കായൽ പ്രദേശത്തെ തോടുകളും 17 പൊതു കുളങ്ങളും, 58 പൊതു കിണറുകളും, 466 കിണറുകളുമാണ്. ഇല്ലിക്കൽചിറ, മഠത്തിചിറ, തുരുത്തിചിറ, താമരവളയംചിറ, പൊറത്തൂർചിറ എന്നീ ചിറകൾ വിവിധ സ്ഥലങ്ങളിൽ വെള്ളം കെട്ടി നിറുത്തുന്നതിന് പഞ്ചായത്തിൽ ഉണ്ട്.

സംസ്ഥാന അടിസ്ഥാനത്തിൽ ശരാശരി വാർഷിക വർഷപാതം 3063 cms ആണെങ്കിലും പഞ്ചായത്തിലെ ശരാശരി വാർഷിക വർഷപാതം 2950 cms ആണ്. സംസ്ഥാന ശരാശരിയെക്കാൾ കുറവാണ് പഞ്ചായത്തിലെ വാർഷികവർഷപാതം.. ശരാശരി അധിക താപമാനം 35.8°C, ശരാശരി നന്യൂനതാപമാനം 23.5°C ആണ്. സമുദ്ര നിരപ്പിൽ നിന്നുള്ള പഞ്ചായത്തിന്റെ ഉന്നതി 5 മീറ്റർ ആണെങ്കിലും പഞ്ചായത്തിലെ കോൾ നിലങ്ങൾ 2.5 മീറ്റർ വരെ സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നു കിടക്കുന്നവയാണ്.

പഞ്ചായത്തിലെ 1771 ഹെക്ടർ വരുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളം കെട്ടി കിടന്ന് വലിയ ഒരു ജലസ്രോതസ്സായി മാറുമായിരുന്നു. എന്നാൽ പാടശേഖരങ്ങൾ മറ്റ് കൃഷിയ്ക്ക് ഉപയോഗിയ്ക്കുന്നതുകൊണ്ടും, മണ്ണിട്ട് നികത്തുന്നതുകൊണ്ടും, ജലസമ്പത്ത് കുറഞ്ഞ് വരുന്നുണ്ട്. കൂടാതെ കായലുകളിലെ ചാലുകളെ കൃഷിയിടങ്ങളായി മാറ്റിയത്കൊണ്ട് ജലത്തിന്റെ സംഭരണശേഷി കുറഞ്ഞു വരികയാണ്.

ചിമ്മിനിഡാമിൽ നിന്നും, പീച്ചിഡാമിൽനിന്നും ഉള്ള വെള്ളം ഉപയോഗിച്ചതാണ് പ്രധാനമായും ജലസേചനം നടത്തുന്നത്. വർഷകാലത്ത് കരുവന്നൂർ പുഴയിലൂടെ ഒഴുകി വരുന്ന മഴവെള്ളം തടഞ്ഞ് നിറുത്തുവാൻ സൗകര്യമില്ലാത്തതിനാൽ അറബിക്കടലിൽ ചെന്ന് ചേരുന്നു.

KLAC തോട്, കരുവന്നൂർ പുഴയിലെ ഇല്ലിയ്ക്കൽ തടയണ എന്നിവയാണ് പ്രധാന ജല സംഭരണ കേന്ദ്രങ്ങൾ. മുൻകാലങ്ങളെ അപേക്ഷിച്ച് വേനൽകാല ജലനിരപ്പ് ആനുപാതികമായി കുറഞ്ഞു വരുന്ന പ്രവണത കാണാം.





കൃഷിയും ജലസേചനവും

കൃഷി

(അവലംബം കൃഷിഭവൻ രേഖകൾ, നാട്ടറിവ്)

കൃഷിയുടെ ചരിത്രം

കാർഷികപ്രാധാന്യമുള്ള പൊറത്തിശ്ശേരിയുടെ കൃഷിയുടെ ചരിത്രം നെൽകൃഷിയിൽ നിന്നാണ് തുടങ്ങുന്നത്. എന്നാൽ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ 1940 കളിൽ തന്നെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നെൽകൃഷി മാറ്റി നാണ്യവിളകൾ കൃഷിചെയ്യുവാൻ തുടങ്ങി.

കൃഷിഭൂമി കൃഷിക്കാരന് നൽകിയ കാർഷിക പരിഷ്കാരം ഭൂമിയുടെ തുണ്ടുവൽക്കരണത്തിനും പിന്നീട് കാരണമായി. ഇക്കാര്യം കൈവശ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ചാൽ കാണാവുന്നതാണ്.

1960 കളിലെ ഹരിതവിപ്ലവം പുതിയ ശാസ്ത്ര സാങ്കേതിക വിദ്യയും, പുതിയ ഇനം വിത്തിനങ്ങളും കാർഷിക രംഗത്ത് പ്രത്യേകിച്ച് നെൽകൃഷിയിൽ കാര്യമായ പുരോഗതി വരുത്തിയിട്ടുണ്ട്.

കൃഷിഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് പരിശോധന നടത്തിയാൽ പഞ്ചായത്തിലെ കൃഷിഭൂമി വിവിധ ദേവസ്വങ്ങളുടെയും ആരാധനാലയങ്ങളുടെയും, ബ്രഹ്മസ്വങ്ങളുടെയും വകയായിരുന്നു. കുടൽമാണിക്യം, മൂർക്കനാട്, ശ്രീകൃഷ്ണപുരം, നമ്പ്യൻകാവ്, പാലിയം തുടങ്ങിയ ദേവസ്വങ്ങളുടെയും, തൃക്കൂർമഠം, പയ്യപ്പിള്ളി, അണിമംഗലം, മഴുവഞ്ചേരി, നെടുമ്പിള്ളി, വട്ടപറമ്പ് എന്നീ സ്വകാര്യ ജന്മിമാരുടെയും, മാപ്രാണം പള്ളിയും ആയിരുന്നു ഭൂമിയുടെ ഉടമസ്ഥർ.

കാണം, കുഴുവർക്കുപണയം, വെറും പാട്ടം, പങ്കുപാട്ടം, കൈവശം തുടങ്ങിയ വിവിധ പേരുകളിലായിരുന്നു പാട്ടവ്യവസ്ഥ നിലവിലുണ്ടായിരുന്നത്.

കൈവശ ഭൂമിയുടെ വിസ്തീർണ്ണം പരിശോധിച്ചാൽ കാണുന്ന പ്രവണത ഭൂമികൾ തുണ്ടുവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നതും, അതു വഴി ഭൂരിഭാഗവും 0.5 ഹെക്ടറിൽ താഴെ ഭൂമിയുള്ള കൃഷിക്കാരായി മാറിയിരിക്കുന്നു എന്നതുമാണ്.

കൈവശഭൂമി വിസ്തീർണ്ണം കർഷകരുടെ എണ്ണം

0.5 Hec താഴെ	0.5 to 1 Hec	1Hec to 2Hec	2 Hec.ന് മുകളിൽ
3249	1694	126	137

അവലംബം കൃഷിഭവൻ രേഖ

പഞ്ചായത്തിലെ ഭൂമി ഉപയോഗം സംബനധിച്ച വിവരം താഴെ ചേർക്കുന്നു

പട്ടിക 2

അവലംബം കൃഷിഭവൻ അടിസ്ഥാന രേഖ

ഇനം	വിസ്തീർണ്ണം In Hectors
നിലം	1007.55
പുരയിടം	1131.98
പുറമ്പോക്ക്	269.23
കൃഷിയോഗ്യ തരിശ്	7.23
കൃഷിയോഗ്യമല്ലാത്ത തരിശ്	NIL
ആകെ	2415.99

പട്ടിക 2 പരിശോധിച്ചാൽ കാണുന്നത് കൃഷി യോഗ്യമല്ലാത്ത തരിശ് ഭൂമി പഞ്ചായത്തിൽ ഇല്ല എന്നാണ്.

പഞ്ചായത്തിലെ വിവിധ വിളകളും ഉല്പാദനവും ഉല്പാദനക്ഷമതയുംതാഴെ പട്ടികയിൽകൊടുക്കുന്നു.

പട്ടിക 3

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത Hect. ൽ
നെല്ല് (1ാംവിള)	90.8 Hec.	148.2 MT	1500Kg/Hec.
നെല്ല് (2ാംവിള)	310	1085MT	3500Kg/Hec.
നെല്ല് (3ാംവിള)	679	2376 MT	3500 Kg/Hec.
കോൾനിലം	702.2	2808.8 MT	4000 Kg/Hec.
പയർ	25	6.25MT	0.25MT/Hec.
എള്ള്	25	7.5MT.	0.30MT/Hec.
പച്ചക്കറികൾ	35	17.5MT	0.30MT/Hec.
തെങ്ങ്	882	6846660Nuts	45Nuts/Palm
വാഴ	110	2640MT	12Kg/Bananas
മരച്ചീനി	10	80MT	8MT/Hec.
കുരുമുളക്	7	42MT	3Kg/Standard
പ്ലാവ്	7		
കശുമാവ്	5		
മാവ്	10		
റബ്ബർ	10		
കവുങ്ങ്	40	240MT	3Kg/Standard
ജാതി	5	5MT	10Kg

പട്ടിക 3 പരിശോധിച്ചാൽ വിളകളുടെ ഉല്പാദന ക്ഷമത പഞ്ചായത്തിൽ സംസ്ഥാനശരാശരിയെ ക്കാൾ കൂടുതലാണ് എന്ന് കാണാം.

ഉദാ: തെങ്ങിന് സംസ്ഥാന ശരാശരി ഉല്പാദന ക്ഷമത 28 ആണെങ്കിലും, പഞ്ചായത്തിൽ തെങ്ങ് ഒന്നിന് 45 നാളികേരം ലഭിക്കുന്നുണ്ട്. സംസ്ഥാന അടിസ്ഥാനത്തിൽ അരിയുടെ ഉല്പാദനം 2018Kg ആയിരിക്കുമ്പോൾ പഞ്ചായത്തിൽ 3500Kg ഉണ്ട്. പഞ്ചായത്തിലെ വിവിധ വിളകളുടെ കാര്യം പരി ശോധിക്കാം.

നെൽകൃഷി

1771 ഹെക്ടർ സ്ഥലത്താണ് പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്നത്. നെൽകൃഷി ലാഭകരമ ല്ല. അതിനാൽ നെൽപാടങ്ങൾ നികത്തി പുര യിടങ്ങളും, നാണ്യവിളകളും ചെയ്യുന്ന പ്രവണത കൂടി വരികയാണ്. പഞ്ചായത്തിലെ താമരപാ ടം, കിഴക്കൻപാടം എന്നിവിടങ്ങളിൽ ഇഷ്ടിക നിർമ്മിക്കുന്നതിന് വേണ്ടി നെൽകൃഷി വഴിമാറു കയാണ്. പഞ്ചായത്തിലെ ഗ്രൂപ്പ് ഫാമിംഗ് സമി തികളുടെയും കൃഷിയുടെയും വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4 അവലംബം കൃഷിഭവൻ അടിസ്ഥാനരേഖ

No. പേര്	കൃഷിക്കാരുടെ എണ്ണം	വിസ്തീർണ്ണം In Hectors	വിരിപ്പ്	മുണ്ടകൻ	പുഞ്ച
1. കോട്ടപ്പാടം No. 122	67	35	✓	✓	NIL
2. പൊറത്തിശ്ശേരി സംയുക്ത കർഷകസമിതി 537/88	102	45.8	✓	✓	NIL
3. ചെമ്മണ്ടകായൽ R 320	477	246.9	NIL	✓	✓
4. ചിത്രവള്ളി 867/91	103	36	NIL	✓	✓
5. വാലൻചിറ 403/90	25	10	✓	✓	NIL
6. കൊച്ചിപ്പാടം 261/90	140	40	NIL	NIL	✓
7. കടുങ്ങാട്ട് 903/91	61	34.32	NIL	NIL	✓
8. തെക്കെപ്പാടം,മാടായിക്കോണം	244	105.4	NIL	NIL	✓
9. കിഴക്കെപ്പാടം 769/90	96	28.1	NIL	NIL	✓
10. കോന്തിപുലം 104/91	117	39.2	NIL	NIL	✓
11. പൈങ്കിളികായൽ 104/91	70	29	NIL	✓	✓
12. കിഴക്കെപുഞ്ചപാടംകോൾ 794/89	70	42	NIL	✓	✓
13. കിഴക്കെ പുഞ്ചപാടം പമ്പിങ്ങ് സ്കീം SCB 112	217	90.87	NIL	✓	✓
14. മുതലക്കുളം	27	10.5	NIL	✓	✓

പട്ടിക 4 പരിശോധിച്ചാൽ പഞ്ചായത്തിലെ ഭൂരിഭാഗം പാടശേഖരങ്ങളും പുഞ്ചകൃഷി ചെയ്യുന്ന നിലങ്ങളാണ്. 1622 ഹെക്ടർ പുഞ്ചകൃഷിയും 90.8 ഹെക്ടർ വിരിപ്പ് കൃഷിയും 546.07 ഹെക്ടർ മുണ്ടകനും കൃഷി ചെയ്യുന്നു. മൂന്ന് പൂവ് കൃഷി ചെയ്യുന്ന നിലങ്ങൾ ഇല്ല എന്നു കാണാം.

പുഴയിൽ നിന്നും എല്ലാ പാടശേഖരങ്ങളിലേക്കും ജല നിർഗ്ഗമനമാർഗ്ഗങ്ങളുണ്ട്.

കാർഷികത്തൊഴിലാളികളുടെ ലഭ്യത കുറവ് പരിഹരിക്കാൻ കാർഷിക യന്ത്രവൽക്കരണം ആവശ്യമാണ്. നെൽകൃഷിയിൽ നിന്നും കൃഷിക്കാർ തിരിഞ്ഞോടുന്നതിന് കാർഷികത്തൊഴിലാളികളുടെ കുറവും കാരണമാണ്. കള പറിക്കുന്നതിനും, നടീലിനും, കൊയ്യുന്നതിനും, മെതിക്കുന്നതിനും പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലത്തും തൊഴിലാളികളെ കിട്ടുന്നില്ല.

കാർഷിക യന്ത്രവൽക്കരണം

പട്ടിക 5
അവലംബം കൃഷിഭവൻ അടിസ്ഥാനരേഖ

ട്രാക്ടർ	ടില്ലർ	റോക്ക് സ്പെയർ	നാപ്സ് റോക്ക് സ്പെയർ	മെതിയന്ത്രം	തെങ്ങ് കയറ്റ യന്ത്രം
2	10	32	680	9	5

യന്ത്രവൽക്കരണം കാർഷിക രംഗത്ത് തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാത്ത രീതിയിൽ നടത്തുവാൻ കഴിയേണ്ടതുണ്ട്. പട്ടിക 5 പ്രകാരം പഞ്ചായത്തിൽ ആകെ 2 ട്രാക്ടറുകളും 10 ടില്ലറുകളും മാത്രമാണുള്ളത്. മറ്റെല്ലാ ഉപകരണങ്ങളും ഈ രീതിയിൽ അപര്യാപ്തമാണ്.

തെങ്ങ്

പഞ്ചായത്തിൽ കൃഷി ചെയ്യുന്നതിൽ വിസ്തൃതിയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന വിളയാണെങ്കിലും പ്രധാന കാർഷിക വിള തെങ്ങാണ്.

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

പട്ടിക 6

വിസ്തീർണ്ണം (ഹെക്ടറിൽ)	കായ്ക്കാത്തത് (എണ്ണം)	കായ്ക്കുന്നത് (എണ്ണം)	ആകെ
882	38036	152148	190184

പഞ്ചായത്തിലെ എല്ലാ പ്രദേശത്തും തെങ്ങ് കൃഷി ചെയ്തു വരുന്നു. തെങ്ങിന്റെ ഉല്പാദന ക്ഷമത തെങ്ങ് ഒന്നിന് 45 എന്ന നിരക്കിലാണ്. ജലസേചന സൗകര്യം കുടുതലുള്ള മുർക്കനാട്, തളിയക്കോണം, മാപ്രാണം, കാരുകുളങ്ങര, എന്നീ പ്രദേശങ്ങളിൽ ഉല്പാദനക്ഷമത കുടുതലാണ്. തെങ്ങിന് രോഗബാധ വളരെ കുടുതലാണ്. രോഗബാധ നിയന്ത്രിക്കുവാനുള്ള സംവിധാനങ്ങൾ ഇപ്പോൾ അപര്യാപ്തമാണ്.

തെങ്ങിന്റെ പ്രധാന രോഗമായ കാറ്റുവീഴ്ച കാര്യമായി തെങ്ങുകളെ ബാധിച്ചിട്ടുണ്ട്.

പട്ടിക 7

പ്രധാനരോഗങ്ങൾ 1987

റൂട്ടവിൽട്ട്	ലിപ്പറോട്ട്	ബഡ്റോട്ട്	സ്റ്റംപ്ലീഡിങ്ങ്
5400	2764	950	95

ഗ്രൂപ്പ് മാനേജ്മെന്റ് സംവിധാനം ശക്തമാക്കിയും, ജലസേചനസൗകര്യങ്ങൾ വിപുലീകരിച്ചും തെങ്ങ് കൃഷിയിൽ പുത്തനുണർവ് സൃഷ്ടിക്കുവാൻ കഴിയും

വാഴ

110 ഹെക്ടർ പ്രദേശത്താണ് വാഴ കൃഷി നടത്തുന്നത്. കരുവന്നൂർ പുഴയോരത്താണ് പ്രധാനമായും നേന്ത്രവാഴകൃഷി വ്യവസായിക അടിസ്ഥാനത്തിൽ നടത്തുന്നത്. പ്രകൃതിക്ഷോഭം മൂലവും, കേടുകൾ മൂലവും ചില അവസരങ്ങളിൽ നഷ്ടം സംഭവിക്കാറുണ്ടെങ്കിലും ശാസ്ത്രീയ കൃഷി പരിപാലനത്തിലൂടെ ലാഭകരമാക്കുവാൻ കഴിയും.

കവുങ്ങ്

40 ഹെക്ടർ സ്ഥലത്താണ് കവുങ്ങ് കൃഷി ഇടവിളയായി നടത്തുന്നത്. പാരമ്പര്യ രീതിയിലുള്ള കവുങ്ങ് കൃഷിയാണ് ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നത്.

മറ്റ് ഇടവിളകൾ

കുരുമുളക്, ജാതി, മരച്ചീനി, പയർ, പച്ചക്കറികൾ എന്നിവയെല്ലാം ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറി കൃഷി വ്യാപകമായ രീതിയിൽ പഞ്ചായത്തിൽ ഇല്ല. ആവശ്യമുള്ള പച്ചക്കറികൾ പുറമെ നിന്ന് വരുന്ന അവസ്ഥയാണ് ഇപ്പോൾ ഉള്ളത്.

രാസവള കീടനാശിനി ഉപഭോഗം

പഞ്ചായത്തിൽ 3 രാസവള കീടനാശിനി വില്പന കേന്ദ്രങ്ങളാണ് ഉള്ളത്. ഇതിൽ സഹകരണ മേഖലയിൽ ഒരെണ്ണവും, 2 എണ്ണം സ്വകാര്യ വ്യക്തിയുടെതുമാണ്. കഴിഞ്ഞ 3 വർഷങ്ങളിലെ വില്പന ചുവടെ ചേർക്കുന്നു.

പട്ടിക 8

വർഷം	രാസവളം In Kg	കീടനാശിനി(In Hec.)	
		ഖരം	ശ്രാവകം
93 - 94	60254	3600	2320
94 - 95	89824	4300	2740
95 - 96	97594	4195	3059

രാസവള ഉപഭോഗം 1991 92ലെ കണക്ക് പ്രകാരം ഹെക്ടറിന് 81.50 Kg ആണെങ്കിലും പഞ്ചായത്തിലെ ശരാശരി ഉപഭോഗം 45.63Kg ആണ്. സംസ്ഥാന ശരാശരിയെക്കാൾ വളരെ താഴ്ന്ന ഉപഭോഗ മാണ് പഞ്ചായത്തിലുള്ളത്.

ജലസേചനം

പഞ്ചായത്തിലെവളരെയധികം പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ഉദാ: മാപ്രാണം ബ്ലോക്ക് സെന്റർ, കുഴിക്കാട്ടുക്കോണം, തളിയക്കോണം SNDP, etc.

പഞ്ചായത്തിൽ 17 പൊതുകുളങ്ങളും, 58 പൊതു കിണറുകളും 4600 കിണറുകളും കൂടാതെ പ്രദേശത്തെ തോടുകളുമുണ്ട്. പഞ്ചായത്തിലെ പമ്പുസെറ്റുകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 9

അവലംബം കൃഷി ഭവൻ രേഖകൾ

Power	എണ്ണം
1.5 H.P	300
3 H.P	666
5	150
7.5	32
10	60
15	18
20	3
30	4
50	6

കൃഷിഭവൻ

1987 സെപ്തംബർ 1 മുതൽ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിച്ചു. കൃഷിഭവനങ്ങളുടെ ജില്ലാതല ഉൽഘാടനവും പൊറത്തിശ്ശേരിയിലാണ് നടന്നത്. സ്വന്തമായി കെട്ടിടം കൃഷിഭവനുണ്ട്. ഒരു കൃഷി ഓഫീസറും, 3 ഫീൽഡ് ഓഫീസർമാരുമാണ് കൃഷിഭവനിലുള്ളത്. കൃഷിഭവന്റെ പ്രവർത്തനം എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്.

കാർഷിക തൊഴിലാളികൾ

കാർഷിക തൊഴിലാളികൾ ആവശ്യത്തിന് അനുസരിച്ച് ലഭ്യമല്ല. കഴിഞ്ഞ 4 വർഷങ്ങളിലെ കൂലി നിരക്കുകൾ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 10

അവലംബം നാട്ടറിവ്, ഗ്രാമ സഭ റിപ്പോർട്ട്

വർഷം	പു.	സ്ത്രീ
1993	60	35
94	70	40
95	75	45
96	85	50

തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ഉയർന്ന കൂലി നിരക്കുകൾ ഉണ്ടെങ്കിലും തൊഴിലാളികൾ കുറവാണ്. പുതിയതായി ഈ രംഗത്തേക്ക് തൊഴിലാളികൾ കടന്നു വരുന്നില്ല.

പട്ടിക 11 100 തെങ്ങുകൾക്ക്

അവലംബം നാട്ടറിവ്, ഗ്രാമസഭ റിപ്പോർട്ട്

വർഷം	രൂപ	നാളികേരം എണ്ണം
1991	100	10
92	120	10
95	160	10
96	225	10

കർഷകതൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളിൽ അംഗങ്ങളായിട്ടുള്ളവർ പഞ്ചായത്തിൽ 4200 പേരാണ്. 82 പേർക്ക് കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്.

തെങ്ങ് കയറ്റതൊഴിലാളികൾക്ക് 1,2,3,4 വാർഡുകളിൽ ചെറുകിട ഭൂവുടമ സംഘത്തിന്റെ കീഴിൽ 30 പേരേയും 5ം വാർഡിലെ കൽപകർഷക സമിതി 20 തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷു

റൻസ് പദ്ധതിയിൽ ചേർത്തിട്ടുണ്ട്.

കാർഷിക വായ്പകൾ - സഹകരണസംഘങ്ങൾ

കാർഷിക വായ്പകൾ പ്രധാനമായും പഞ്ചായത്തിൽ നൽകി വരുന്നത് കരുവന്നൂർ സർവ്വീസ് സഹകരണബാങ്കും, മുകുന്ദപുരം - കൊടുങ്ങല്ലൂർ താലൂക്ക് കേന്ദ്രീകരിച്ചുള്ള കാർഷിക വികസന ബാങ്കുമാണ്. കഴിഞ്ഞവർഷം ടി. സ്ഥാപനങ്ങൾ നൽകിയ വായ്പ കണക്ക് പട്ടികയ്യായി കൊടുത്തിട്ടുണ്ട്.

1967 - 68 ൽ കടുംകൃഷി സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ വിത്തും വളവും ഉപകരണങ്ങളും നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ചെമ്മണ്ട-പുളിയം പാടം സംഘം 67ൽ ആരംഭിച്ചു.

ചെമ്മണ്ടകായൽ പാടശേഖരത്തിലെ കൃഷികൾ കാറളം കേന്ദ്രമാക്കി ചെമ്മണ്ടകായൽ, പുളിയം പാടം കടുംകൃഷി കർഷകസംഘം പ്രവർത്തിച്ചു വരുന്നു. കിഴക്കെ പുഞ്ചപാടം കരുവന്നൂർ സർവ്വീസ് സഹകരണബാങ്കിന്റെ സഹായത്തോടെ കൃഷി ചെയ്യുന്ന പാടശേഖരമാണ്. കൂടാതെ 14 ഗ്രൂപ്പ് ഫാമിങ്ങ് സമിതികളും നിലവിലുണ്ട്. പട്ടിക 4 വിശദമായി കൊടുത്തിട്ടുണ്ട്.

പട്ടിക 12

1995 96 വർഷത്തെ വായ്പകണക്ക്

അവലംബം ബാങ്ക് രേഖകൾ

നമ്പർ	സ്ഥാപനം	ഇനം	രൂപ (ലക്ഷത്തിൽ)
1.	കരുവന്നൂർ SCB 112	വിള, പണയം	18.40
		കിണർ+മോട്ടോർ	4.00
2.	കാർഷിക വികസന ബാങ്ക്, ഇരിഞ്ഞാലക്കുട	ചെറുകിട ജലസേചനം, ഭൂവികസനം, കോഴിവളർത്തൽ, കറവപശു, തെങ്ങ് കൃഷി എന്നിവയ്ക്ക്	44.00
		ആകെ	66.40

കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള വായ്പ സൗകര്യം ലഭിക്കുന്നില്ല എന്നത് പട്ടിക 12 പരിശോധിച്ചാൽ ബോധ്യമാകും. ഇടത്തട്ടുകാർ ഇപ്പോഴും കർഷകരെ ചൂഷണം ചെയ്യുന്ന അവസ്ഥയുണ്ട്

പ്രശ്നങ്ങൾ

1. പാടശേഖരങ്ങളിൽ ജലസേചന നിർഗമന സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. പാടശേഖരങ്ങളിലെ തോടുകളുടെ ആഴം കുറവാണ്.
3. നെൽപാടത്തേക്ക് വേണ്ടത്ര ഗതാഗതസൗകര്യം ഇല്ല.
4. കൃഷി ബണ്ടുകളിൽ മണ്ണൊലിപ്പ് വ്യാപകമാണ്.
5. പണിപൂർത്തിയാക്കാത്ത ഫാം ബണ്ടുകൾ പലതും ഇപ്പോഴുമുണ്ട്.
6. നെൽകൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങൾ തരിശുടുന്നുണ്ട്.
7. നെൽകൃഷി വിസ്തീർണ്ണം കുറഞ്ഞുവരുന്നുണ്ട്.
8. കൃഷിഭൂമി മണ്ണിട്ട് നികത്തി പുരയിടങ്ങളാക്കുന്നുണ്ട്.
9. ഇഷ്ടികപാടങ്ങൾ, മണൽവാരൽ കേന്ദ്രങ്ങൾ എന്നിവയായി പാടശേഖരങ്ങൾ മാറുന്നുണ്ട്.
10. നല്ല ഇനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
11. പറമ്പ് കൃഷിക്ക് ജലസേചനസൗകര്യം അപര്യാപ്തമാണ്.
12. ജൈവവള ലഭ്യത കുറവാണ്.
13. കാർഷിക യന്ത്രവൽക്കരണം കുറവാണ്.
14. തെങ്ങിന് വ്യാപകമായി രോഗബാധയുണ്ട്.
15. കാർഷിക ഉല്പന്നങ്ങളുടെ വില അപര്യാപ്തമാണ്.
16. കാർഷിക ഉല്പാദന ചിലവ് കൂടുതലാണ്.
17. വേനൽക്കാല പച്ചക്കറികൃഷി വ്യാപകമല്ല.
18. മണ്ണ് ഘടനാ പരിശോധനാ അപര്യാപ്തമാണ്
19. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ സംവിധാനം അപര്യാപ്തമാണ്.
20. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി സൗജ

ന്യം ഭാഗികമാണ്.

21. സസ്യ സംരക്ഷണത്തിന് വേണ്ട ഉപകരണങ്ങൾ അപര്യാപ്തമാണ്.
22. കൃഷിഭവന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.
23. കാർഷികതൊഴിലാളികളുടെ കുറവുണ്ട്.

സാധ്യതകൾ

1. പാടശേഖരങ്ങളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്ഥിരം ബണ്ട് വാഹന ഗതാഗത യോഗ്യമാക്കുകയും, ബണ്ടിൽ നിന്ന് കര പ്രദേശങ്ങളിലേക്ക് ആവശ്യമായത്ര ഫാം റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.
2. പറമ്പുകൃഷിക്ക് താഴെ പറയുന്ന സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം വർദ്ധിപ്പിക്കുക.
   (a). പൊറക്കാട്ടു കുന്ന് ലക്ഷം വീട് കോളനി
   (b). മൂർക്കനാട് ആലും പറമ്പ് (c).പുറത്താട് (d.) തളിയക്കോണം കുന്ന് ഹരിജൻ കോളനി (e) തളിയക്കോണം SNDP പരിസരം (F) കുഴിക്കാട്ടുക്കോണം (G) മാപ്രാണം ബ്ലോക്ക് സെന്റർ (h) മാടായിക്കോണം ആർതാറ്റു കടവ്.
3. താമരവളയം തോട്, പുത്തൻതോട് എന്നിവയിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക.
4. പാടശേഖരങ്ങൾ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്ത് ജലനിർഗമന സേചന മാർഗ്ഗങ്ങൾ പരിഷ്ക്കരിക്കുക.
5. കായൽബണ്ടുകളിൽ മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടിന്റെ ഇരുഭാഗത്തും തെങ്ങ് വെച്ച് പിടിപ്പിക്കുക.
6. പാടശേഖരങ്ങളിൽ നിന്ന് കൃഷിനശിക്കുന്ന രീതിയിൽ മണ്ണ്, മണൽ എന്നിവ എടുക്കുന്നത് കർശനമായി തടയുക.
7. പറമ്പുകളിൽ ഇടവിള കൃഷിക്ക് വേണ്ട നടീൽ വസ്തുക്കൾ ലഭ്യമാക്കി വിതരണം ചെയ്യുക.
8. പറമ്പുകളിൽ ജലസേചനത്തിനായി കിണറുകൾ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് ധനസഹായവും വായ്പയും ലഭ്യമാക്കുക.
9. ഔഷധ സസ്യകൃഷി പഞ്ചായത്തിൽ വ്യാപിക്കുകയും, അവയുടെ വിപണന സൗകര്യം ഉറപ്പാക്കുകയും ചെയ്യുക.
10. കയറ്റുമതി പ്രാധാന്യമുള്ള അലങ്കാര പുഷ്പ കൃഷി പ്രചരിപ്പിച്ച്, സാങ്കേതിക വിദ്യയും ധനസഹായവും, വിപണനസൗകര്യവും ഏർപ്പെടുത്തുക.
11. കൂൺകൃഷിക്ക് വേണ്ട വിത്ത് ബ്ലോക്ക് തലത്തിൽ വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
12. ജൈവവള നിർമ്മാണം ഊർജ്ജിതപ്പെടുത്തുക.
13. ജൈവപ്രധാനമായ മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കുന്നതിന് വേണ്ട സാമ്പത്തിക, സാങ്കേതിക സഹായം ലഭ്യമാക്കുക.
14. കാർഷിക യന്ത്രവൽക്കരണത്തിനായി ഉഴവു, നടീൽ, കൊയ്ത്ത്, മെതി യന്ത്രങ്ങൾ പാടശേഖരസമിതികൾ വഴി വിതരണം ചെയ്യുക.
15. തെങ്ങിന്റെ രോഗപ്രതിരോധത്തിന് സസ്യ സംരക്ഷണമരുന്നുകളും, ഉപകരണങ്ങളും ലഭ്യമാക്കുക.
16. പച്ചക്കറികൃഷി വ്യാപകമായി പ്രചരിപ്പിക്കുന്നതിന് മാതൃക കൃഷിത്തോട്ടങ്ങളും, പച്ചക്കറിപ്ലോട്ടുകളും, അടുക്കളതോട്ടങ്ങളും തയ്യാറാക്കുക. വിത്ത്, വിപണനം എന്നിവക്ക് സംവിധാനം ഉണ്ടാക്കുക.
17. മണ്ണിന്റെ രാസഘടന പരിശോധിക്കുന്നതിന് ബ്ലോക്ക് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
18. കാർഷിക ഉല്പന്നങ്ങൾ വിപണം ചെയ്യുന്നതിന് മാപ്രാണം സെന്ററിലും, കരുവന്നൂർ ബംഗ്ലാവ് പരിസരത്തും അന്തിചന്ത സ്ഥാപിക്കുക.
19. കൃഷിഭവന്റെ സേവനം കൃഷിസ്ഥലങ്ങളിൽ ലഭ്യമാക്കുകയും, ശാസ്ത്രീയകൃഷി രീതി കർഷകർക്ക് മനസ്സിലാക്കികൊടുക്കുകയും ചെയ്യുക.

20. (a) നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുക

(b) കൊപ്രയ്ക്ക് 3500 ക തറവില നിശ്ചയിക്കുകയും കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്യുക.

21. ഗ്രൂപ്പ് ഫാമിങ്ങ്, ഗ്രൂപ്പ് മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുക.

22. കൃഷിനാശമുണ്ടാകുന്ന അവസരങ്ങളിൽ കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

23. കൂടുതൽ പുരോഗതി പ്രധാനമായ വാഴകൃഷി സംബന്ധിച്ച് ബോധവൽക്കരണം നടത്തി നടീൽ വസ്തുക്കൾ, സാങ്കേതിക പരിജ്ഞാനം എന്നിവ ലഭ്യമാക്കുക.

24. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കുകയും, ആയതിന് വേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

25. പാഠ്യക്രമത്തിൽ കൃഷി നിർബന്ധവിഷയമാക്കി പ്രായോഗിക പരിശീലനം നൽകുക.

ഗ്രാമസഭയിലെ പ്രധാന ആവശ്യങ്ങൾ

വാർഡ് I

1. മൂർക്കനാട് പടിഞ്ഞാറെ ഭാഗം കര ഭൂമിയോടും, പാടത്തിനോടും ചേരുന്ന സ്ഥലത്ത് ഒരു ഫാം ബണ്ട് റോഡ് നിർമ്മിക്കണം.

2. പുഞ്ചകൃഷി വിളവെടുപ്പിന് ശേഷം പൈങ്കിളി കായലിലും താമരപാടം കായലിലും വെള്ളം പമ്പ് ചെയ്ത് കയറ്റി നിറുത്തി ലിഫ്റ്റ് ഇറിഗേഷനും പറമ്പുകൃഷിക്കും ഉപകരിപ്പിക്കുക.

വർഡ്II

1. പുറത്താട് പടിഞ്ഞാറ്റു മുറിയിൽ നിന്നും ചെമണ്ടയിലേക്ക് ഒരു ബണ്ട്, പാലം അടക്കം നിർമ്മിക്കുക.

2. പുറക്കാട്ട് കുന്ന്, ലിഫ്റ്റ് ഇറിഗേഷന് കണക്ഷൻ കൊടുക്കുക. പുറത്താട് ഭാഗത്ത് പുതിയ ലിഫ്റ്റ് ഇറിഗേഷൻ ആരംഭിക്കുക.

3. ചാത്രാപ്പുകായലിൽ നിന്നും വട്ടേക്കാട്ട് കുളത്തിൽ വെള്ളം ശേഖരിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തുക

വാർഡ്III

1. താമരവളയം ചിറയിൽ ചിറക്ക് പകരം സ്ഥിരമായ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുക.

2. പുത്തൻതോടിലെ M.M. കനാലിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുക.

3. കിഴക്കെപുഞ്ചപാടം കോഴിച്ചിറയിൽ വന്ന് നിൽക്കുന്ന CADA ഫാം റോഡ് മുതൽ KLDC യുടെ കിഴക്കെ ബണ്ട് റോഡ് വീതികൂട്ടി പുത്തൻതോടുവരെ വാഹന ഗതാഗത യോഗ്യമാക്കുക.

4. KLDC ബണ്ടിൽ നിന്നും താമര വളയം ചിറവരെ പുഴയുടെ ഇരുഭാഗവും ബണ്ട് നിർമ്മിക്കുക.

5. കിഴക്കെ പുഞ്ചപ്പാടം ബംഗ്ലാവ് താഴത്ത് നിന്നും എറണപ്പിള്ളി റോഡിലേക്ക് ഒരു ഫാം റോഡ് നിർമ്മിക്കുക.

6. പഞ്ചായത്തിലെ താൽക്കാലിക പാലങ്ങൾ കോൺക്രീറ്റ് പാലങ്ങളാക്കുക.

7. 3ം വാർഡിനെയും 10ം വാർഡിനെയും ബന്ധിപ്പിക്കുന്ന ഒരു ഫാം റോഡ്, കരുവന്നൂർ ഇലക്ട്രിസിറ്റി റോഡിൽ നിന്നും തുടങ്ങി പൈങ്കിളിപ്പാടം ക്രോസ് ചെയ്ത് മൂർക്കനാടുമായി ബന്ധിപ്പിക്കണം.

8. ചെമണ്ടകായൽ പാടശേഖരത്തിൽ KLDC പണിതീർത്ത 3 തറയിൽ രണ്ട് 100 HP പെട്ടിപറസെറ്റും, ഒരു 50HP പെട്ടിപറസെറ്റും അനുവദിച്ച് കൃഷിക്ക് സൗകര്യപ്പെടുത്തുക.

വാർഡ്IV

1. ജില്ലാ കോൾവികസന പദ്ധതിപ്രകാരം കിഴക്കെ പുഞ്ചപ്പാടം 250 ഏക്ര നിലം രണ്ട് പടവുകളാക്കി തിരിച്ച് 50HP യുടെ 4 മോട്ടോറുകൾ പെട്ടിപറസഹിതം സ്ഥാപിച്ച് ഒരു പൂകൃഷി മുപ്പൂകൃഷിയാക്കണം.

2. കോഴിച്ചിറയിൽ KLDC കനാലിന് കുറുകെ തൊട്ടിപ്പാൾ, നെടുമ്പാൾ, പറപ്പൂക്കര മുതൽ

നാഷണൽ ഹൈവെ വരെ ബന്ധിപ്പിക്കുന്ന വഴിയും കോൺക്രീറ്റ് പാലവും നിർമ്മിക്കണം.

3. ചിത്രവള്ളിപാടത്ത് ഒരു ട്രാക്ടർ ബണ്ട് ചിത്രവള്ളി കോൾപടവിലെ വടക്കെ ഷെഡ് മുതൽ തെക്കെ മോട്ടോർ ഷെഡ്ഡ് വരെ ഉണ്ടാക്കണം.
4. പുത്തൻ തോട്ടിൽ നിന്നും നാലാം വാർഡിന്റെ ഉയർന്ന ഭാഗങ്ങളിലേക്ക് പറമ്പുകൃഷിക്ക്വേണ്ടി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സ്ഥാപിക്കണം.

വാർഡ്V

1. പുത്തൻതോട് മുതൽ പുറത്തൂർ ചിറവരെയുള്ള KLDC തോടിന്റെ ഭാഗത്തുള്ള തളിയക്കോണം ഉൾപടവിലേക്ക് ജലനിർഗമനത്തിന് 50HP മോട്ടോറും തറയും നിർമ്മിക്കണം.
2. പുത്തൻതോട് പൊറത്തുചിറ റോഡിന് ഇടതുബണ്ട് (KLDC) വാഹന ഗതാഗത യോഗ്യമാക്കുക.
3. 5ം വാർഡിൽ 3 ഫാം റോഡുകൾ നിർമ്മിക്കുക.
4. തളിയക്കോണം ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പിലാക്കുക.
5. KLDCയുടെ 2 ബണ്ടുകളിലും മണ്ണോലിപ്പ് തടയുവാൻ തെങ്ങ്വെച്ച് പിടിപ്പിക്കുക.

വാർഡ്VI

1. 6ം വാർഡിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഫീഡിംഗ് ചാനലുകൾ നിർമ്മിച്ച് സംരക്ഷിക്കുക.
2. കോട്ടപാടത്തേക്കുള്ള തോടുകൾ പ്രത്യേകം കെട്ടി സംരക്ഷിക്കുക.
3. തളിയക്കോണം ലിഫ്റ്റ് ഇറിഗേഷൻ മുതൽ പനോലി തോട് രണ്ട് സൈഡും കെട്ടി ഇപ്പോൾ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിപ്പിക്കണം.

വാർഡ് VII

1. കോട്ടപാടത്തും, കാരുകുളങ്ങരപാടത്തും ലിഫ്റ്റ് ഇരിഗേഷൻ പദ്ധതികൾ നടപ്പിലാക്കണം.
2. ഹനുമാൻ കുളം താഴ്ത്തി കൃഷിക്ക് ഉപയോഗപ്രദമായ രീതിയിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തുക.
3. പൊറത്തിശ്ശേരി ഇറിഗേഷൻ കണ്ടാരം തറ ഭാഗത്തേക്ക് നീട്ടുക.

വാർഡ് VIII

1. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന 150 ഏക്കർ സ്ഥലത്തെ മഴകാലത്ത് വരുന്ന അധികം വെള്ളം ഒഴുക്കി കളയുന്നതിന് വേണ്ടി നിലവിലുള്ള തോട് ആഴവും വീതിയും കൂട്ടുക.
2. 2ം പൂവ് കൃഷി ചെയ്യുന്നതിന്ന് അധിക വെള്ളം പമ്പ് ചെയ്ത് കളയുവാൻ പമ്പ് സെറ്റ് സ്ഥാപിക്കുക.
3. 7,8, വാർഡുകളെ ബന്ധിപ്പിക്കുന്ന കർഷക സമിതി റോഡും ശ്രീനാരായണറോഡും ഗതാഗത യോഗ്യമാക്കുക.
4. പൊറത്തിശ്ശേരി തെക്കെ പാടത്തിലെ നിലവിലുള്ള തോട് സംരക്ഷിക്കുക.

വാർഡ്IX

1. മുരിയാട് കായലിന്റെ പടിഞ്ഞാറുഭാഗം വിള്ളക്കുപാടം മുതൽ കോക്കാനിക്കാട് കൈപ്പുള്ളിപാടം കൂടി ഊളക്കാട് ഭാഗത്തേക്ക് ബണ്ട് നിർമ്മിക്കുക.
2. ആനന്ദപുരത്തിന്റെയും ഊളക്കാടിന്റെയും മദ്ധ്യഭാഗത്ത് CADA നിർത്തിവെച്ചിരിക്കുന്ന പണി പൂർത്തിയാക്കുക.
3. ആനന്ദപുരവും കുഴിക്കാട്ടുകോണവും ബന്ധിപ്പിക്കുന്ന ബണ്ട് പൂർത്തിയാക്കുക.
4. ബ്ലോക് സെന്ററിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.
5. ചിറത്തിക്ക് കോളനികുളം ആഴം കൂട്ടി ലിഫ്റ്റ് ഇറിഗേഷൻ ആരംഭിക്കുക.

വാർഡ്X

1. 10ാം വാർഡ് ഹരിജൻ കോളനിയിൽ നിന്നും KLDC കനാലിന് കുറുകെ ഒരു പാലം നിർമ്മിക്കുക.
2. 10ാം വാർഡിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.
3. KLDC ബണ്ടിന്റെ മണ്ണൊലിപ്പ് തടയണം.
4. ചിത്രവള്ളിപാടം കോൾ പടവിൽ ഒരു ട്രാക്ടർ ബണ്ട് നിർമ്മിക്കണം.
5. കുന്നുമ്മക്കര മാടായിക്കോണം ബണ്ട് 600 മീറ്റർ നിർമ്മിക്കുക.

വാർഡ്XI

1. വാർഡിന്റെ തെക്ക് വശത്തുള്ള 11/4 ഏക്കർ വിസ്തീർണ്ണം വരുന്ന ചെമ്പൻ ചിറകുളം ബണ്ട് കെട്ടി സംരക്ഷിക്കുക.
2. കൊച്ചിപാടം -കോശ്ര കായൽ ബണ്ട് മാടായിക്കോണവും കുഴിക്കാട്ടുകോണവുമായി ബന്ധിപ്പിക്കുക.
3. KLDC ബണ്ടും കൊറയിൽ മാം റോഡുമായിക്കൂട്ടി യോജിപ്പിച്ച് 50HP മോട്ടോർ സ്ഥാപിച്ച് കൃഷിയെ സംരക്ഷിക്കുക.
4. കിഴക്കെപാടം കോന്തിപുലം പാടശേഖരത്തിൽ 50HP മോട്ടോർ സ്ഥാപിച്ച് പടവു സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക.
5. കോശ്ര കായലിൽനിന്നും കാഡ പദ്ധതി വഴി കരപുഞ്ചകൃഷിക്കാർക്ക് മോട്ടോർ സ്ഥാപിച്ച് വെള്ളം എത്തിച്ചുകൊടുക്കുക.
6. കോന്തിപുലം പാലത്തിന് സമീപമുള്ള മൺചിറയിൽ റഗുലേറ്റർ സ്ഥാപിക്കുക.
7. കോന്തിപുലം പാടശേഖരത്തിൽ നിന്നും 50HP മോട്ടോർ സ്ഥാപിച്ച് മാടായിക്കോണം പരിസരത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

വാർഡ്XII

1. ആനന്ദപുരം നമ്പ്യങ്കാവ് റോം റോഡും പാലവും നിർമ്മിക്കുക.
2. കുഴിക്കാട്ടുകോണം തുറവൻകാട് റോം റോഡും പാലവും നിർമ്മിക്കുക.
3. കുഴിക്കാട്ടുകോണം ലിഫ്റ്റ് ഇറിഗേഷൻ പുന സ്ഥാപിക്കുക.
4. ഇത്തിക്കുളം പ്രദേശത്ത് നിന്ന് KLDC ബണ്ടിലേക്ക് ഒരു റോം റോഡ് നിർമ്മിക്കുക
5. കൊച്ചിപാടത്തും നമ്പ്യങ്കാവ് വടക്കെപാടത്തും CADA പദ്ധതിയിൽപടുത്തി മോട്ടോറും, തോടും സ്ഥാപിക്കുക.



മൃഗസംരക്ഷണവും മത്സ്യബന്ധനവും

ആമുഖം

കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് അനൃനമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരഭങ്ങളുടെ (പ്രത്യേകിച്ച് ഓടു വ്യവസായത്തിന്റെ) മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. പൊറത്തിശ്ശേരി പഞ്ചായത്തിലെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും, ചെറുകിടനാമമാത്ര കർഷകരും, കർഷകത്തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ, മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതുപുരോഗതിയും, പൊറത്തിശ്ശേരി പഞ്ചായത്തിന്റെ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കും. കഴിഞ്ഞ പദ്ധതി കാലയളവിൽ, മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതക ഗുണമേന്മാ വർദ്ധനവും, ഉൽപ്പാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. താഴെ പറയുന്ന രംഗങ്ങളിൽ ലഭ്യമാകുന്ന സംഭാവനകൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണ മേഖല പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

1. തൊഴിലവസരങ്ങൾ, - തൊഴിലുള്ളവർക്ക് ഉപതൊഴിൽ, തൊഴിലില്ലാത്തവർക്ക് മുഖ്യത്തൊഴിൽ.
2. ദൈനം ദിന വരുമാന വർദ്ധന.
3. മുട്ട, പാൽ, മാംസം തുടങ്ങിയ പോഷക പ്രധാനമായ ആഹാരവസ്തുക്കളുടെ ഉൽപ്പാദനവർദ്ധന.
4. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ആവിർഭാവം.
5. പരിസ്ഥിതിക്ക് അനുകൂലമായ മൃഗശക്തി.
6. ജൈവ വളങ്ങൾ.
7. മാംസസംസ്ക്കരണം,-വിപണനം, ഉപോൽപ്പന്നങ്ങളുടെ, ശാസ്ത്രീയമായ ഉൽപാദനവും ഉപഭോഗവും .

1982 നും 87നും ഇടക്ക് പശുക്കൾ ഉൾപ്പെടെയുള്ള നമ്മുടെ കാലിസമ്പത്തിന്റെ വർദ്ധന ഗണ്യമായിരുന്നു എന്നാണ് സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1987-ലെ കന്നുകാലി സെൻസസ് പ്രകാരം, പൊറത്തിശ്ശേരി പഞ്ചായത്തിലെ 78 ശതമാനം പശുക്കളും സങ്കരയിനത്തിൽ പെട്ടവയാണ്. നാടൻ പശുക്കളിൽ നിന്ന് മേൽത്തര ജനുസുകളിലേക്ക് ഉണ്ടായ പരിവർത്തനവും, അവയുടെ പരിപാലനവും

മൂലം പാൽ ഉത്പാദനത്തിൽ പുരോഗതി കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഏക ക്ഷീര സഹകരണ സംഘം, പൊറുത്തിശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘമാണ്. അതിന്റെ ഒരു സംഭരണ കേന്ദ്രം 8-ാം വാർഡിലും പ്രവർത്തിക്കുന്നു. മൊത്തം ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ ചെറിയൊരു ശതമാനം മാത്രമാണ്. ക്ഷീര സഹകരണസംഘത്തിലൂടെ കൈകാര്യം ചെയ്യപ്പെടുന്നത്. ക്ഷീര സഹകരണ സംഘത്തോടനുബന്ധിച്ച്, വനിതകൾ നടത്തുന്ന ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

കോഴിയിറച്ചിയുടേയും, കോഴിമുട്ടയുടേയും ആഭ്യന്തര ഉപഭോഗം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും, ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉത്പാദനം ഇനിയും നമ്മുടെ പഞ്ചായത്തിൽ സാധിത പ്രായമായിട്ടില്ല. എട്ടോളം ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കോഴിവസന്തയുടേയും, മറ്റ് പകർച്ചവ്യാധികളുടേയും ഫലമായി മുട്ടക്കോഴികളുടെ എണ്ണത്തിലും, മുട്ടയുൽപ്പാദനത്തിലും ഗണ്യമായ കുറവ് നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ വിപണനം ചെയ്യപ്പെടുന്ന കോഴിമുട്ടയുടെ 95 ശതമാനവും അന്യനാടുകളിൽ നിന്നു എത്തിച്ചേരുന്നതാണ്.

പഞ്ചായത്തിലെ മാംസോൽപ്പാദന-വിപണന രംഗമാകെ തന്നെ അസംഘടിതവും, കുത്തഴിഞ്ഞതുമാണ്. പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും അനധികൃതവും അല്ലാത്തതുമായ ഇറച്ചിവിപണന കേന്ദ്രങ്ങൾ ഉണ്ട്. മൃഗങ്ങളെ അറവു ചെയ്യുന്നതിനായി പ്രത്യേക ലൈസൻസ് പഞ്ചായത്തിൽ നിന്നു കൊടുത്തിട്ടില്ലെങ്കിൽപ്പോലും, ചില ഇറച്ചികടകളോട് അനുബന്ധിച്ച് അനധികൃത കശാപ്പ് നടന്നുവരുന്നു. കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനോ, വിപണനം ചെയ്യപ്പെടുന്ന മാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനോ ഉള്ള യാതൊരുവിധ സംവിധാനവും നിലവിലില്ലാ എന്നുള്ളത് ഏറെ ദുഃഖകരമായ വസ്തുതയാണ്.

1972-ൽ സ്ഥാപിതമായ കരുവന്നൂർ ഗവൺമെന്റ് വെറ്ററിനറി ഡിസ്പെൻസറിയാണ്, പൊറത്തിശ്ശേരി പഞ്ചായത്തിലെ ഏക മൃഗചികിത്സാ കേന്ദ്രം. പഞ്ചായത്ത് വാടകയില്ലാതെ നൽകിയിരിക്കുന്ന കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രിയിൽ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ, അറ്റൻറർ , പാർട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. മൃഗചികിത്സ, കൃത്രിമ ബീജസങ്കലനം, വിവിധ അസുഖങ്ങൾക്കെതിരെയുള്ള-പ്രതിരോധ കുത്തിവെയ്പുകൾ, എന്നീ സേവനങ്ങൾ ഈ ഡിസ്പെൻസറിയിൽ നിന്നു ലഭ്യമാണ്. രോഗനിർണ്ണയത്തിനുള്ള ആധുനിക ലാബ് സൗകര്യങ്ങളോ, ചികിൽസക്കായി കൊണ്ടുവരുന്ന മൃഗങ്ങളെ കെട്ടുന്നതിനുള്ള സ്ഥലസൗകര്യമോ ഈ ആശുപത്രിയിൽ ഇല്ലായെന്നത് പ്രസ്താവ്യമാണ്. പഞ്ചായത്തിന്റെവടക്കേ അതിർത്തിയിലാണ് ആശുപത്രി സ്ഥിതി ചെയ്യുന്നത് എന്നതിനാൽ, പഞ്ചായത്തിലെ എല്ലാ കർഷകർക്കും ആശുപത്രിയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ആയതിനാൽ പൊറത്തിശ്ശേരി, മാടായികോണം എന്നീ മേഖലകളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ആരായേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിലെ പശ്ചങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും, അനിയന്ത്രിത വിലയും, ലഭിക്കുന്ന തീറ്റ

യുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പരിശോധനാ സംവിധാനങ്ങളുടെ അഭാവം.

2. ഉൽപ്പാദകന് കിട്ടുന്ന പാൽവില ഉൽപ്പാദനച്ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.
3. പാൽ വിപണന രംഗത്തെ അപര്യാപ്തത.
4. ഭാരിച്ച ചികിൽസാ ചിലവ്
5. മൃഗസംരക്ഷണ മേഖലയിൽ വായ്പ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത.
6. ഇൻഷൂറൻസ് പരിരക്ഷയുടെ അപര്യാപ്തത.
7. വൈക്കോലിന്റെ ദൗർലഭ്യവും, ഉയർന്ന വിലയും. - തീറ്റപുൽകൃഷിയുടെ അഭാവവും .
8. കർഷകരുടെ ആവശ്യാനുസരണം, ഗുണമേന്മയുള്ള പക്ഷി- മൃഗാദികളുടെ ദൗർലഭ്യം.
9. അശാസ്ത്രീയമായ മാംസോൽപ്പാദന-വിപണന രീതികൾ.
10. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രി (സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ, പരിശോധനാസ്ഥലം, ലാബോറട്ടറി, ടെലിഫോൺ മുതലായവ)
11. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെയും ആസൂത്രിത തുടർ പരിപാടികളുടെയും അഭാവം.

മൃഗസംരക്ഷണ മേഖല - സാധ്യതകൾ

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റ മിശ്രണ യൂണിറ്റ് സ്ഥാപിക്കപ്പെടണം. നിയന്ത്രിത വിലക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും, പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

വൈക്കോലിന്റെ യൂറിയ സമ്പുഷ്ടീകരണം വ്യാപകമായി പ്രചരിപ്പിക്കുകയും, തെങ്ങിൻതോപ്പുകളിലെ ഇടവിളയെന്ന രീതിയിൽ തീറ്റപ്പുൽകൃഷി പ്രോൽസാഹിപ്പിക്കപ്പെടുകയും വേണം. പഞ്ചായത്ത് പുറമ്പോക്കു സ്ഥലങ്ങൾ തീറ്റപ്പുല്ലു കൃഷിക്കുവേണ്ടി ലേല വ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

പാൽ വിപണന സ്ഥാപനങ്ങൾ, കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും, പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

പാൽ സൊസൈറ്റിയും, ധനകാര്യ സ്ഥാപനങ്ങളും, കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാന ഉണ്ടാക്കണം.

മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും, ആധുനിക ചികിൽസാ സൗകര്യങ്ങളും, മരുന്നുകളും ആശുപത്രിയിൽകൂടി ലഭ്യമാക്കുകയും വേണം.

പഞ്ചായത്ത് തലത്തിൽ, കന്നുകാലികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷൂറൻസ് പരിരക്ഷ ഉറപ്പു വരുത്തണം.

പ്രജനന ശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലന സ്ഥാപനങ്ങൾ ആരംഭിക്കണം. പൊറത്തിശ്ശേരി, മാടായിക്കോണം മേഖലകൾക്ക് മുൻഗണന നൽകേണ്ടതാണ്.

ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാല പ്രാദേശികമായി സ്ഥാപിക്കുകയും, സംശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം.

വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം.

സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പ് നൽകുകയും, ലൈസൻസിംഗ് നിർബന്ധമാക്കുകയും, അലഞ്ഞു തിരിയുന്ന നായക്കളെ നശിപ്പിക്കുകയും വേണം.

മൃഗസംരക്ഷണ മേഖലയിലെ നടപ്പു പദ്ധതികൾ പോരായ്മകൾ - വേണ്ട മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി.

4 മുതൽ 9 മാസം വരെ പ്രായമുള്ള സങ്കരയിന കന്നുകുട്ടികളെ തിരഞ്ഞെടുത്ത് 32 മാസം പ്രായമാകുന്നതുവരെ 50 ശതമാനം സബ്സിഡിയോടുകൂടി കാലിത്തീറ്റ വിതരണം ചെയ്യുന്നു.

പോരായ്മകൾ:-

ഈ പരിപാടിയുടെ ആനുകൂല്യം ചെറിയൊരു വിഭാഗം കർഷകർക്ക് മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. കൃത്യസമയത്ത് എല്ലാ മാസവും തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

വേണ്ട മാറ്റങ്ങൾ:

പഞ്ചായത്തിലെ എല്ലാ സങ്കരയിന പശുകുട്ടികളേയും, എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിത്തീറ്റയുടെ വിലവർദ്ധനവിന് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കുകയും വേണം.

2. പേവിഷ നിയന്ത്രണ പദ്ധതി:-

ഘട്ടം ഘട്ടമായി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം. പേവിഷത്തിന് എതിരെയുള്ള വാക്സിൻ പകുതി വിലക്ക് കർഷകർക്ക് ലഭ്യമാക്കുന്നു.

പോരായ്മകൾ:-

ഓരോ വർഷവും പ്രതിരോധത്തിന് ആവശ്യമായ വാക്സിൻ വേണ്ട അളവിൽ ലഭ്യമാക്കുന്നില്ല. നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുവാനും, അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാനും വേണ്ടത്ര ശുഷ്ക്കാന്തി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

വേണ്ടമാറ്റങ്ങൾ:

പ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കുകയും ലൈസൻസിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും വേണം. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലക്കോ, സൗജന്യമായോ ലഭ്യമാക്കണം.

3. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി:

മാംസാവശ്യത്തിനായി ഗുണമേന്മയുള്ളതും, പെട്ടെന്ന് തൂക്കം വെക്കുന്നതുമായ സങ്കരയിനം പന്നികളുടെ വ്യാപനം, പന്നിയിറച്ചിയുടെ ഉൽപ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കൽ എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയിൻ കീഴിൽ പന്നികുഞ്ഞുങ്ങളെ അമ്പതു ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

പോരായ്മകൾ:

കർഷകരുടെ ആവശ്യത്തിനനുസരിച്ച് വിതരണം ചെയ്യുവാനുള്ള പന്നികുഞ്ഞുങ്ങൾ സർക്കാർ ഫാമുകളിൽ ലഭ്യമല്ല.

വേണ്ടമാറ്റങ്ങൾ:-

ആവശ്യത്തിനുള്ള പന്നികുഞ്ഞുങ്ങളെ

ലഭ്യമാക്കുന്നതിനു വേണ്ടി, പഞ്ചായത്ത് തലത്തിൽ പ്രജനന യൂണിറ്റുകൾ തുടങ്ങേണ്ടതാണ്.

4. ആടുവളർത്തൽ പദ്ധതി:-

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം.

പോരായ്മകൾ

നല്ലയിനം ആട്ടിൻകുട്ടികളുടെ ദൗർലഭ്യം. നിലവിൽ വന്ന യൂണിറ്റുകളെ വേണ്ട രീതിയിൽ ശ്രദ്ധിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വീഴ്ചകൾ.

വേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ കൃത്യമായ **follow up** നിർബന്ധമാക്കണം, ആടുകളിൽ കൃത്രിമബീജസങ്കലത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. തീറ്റയാവശ്യത്തിനുപയോഗിക്കുന്ന പച്ചിലകളുടെ ലഭ്യതക്കുവേണ്ടി പ്ലാവ്, മുരിക്ക്, സുബാബുൾ തുടങ്ങിയ വൃക്ഷവിളകളുടെ വ്യാപനം പ്രോൽസാഹിപ്പിക്കപ്പെടണം.

5. അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി:

കോഴിമുട്ടയുടെ ഉൽപ്പാദനവും, ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ഈ പദ്ധതി. 60 ദിവസം പ്രായമായ അഞ്ച് കോഴികുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റ് അമ്പതു ശതമാനം സബ്സിഡിയോടു കൂടി കർഷകർക്ക് വിതരണം ചെയ്യുന്നു.

പോരായ്മകൾ:

നല്ലയിനം കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യം. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല.

വേണ്ട മാറ്റങ്ങൾ:-

ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ വാങ്ങി, രണ്ടുമാസം വരെ വളർത്തി, പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിയുന്ന വിധം പഞ്ചായത്തുതല 'എഗ്ഗർ നേഴ്സറി' സ്ഥാപിക്കണം .

6. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ :-

കൃത്രിമ ബീജസങ്കലനം വഴി, കന്നുകാലികളുടെ വർഗ്ഗോദ്ധാരണം സാധ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം.

പോരായ്മകൾ :-

മുഴുവൻ കന്നുകാലികൾക്കു ഈ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നില്ല.

വേണ്ട മാറ്റങ്ങൾ:-

പ്രത്യുൽപ്പാദന ക്ഷമതയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. പൊറത്തുശ്ശേരി പഞ്ചായത്തിലെ മൊത്തം പശുക്കളിൽ 78 ശതമാനവും, സങ്കരയിനത്തിൽപ്പെട്ടവയാണെന്നതിനാൽ 'പ്രീമിയം ബുൾ സെമൻ' ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മൃഗസംരക്ഷണ മേഖലയുടെ സമഗ്ര വികസനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

മേൽ വിവരിച്ച പ്രശ്നങ്ങളും, സാധ്യതകളും, പോരായ്മകളും കണക്കിലെടുത്ത് ഒമ്പതാം പദ്ധതിക്കാലത്ത്, പൊറത്തിശ്ശേരി പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയുടെ സമഗ്ര വികസനത്തിനായി ചില മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

I. ഉൽപ്പാദന മേഖല

1. പാൽ ഉൽപ്പാദനം

ചെറുകിട, നാമമാത്ര കർഷകരേയും, കർഷക തൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിക്കുക, കാലിവളർത്തൽ മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോൽസാഹനം നൽകുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളെ കുറിച്ച് ആലോചിക്കാവുന്നതാണ്.

(എ) മിനി ഡയറി യൂണിറ്റുകൾ - മൂന്നു പശുക്കൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്.

(ബി) കന്നുകുട്ടി പരിപാലന പരിപാടി:- പഞ്ചായത്തിലുണ്ടാകുന്ന മുഴുവൻ സങ്കരയിനം പശുകുട്ടികളേയും, എരുമകുട്ടികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

32 മാസം പ്രായമാകുന്നതുവരെ സബ്സിഡി നിരക്കിൽ കാലിതീറ്റ, മരുന്ന്, ഇൻഷൂറൻസ് പരിരക്ഷ എന്നിവ നൽകണം.

(സി) തീറ്റപ്പുൽകൃഷി:- പാലിന്റെ ഉൽപ്പാദന ചിലവ് ഗണ്യമായി കുറക്കുന്നതിന് തീറ്റപുൽകൃഷി പ്രോൽസാഹിപ്പിക്കപ്പേടേണ്ടതുണ്ട്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയെന്ന നിലക്കും, തരിശുനിലങ്ങളിൽ മുഖ്യവിളയെന്ന നിലക്കും, തീറ്റപ്പുൽ കൃഷി നടത്താവുന്നതാണ്.

(ഡി) സഹകരണ മേഖലയിൽ ചെറുകിട തീറ്റമിശ്രണ യൂണിറ്റ്:- നിയന്ത്രിത വിലക്ക് ഗുണനിലവാരമുള്ള കാലിതീറ്റ ലഭിക്കുന്നതിനും, പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

(ഇ) സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി:- കന്നുകാലികളുടെ രോഗം മൂലവും മരണം മൂലവും കർഷകർക്ക് സംഭവിക്കുന്ന നഷ്ടങ്ങൾക്ക് മാസ്റ്റർ പോളസിയിലൂടെ ഇൻഷൂറൻസ് പരിരക്ഷ.

(എഫ്) തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം:- തൊഴുത്തുകളുടെ തറ ശാസ്ത്രീയമായി പുനർ നിർമ്മിക്കുക തന്മൂലം വളരെയധികം ഉൽപ്പാദന നഷ്ടം ഉണ്ടാക്കുന്ന അകിടുവീക്കം, കുളമ്പു ദീനം പോലെയുള്ള രോഗങ്ങളെ ഒഴിവാക്കുവാൻ സാധിക്കും.

(2) മുട്ട ഉൽപ്പാദനം:-

(എ) എഗ്ഗർ നേഴ്സറി:- ഗുണമേന്മയുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ വാങ്ങി 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനം ചെയ്യുക എന്നതാണ് പദ്ധതി പ്രവർത്തനം. ഇത്തരം ഒന്നോ രണ്ടോ നേഴ്സറികൾ സ്ഥാപിക്കാവുന്നതാണ്.

(ബി) അടുക്കള മുറ്റത്തെ കോഴിവളർത്തൽ:- 60 ദിവസം പ്രായമായ അഞ്ചു കോഴികുഞ്ഞുങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റു വീതം എല്ലാ കുടുംബങ്ങൾക്കു സൗജന്യവിലക്ക് നൽകേണ്ടതാണ്.

(സി) സ്കൂൾ പൗൾട്രി ക്ലബ്:- വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും, കോഴിവളർത്തലിൽ താൽപ്പര്യവും ജനിപ്പിക്കുന്നതിനു വേണ്ടി, രണ്ടു മാസം പ്രായമുള്ള മൂന്ന് മുട്ടകോഴികുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക. ഒരു വർഷം 200 വിദ്യാർത്ഥികൾക്കെങ്കിലും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കണം.

(ഡി) താറാവു വളർത്തൽ പദ്ധതി:- ഏറെ സാധ്യതകളുള്ള മാടായികോണം കുഴിക്കോട്ടുകോണം . മേഖലകളിൽ താറാവ് വളർത്തൽ

പ്രോത്സാഹിപ്പിക്കപ്പെടണം.

3) ഇറച്ചിക്കോഴി വളർത്തൽ

രണ്ടാഴ്ചയിലൊരിക്കൽ വിപണന പ്രായമെത്തിയ 250 ഇറച്ചിക്കോഴികളെ വീതം വില്പനക്ക് സജ്ജമാക്കുകവാൻ കഴിയുന്ന യൂണിറ്റുകൾ വ്യാപകമായി പ്രോൽസാഹിപ്പിക്കേണ്ടതാണ്. മുട്ടക്കോഴികളുടെ ചൂഷണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു മേഖലയാണിത്. ഇതൊഴിവാക്കുവാൻ പ്രാദേശികാടിസ്ഥാനത്തിൽ സഹകരണ സംഘം രൂപീകരിക്കുകയും, കോഴികുഞ്ഞുങ്ങളുടേയും, കോഴിതീറ്റയുടേയും സംഭരണം പ്രോത്സാഹനമായ കോഴികളുടെ വിപണനം എന്നിവ സംഘം വഴി നടത്തേണ്ടതുണ്ട്.

4) മാംസോൽപ്പാദനം:-

ഒരു പൊതുജനാരോഗ്യ പ്രശ്നമെന്ന നിലയിൽ, സംശുദ്ധമായ മാംസോൽപ്പാദനവും, വിപണനവും ഉറപ്പ് വരുത്തേണ്ടതുണ്ട്. ആധുനിക രീതിയിൽ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുകയും, മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിന് മുൻപും, പിൻപും ഉള്ള പരിശോധന നിർബന്ധമാക്കുകയും വേണം. അനധികൃത ഇറച്ചി വിപണന ശാലകൾക്കെതിരെ കർശനമായ നടപടികൾ കൈക്കൊള്ളണം.

5) കാളകുട്ടി പരിപാലനം:-

കൃത്രിമ ബീജസങ്കലനം വഴി പൊറത്തിശ്ശേരി പഞ്ചായത്തിൽ പ്രതിവർഷം ഏതാണ്ട് 400 കാളകുട്ടികൾ ജനിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ബഹുഭൂരിപക്ഷവും ശരിയായ പരിചരണം ലഭിക്കാതെ വളർച്ച മുരടിച്ചുപോവുകയോ, മരണപ്പെടുകയോ ആണ് ചെയ്യുന്നത്. ആസൂത്രിത സമീപനം വഴി, പാഴായിപോകുന്ന ഈ സമ്പത്ത് നമ്മുടെ പ്രദേശത്തിന്റെ ആഭ്യന്തര ഉൽപ്പാദനവർദ്ധനവിനും വരുമാന വർദ്ധനവിനും ഉള്ള ഉപാധിയായി സ്വീകരിക്കാവുന്നതാണ്. 2 3 മാസം പ്രായമുള്ള 5 കാളക്കുട്ടികൾ അടങ്ങുന്നതാവണം ഒരുയൂണിറ്റ്. ഇവയെ 6 മാസമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്.

6) ആടുവളർത്തൽ പദ്ധതി

നാമമാത്ര കർഷകരുടെയും കർഷക തൊഴിലാളികളുടെയും സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യമാണ് ആടുവളർത്തൽ. വീട്ടമ്മമാരുടേയും, കുട്ടികളുടേയും അദ്ധ്വാന ശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനും കഴിയുന്നു.

7) പന്നിവളർത്തൽ പദ്ധതി:-

പഞ്ചായത്തിലെ സാധ്യതകളുള്ള മേഖലകളിൽ നടപ്പിലാക്കാവുന്നതാണ്. (മാപ്രാണം, മാടായിക്കോണം, കുഴിക്കോട്ടുകോണം, പൊറത്തിശ്ശേരി മേഖലകൾ അനുയോജ്യമാണ്) അഞ്ച് പെൺപന്നികളും, ഒരു ആൺ പന്നിയും അടങ്ങുന്ന പ്രജനന യൂണിറ്റുകളും, മാംസാവശ്യത്തിനായി രണ്ടു പന്നികുഞ്ഞുങ്ങൾ അടങ്ങിയ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

8) ഇറച്ചിമുയൽ വളർത്തൽ പദ്ധതി:-

എ) 10 പെൺമുയലുകളും 2 ആൺ മുയലുകളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. നാമമാത്ര കർഷകരും കർഷക തൊഴിലാളികളുമായിരിക്കണം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ബി) വിവിധ സ്കൂളുകളിൽ 8-ാം ക്ലാസിൽ പഠിക്കുന്ന 50 കുട്ടികളെ വീതം ഓരോ വർഷവും തിരഞ്ഞെടുത്ത് അവർക്ക് രണ്ട് പെൺമുയലും ഒരു ആൺമുയലും അടങ്ങിയ

ഓരോ യൂണിറ്റ് വീതം നൽകുന്നു. 9-ാം ക്ലാസ്സിലും, 10-ാം ക്ലാസ്സിലും എത്തുമ്പോൾ അവർ ഒരു ജോഡി മുയൽ കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ നൽകണം. അവയെവീണ്ടും വിതരണ ചെയ്യാം.

II. സേവന മേഖല:

1) മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ:-

സ്വന്തമായ കെട്ടിടം, കന്നുകാലികളെ കെട്ടുവാനുള്ള സ്ഥലസൗകര്യം, ആധുനിക രോഗനിർണ്ണയ ചികിൽസാ സൗകര്യങ്ങൾ, ആവശ്യത്തിനുള്ള മരുന്നുകൾ, ടെലിഫോൺ സൗകര്യം എന്നിവ ഏർപ്പെടുത്തേണ്ടതാണ്.

2) സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി:-

മുഴുവൻ നായ്ക്കളേയും പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കുക, നായ്ക്കളുടെ ലൈസൻസിംഗ് സമ്പ്രദായ നിർബന്ധമാക്കുക, അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക എന്നിവ അടങ്ങിയ ഒരു തുടർ പദ്ധതി ജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കപ്പെടണം.

3) വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ:-

മൃഗാശുപത്രിയോടനുബന്ധിച്ച്, മൃഗ സംരക്ഷണ മേഖലയിലെ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു ലൈബ്രറിയും, ക്ലാസ്സ് മുറിയും സജ്ജമാക്കണം.

III. വനിതാ പങ്കാളിത്തം

1) വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ:- മഹിളാ സംഘങ്ങൾ വഴി പശുവളർത്തുന്ന പദ്ധതി.

2) ഇറച്ചികോഴിവളർത്തൽ യൂണിറ്റ്:- ചെറുകിട ഇറച്ചി കോഴിവളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി.

3) വിപണന കേന്ദ്രങ്ങൾ:- സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം, വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണന കേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പന്നി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
	-	96	-	196	516	210	1807	961	257	191	94	1100	500	-

Note: വാർഡ് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

വളർത്തുപക്ഷിസംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
		18,264		486		

Note: വളർത്തു പക്ഷികളുടെ സംഖ്യ, ആൺ-പെൺ കണക്കുകൾ വേർതിരിച്ച് ലഭ്യമല്ല.

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായ Digestive disorders	624	72	144	12	26	–	–	2	–	27
2.	ശ്വാസകോശസംബന്ധം Respiratory diseases.	132	17	79	–	–	136				12
3.	ഉപാപചയ സംബന്ധം Metabolic diseases.	156	22	12	–	–	–				–
4.	ത്വക് രോഗങ്ങൾ Skin diseases	113	21	78	–	62	–				16
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	98	17	59	–	–	68				2
6.	പരാദ രോഗങ്ങൾ Parastic diseases.	588	132	108	–	28	36				
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	408	61	96		2					
8.	വന്ധ്യത Infertility	66	2	7		–					
9.	അകിടുവീക്കം Mastitis	132	12	26							
10.	മൂടന്തൽ പനി Ephemeral Fever	88	–	–							
11.	പകർച്ചവ്യാധികൾ Contagion diseases.	178	–	–			628				

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

പേവിഷബാധ - പ്രതിരോധവും ചികിത്സയും (1995-96)

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നല്കിയവയുടെ എണ്ണം				156		
കടിയേറ്റതിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം			17			

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്

കൃത്രിമ ബീജസങ്കലന വിവരങ്ങൾ (1995-96)

വളർത്തു മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണം ബീജസങ്കലനം വേണ്ടിവന്നവ
പശു	2844	1459	212
കിടാരി	710	385	68
എരുമ	548	109	22



മത്സ്യബന്ധനം

ജലസമ്പത്ത്

പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂടെ ഒഴുകുന്ന കരുവന്നൂർപുഴയും, പഞ്ചായത്തിലെ കായൽ പാടശേഖരങ്ങളും തോടുകളും, K L D C പണി തീർക്കുന്ന പഴയ പുത്തൻതോടും വിവിധ പ്രദേശങ്ങളിലെ 14 പൊതുകുളങ്ങളുമാണ്. പഞ്ചായത്തിലെ മത്സ്യബന്ധനാവശ്യമായ ജലസമ്പത്ത്. കടലോ, സ്ഥിരമായ കായലോ ഇല്ലാത്തതിനാൽ മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ പഞ്ചായത്തിൽ ആകെ 30 പേരോളം മാത്രമെ വരൂ.

മത്സ്യബന്ധന രീതി - ഉപകരണങ്ങൾ

പഞ്ചായത്തിന്റെ 3ാം വാർഡിലെ കണക്കംകോട്ട പരിസരത്തുള്ള 28 കുടുംബങ്ങൾ പരമ്പരാഗതമായി മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ ഇപ്പോൾ അവരിൽ 12 പേർ മാത്രമാണ് മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിലെ എട്ടാം വാർഡിൽ നിർമ്മിതി കേന്ദ്രം നാലുസെന്റ് കോളനിയിൽ മൂന്നു കുടുംബങ്ങളും, അഞ്ചാം വാർഡിൽ ഒരു കുടുംബവും മത്സ്യബന്ധന തൊഴിലായി ജീവികുന്നവരാണ്.

മൊത്തം പഞ്ചായത്തിൽ 16 പേർ മാത്രമാണ് മത്സ്യ ബന്ധന തൊഴിലായി സ്വീകരിച്ചിട്ടുള്ളത്. മത്സ്യബന്ധന രീതി പരമ്പരാഗതമാണ്. വഞ്ചിയും, വലയും ഉപയോഗിച്ചുള്ള മത്സ്യ ബന്ധനമാണ് നടക്കുന്നത്. മത്സ്യബന്ധനം മാത്രം നടത്തി ഉപജീവനം നടത്തുവാൻ ഇവർ ബുദ്ധിമുട്ടുകയാണ്.

വർഷത്തിൽ എല്ലാ ദിവസവും മത്സ്യബന്ധനം നടത്തുവാൻ സ്ഥല പരിമിതിയും ഇവർക്കുണ്ട്. ഇവരിൽ ചിലർ മറ്റു പഞ്ചായത്തുകളിൽ മത്സ്യ ബന്ധനം നടത്തുന്നു.

മത്സ്യ വിപണനം സംബന്ധിച്ച് പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ള മത്സ്യം പുറമെ നിന്ന് കൊണ്ടുവന്ന് ഇവിടെ വിറ്റഴിക്കുകയാണ്. കായൽമത്സ്യം മാത്രമാണ് പഞ്ചായത്തിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നത്.

കരിമീൻ, വരാൽ, വാള, മുണ്ടോത്തി തുടങ്ങിയ വിവിധ തരത്തിലുള്ള കായൽ മത്സ്യങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്.

പ്രശ്നങ്ങൾ

1) മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുവാൻ കഴിയുന്നില്ല.

2) മത്സ്യബന്ധനം ഉപാധികൾ പരമ്പരാഗതമാണ്.

3) മത്സ്യങ്ങളെ വളർത്തുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല.

4) മത്സ്യതൊഴിലാളികൾക്ക് സാമ്പത്തിക പ്രയാസങ്ങളുണ്ട്.

5) മത്സ്യബന്ധനം നടത്തുവാൻ പലപ്പോഴും തടസ്സങ്ങളുണ്ട്.

സാധ്യതകൾ

1) മത്സ്യ തൊഴിലാളി സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കായൽ പ്രദേശത്ത് മത്സ്യം വളർത്തുക.

2) ഒരു പൂ പുഞ്ചകൃഷിപാടങ്ങളിൽ കൃഷി ഇല്ലാത്ത കാലങ്ങളിൽ മത്സ്യം വളർത്തുക.

3) പഞ്ചായത്തിലെ പൊതുകുളങ്ങളിൽ വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യം വളർത്തുക. ഉദാ:- ചെമ്പൻ ചിറകുളം, ക്രോക്ക കായൽ, അങ്ങാടികുളം.

4) **KLDC** പുതിയതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കായലുകളിലും, ബൈകനാലുകളിലും മത്സ്യം വളർത്തുക.

5.) മണ്ണ് എടുത്ത് താഴ്ചയുള്ള ഇഷ്ടിക പാടങ്ങളിൽ മത്സ്യ കൃഷി ചെയ്യുക.

6) സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

7) നല്ലയിനം മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാനും, വിപണനം ചെയ്യുവാനും സംവിധാനമുണ്ടാക്കുക.

8. മത്സ്യങ്ങളുടെ പ്രജനനകാലത്ത് മത്സ്യബന്ധനം നിരോധിക്കുക.

9. മത്സ്യം വളർത്തുന്നതിന് ആവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുക.



വ്യവസായം

കാർഷിക പ്രധാനമായ പഞ്ചായത്തിൽ വ്യാവസായിക വളർച്ച എടുത്തുപറയത്തക്ക തായിട്ടൊന്നുമില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായ ഇനങ്ങളിലൊന്ന് ഓടുകമ്പനികളാണ്. പഞ്ചായത്ത് ഉൾപ്പെടുന്ന കരുവന്നൂർ മേഖലയിൽ ഇരുപതോളം ഓടുകമ്പനികൾ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാലിന്ന് ഇവ എണ്ണത്തിൽ കുറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, ഉല്പാദനത്തോതിലും ഗണ്യമായ കുറച്ചിൽ വന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ഏഴ് ഓടു ഫാക്ടറികളിൽ, ജനുവിൻ ക്ലേ പ്രോഡക്റ്റ്സ്, ജനത ടൈൽ ഫാക്ടറി എന്നിവ പൊളിച്ചു കഴിഞ്ഞു. മറ്റുള്ളവ ഭാഗികമായി മാത്രമാണ് പ്രവർത്തിക്കുന്നത്. 800-900 തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ ഫാക്ടറികളിൽ ഇന്ന് 250 ഓളം പേർ മാത്രമാണ് ജോലി ചെയ്യുന്നത്.

അസംസ്കൃതവസ്തുവായ മണ്ണിന്റെ ലഭ്യതയിലുള്ള കുറവ്, മണ്ണിന്റെ വിലവർദ്ധന, ഇന്ധനമായി ഉപയോഗിക്കുന്ന വിറകിലുണ്ടായ വിലവർദ്ധനവ് തുടർച്ചയായ വൈദ്യുതി നിയന്ത്രണം, ഓടിന്റെ വിപണിയിലുള്ള മാന്ദ്യം എന്നിവയാണ് ഇന്ന് ഓടുവ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കൃഷിചെയ്യാവുന്ന ഭൂമി, പ്രത്യേകിച്ച് നെൽപ്പാടങ്ങൾ താഴ്ത്തി മണ്ണെടുക്കുന്നത് കൃഷിഭൂമി നാശമടക്കമുള്ള പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കപ്പെട്ടപ്പോൾ അവർക്കെതിരെ ഉയർന്ന ജനകീയ സമ്മർദ്ദമാണ് മണ്ണിന്റെ ലഭ്യതക്കുറവിന് കാരണമായത്. ഇഷ്ടിക, ഓട്, ചൂളകൾക്കാവശ്യമായ വിറകിനുള്ള തടി പെരുമ്പാവൂർ, മുവ്വാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഏകദേശം 750 1000 ടൺ വിറക് ഓരോ കമ്പനിയും പ്രതിവർഷം ഉപയോഗിക്കുന്നുണ്ട്. അടുത്തകാലത്തായി ഇന്ധനമായി അറക്കപ്പൊടിയും കമ്പനികൾ ഉപയോഗിക്കുന്നുണ്ട്.

കരുവന്നൂർ, ഒല്ലൂർ, തുടങ്ങി ജില്ലയിലെ ഇതര മേഖലയിലെ കമ്പനികൾ ചിലത് വൈവിധ്യവൽക്കരണത്തിലൂടെ (ഡക്കറേഷൻ ഓടുകൾ, വയർക്കട്ടകൾ, ഹോളോബ്രിക്സ് തുടങ്ങിയ) ഓടുവ്യവസായം നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പഞ്ചായത്തിലെ ഓടു കമ്പനികൾക്കുവേണ്ടി മണ്ണെടുത്ത നെൽവയലുകൾ കൃഷിചെയ്യാനാവാതെ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയോട് ചേർന്ന് കിടക്കുന്നു.

ഏഴു സോമില്ലുകളടക്കമുള്ള തടിവ്യവസായമാണ് എടുത്തുപറയാവുന്ന മറ്റൊരു വ്യവസായം. ഇതിൽതന്നെ പ്ലൈവുഡും അനുബന്ധ ഉല്പന്നങ്ങളും ഉണ്ടാക്കുന്ന പാറേൽ ഗ്രൂപ്പിന്റെ രണ്ടുവ്യവസായ സ്ഥാപനങ്ങളാണ് പൊറത്തിശ്ശേരി 8 ാം വാർഡിൽ പ്രവർത്തിക്കുന്ന ടിമ്പെക്ക് പ്ലൈവുഡ് മിൽസും പാറേൽ

ലാമിനേറ്റ്സും. ഇവയിൽ ടിമ്പെക് പ്ലൈവുഡ് മിൽസ് ഇന്ന് പ്രവർത്തനരഹിതമാണ്. 50 പേർക്ക് പ്രത്യക്ഷമായും 200 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നല്കിയിരുന്ന ഈ സ്ഥാപനം ഒട്ടേറെ പ്രശ്നങ്ങളാലാണ് അടച്ചുപൂട്ടിയത്. തൊഴിലാളി സമരങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, വ്യവസായത്തിന് ആവശ്യമായ തടി ലഭിക്കാത്തത്, തുടർച്ചയായ പവർകട്ട്, വിപ്പണിയിലുള്ള മാന്ദ്യം എന്നിവ ഈ സ്ഥാപനം അടച്ചുപൂട്ടുന്ന അവസ്ഥയിലേക്ക് നയിച്ചു. ഫാക്ടറിയിലെ യന്ത്രഭാഗങ്ങൾ മാറ്റിക്കഴിഞ്ഞു. തൊഴിലാളികളെ പിരിച്ചയക്കാനുള്ള ശ്രമങ്ങളും തുടങ്ങി. ഇപ്പോൾ ഇവിടെ പ്രകാശ് സോമിൽ എന്ന ഒരു യൂണിറ്റ് മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ഇതേ ഗ്രൂപ്പിന്റെ തന്നെ മറ്റൊരു സ്ഥാപനമായ പാറേൽ ലാമിനേറ്റ്സ് പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 7 തടി മില്ലുകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. ഗാർഹിക വ്യാവസായികാവശ്യത്തിനുള്ള തടി വിതരണം ചെയ്യുന്നവയാണ് ഈ മില്ലുകൾ. 40 ഓളം പേർ ഈ തടിമില്ലുകളിൽ പണിയെടുക്കുന്നു.

ആയുർവേദ മരുന്നുകൾ, പ്രത്യേകിച്ചും ഹെർബൽ ഉല്പന്നങ്ങളുണ്ടാക്കുന്ന ഔഷധകമ്പനിയുടെ ഒരു ശാഖ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. റബ്ബർപാൽ ശുചീകരിച്ച് റബ്ബർഷീറ്റുല്പാദിപ്പിക്കുന്ന പ്രീമിയർ ലാറ്റക്സ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന ഒരു സ്ഥാപനം പഞ്ചായത്തിന്റേ തെക്ക് കിഴക്ക് ഭാഗത്ത് 12 ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റിൽ 15 പേർ പണിയെടുക്കുന്നുണ്ട്. ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ സമീപപ്രദേശത്ത് മലിനീകരണത്തിന് കാരണമാവുന്നുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

തുകൽ സംസ്ക്കരണ പ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ള ഒരു തുകൽ സംസ്കരണശാല പഞ്ചായത്തിൽ 12 ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. തുകൽ സംസ്കരണവുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ സമീപപ്രദേശത്ത് മലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. പുഞ്ചകൃഷി നടത്തുന്ന നെൽപ്പാടങ്ങളുൾക്കൊള്ളുന്ന പ്രദേശത്ത് നടക്കുന്ന ഈ മലിനീകരണം നെൽകൃഷിയെയും പരിസരത്തെ ശുദ്ധജല സ്രോതസ്സുകളേയും ബാധിക്കുമെന്ന് ഭയപ്പെടുന്നു.

മേൽ സൂചിപ്പിച്ചതു കൂടാതെ പഞ്ചായത്തിൽ 19 ഓയിൽ മില്ലുകളും 32 റൈസ് മില്ലുകളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. 12 എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ, പ്രിന്റിങ്ങ് പ്രസ്സ്. ഫർണീച്ചർ യൂണിറ്റ് തുടങ്ങി 27 ചെറുകിട യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പൊതുവെ പറഞ്ഞാൽ, പഞ്ചായത്തിലെ വ്യവസായസ്ഥാപനങ്ങളുടെ തൊഴിൽദായകശേഷി കുറവാണ്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 3 പരമ്പരാഗത വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. 1957 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയ കരുവന്നൂർ കൈത്തറി സഹകരണസംഘം പിന്നീട് പവ്വർലൂം സഹകരണസംഘമായി മാറി. 6 പേർ തൊഴിലെടുക്കുന്ന ഈ സ്ഥാപനത്തിൽ 15 തറികൾ പ്രവർത്തിക്കുന്നു. കരാർ അടിസ്ഥാനത്തിൽ തൃശ്ശൂർ സീതാറാം മില്ലിൽ നിന്നും നൂലും പാവും വാങ്ങി തുണിയാക്കി തിരിച്ചുനല്കുന്നു. സീതാറാം മില്ലിന്റെ ഒരു ഫീഡർയൂണിറ്റാണിത്. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ സാമ്പത്തികസഹായം കൊണ്ട് പ്രവർത്തിക്കുന്ന സംഘത്തിൽ 132 അംഗങ്ങളുണ്ട്. ഈ സംഘത്തിന്റെ വിപുലീകരണത്തിന് വിപുലമായ സാദ്ധ്യതകളുണ്ട്.

റെഡിമെയ്ഡ് വസ്ത്രങ്ങളുണ്ടാക്കുന്ന മറ്റൊരു

സഹകരണയൂണിറ്റാണ് കരുവന്നൂർ വനിതാ (പട്ടികജാതി) സർവ്വീസ് സഹകരണസംഘം. 1987ൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ 12 പേർ പണിയെടുക്കുന്നു.

ടേബിൾ മാറ്റ്, പ്ലെയിൻമാറ്റ് എന്നീ കരകൗശല വസ്തു നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള ദീപ്തി ഹാൻഡി ക്രാഫ്റ്റ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 1978 ൽ തുടങ്ങിയ ഈ സംഘത്തിന്റെ പ്രവർത്തനപരിധി പൊറത്തിശ്ശേരി കൂടാതെ സമീപ പഞ്ചായത്തുകളായ കാറളം, മുരിയാട്, വേളൂക്കര, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി എന്നിവയും ഉൾപ്പെടുന്നു.

കരുവന്നൂർ ആസ്ഥാനമായ മിൽക്ക് സപ്ലൈ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ പാലുല്പന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുണ്ട്. സഹകരണസംഘം സംഭരിക്കുന്ന പാലുപയോഗിച്ച് പാലുല്പന്നങ്ങൾ നിർമ്മിക്കുകയാണ് ചെയ്തുവരുന്നത്.

DWCRA പദ്ധതിയിൽ പഞ്ചായത്തിൽ ജാൻസി ബുക്ക് ബൈൻഡിംഗ് എന്ന ചെറുകിട വനിതാ വ്യവസായയൂണിറ്റ് പ്രവർത്തിക്കുണ്ട്. DWCRA പ്രകാരം പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ഏക യൂണിറ്റാണിത്. 1995ൽ പത്തുപേർ കൂടി തുടങ്ങിയ ഈ യൂണിറ്റിൽ നോട്ടുപുസ്തകങ്ങൾ തയ്യാറാക്കി വില്പന നടത്തുന്നു. ഇപ്പോൾ പത്തുപേരെ കൂടി ബുക്ക് ബൈൻഡിംഗ് പരിശീലിപ്പിക്കുന്നുണ്ട്. ഈ യൂണിറ്റ് നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം ഉണ്ടാക്കുന്ന പുസ്തകത്തിന് വിപണി കണ്ടെത്താനാവുന്നില്ല എന്നതാണ്.

പഞ്ചായത്തിൽ നടന്നു വരുന്ന ചെറുകിട വ്യവസായ യൂണിറ്റുകളിൽ എടുത്തുപറയാവുന്ന മറ്റൊരു യൂണിറ്റ് 20 പേർക്ക് തൊഴിലസരം സൃഷ്ടിച്ചിട്ടുള്ള ബാലകൃഷ്ണ ഫർണീച്ചർ വർക്ക്സ് എന്ന സ്ഥാപനമാണ്.

വ്യവസായ വികസനം – പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വ്യവസായ സംരംഭകർ നേരിടുന്നു ഏറ്റവും പ്രധാന പ്രശ്നം വ്യവസായം ആരംഭിക്കാനാവശ്യമായ സ്ഥലം, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ്.

2. ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ കിട്ടുവാൻ വലിയ കാലതാമസം നേരിടുന്നു.

3. കൃത്യമായ പ്രൊജക്ട് സാദ്ധ്യതകൾ പഠിക്കാതെ സംരംഭം തുടങ്ങുതു മൂലം തുടങ്ങിക്കഴിഞ്ഞ് വിപണരംഗത്തടക്കം ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നു.

4. വ്യവസായസംരംഭം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ആവശ്യമായ അളവിൽ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്.

5. വിവിധ തുറകളിൽ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഒട്ടനവധി പേർ തൊഴിലില്ലാതെ ഇരിക്കുന്നു.

6. മുഖ്യകാർഷികോല്പന്നമായ തെങ്ങ്, നെല്ല് എന്നിവ സംസ്കരിക്കുവാനും വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുവാനുമാകുന്നില്ല.

7. വൈദ്യുതി പ്രതിസന്ധി വ്യവസായ വികസനത്തിന് തടസ്സമാകുന്നു. വൈദ്യുതി കമ്പി, ആവശ്യത്തിന് വോൾട്ടേജില്ലായ്മ ട്രാൻസ്ഫോർമറുകളുടെ അധിക ഭാരം എന്നിവ തടസ്സമായിരിക്കുന്നു.

8. വിപണനരംഗത്തെ പ്രശ്നങ്ങൾ

9. പഞ്ചായത്തിലെ പ്രമുഖ വ്യവസായങ്ങളിലൊന്നായ തടിവ്യവസായത്തിനാവശ്യമായ തടി ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.

10. പഞ്ചായത്തിലെ നിലവിലുള്ള ഓയിൽ മില്ലുകളിൽ 2എണ്ണം അടച്ചുപൂട്ടിക്കഴിഞ്ഞു. നാളികേരത്തിന്റേയും

വെളിച്ചെണ്ണയുടേയും വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മനസിലാക്കി ആവശ്യമായ മാർക്കറ്റിംങ്ങ് തന്ത്രങ്ങൾ ഉപയോഗിക്കുവാനുള്ള പ്രൊഫഷണൽ മാനേജ്മെന്റിന്റെ കുറവാണിതിന് മുഖ്യമായ കാരണം. അതോടൊപ്പം വർദ്ധിച്ച തോതിൽ വേണ്ടിവരുന്ന പ്രവർത്തന മൂലധനവും ഒരു പ്രശ്നമാണ്.

11. പ്രമുഖമായ മറ്റൊരുവ്യവസായമായ ഓട്ടുകമ്പനികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

a) ഗുണനിലവാരമുള്ള മണ്ണ് കുറഞ്ഞ വിലക്ക് ലഭ്യമല്ല.

b) ഓടിന്റെ വിപണിയിലുള്ള കുറവ്.

c) ഇന്ധനമായ വിറക്, ഓയിൽ എന്നിവയുടെ ലഭ്യത കുറവും വില കൂടുതലും

12. നിലവിലുള്ളവ്യവസായങ്ങൾ പലതും മലിനീകരണമുണ്ടാക്കുന്നു.

13. പഞ്ചായത്തിൽ ഒട്ടേറെ വനിതായൂണിറ്റുകളുണ്ട്. ഇവർ നേരിടുന്ന പ്രധാന പ്രശ്നം വിപണി കണ്ടെത്താനാവുന്നില്ല എന്നതാണ്.

വ്യവസായം സാദ്ധ്യതകൾ

1. വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുവാൻ വേണ്ട സ്ഥലസൗകര്യം ഇല്ല എന്ന പ്രശ്നം അനുഭവപ്പെടുന്നുണ്ട്. വ്യവസായ സംരംഭകർക്കും ചെറുകിട യൂണിറ്റുകൾക്കും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള സ്ഥലസൗകര്യം ഏർപ്പെടുത്തിയാൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വികസനം എളുപ്പമാകും. ഇതിനായി പഞ്ചായത്തിന്റെ രണ്ടോ മൂന്നോ സ്ഥലത്ത് ആധുനിക ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്.

2. നിലവിലുള്ള ചെറുകിട വ്യവസായയൂണിറ്റുകളുടെ അവസ്ഥ അവലോകനം ചെയ്ത് വിപുലീകരിക്കുക, ആവശ്യമായ സഹായം സാമ്പത്തിക സാങ്കേതികമുൾപ്പെടെ ലഭ്യമാക്കേണ്ടതുണ്ട്.

3. വികസന ബ്ലോക്ക് നടപ്പാക്കുന്ന ട്രൈസം പരിപാടിയിൽ പങ്കെടുത്ത് പരിശീലനം നേടുന്നവർ പ്രസ്തുത രംഗത്ത് തൊഴിൽ ചെയ്യുന്നില്ല, മറ്റു തൊഴിലുകളിലാണ് ഏർപ്പെടുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് രേഖകൾ സൂചിപ്പിക്കുന്നു. ഇത് ഒഴിവാക്കി പരിശീലനം നേടുന്നവർ അതതുതുറകളിൽ ജോലിചെയ്യുന്നു എന്ന് ഉറപ്പാക്കണം. ട്രൈസം പരിപാടിയിൽ, സാദ്ധ്യതയുള്ള മറ്റു തൊഴിലുകൾ കൂടി ഉൾപ്പെടുത്തി പരിശീലനം നൽകണം. ഉദാ. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണം, കുട്ട നെയ്ത്ത്, ലെയ്ത്ത്, ബോൾപെൻ നിർമ്മാണം, ഫാബ്രിക്കേഷൻ വർക്ക്സ് സോപ്പ് നിർമ്മാണം, ചെരുപ്പ് തുടങ്ങിയവ.

4. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന കാർഷികോല്പന്നമായ നാളികേരം ഉപയോഗിച്ചുള്ള വ്യവസായങ്ങൾ നന്നേ കുറവാണ്. തെങ്ങ്, തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധ ഇന വ്യവസായങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തി ഈ രംഗത്തേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാവുന്നതാണ്. കൂടാതെ കരിക്കിൻ വെള്ളം, കരിക്ക് എന്നിവ ഉപയോഗിച്ചുള്ള ലഘുപാനീയ നിർമ്മാണ വ്യവസായത്തിനും സാദ്ധ്യതകളുണ്ട്. ഇത്തരത്തിൽ നാളികേരം ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കായി ഒരു നാളികേര കോംപ്ലക്സ് തന്നെ ആരംഭിക്കാവുന്നതാണ്.

5. കൊപ്രസംസ്കരണസാദ്ധ്യതകൾ ഏറെയുണ്ട്. സഹകരണാടിസ്ഥാനത്തിലും അല്ലാതെയുമുള്ള കൊപ്ര സംസ്കരണയൂണിറ്റുകൾ, ഓയിൽമില്ലുകൾ എന്നിവ ആരംഭിക്കാം. വെളിച്ചെണ്ണ ഉപയോഗിച്ചുള്ള ഫെയർ ഓയിൽ യൂണിറ്റ് തുടങ്ങിയ സാദ്ധ്യതകളും ഉപയോഗപ്പെടുത്താവുന്നതാണ്.



"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

— ഗാന്ധിജി

6) നെല്ല് മൊത്തമായി സംഭരിച്ച് സംസ്കരിച്ച് അരി വിതരണം ചെയ്യുന്ന യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

7) പഞ്ചായത്തിലെ വ്യവസായ യൂണിറ്റുകൾ നേരിടുന്ന പ്രധാന പ്രശ്നം വിപണനരംഗത്താണ്. വിപണി ഉറപ്പാക്കുന്നതിനാവശ്യമായ മാർക്കറ്റിങ്ങ് തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. മത്സരക്ഷമതയും ഗുണമേന്മയും പരമാവധി കുറഞ്ഞവിലയുമുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ എളുപ്പമാണ്. ഇത് ഉറപ്പുവരുത്താനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

8) ഇപ്പോൾ പഞ്ചായത്തിൽ കൈത്തറി, റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് വനിതകളാണ് മുഖ്യമായും പ്രവർത്തിച്ചുവരുന്നത്. മാത്രവുമല്ല ഭക്ഷ്യവസ്തു സംസ്കരണ മേഖലയിലും വിപുലമായ തൊഴിൽ സാധ്യതകളുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താനാവുന്ന തരത്തിൽ വനിതാ വ്യവസായ യൂണിറ്റുകൾ, DWCRA യൂണിറ്റുകൾ എന്നിവയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

9) കളിമൺ വ്യവസായത്തിൽ കുടിൽ വ്യവസായമായി നടത്തിവരുന്ന ഒട്ടേറെ പേർ പഞ്ചായത്തിലുണ്ട്. അവർക്കാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങളും ആധുനിക ഉപകരണങ്ങളും നല്കി പ്രസ്തുത വ്യവസായത്തെ ആധുനികവല്ക്കരിക്കുകയും വിപണനത്തിനായി പ്രത്യേകം സംവിധാനങ്ങൾ ആലോചിക്കാവുന്നതുമാണ്. പഞ്ചായത്തിലെ സമഗ്രഊർജ്ജാസൂത്രണവുമായി ബന്ധപ്പെട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്ന പുകശല്യമില്ലാത്ത അടുപ്പുകളുടെ വ്യാപനത്തിന് ആവശ്യമായ അടുപ്പ് മോൾഡ്സ്, ഗ്രേറ്റിംഗ്സ് എന്നിവ ഈ യൂണിറ്റുകളിൽ ഉണ്ടാക്കാവുന്നതാണ്. ഇത് ഈ രംഗത്ത് വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

10) നിലവിലുള്ള പ്രതിസന്ധി നേരിടുന്ന ഓടുവ്യവസായത്തെ, വൈവിധ്യവൽക്കരണത്തിലൂടെ ഒരു പരിധി വരെ നിലനിറുത്താനാവും. ഡക്കറേഷൻ ടൈൽസ്, ഹോളോബ്രിക്സ്, വയർകട്ട് ബ്രിക്സ്, ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ എന്നിവ ഉണ്ടാക്കുന്ന യൂണിറ്റുകളായി മാറ്റാവുന്നതാണ്. ഇപ്പോൾ പ്രവർത്തിക്കുന്ന ഓടുകമ്പനികളുടെ നിലവിലുള്ള മാനേജ്മെന്റ് തൊഴിലാളികൾ എന്നിവരെ നിലനിറുത്തികൊണ്ടു തന്നെ ഇത് സാധ്യമാവുന്നതാണ്.

11) പഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തി ആവശ്യമായ പരിശീലനവും സാധ്യമായ ഇടപെടലിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്താവുന്നതാണ്.

12) പഞ്ചായത്തിൽ ധാരാളം മരപ്പണിക്കാർ പുറം പ്രദേശങ്ങളിൽ പോയി പണിയെടുക്കുന്നുണ്ട്. പ്രത്യേകിച്ചും 11ാം വാർഡിൽ. ഇവരെ ഉപയോഗിച്ചുകൊണ്ട് ഇവരുടെ തന്നെ ഒരു സഹകരണസംഘം രൂപീകരിച്ച് പരമാവധി ഫർണീച്ചർ മറ്റു മരസാധന യൂണിറ്റുകൾ എന്നിവ ആരംഭിക്കാവുന്നതാണ്. ഇതുമൂലം ഇന്ന് ഇടത്തട്ടുകാർ ഈ രംഗത്ത് നടത്തുന്ന ചൂഷണം അവസാനിപ്പിക്കുവാനും വർദ്ധിതമായ തൊഴിൽ സാധ്യതകളും ഉറപ്പാക്കാനാവും.

13) പഞ്ചായത്തിനകത്ത് ലഭ്യമായ സാങ്കേതിക ജ്ഞാനമുള്ള ആളുകളെ ഉപയോഗിച്ച് തുടങ്ങാവുന്ന ഒട്ടേറെ വ്യവസായയൂണിറ്റുകളുണ്ട്.. ഉദാ തീപ്പെട്ടി നിർമ്മാണം, ഇലക്ട്രോണിക് ഐറ്റംസ്, എഞ്ചിനീയറിങ്ങ് യൂണിറ്റുകൾ, പ്ലാസ്റ്റിക് സ്വിച്ച് ബോർഡ്, നെയിം ബോർഡ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ, നോട്ടുപുസ്തകം, അക്കൗണ്ടുപുസ്തക നിർമ്മാണം, പോളിത്തിൻ കവർ, ഗോൾഡ് വർക്ക്സ്, പ്ലാസ്റ്റിക് കെയിൻ വർക്ക്സ്,

MAP OF THRISSUR DISTRICT

PORATHISSERY PANCHAYAT

പ്രിന്റിങ്ങ് പ്രസ്സ്, കമ്പ്യൂട്ടർ DTP യൂണിറ്റ്, മെഴുക് ചായ പെൻസിൽ തുടങ്ങിയവ. മേൽ സൂചിപ്പിച്ച തൊഴിലുകളിൽ സാങ്കേതികജ്ഞാനം നേടിയവർ പഞ്ചായത്തിൽ തൊഴിൽരഹിതനായി നിൽക്കുന്നുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇവരെ സംഘടിപ്പിച്ച് കുറെകൂടി ഉന്നത പരിശീലനവും കഴിയാവുന്ന പ്രോജക്ടുകളെകുറിച്ച് ധാരണ നൽകാവുന്നതാണ്. മാത്രവുമല്ല, ഈ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ കൊള്ളുന്ന ആധുനിക ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

14) പഞ്ചായത്തിൽ പുട്ടികിടക്കുന്ന ടിമ്പെക്ക് മിൽസിന്റെ എസ്റ്റാബ്ലിഷ്മെന്റ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുള്ള (നിലവിലുള്ള മാനേജ്മെന്റ് വഴിയോ അല്ലെങ്കിൽ അവിടത്തെ തൊഴിലാളികളുടെ കൂട്ടുസംരംഭങ്ങൾ വഴിയോ) സാധ്യതകൾ ആരായാവുന്നതാണ്.

15) പാലുല്പാദനം മോശമല്ലാത്ത രീതിയിൽ നടക്കുന്ന പഞ്ചായത്തിൽ ക്ഷീരോല്പന്ന വ്യവസായത്തിന് വിപുലമായ സാധ്യതകളുണ്ട്. പൊറത്തിശ്ശേരി പാൽ വിതരണ സഹകരണസംഘം മാത്രമാണ് ഇപ്പോൾ ക്ഷീരോല്പാദന യൂണിറ്റ് നടത്തുന്നത്. സംഘം തന്നെ ക്ഷീരോല്പന്ന വികസനം ലക്ഷ്യമിട്ട് ഒരു ചില്ലിങ്ങ് പ്ലാന്റും ഒരു ഐസ്ക്രീം പ്ലാന്റും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി വിപുലീകരണ സാധ്യതകൾ ഉണ്ട്.

ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതസൗകര്യം

മുൻകാലകേരളത്തിലേ ജാതിസമൂഹത്തിന്റെ നിത്യജീവിതം പൊതുവായ ഗതാഗതസൗകര്യം വേണ്ടാത്ത ജീവിതവും അതു പാടില്ലാത്ത ജീവിതവുമാണെന്നു രേഖപ്പെടുത്തുന്നു.

കാലവർഷക്കാലത്ത് പ്രളയം കൊള്ളുന്ന നദികളും അനേകം കൈച്ചാലുകളും വെള്ളം നിറയാത്ത കൊക്കകളും പരിപാലിച്ച് സജീവമാക്കി നിലനിർത്തുന്നു. നീന്തിക്കടക്കാൻ കഴിയാത്ത ഗതാഗതതടസ്സങ്ങൾ നൂറുകണക്കിനായിരുന്നു. കായലുകളും കടത്തുവഞ്ചികളുമായിരുന്നു മറുകര എത്തേണ്ടവരുടെ ശല്യങ്ങൾ.

ഉന്തുവണ്ടികൾ വളരെ അപൂർവ്വമായിരുന്നു. മൃഗങ്ങളെക്കൊണ്ട് ചുമടെടുപ്പിക്കുന്ന നടപടിയും അജ്ഞാതമായിരുന്നു. ചുമടുകൾ കൂലിക്കാരെക്കൊണ്ട് ചുമപ്പിക്കുക എന്ന പ്രാകൃതസമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്.

കൊച്ചിൻ സ്റ്റേറ്റ് മാനുവൽ പറയുന്നു.:

വാഹനങ്ങൾക്ക് കടന്നു പോകാവുന്ന തരം റോഡുകളൊന്നുംതന്നെ സ്റ്റേറ്റിന്റെ ഒരു ഭാഗത്തുമില്ലായിരുന്നു. തക്കതായ പാലങ്ങളുടെയും കലുങ്കുകളുടെയും പാടങ്ങളെ അതിക്രമിച്ചുള്ള നടവരമ്പുകളുടെയും അഭാവം മൂലം വാഹനഗതാഗതം സാദ്ധ്യമായിരുന്നില്ലെന്നുമാത്രമല്ല അജ്ഞാതവുമായിരുന്നു. എന്നാൽ ശങ്കരവാര്യർ ദിവാന്റെ ഭരണത്തിന്റെ ആദ്യത്തെ ആറേഴുകൊല്ലം കൊണ്ട് ഈ സ്ഥിതിക്ക് സമൂലമായ മാറ്റം വന്നു. ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്ത ഒരു വൻ പൊതുമരാമത്തുപദ്ധതി ഊർജ്ജ സ്വലമായി നടപ്പാക്കുക വഴി രാജ്യത്താകെ റോഡുകളുടെ ഒരു വൻ ശൃംഗലയും വൻ പാലങ്ങളും കലുങ്കുകളും രൂപം കൊണ്ടു. റോഡിന്റെ വികസനചരിത്രം നടന്ന കാലം 1840 നും 1848 നും ഇടക്കായിരുന്നു.

ഈ പരിഷ്ക്കാരത്തിന്റെ അനന്തരഫലമാണ് തൃശ്ശൂരിൽനിന്നും ഇരിങ്ങാലക്കുട വഴി കൊടുങ്ങല്ലൂരിലേക്ക് പോകുന്ന PWD റോഡ്. പൊറത്തിശ്ശേരി പഞ്ചായത്തിന്റെ ഹൃദയധമനിയായാണ് ഈ റോഡ് നിലകൊള്ളുന്നത്. അനഭിഗമ്യമായി കിടന്നിരുന്ന പ്രദേശങ്ങളെല്ലാം ആവാസ ഭൂമികളായി മാറിയ ജനസാന്ദ്രത ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ആധുനിക ജീവിതം മനുഷ്യരെ പാടെ മാറ്റിക്കൊണ്ടിരിക്കുന്നു. പരിമിതമായ പഴയ സൗകര്യങ്ങൾ അപര്യാപ്തവും അപരിഷ്കൃതവുമായി കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്നു. ദശാബ്ദങ്ങൾക്കുമുൻപ് നിലനിന്നിരുന്ന സൗകര്യങ്ങൾ സ്വാഭാവികമായും വികസിപ്പിക്കേണ്ടത് അനിവാര്യതയായി ത്തീർന്നിരിക്കുന്നു. വാഹനങ്ങളും വൈദ്യുതിയും ടെലഫോണും

നാടിന്റെ മുക്കിലും മൂലയിലുമെത്തിക്കൊണ്ടിരിക്കുന്നു. കാലത്തിന്റെ മാറ്റങ്ങൾക്ക് നാം കണ്ണും കാതും കൊടുത്തില്ലെങ്കിൽ അവ നമ്മേ കാർന്നു തിന്നുന്ന കാലം അനന്തവിദൂരമല്ല.

പൊറത്തിശ്ശേരി പഞ്ചായത്തിലെ റോഡുകൾ

പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ ആകെ നീളം 327.080 കി.മീ. ആണ്. 118 കി.മീ. കച്ച റോഡും (ഗതാഗതമല്ലാത്തത്) 185.030 കി.മീ. പക്ക റോഡും 10 കി. മീ. മെറ്റൽ റോഡുകളാണ്. 14.050 കി.മീ. പഞ്ചായത്ത് റോഡും 16 കി.മീ P.W.D റോഡുകളുമാണുള്ളത്. 30.050 കി.മീ. റോഡു മാത്രമെ ടാർ ചെയ്തിട്ടുള്ളു. (അവലംബം പഞ്ചായത്ത് റോഡ് രജിസ്റ്റർ)

ഒരു ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിന് ശരാശരി 2.40 കി.മീ. റോഡ് എന്നത് സംസ്ഥാന ശരാശരിയായ 3.2 കി.മീ/ച.കി.മീ. എന്നതിനേക്കാൾ ഏറെ കൂടുതലാണ്. ഒരു ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിന് 1.36 കി.മീ റോഡ് ആണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ ജനസംഖ്യ കൂടി കണക്കിലെടുക്കുമ്പോൾ ആളോഹരി ടാർ റോഡിന്റെ നീളം 100 സെ. മീ. ആണ്.

പഞ്ചായത്തിലെ പ്രാധാന റോഡായ PWD ഉടമസ്ഥതയിലുള്ള തൃശ്ശൂർ ഇരിങ്ങാലക്കുട റോഡ് ഒരു സ്റ്റേറ്റ് ഹൈവേയാണ്. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ഈ റോഡിലാണ്. 1934 ൽ പണിപൂർത്തിയാക്കിയ കരുവന്നൂർ പാലം. ഈ റോഡിലൂടെ കേരളത്തിലെ ഇതരപ്രദേശങ്ങളിലേക്ക് ബസ്സ് സർവ്വീസുണ്ട്. കൂടാതെ മാപ്രാണം - നന്തിക്കര റോഡ് N.H 47 ലേക്ക് എത്തിചേരുന്നതാണ്.

മാപ്രാണം - നന്തിക്കര റോഡ് - പുതുക്കാട് ഭാഗത്തെക്ക്

ഇരുങ്ങാലക്കുട - ചെമ്മണ്ട റോഡ് കാറളം ഭാഗത്തേക്ക്

കരുവന്നൂർ - മൂർക്കനാട് കാറളം റോഡ് കാറളത്തേക്ക്

എന്നീ റോഡുകളിലൂടെ പഞ്ചായത്തിൽ ബസ്സ് സർവ്വീസുണ്ട്. മാപ്രാണം സെന്റർ, കുരിശുപള്ളി സ്റ്റോപ്പ്, പുത്തൻത്തോട് സ്റ്റോപ്പ്, ബംഗ്ലാവ് പരിസരം, കരുവന്നൂർ പാലം പരിസരം എന്നിവിടങ്ങളിൽ ഓരോ ടാക്സി സ്റ്റാൻഡുകളുമുണ്ട്.

റോഡ് ശൃംഖല സാമ്മാന്യം ഭേദപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ഏറെ ശോചനീയം. ഒട്ടമിക്ക റോഡുകളിലും ഓവുചാലുകളില്ല. കൾവർട്ടുകളുമില്ല. അറ്റകുറ്റ പണികൾ യഥാസമയം നടത്താറുമില്ല. ഫണ്ടിന്റെ അപര്യാപ്തത മറ്റെല്ലാ വികസന പ്രവർത്തനത്തിമെന്നതുപോലെ റോഡു സംരക്ഷണത്തിനും വിഘാതമായിനിൽക്കുന്നു.

ഇരിങ്ങാലക്കുട മാപ്രാണം നല്ലേങ്കാവ് റോഡിലും ഇരിങ്ങാലക്കുട പൊറത്തിശ്ശേരി മാപ്രാണം റോഡിലും ബസ്സ് സർവ്വീസ് .

നിലവിലുള്ള 118 കി.മീ. റോഡ് ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, മികച്ച യാത്രാ സൗകര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തുക എന്നിവ മുഖ്യ പ്രശ്നങ്ങളാണ്. പഞ്ചായത്ത്, PWD റോഡുകളിൽ പലയിടത്തും റോഡിന്ന് വീതി തന്നെ കുറവാണ്. പ്രത്യേകിച്ചും ഇരിങ്ങാലക്കുട പൊറത്തിശ്ശേരി PWD റോഡ്.

പഞ്ചായത്തിൽ തന്നെയുള്ള ഗതാഗതയോഗ്യ മല്ലാത്ത ഒട്ടേറെ റോഡുകളുണ്ട്. ഇവയെ റോഡെന്നു കൂടി വിളിക്കാവുന്ന നിലയിലല്ല.

ഉദാ: പൊറത്തിശ്ശേരി തെക്കെ പാടശേഖരത്തിലുടെയുള്ള

1. കർഷക റോഡ്
2. വള്ളിക്കാഞ്ഞിരം റോഡ്
3. പടവ്കാടു റോഡ്

പഞ്ചായത്തിൽ ഉടൻ അറ്റകുറ്റ പണികൾ, മെറ്റലിംങ്ങ്, ടാറിങ്ങ്, റീടാറിംങ്ങ് എന്നിവ ആവശ്യമുള്ളതും പുതിയതായി നിർമിക്കേണ്ടതുമായ റോഡുകളുടെ വിവരം പട്ടിക 18 ൽ കൊടുത്തിരിക്കുന്നു. റോഡുകളുടെ ശൃംഖലാവ്യാപനം ചില പാരിസ്ഥിതിപ്രശ്നങ്ങളും ഉയർത്തിയിട്ടുണ്ട്. സമതല പ്രദേശത്തും താഴ്ന്ന പ്രദേശത്തും മതൽ റോഡുകളായി മാറിയ ഇടവഴികൾ വർഷക്കാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പാടശേഖരങ്ങളുലേക്ക് ഒഴുകി പോകുന്നതിന് സഹായകരമായിരുന്നു. മതൽ റോഡുകളുടെ നിർമാണരീതി ഈ സ്വാഭാവിക ഒഴുക്കിന് തടസ്സമായി. സ്വാഭാവികമായും ഇത്തരം റോഡുകളിൽ നീർക്കെട്ടുകൾ ഉണ്ടാവുകയും ചെയ്യും.

പറമ്പുകളുടെ ഇടവഴികൾ വീതികൂട്ടി മതൽ റോഡാക്കി മാറ്റിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റപ്പെട്ടു. അശാസ്ത്രീയമായ ഈ മരനശീകരണം മതൽ റോഡുകളുടെ ഇരുപാർശ്വങ്ങളിലുമുള്ള ഉയർന്ന പറമ്പുകളിലെ മണ്ണ് ഇടിയുന്നതിന് കാരണമായി. ഇത് മണ്ണൊലിപ്പിന് കാരണമായി. മരനശീകരണം അതുമൂലമുണ്ടാകുന്ന മണ്ണൊലിപ്പടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി മതൽ റോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചിലവഴിക്കപ്പെടുമ്പോൾ പുതുതായി നിർമ്മിക്കപ്പെട്ട റോഡിന്റെ പാർശ്വങ്ങളിൽ ഫലവൃക്ഷങ്ങൾ നടണമെന്ന് നിഷ്ക്കർഷിക്കാവുന്നതാണ്.

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചിലവഴിക്കപ്പെടുകയും വിവാദങ്ങൾക്കും വിമർശനങ്ങൾക്കും വിഷയമായി തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ കാഴ്ചപ്പാടോ വിവരങ്ങളോ നമുക്കില്ല. പലപ്പോഴും നമ്മുടെ ധാരണകൾ വസ്തുനിഷ്ഠവുമല്ല.

കാര്യക്ഷമമായി സൂക്ഷിക്കാത്തതിനാലും നടത്തുന്ന പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്താതിനാലും പഞ്ചായത്ത് റോഡ് രജിസ്റ്റർ ഒരടിസ്ഥാന രേഖയായി പരിഗണിക്കാവുന്നതല്ല. പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും പഞ്ചായത്തിലെ നിലവിലുള്ള PWD റോഡുകൾ, മതൽ റോഡുകൾ എന്നിവയുടെ ഒരു ആധികാരിക രേഖ പഞ്ചായത്തിൽ ഉണ്ടാക്കേണ്ടതുണ്ട്. മണൽ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കാനുള്ള പുതിയ നിർദ്ദേശങ്ങൾ:

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും റോഡ് നിർമിക്കുന്നതിന്ന് ഇപ്പോൾ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. മണ്ണിട്ടുയർത്തുന്നതിനും ഓടകളും പാർശ്വ സംരക്ഷണ ഭിത്തികളും നിർമ്മിക്കാനും ടാറിംങ്ങ്, മെറ്റലിംങ്ങ് എന്നിവ നടത്താനും ഭീമമായ തുക ആവശ്യമായി വരുന്നു. ഈ സാഹചര്യത്തിലാണ് താഴ്ന്ന പ്രദേശങ്ങളിലെ റോഡ് നിർമാണത്തിന് പുതിയ നിർദ്ദേശം വയ്ക്കുന്നത്.

സമനിരപ്പായ റോഡ് തയ്യാറാക്കിയ ശേഷം ഒരടികനമുള്ള കരിങ്കൽ ഫലകങ്ങൾ വക്കുക എന്നതാണ്. പ്രധാനമായും ചെയ്യേണ്ടത്. ഇതുമൂലം ഓടകളുടെയും പാർശ്വസംരക്ഷണ ഭിത്തികളുടെയും ആവശ്യകത ഒഴിവാക്കാനാവുന്നു ഇടക്കിടക്കുള്ള അറ്റക്കുറ്റ പണികളും ഒഴിവാക്കാനാവും

ജനശക്തി റോഡുവികസനത്തിന് റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനംമൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താനാവണം പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും പരിഗണിച്ചാൽ ഈ നിർദ്ദേശം വ്യക്തമാകും. ഇക്കഴിഞ്ഞ നവംബർ 1 കേരള പിറവിദിനത്തിൽ കേരളത്തിലങ്ങും നടന്ന പുനരർപ്പണദിനാചരണവും പെരുന്തിട്ടശ്ശേരി പഞ്ചായത്തിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങളും ഈ നിഗമനം ശരിവക്കുന്നതാണ്.

പഞ്ചായത്തിലെ വൈദ്യുതി വിതരണം കാട്ടൂരിലുള്ള 66KV സബ്സ്റ്റേഷനിൽ നിന്നാണ് നടക്കുന്നത്. ഇരിങ്ങാലക്കുട ടൗൺ, ചേർപ്പ് എന്നീ ഫീഡറുകൾ വഴിയാണ് വൈദ്യുതി ഈ പഞ്ചായത്തിൽ എത്തുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിതമായിരിയ്ക്കുന്ന 46 ട്രാൻസ്ഫോർമർ വൈദ്യുതി വിതരണത്തിനായുണ്ട്.

വൈദ്യുതി ലൈനുകൾ താഴെ പറയുന്ന വിധമാണ്.

11 KV ലൈൻ	31.330 KM
LT 3 ഫേയ്സ് ലൈൻ	183.980KM
LT സിംഗിൾ ഫേയ്സ്	116.108KM

മൊത്തം വൈദ്യുത ഉപഭോക്താക്കളിൽ 69% ഗാർഹികവും 6% വ്യാപാരസ്ഥാപനങ്ങളും 1.5% വ്യവസായികവും 23.5% കാർഷികവും ആണ്.

പഞ്ചായത്തിലെ മൊത്തം വൈദ്യുതി ഉപഭോഗത്തിൽ 56% ഗാർഹികം, 25% കാർഷികം 10% വ്യവസായികം 6% വ്യാപാരസ്ഥാപനങ്ങൾ 3% തെരുവു വിളക്കുകൾ എന്നിങ്ങനെയാണ്.

ഗാർഹികാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി പ്രധാനമായും വെളിച്ചത്തിനു വേണ്ടിയാണ് ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിലെ 80% വീടുകളും വൈദ്യുതീകരിച്ചതാണ്. പട്ടികജാതി/വർഗ്ഗ കോളനികളിലെ വൈദ്യുതി വൽക്കരണം പൂർണ്ണമല്ല. വിവിധ പ്രദേശങ്ങളിൽ ചിതറികിടക്കുന്ന പട്ടികജാതികുടുംബങ്ങളിൽ എല്ലായിടത്തും വൈദ്യുതി എത്തിയിട്ടില്ല. ഈ ദുർബ്ബലവിഭാഗങ്ങളുടെ വീടുകളിലെ വൈദ്യുതവൽക്കരണ നടപടിപുരോഗതികളെല്ലാം നാമമാത്രമെ നടക്കുന്നുള്ളു.

പാചകത്തിന് ഏറിയ പങ്ക് ആളുകളും വിറകിനെ തന്നെയാണ് ആശ്രയിക്കുന്നത്. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് ബയോഗ്യാസ് പാചകത്തിനും മറ്റുമായി ഉപയോഗിക്കുന്ന വീടുകളുമുണ്ട്. കൃഷിഭവൻ KNC, ബാങ്കുകൾ എന്നിങ്ങനെ വിവിധ ഏജൻസികൾ വഴിയാണ് ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നത് എന്നിരുന്നാലും പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമല്ല. എങ്കിലും ഏകദേശം 25 ഓളം ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിലുണ്ടെന്നാണ് ഗ്രാമസഭ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

മരക്കമ്പനികളിൽ നിന്നുള്ള അറക്കപൊടിയും, ഇന്ധനാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ തെങ്ങുകൃഷി പ്രധാനമായ ഈ പഞ്ചായത്തിൽ കേരഉപഉല്പന്നങ്ങളും (പട്ട, ചകിരി. കൊതുമ്പ്, കോഞ്ഞാട്ട) എന്നിവയും വൻതോതിൽ ഇന്ധനാവശ്യത്തിനായി ഉപയോഗിച്ചുവരുന്നു.

പഞ്ചായത്തിലെ പ്രധാന സംഘടിത വ്യവസായ സ്ഥാപനങ്ങളായ ഓട്ടുകമ്പനികൾക്ക് ഇന്ധനാവശ്യത്തിനായി വേണ്ടി വരുന്ന വിറക് പ്രധാനമായും റബ്ബർ വിറക് പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശത്തു നിന്നാണ് കൊണ്ടുവരുന്നത്. ഏകദേശം 2800 ടൺ വിറക് പഞ്ചായത്തിലെ 7 ഓട്ടുകമ്പനികൾ ശരാശരി പ്രതിവർഷം ഉപയോഗിക്കുന്നുണ്ട്. ഈ വിറകിന്റെ ലഭ്യത കുറവും വില വർദ്ധനവും ഓട്ടു വ്യവസായത്തിന്റെ നിലനില്പുതന്നെ അപകടത്തിലാണ്.

ഊർജ്ജ പ്രധാനമായ വ്യവസായങ്ങൾ മറ്റൊന്നും പഞ്ചായത്തിലില്ല. മുകളിൽ സൂചിപ്പിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ മൊത്തം വൈദ്യുതി ഉപഭോക്താക്കളിൽ 1.5% വരുന്ന വ്യവസായ സ്ഥാപനങ്ങൾ മൊത്തം പഞ്ചായത്തിലെ വൈദ്യുതി ഉപഭോഗത്തിന്റെ 10% വരുന്നുണ്ട്. എന്നത് ശ്രദ്ധേയമാണ്.

കാർഷികമേഖലയിൽ ഊർജ്ജം പ്രധാനമായും പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനാണ് ഉപയോഗിക്കുന്നത്.

പഞ്ചായത്തിലെ പാചകത്തിനായി വിറകടുപ്പ് ഉപയോഗിക്കുന്നു. 95% അടുപ്പുകളും ദക്ഷത

കുറഞ്ഞ അടുപ്പുകളാണ്. പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദക്ഷതയേറിയ അടുപ്പുകളുടെ പരിപാലനവും പ്രചരണവും വേണ്ടത്ര നടക്കുന്നില്ല.

ഊർജ്ജം

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ എല്ലാം തന്നെ അധികഭാരം വഹിക്കുന്നു.

കൃത്യമായി വോൾട്ടേജ് സ്റ്റെബലൈസറുകൾ, സ്റ്റെപ്പപ്പുകൾ തുടങ്ങിയവ സമ്പന്നരും, ഇടത്തരക്കാരും ഉപയോഗിക്കുന്നതു മൂലമുള്ള വോൾട്ടേജ് പ്രശ്നങ്ങൾ ധാരാളമുണ്ട്.

പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനങ്ങളായ ഇന്ന് നേരിടുന്ന വലിയ പ്രശ്നങ്ങലിലൊന്ന് ഫാക്ടറികളിൽ ചൂളക്കാവശ്യമായ വിറക് മിതമായ വിലയ്ക്ക് ലഭിക്കുന്നില്ല എന്നതാണ്.

പാചകവാതക കമ്മി മൂലം പഞ്ചായത്ത് പ്രദേശത്ത് LPG ഗ്യാസ് കണക്ഷൻ നല്കുന്നില്ല.

മരച്ചില്ലകളിലും മറ്റും വീണ് ഉണ്ടാകുന്ന പ്രസരനഷ്ടം ഉണ്ട്.

തെരുവ് വിളക്കുകൾ വേണ്ടത്ര ഇല്ല എന്ന പരാതി എല്ലാ വാർഡുകളിലും ഉണ്ട്. സ്ഥാപിച്ച മിക്കവാറും ബൾബുകൾ കത്തുന്നില്ല.

പുക കുറഞ്ഞ നവീന അടുപ്പുകൾ ഏറെ ആവശ്യകതയുണ്ട്. പുതിയവ നിർമ്മിക്കാനും സ്ഥാപിച്ച അടുപ്പുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് കേടുപാടുകൾ തീർക്കാനുള്ള സംവിധാനത്തിന്റെ കുറവുണ്ട്.

സാദ്ധ്യതകൾ:

1. കാട്ടൂർ സബ്സ്റ്റേഷനിലേയ്ക്ക് 66 KV വൈദ്യുത ലൈൻ പൊറത്തിശ്ശേരി പഞ്ചായത്തിൽ കൂടിയാണ് പോകുന്നത്. ഈ 66KV ലൈനിന് താഴെ ഒരു 66KV/11KV ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള സ്ഥലം അകായർ ചെയ്ത് സ്ഥാപിയ്ക്കാവുന്നതാണ്.
2. LT വൈദ്യുതി ലൈനുകൾ പലതും പുരയിടങ്ങളിൽകൂടി വലിച്ചിരിക്കുന്നു. ഇത്തരം ലൈനുകളെ റിഅലയൻമെന്റ് നടത്തി കഴിയാവുന്ന ലൈനുകൾ പൊതു വഴിയിൽകൂടിയാക്കാവുന്നതാണ്. അതുപോലെ LT സിംഗിൾ ഫേയ്സ് ലൈനുകൾ കഴിയുന്നതും 3 ഫേയ്സ് ലൈനുകളാക്കി മാറ്റിയാൽ ഒരു പരിധിവരെ വോൾട്ടേജ് കുറവ് പരിഹരിക്കാം.
3. ഊർജ്ജ ലാഭമുള്ള വൈദ്യുതിദീപങ്ങൾ പ്രചരിപ്പിക്കൽ, ഇലക്ട്രോണിക് ചോക്ക്, ട്യൂബ് ലൈറ്റുകൾ, C.F.L (Compact Flurecas lamp) തുടങ്ങിയവ വാങ്ങുവാനായി വായ്പ നല്കൽ മൊത്തമായി ഇവ വാങ്ങി വിതരണം ചെയ്യാനുള്ള ഏജൻസിസംവിധാനം ഉണ്ടാക്കാവുന്നതാണ്.
4. ദക്ഷതകൂടുതലുള്ള വിറകടുപ്പ് പ്രചരിപ്പിക്കൽ: അടുത്ത അഞ്ചു വർഷംകൊണ്ട് പഞ്ചായത്തിൽ 1000 പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക, Gratinp തറയോട്, etc. അടുപ്പ് ഭാഗങ്ങൾ, മോൾഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ തന്നെയുള്ള ജനങ്ങളുടെ പ്രാദേശികമായ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും. പഞ്ചായത്തിലെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് ഉയർന്നുവരാറുള്ള പ്രധാന ബുദ്ധിമുട്ട് വിറകിന്റെ ലഭ്യതകുറവാണ് ഇത്തരം സ്കൂളുകളിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിച്ചാൽ ഈ പ്രശ്നത്തിനുള്ള പരിഹാ

രമാണ്.

5. മോശമല്ലാത്ത കാലിസമ്പത്തുള്ള പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾ വ്യാപകമായി സ്ഥാപിക്കാനുള്ള പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി കൃഷിഭവൻ, KVK വഴി, ബാങ്കുകൾ എന്നിവ വായ്പകൾ നല്കുക.

6. പഞ്ചായത്തിലെ 8 ാം വാർഡിൻെറ തെക്കേ അറ്റത്തുള്ള ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി നിക്ഷേപിച്ചുവരുന്ന ജൈവമാലിന്യങ്ങൾ ഏറെ പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നു. ഇത് പരിഗണിച്ച് ഒരു ബയോഗ്യാസ് പ്ലാന്റ് ഉണ്ടാക്കാവുന്നതാണ്. ഇതിൽനിന്ന് ലഭിക്കുന്ന ഗ്യാസ് ആ പ്രദേശത്ത് താമസിക്കുന്ന വീട്ടുകാർക്ക് പാചക ആവശ്യങ്ങൾക്കും വെളിച്ചത്തിനുമുള്ള ഊർജ്ജം ലഭിക്കുന്നതാണ്. ഇതിനായി ANERTൻെറ സഹായം തേടാവുന്നതാണ്.

7. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ഇലക്ട്രിസിറ്റി ബോർഡിൻെറ സഹായത്തോടെ ലൈനുകളിൽ വീണുകിടക്കുന്ന മരച്ചില്ലകൾ, കാട്ടുവള്ളികൾ മുറിച്ചുമാറ്റുന്ന പ്രവർത്തനം ബഹുജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്.

   അതുപോലെ ലൈനുകളിൽ ഒഴിവാക്കാവുന്ന ജമ്പറുകൾ ഒഴിവാക്കാവുന്നതാണ്.

8. പഞ്ചായത്ത് പ്രദേശങ്ങളിൽ സബ്സിഡിയോടുകൂടിയ LPG ലഭ്യമാക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തണം.

9. ഇന്ന് ഊർജ്ജസൂത്രണമായി ബന്ധപ്പെട്ട് ആ പ്രശ്നം നിലവിലുള്ള അവസ്ഥ കൃത്യമായി വിലയിരുത്താവുന്ന സ്ഥിതി വിവരകണക്കുകളുടെ ലഭ്യതകുറവാണ്. പഞ്ചായത്ത് തിരിച്ച് ഇത്തരം സ്ഥിതി വിവര കണക്കുകൾ K.S.E.B ഓഫീസുകളിൽ ലഭ്യമല്ല. അതുകൊണ്ട് സമഗ്ര ഊർജ്ജോസൂത്രണത്തിൻെറ ഭാഗമായി 'ഊർജ്ജസർവ്വേ' (സാമ്പിൾ സർവേ നടത്തണം. ഊർജ്ജക്ഷമതയേറിയ വൈദ്യുത ഉപകരണങ്ങൾ, ദക്ഷത യേറിയ അടുപ്പുകൾ, ഗോബർ ഗ്യാസ് മുതലായവയെപറ്റി വീട്ടുകാരെ ബോധവല്ക്കരിക്കണം.

   അനർട്ടിൻെറ സഹായത്തോടെ ഇപ്പോൾ പ്രചരിപ്പിച്ചുവരുന്ന പ്രഷർകുക്കറുകൾ വ്യാപകമായി പ്രചരിപ്പിയ്ക്കണം. കച്ചിപ്പെട്ടിയുടെ സാദ്ധ്യതയും പ്രചരിപ്പിയ്ക്കണം.

ആവശ്യങ്ങൾ

1. പഞ്ചായത്തിൽകൂടി കടന്നു പോകുന്ന 66KV ലയിനിൻെറ കീഴെ 66KV/11KV ട്രാൻസ്ഫോർമർ സൗകര്യപ്രദമായ സ്ഥലം അകയർ ചെയ്ത് സ്ഥാപിക്കുക. ഈ സ്ഥലത്ത് തന്നെ സെക്ഷൻ ഓഫീസിന് കെട്ടിടം പണിയുകയാണെങ്കിൽ ഇപ്പോൾ 4000 രൂപയോളം കൊടുക്കുന്ന വാടക ഒഴിവാക്കാം. കൂടാതെ സ്ഥാപിതമാകുന്ന സബ് സ്റ്റേ.ൻെറ ചുമതല മേജർ സെക്ഷനെ ഏല്പിക്കുകയും ചെയ്യാം. കുറ്റമറ്റ പ്രവർത്തനത്തിനായി അസിസ്റ്റന്റ് എൻജിനീയർക്ക് ഒരു ക്വാർട്ടേഴ്സ് കൂടി പണിയുക.

2. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കണക്കൂട് ലോഡ് കണ്ക്കാക്കി ഓവർ ലോഡായത് മാറ്റുകയും ആവശ്യമുള്ളിടത്ത് പുതിയ ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുക.

3. പറമ്പുകളിൽകൂടി പോകുന്ന വൈദ്യുതലൈനുകൾ കഴിയുന്നതും പൊതുനിരത്തിൽ കൂടി കൊണ്ടുവരുന്നതിന് റീ അലയൻമെന്റ് നടത്തുക. ഇതിനായി പൊതുജനപങ്കാളിത്വം സ്വീകരിയ്ക്കാവുന്നതാണ്.

4. കഴിയുന്നത്ര സിംഗിൾ ഫെയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകളാക്കുക.

5. കുടിവെള്ളം പമ്പു ചെയ്യുന്നതിനുള്ള രണ്ടു പമ്പ് ഹൗസുകൾ ഈ പഞ്ചായത്തിലുള്ളതുകൊണ്ട് അവയിലേയ്ക്ക് തടസ്സമില്ലാതെ സപ്ലൈ കിട്ടുന്നതിനായി ഡ്യൂപ്ലിക്കേറ്റ് ഫീഡർ വലിക്കുക.

6. കാർഷിക വ്യവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി വേഗത്തിൽ ലഭിക്കുന്നതിന് OYEC അടച്ചിട്ടുള്ള ഗാർഹിക ഉപഭോക്താക്കളും വൈദ്യുതി കൊടുക്കുന്നതിനും ആവശ്യമുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിന് വൈദ്യുതി ബോർഡിനെ ത്വരിതപ്പെടുത്തുക.

7. വഴി വിളക്കുകളുടെ മെയിന്റൻസും ബൾബുകൾ വാങ്ങൽ എന്നിവക്കുള്ള അധികാരം പഞ്ചായത്തിനെ ഏല്പിക്കുക.

8. വാർഡുഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പുതിയ ലൈനുകളുടേയും തെരുവു വിളക്കുകൾക്കുമുള്ള ആവശ്യങ്ങൾ താഴെ കൊടുക്കുന്നു. പ്രാദേശിക മനുഷ്യദ്ധാനം 25% ജനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഈ വർക്കുകളുടെ കൃത്യമായ കണക്ക് എടുക്കേണ്ടതുണ്ട്.

1. വാർഡ് I : കരുവന്നൂർ പുഴയുടെ സൗത്ത് ബണ്ട് റോഡിൽ വൈദ്യുതി ലൈൻ രണ്ട് ഭാഗത്ത് എത്തി നില്ക്കുന്ന ഏകദേശം 400 മീറ്റർ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈൻ ഉൾപ്പെടെ വന്നാൽ വഴി വിളക്കും, പരിസരവാസികൾക്ക് വൈദ്യുതി കണക്ഷനും എടുക്കാം.

2. വാർഡ് II : നെയ്ത്തുശാലയിൽ നിന്ന് പടിഞ്ഞാറോട്ട് ചാത്രാപ്പ് വഴിയിൽ 300 മീറ്റർ പുതിയ ലൈൻ വലിക്കേണ്ടതുണ്ട്. 8 വീട്ടുകാർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്.

പുത്തൻതോട് കാറളം റോഡിൽ വാളക്കടവിൽ വിജയന്റെ കടയുടെ മുൻവശം മുതൽ വല്ലത്ത് മാധവന്റെ കട വരെ 150 മീറ്റ റോളം പുതിയ ലൈൻ വലിച്ച് (സ്ട്രീറ്റ് മെയിൽ ഉൾപ്പെടെ തെരുവു വിളക്ക് സ്ഥാപിക്കണം.

3. വാർഡ് V : കൊതുമ്പേരിപാടം റോഡിൽ HT ലൈനിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് 3 ഫെയ്സ് ലൈൻ നീട്ടുക.

4. കുറുമാലിക്കാവ് റോഡിൽ ലൈൻ നീട്ടുക.

5. സ്റ്റേഡിയം റോഡ് വൈദ്യുതീകരിക്കുക. ആവശ്യമായ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

6. പൊറത്തിശ്ശേരി മാപ്രാണണ് റോഡിൽ മഹാത്മാ സ്കൂൾ പരിസരത്ത് ഏകദേശം 150 മീറ്റർ പ്രദേശത്ത് പുതിയ ലൈൻ വേണം.

7. നവോദയകലാസമിതി ചെമ്മണ്ട അതിർത്തിയിൽ നിന്ന് 6ാംവാർഡിന്റെ വടക്കേ അതിർത്തിവരെ പുതിയ ലൈൻ സ്ഥാപിക്കേണ്ടതാണ്.

8. കോഴിച്ചിറ വഴിയിൽ പഞ്ചായത്ത് കിണറിന് വടക്കുവശം ഓട സമുദായക്കാർ താമസിക്കുന്ന പ്രദേശത്ത് പുതിയ ലൈൻ വലിക്കണം.

9. തേലപ്പിള്ളി തെക്ക് വശം പഞ്ചിക്കാട് പരിസരത്ത് പുതിയ ലൈൻ വലിക്കണം.

10. പൊറത്തിശ്ശേരി ചക്കുങ്ങൽ റോഡിൽ ചക്കുങ്ങൽ ഇറക്കത്തിൽ 150 മീറ്റർ ഭാഗത്ത് പുതിയ ലൈൻ വേണം. 30 വീട്ടുകാർക്ക് പ്രയോജനം ലഭിയ്ക്കും.

11. 8ാം വാർഡിലെ മിച്ചഭൂമി കോളനി പ്രദേശം വാട്ടർ ടാങ്ക് പ്രദേശം പള്ളിക്കാട് റോഡ് പ്രദേശങ്ങളിൽ പുതിയ ലൈൻ വേണം.

34 വീട്ടുകാർക്ക് പ്രയോജനപ്പെടും.

12. കക്കാട് ടെമ്പിൾ റോഡ് ചെറതിണ്ട് റോഡ് എന്നിവയിൽ സിംഗിൾ ഫെയിസ് ലൈൻ 3 ഫെയിസ് ലൈനാക്കണം.

13. പഴയ പോസ്റ്റാഫീസ് പരിസരത്തു നിന്നും തുടങ്ങുന്ന ശിവക്ഷത്രത്തിന്റെ പരിസരത്ത് പുതിയ ലൈൻ വേണം.

14. ഫാത്തിമ കമ്പനിയുടെ പരിസരത്ത് 11KV ലൈൻ വലിച്ച് ബണ്ട് ട്രാൻസ്ഫോർമറിലേക്ക് യോജിപ്പിച്ച് വൈദ്യുതി എത്തിയ്ക്കണം.

15. പൊറത്തിശ്ശേരി 6ാം വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി തലയിണക്കുന്ന് ഭാഗത്തുള്ള കണക്ഷനുകൾ തലയിണകുന്നത്തു തന്നേയുള്ള ട്രാൻസ്ഫോർമറിലേയ്ക്ക് മാറ്റികൊടുക്കണം.

16. 3ാം വാർഡിൽ കണക്കൻ കോട്ടം ചേലക്കടവ് ഭാഗത്തേക്ക് വൈദ്യുതി കണക്ഷൻ 150 മീറ്റർ ലൈൻ നീട്ടി 15 വീടുകൾക്ക് കണക്ഷൻ കൊടുക്കണം.

മാർക്കറ്റ്

കാർഷിക പ്രധാനമായ പൊറത്തിശ്ശേരി പഞ്ചായത്തിൽ കാർഷികോല്പന്നങ്ങളുടെ പ്രാദേശിക വിപണിയുടെ സാധ്യത വളരെ കുറവാണ്. ഇപ്പോൾ പഞ്ചായത്തിൽ പൊതുമാർക്കറ്റുകളൊന്നുമില്ല. പ്രത്യേകിച്ച് നെല്ല്, നാളികേരം, പച്ചക്കറികൾ, കായ എന്നിവക്ക് വേണ്ടത്ര വിപണി സൗകര്യങ്ങളില്ല. പ്രാദേശിക കച്ചവടക്കാർ നേരിട്ട് ഇവ വാങ്ങിച്ചു വിൽക്കുന്നു. ഇടത്തട്ടുകാർ ലാഭം കൂടുതൽ നേടുന്നു.

കർഷകന് ന്യായ വില ഉറപ്പുവരുത്താൻ പ്രധാന വിളകളായ തെങ്ങ്, നെല്ല്, എന്നിവയ്ക്ക് സഹകരണ അടിസ്ഥാനത്തിൽ സംഭരിക്കാനുള്ള സംവിധാനം ഉണ്ടാകണം. നിലവിലുള്ള സംഘങ്ങൾക്ക് ഇത് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ ഇത്തരം സംഭരണ വിപണനസഹകരണസംഘം രൂപീകരിക്കേണ്ടതുണ്ട്. ഇതോടൊപ്പം സംഭരിക്കുന്ന കാർഷികോല്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യാതെ സംസ്കരണ സൗകര്യങ്ങൾകൂടി ഏർപ്പെടുത്തിയാൽ തൊഴിൽ സാധ്യതകൾ വർദ്ധിക്കും.

സുഗന്ധ നാളികേരപാൻ, നാളികേരക്രീം, സംസ്കരിച്ച നാളികേര വെള്ളം എന്നിവയ്ക്ക് വിപുലമായ സാധ്യതകളാണ്.

പൊറത്തിശ്ശേരി പാൽവിതരണ സഹകരണ സംഘത്തിന് പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാനും വിപണനത്തിനും സംസ്ക്കരണത്തിനും കഴിയുന്നവിധം വാർഡുതല സംഭരണം കേന്ദ്രങ്ങളും പാലുല്പന്ന യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

പൊറത്തിശ്ശേരി പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായ മാപ്രാണം സെന്ററിൽ ഒരു അന്തിചന്ത ആരംഭിക്കുക. (പ്രത്യേകിച്ചും പച്ചക്കറി, കായ എന്നിവയ്ക്ക്)

തൊഴിലില്ലാത്ത ചെറപ്പക്കാരുടെ സംരംഭമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സഹകരണത്തോടെ മാപ്രാണം സെന്ററിൽ ഒരു സൂപ്പർമാർക്കറ്റ് ആരംഭിക്കുക.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുക.

ഇപ്പോൾ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ അനധികൃത ഇറച്ചിവെട്ട് നടക്കുന്നു. ഇതൊഴിവാക്കാൻ ഒരു അംഗീകൃത അറവുകേന്ദ്രവും ഇറച്ചി മാർക്കറ്റും ആരംഭിക്കണം.

പട്ടിക 1

പുതിയതായി നിർമ്മിക്കേണ്ടതും നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതുമായ റോഡുകൾ

ക്രമ നമ്പർ		റോഡിന്റെ പേര്	നീളം	ചെയ്യേണ്ട പ്രവൃത്തി
വാർഡ് 1	1.	പുത്തൻതോട് - മൂർക്കനാട് (PWD റോഡ്)	$2^1/_2$കി.മീ.	ഡ്രൈനേജ്
	2.	വളളികാഞ്ഞിരം റോഡ് (മൂർക്കനാട്)	400 മീറ്റർ.	2 മീറ്റർ ഉയരം കരിങ്കൽ കെട്ടി ഉയർത്തുക
	3.	കിളയിൽ വഴി	750 മീറ്റർ	രണ്ടു സൈഡ് കെട്ടുക
	4.	കിളയിൽ ബ്രാഞ്ച് വഴി	300 മീറ്റർ	"
	5.	കിളയിൽ ബ്രാഞ്ച് വഴിയും, SN വഴി ബന്ധിപ്പിക്കുക	350 മീറ്റർ	സംരക്ഷണം
	6.	നീരോലിതോട് + ബണ്ട്	400 മീറ്റർ	ചീപ്പ് (ഷട്ടർ) ഉണ്ടാക്കൽ
	7.	കരുവന്നൂർ സൗത്ത് ബണ്ട് മൂന്ന് ബ്രാഞ്ചുവഴികൾ (നീരോലികറപ്പൻ, കുമാരൻ, കൊച്ചുക്കൻ)	750 മീറ്റർ	സംരക്ഷണം
	8.	ആലുംപറമ്പ് - ഭഗവതി ആൽ വഴി	500 മീറ്റർ	സൈഡ് കെട്ടുക
	9.	അമ്പലനട താമരപാടം വഴി	250 മീറ്റർ	"
	10.	അമ്പലനട വാരിയത്തെ കോൾ വഴി (റിംഗ് ബണ്ട്)	$2^1/_2$ കി.മീ.	കാർഷികാവശ്യത്തിനുപകരിക്കൽ
	11.	മൂർക്കനാട് അമ്പലം തെക്കെവാരിയത്തെ കോൾ വഴി	250 മീറ്റർ	സംരക്ഷണം
	12.	ആശാരി വഴി		"
	13.	പൈങ്കിളിപാടം വഴികൾ (3 എണ്ണം)	6 മീറ്റർ (200 x 3)	"
വാർഡ് 3	14.	കണക്കൻക്കോട്ടം – തൊട്ടിപ്പാൾ റോഡ്	2 കി.മീ.	റെഗുലേറ്റർ - കം - ബ്രിഡ്ജ് - ടാറിങ്ങ്
	15.	കണക്കൻക്കോട്ടം –വല്ലച്ചിറ റോഡ്	2 കി.മീ.	മെറ്റലിങ്ങ്- ടാറിങ്ങ്
	16.	ബംഗ്ലാവ് – പൈങ്കിളി, മൂർക്കനാട് പൈങ്കിളിപ്പാടം റോഡ്	$1^1/_2$ കി.മീ.	ബണ്ട് റോഡ് ഉണ്ടാക്കൽ, മെറ്റലിങ്ങ് – ടാറിങ്ങ്
	17.	ഇലക്ട്രിസിറ്റി – പൈങ്കിളിപ്പാടം റോഡ്	1 കി.മീ.	മെറ്റലിങ്ങ് – ടാറിങ്ങ്
	18.	ബംഗ്ലാവ് കിഴക്കേ പുഞ്ചപ്പാടം – ഏർണംപിളളി വഴി –ബണ്ട് റോഡ് + താൽക്കാലിക പാലം	1കി.മീ.	ബണ്ട് –ഫുട്ട്ബ്രിഡ്ജ്
	19.	K.L.D.C.ബണ്ട് to താമരവളയംചിറ വരെ പുഴയുടെ ഇരുവശവും (ബണ്ട് റോഡ്)	$1^1/_2$ കി.മീ.	ബണ്ട് റോഡ്
വാർഡ് 4	20.	ചിത്രവളളി K.L.D.C ബണ്ട് രണ്ട് സൈഡ്	2 കി.മീ.	കരിങ്കൽ ഭിത്തികെട്ടൽ
	21.	പഞ്ചിക്കാട്ട് - തളിയക്കോണം റോഡ് (പാലം പണി ഉൾപ്പെടെ)	$^1/_2$ കി.മീ.	പുതിയ റോഡ് കരിങ്കൽ കെട്ടി
	22.	കോഴിച്ചിറ – KLDC ബണ്ട് റോഡ്	$^1/_2$ കി.മീ.	കരിങ്കൽ കെട്ടി മണ്ണിടൽ
വാർഡ് 6	23.	പഞ്ചിക്കാട് മൂല മുതൽ വർണ്ണതിയ്യറ്റർ വരെയുളള ഇടവഴി	750 മീറ്റർ	ഡ്രൈനേജ് കെട്ടി ടാറിങ്ങ് നടത്തണം
	24.	സ്റ്റേഡിയം - ശ്രീകൃഷ്ണപുരം അമ്പലം – രാമൻകുളം–ഇരിങ്ങാലക്കുട റോഡ്	1,750 മീറ്റർ	നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കൽ
	25.	കുറുമാലിക്കാവ് അമ്പലം റോഡ് (ശ്രീകൃഷ്ണപുരം) റോഡ്		" വഴി തുറക്കൽ
	26.	കല്ലട റോഡ് – മാപ്രാണം		വീതികൂട്ടി ഗതാഗതയോഗ്യം കയ്യേറ്റം

ക്രമ നമ്പർ		റോഡിന്റെ പേര്	നീളം	ചെയ്യേണ്ട പ്രവൃത്തി
വാർഡ് 9	27.	ലക്ഷംവീട് വഴി പുതിയ റോഡ്		പുതിയ വഴി ഉണ്ടാക്കൽ
	28.	തലയിണക്കുന്ന് വടക്കുഭാഗം		പുതിയ റോഡ്
	29.	വളളി റോഡ്		നന്നാക്കൽ
	30.	3 വാർഡുകൾ ഉൾക്കൊള്ളുന്ന തുറായകുളംപാടം–നികത്തി		തിരിച്ചെടുക്കണം
	31.	നവോദയ കലാസമിതി–പുഞ്ചപ്പാടം റോഡ്		നന്നാക്കൽ
	32.	കല്ലട ക്ഷേത്രം – ചെമ്മണ്ട പാടശേഖരം		ബണ്ട് റോഡ് ഉണ്ടാക്കുക
	33.	ചെമ്മണ്ട ബസ് സ്റ്റോപ്പ് to കിഴക്കോട്ട് വഴി		പാലംപണി
	34.	ഉദയകലാസമിതി വടക്കോട്ടുളള വഴി പീടിക കെട്ടിയത് ഒഴിവാക്കി		സഞ്ചാരയോഗ്യമാക്കൽ
	35.	നവോദയ കലാസമിതി കിഴക്കോട്ട് പുല്ലരിക്കൽ ക്ഷേത്രം		"
	36.	ഏലിയാസ് ട്രാൻസ്ഫോർമർ –തളിയക്കോണം വഴി		"
	37.	തുറുക്കായി വഴി		വടക്കോട്ടു മുട്ടിക്കൽ
	38.	ലക്ഷം വീട് കോളനി to കല്ലട ചിറ റോഡ്		വീതികൂട്ടി നന്നാക്കൽ
	39.	ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ	5 കി.മീ.	ഗതാഗതയോഗ്യമാക്കണം
വാർഡ് 8	40.	മിച്ചഭൂമി റോഡ്		വീതി കൂട്ടണം
	41.	കോക്കാനിക്കാട് റോഡ്		കയ്യേറ്റം തടയുക
	42.	ആസാദ് റോഡ് വടക്കോട്ട് കക്കാട്ട് അമ്പലറോഡിൽ മുട്ടിച്ച്, കൈപ്പുളളി, കാഞ്ഞാണിക്കുളം റോഡ്, പുല്ലൂർ to മാടായിക്കോണം മാപ്രാണം റോഡ്		പുതിയ റോഡ് ഉണ്ടാക്കണം
വാർഡ് 10	43.	ചർച്ച് റോഡ് to പുതുക്കാട് ഭാഗം (കോളനി വഴി)	2കി.മീ.	ടാറിങ്ങ്
	44.	ചർച്ച് റോഡ് തെക്കേ വഴി കറുപ്പം റോഡ് ഉൾപ്പെടെ	1കി.മീ.	മെറ്റലിങ്ങ്, ടാറിങ്ങ്, കരിങ്കൽകെട്ടൽ
	45.	ചർച്ച് റോഡ് കിണർ to തെക്കോട്ടുളള 11-10വാർഡു വഴി	1/2കി.മീ.	മെറ്റലിങ്ങ്, ടാറിങ്ങ്, യോജിപ്പിക്കൽ
	46.	പളളിമുൻവശം മുതൽ - ഇരിങ്ങാലക്കുട മെയിൻറോഡ് പുതിയ റോഡ്	1 കി.മീ.	മെറ്റലിങ്ങ്, ടാറിങ്ങ്, ബന്ധിപ്പിക്കുക
	47.	ചിത്രോളി ബണ്ട്	500മീ	വീതികൂട്ടി ഗതാഗതയോഗ്യം
	48.	കോളനി –KLDC ബണ്ട് വഴി	1കി.മീ.	സഞ്ചാരയോഗ്യം
	49.	പളളിയുടെ വടക്കേഭാഗത്തുളള ജംഗ്ഷൻ മുതൽ പടിഞ്ഞാട്ട് പാടത്തേക്കുളള വഴി		പുതിയ വഴി ഉണ്ടാക്കണം
വാർഡ് 11	50.	മാടായിക്കോണം മനംക്കുളംങ്ങര റോഡ്		കയ്യേറക്കാരിൽ നിന്നും ഒഴിപ്പിക്കുക
	51.	എരങ്ങത്ത് റോഡ്		ഗതാഗതയോഗ്യമാക്കുക
	52.	കാറളത്തുകാരൻ റോഡ്		കരിങ്കൽ കെട്ടി മെറ്റലിങ്ങ് – ടാറിങ്ങ്
വാർഡ് 12	53.	ഇത്തിക്കുളം റോഡ്		വാഹന ഗതാഗതയോഗ്യമാക്കുക
	54.	കുഴിക്കാട്ടുകോണം റോഡ്		ഡ്രൈനേജ് കെട്ടണം.
	55.	മുരിയാട് – പൊറത്തിശ്ശേരി – നമ്പ്യാൻകാവ് റോഡ് – ബന്ധനം. – പാലം പണി		പുതിയ പാലം– റോഡ് നിർമ്മാണം
	56.	ഇത്തിക്കുളം, കുഴിക്കാട്ടുകോണം, മാടായിക്കോണം, നമ്പ്യാൻകാവ് റോഡ്		ഓടകൾ കെട്ടണം

പട്ടിക 2

മെറ്റലിങ്ങ്, ടാറിങ്ങ്, റീട്ടാറിങ്ങ് ആവശ്യമായ റോഡുകൾ

ക്രമ നമ്പർ		റോഡിന്റെ പേര്	നീളം	ചെയ്യേണ്ട പ്രവൃത്തി
വാർഡ് 1	1.	കരുവന്നൂർ സൗത്ത് ബണ്ട് റോഡ്	2കി.മീ.	റീട്ടാറിങ്ങ്
	2.	മൂർക്കനാട് ഹൈസ്ക്കൂൾ റോഡ്	850 മീ.	സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്
	3.	ആറാട്ടുകടവ് – മളാർ–ആലുംപറമ്പ് (H.S.)	700 മീ.	"
	4.	സൗത്ത് ബണ്ട് ചർച്ച് റോഡ്	180 മീ.	റീട്ടാറിങ്ങ്
	5.	കിഴക്കേ അങ്ങാടി റോഡ്– മൂർക്കനാട്	900 മീ.	സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്
	6.	മൂർക്കനാട് അമ്പലം റിങ്ങ് റോഡ്	600 മീ.	"
	7.	മൂർക്കനാട് അമ്പലക്കുളം വഴി	250 മീ.	"
	8.	അമ്പലനട (പടിഞ്ഞാറേ നട)	400 മീ.	"
	9.	ആലുംപറമ്പ് – പുറക്കാട്ടുകുന്ന് –നാലുസെന്റ്, ലക്ഷം വീട്, കോളനികൾ, ശ്മശാനം	1.5കി.മീ.	"
	10.	ഇലക്ട്രിസിറ്റി–വെട്ടുകുന്നത്തുകാവ് സബ്റോഡ് (ലിങ്ക് റോഡ്)	750 മീ.	"
വാർഡ് 3	11.	112സൊസൈറ്റി –മൂർക്കനാട് റോഡ്	[illegible] മീ.	ടാറിങ്ങ്
	12.	കണക്കൻക്കോട്ടം– ബംഗ്ലാവ്	1കി.മീ.	റീട്ടാറിങ്ങ്
	13.	പുത്തൻതോട് ഏർണപ്പിള്ളി റോഡ്	1കി.മീ.	ടാറിങ്ങ്
	14.	ബംഗ്ലാവ് കിഴക്കേ പുഞ്ചപ്പാടം റോഡ്	500 മീ.	സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്
	15.	പുത്തൻതോട്– KLDC മൂർക്കനാട് PWDലിങ്ക് റോഡ് (തറയ്ക്കൽ റോഡ്)	500 മീ.	"
	16.	KLDC ബണ്ട് റോഡുകൾ ഗതാഗതയോഗ്യമാക്കൽ (കോന്തിപുലം to തുരുത്തിപ്പാലം)	5കി.മീ.	"
	17.	വെട്ടേക്കാട്ട് അമ്പലം KLDC റോഡ്	700 മീ.	"
വാർഡ് 4	18.	തേലപ്പിള്ളി – കോഴിച്ചിറ– മാപ്രാണം റോഡ്	1.5കി.മീ.	"
	19.	പുത്തൻതോട് – കോഴിച്ചിറ	1കി.മീ.	"
	20.	പഞ്ചിക്കാട്ട് റോഡ്	$^1/_2$കി.മീ.	"
	21.	ചിത്രവള്ളിപാടം– കുന്നികുരുത്താഴം തേലപ്പിള്ളി	300 മീ.	"
	22.	സെന്റ് മേരീസ് പള്ളി KLDC ബണ്ട് വഴി	$^1/_2$കി.മീ.	"
	23.	തേലപ്പിള്ളി–കോഴിച്ചിറ–തൊട്ടിപ്പാൾ വഴി		"
	24.	തേലപ്പിള്ളി–കോഴിച്ചിറ–പള്ളി റോഡ്	750 മീ.	"
വാർഡ് 5	25.	ശ്രീകൃഷ്ണപുരം–കാഞ്ഞിരപ്പടി റോഡ്	1.5കി.മീ.	മെറ്റൽ ടാറിങ്ങ്
	26.	കൊരുമ്പേരിപാടം– മാപ്രാണം കുരിശ്– തലയിണക്കുന്ന് റോഡ്	2കി.മീ.	ഉയർത്തി മെറ്റൽ ചെയ്ത് ടാറിങ്ങ്
	27.	സ്റ്റേഡിയം– SNDP രണ്ടു ശാഖകൾ		"
	28.	പഞ്ചിക്കാട്ട് – അമ്പലം റോഡ് (രണ്ട് ബ്രാഞ്ച്)	1കി.മീ.	"
	29.	ചകിരിക്കമ്പിനി– സ്റ്റേഡിയം റോഡ്, പഞ്ചായത്ത് കിണർ	1കി.മീ.	"
വാർഡ് 6	30.	ഇരിങ്ങാലക്കുട– കാറളം– ചെമ്മണ്ട (കണ്ടാരംതറ വഴി), പൊറത്തിശ്ശേരി, മെയിൻ റോഡ്		റീട്ടാറിങ്ങ്
	31.	ഫ്ലൈവുഡ്– പാറക്കാട് വഴി		ടാറിങ്ങ്
വാർഡ് 8	32.	കലിറോഡ്	1.5 കി.മീ.	ടാറിങ്ങ്
	33.	പൊറത്തിശ്ശേരി തെക്കേ പടശേഖരകർഷക ബണ്ട് റോഡ്	900 മീ.	മെറ്റലിങ്ങ് ടാറിങ്ങ്

ക്രമ നമ്പർ		റോഡിന്റെ പേര്	നീളം	ചെയ്യേണ്ട പ്രവൃത്തി
	34.	ചെറുതിണ്ട്, ഹരിജൻ കോളനി റോഡ്– കാഞ്ഞിരമരങ്ങൾ മുറിയ്ക്കണം, ചെത്തിയെടുത്ത സ്ഥലം തിരികെ വാങ്ങണം		ടാറിങ്ങ്
വാർഡ് 9	35.	ആസാദ് റോഡ്		"
	36.	ബ്ലോക്ക് ഓഫീസ് പിൻഭാഗം റോഡ്		"
	37.	കോക്കാനിക്കാട് റോഡ്		"
	38.	ഗ്യാസ് ഗോഡൗൺ റോഡ്		മെറ്റലിങ്ങ് ടാറിങ്ങ്
	39.	കക്കാട്ട് അമ്പലം തെക്ക് റോഡ്		ടാറിങ്ങ്
	40.	പളളിക്കാട് റോഡ്		"
വാർഡ്10	41.	ചർച്ച് റോഡ്	2കി.മീ.	"
	42.	കുന്നുമ്മുക്കര റോഡ്	500മീ.	മെറ്റലിങ്ങ് ടാറിങ്ങ്
	43.	ഓടസമുദായ റോഡ്	500മീ.	സൈഡ് കെട്ടി മെറ്റലിങ്ങ് ടാറിങ്ങ്
വാർഡ്11	44.	PWD റോഡ് (കയ്യേറ്റക്കാരിൽ നിന്നും തിരിച്ചെടുക്കണം)	2.5കി.മീ.	റീടാറിങ്ങ്
	45.	ശ്രീകണ്ഠേശ്വരം ക്ഷേത്രം റോഡ്		മെറ്റലിങ്ങ് ടാറിങ്ങ്
വാർഡ്12	46.	കുഴിക്കാട്ടുകോണം കോളനി റോഡ് (2 റോഡുകൾ)		ടാറിങ്ങ്
	47.	ഇത്തിക്കുളളം നമ്പ്യാൻകാവ് റോഡ്		മെറ്റിലിങ്ങ് ടാറിങ്ങ്
	48.	നമ്പ്യാൻകാവ്–ഇത്തിക്കുളം– റേഷൻകട റോഡ്		ടാറിങ്ങ്
	49.	എല്ലാ റോഡുകളും		ഓടകൾ കെട്ടണം
	50.	കുഴിക്കാട്ടുകോണം കോളനി – IJK തുറവൻകാട് റോഡ്		പാലംപണി–റോഡുപണി
	51.	നമ്പ്യാൻകാവ് മാപ്രാണം റോഡ്		നിലംപതി പുതുക്കി പണിയണം
വാർഡ് 2	52.	മൂർക്കനാട് പൊറക്കാട്ടുകുന്ന് നാലുസെന്റ് കോളനി റോഡ്	$1^3/_4$കി.മീ.	മെറ്റൽ ടാറിങ്ങ്
	53.	വെളുത്തേടൻ –ചാത്രാപ്പ് കായൽ റോഡ്	800മീ.	"
	54.	വെട്ടുകുന്നത്തുകാവ് റോഡ്		ടാറിങ്ങ്
	55.	വെട്ടുകുന്നത്തുകാവ്–മൂർക്കനാട് റോഡുകൾ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്	250മീ.	മെറ്റലിങ്ങ് ടാറിങ്ങ്
	56.	പൊറത്താട് ചാത്രാപ്പ് കായൽ റോഡ്	1.5കി.മീ	വീതികൂട്ടി മെറ്റലിങ്ങ് ടാറിങ്ങ്
	57.	നെയ്ത്ത്ശാല റോഡ്	600മീ	മെറ്റലിങ്ങ്
	58.	പൊറത്താട് പുത്തൻതോട് റോഡ്	500മീ	"
	59	തൃക്കൂർ മഠം റോഡ്	400മീ	"

വിദ്യാഭ്യാസം

ഒരു രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഘടകങ്ങളിൽ സത്വരമായ പരിവർത്തനങ്ങൾക്ക് കാരണമാകുന്നത് അവിടത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളായിരിക്കും. സ്വയം പരിഷ്ക്കരിക്കപ്പെടുകയും പ്രത്യുൽപാദനപ്രക്രിയയിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഈ പഞ്ചായത്തധീനതയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സ്തുത്യർഹമായ പാരമ്പര്യം അവകാശപ്പെടാനില്ല എന്നതാണ് വസ്തുത. വിഭവസമൃദ്ധിയുടെ കാര്യത്തിലും വ്യാപാരവ്യവസായങ്ങളുടെ കാര്യത്തിലും സ്വയംപര്യാപ്തതയില്ലാതെതികച്ചും പിന്നോക്കാവസ്ഥയിൽ കിടക്കുന്നതാണ് പൊറത്തിശ്ശേരി പഞ്ചായത്ത്. അതിനു കാരണം വർഷക്കാലം മുഴുവൻ വെള്ളം മൂടിക്കിടക്കുന്ന പുഞ്ചപ്പാടങ്ങളുടെ ഇടയിൽ അവിടവിടെ പൊന്തിനിൽക്കുന്ന കരപ്രദേശങ്ങളാണ്. കൃഷിക്കാരും കർഷകത്തൊഴിലാളികളും അടങ്ങുന്ന ഒരു തൊഴിൽമേഖലയിലെ ശരാശരി നിലവാരത്തിൽപ്പോലും എത്താൻ കഴിയാത്ത ജനങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്.

വിദ്യാഭ്യാസത്തിന്റെ പഴയകാലസമ്പ്രദായങ്ങൾ ഗുരുകുലവിദ്യാഭ്യാസം, ആശാൻ സമ്പ്രദായം, നാട്ടുപള്ളിക്കൂട സമ്പ്രദായം ഇവയെക്കുറിച്ചെല്ലാം 70 വയസ്സിനുമേൽ പ്രായമുള്ളവർ പറയുന്നത് ശരദ്ധേയമാണ്. അത്തരം സമ്പ്രദായങ്ങൾ ഇവിടെ നിലനിന്നിരുന്നു എന്നതിന് തെളിവാണിത്. മലയാളഭാഷക്കും നാടൻപാട്ടുകൾക്കും സമുദായ ആചാര അനുഷ്ഠാനങ്ങളോടുകൂടിയുള്ള പ്രാർത്ഥന പാട്ടുകൾക്കുമായിരുന്നു ഇത്തരം പഠനസമ്പ്രദായങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്.

വിദ്യാഭ്യാസത്തിന്റെ ഗുണപരമായ സിദ്ധികൾ പരിമിതമായെങ്കിലും സ്വാധീനിക്കാൻ കാരണമായിട്ടുള്ള എട്ടുവിദ്യാലയങ്ങളാണ് ഇപ്പോൾ ഇവിടെ നിലവിലുള്ളത്. പ്രധാനമായും കൃസ്ത്യൻ പള്ളികളും സന്യാസിനി സമൂഹങ്ങളുമാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുവാനും . വിദ്യാഭ്യാസം വളർത്താനും പരിശ്രമിച്ചതും മുൻകൈ എടുത്തതും. സാക്ഷരതയുടെ പ്രാഥമികതലംതൊട്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്നതലത്തിലേക്ക് എത്തുന്നവർ സമീപപ്രദേശങ്ങളായ ഇരിഞ്ഞാലക്കുട, ചേർപ്പ് തുടങ്ങിയ സ്ഥാനങ്ങളിലേക്ക് എത്തിച്ചേരേണ്ടതു ണ്ടായിരുന്നു. ഈ പരിമിത സാഹചര്യത്തിലും ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ജനാവലിയെ സൃഷ്ടിക്കാൻ സന്നദ്ധമായ സ്ഥാപനങ്ങളുടെ ചരിത്ര പാഠങ്ങളിലേക്കു ശ്രദ്ധിക്കുന്നത് അഭികാമ്യമായിരിക്കുമല്ലൊ.

1905ൽ പൊറത്തിശ്ശേരി പഞ്ചായത്തിലെ മാപ്രാണം പള്ളി കെട്ടിടത്തിൽ ഒരു സർക്കാൻ

പള്ളിക്കൂടം സ്ഥാപിതമായി പള്ളിയുടെ സാമ്പത്തികനില അധഃപതിച്ചതിനാൽ കെട്ടിടം കരുവന്നൂർ ഫ്രാൻസിസ്ക്കൻ ക്ലാരമഠക്കാർക്ക് വിൽക്കേണ്ടിവന്നു. 1938 മേയ് 30ന് അന്നത്തെ സീനിയർ ഇൻസ്പെക്ടർ ആയിരുന്ന ടി. കുഞ്ഞുണ്ണി മേനോൻ ഗവൺമെൻറ് സ്കൂൾ എയ്ഡഡ് സ്കൂളാക്കി മാറ്റി. അന്നത്തെ മഠം കപ്ലേനായിരുന്ന ബഹുമാനപ്പെട്ട യോഹന്നാൻ അച്ഛനായിരുന്നു പ്രഥമ മാനേജർ. ഗവൺമെൻറ് അധ്യാപകരെല്ലാം വിട്ടുപോയ സാഹചര്യത്തിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് നിയമിതരായി. അതാണ് ഇന്നത്തെ സെന്റ് സേവിയേഴ്സ് കോൺവെന്റ് എൽ.പി. സ്കൂൾ. ഈ പഞ്ചായത്തിലെ പ്രഥമ ഹൈസ്കൂൾ അനുവദിച്ചത് മൂർക്കനാടാണ്. 1924 ആരംഭിച്ച സെൻറ് ആന്റണീസ് എൽ.പി.. സ്കൂൾ 1938ൽ യു.പി. ആയി അപ്ഗ്രേഡ് ചെയ്യുകയും തുടർന്ന് 1946ൽ ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു.

പഞ്ചായത്തിലെ ഏക സർക്കാർ സ്കൂൾ മാടായിക്കോണത്ത് സ്ഥിതിചെയ്യുന്നു. 1951ൽ ജൂനിയർ ബേയ്സിക് സ്കൂളായി ആരംഭിക്കുകയും പിന്നീട് 1967ൽ ഗവൺമെൻറ് യു.പി. സ്കൂൾ ആയി ഉയർത്തുകയും ചെയ്തു. ഈയിടെ ഈ വിദ്യാലയത്തിന്റെ പേര് തദ്ദേശവാസിയും സ്വാതന്ത്ര്യസമരസേനാനിയും പ്രമുഖ രാഷ്ട്രീയ പ്രവർത്തകനും പൊറത്തിശ്ശേരി പഞ്ചായത്ത് പ്രഥമ പ്രസിഡന്റും മുൻമന്ത്രിയുമായിരുന്ന ശ്രീ. പി.കെ. ചാത്തൻമാസ്റ്ററുടെ പേരിൽ പുനർനാമകരണം ചെയ്യുകയുമാണുണ്ടായത്.

പഞ്ചായത്തിൽ വിദ്യാഭ്യാസപ്രവർത്തനം ഔപചാരികമായി നടത്തിയ കൃസ്ത്യൻ മതവിഭാഗവും ഇതരമതവിഭാഗങ്ങളും പുരോഗമനരാഷ്ട്രീയകർഷകപ്രസ്ഥാനങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉയർന്ന കൂട്ടായ്മ നിലനിർത്തുകയും ചെയ്തിരുന്നു.

തെരഞ്ഞെടുപ്പുവഴി പഞ്ചായത്തു ഭരണസംവിധാനം നിലവിൽ വന്നതിനുശേഷവും ഒരു നല്ല സാമൂഹ്യാന്തരീക്ഷവും നിലനിന്നുകാണുന്നു.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകളുടെ പങ്ക് എടുത്തുപറയേണ്ടതാണ്. ഔപചാരികവിദ്യാഭ്യാസത്തിന്റെ ചരിത്രകാലം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഗ്രാമീണവായനശാലകൾക്കുണ്ട്. മൂർക്കനാട്, കരുവന്നൂർ, മടായിക്കോണം, തളിയക്കോണം ഗ്രാമീണവായനശാലകളുടേയും പൊറത്തിശ്ശേരി ടാഗോർ വായനശാലയുടേയും സ്ഥിതി പരിതാപകരമായി മാറിക്കൊണ്ടിരിക്കുന്നു. മാടായിക്കോണം വായനശാല സ്കൂൾ ക്ലാസുമുറിയിലാണ് സ്ഥിതി ചെയ്യുന്നത്. മാപ്രാണത്ത് ഈയിടെ പഞ്ചായത്തിനാൽ സ്ഥാപിതമായ ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ സ്മാരക വായനശാലക്കുമാത്രമാണ് മെച്ചപ്പെട്ട കെട്ടിടമുള്ളത്.

വായനശാലകളെയും കലാസാംസ്ക്കാരിക സംഘടനകളെയും കേന്ദ്രീകരിച്ച് വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നു. സമ്പൂർണ സാക്ഷരതായജ്ഞത്തിൽ ഇവ കൂടാതെ മുഴുവൻ ജനങ്ങളും സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്.

പാഠ്യാനുബന്ധപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനത്തിന് കഴിവുള്ളവരാണ് ഇവിടത്തെ വിദ്യാർത്ഥികൾ എന്ന് തെളിയിച്ചിട്ടുണ്ട്. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. S.S.L.C. വിജയശതമാനത്തിലും നമ്മുടെ ഹൈസ്കൂളുകൾ മുന്നിലാണ്. കോളേജുകളും പാരലൽ കോളേജുകളും പഞ്ചായത്തിൽ ഇല്ല. ഒരു തയ്യൽ സ്കൂളും രണ്ട് ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും ഒഴിച്ചാൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല. മിക്ക വാർഡുകളിലും അംഗനവാടികളും ഏതാനും നഴ്സറി സ്കൂളുകളും ഉണ്ട്. ഗൗരവ

മായ ശ്രദ്ധയും അടിയന്തിരസഹായങ്ങളും നൽകി ഉടൻ ഉയർത്തേണ്ടതാണ്. പഞ്ചായത്തിലെ പ്രി പ്രൈമറിതലം.

വയോജനവിദ്യാഭ്യാസവും സാക്ഷരതാപ്രവർത്തനവും ആവേശകരമായിരുന്നെങ്കിലും സ്കൂളുകളിലെ നിരക്ഷരത കാര്യമായ പരിഹാരം കാണാതെ തുടരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നാമമാത്രമായെങ്കിലും തുടരുന്നു. മാതൃസംഗമങ്ങൾ ഇവക്കു പരിഹാരം കാണുന്ന രീതിയിൽ വളർന്നിട്ടില്ല. മാതൃസംഘടനയുടെ സംഘടനാരൂപത്തെപ്പറ്റിയും സമീപനങ്ങളെക്കുറിച്ചും സംഘടന എന്തിനാണെന്നും വ്യക്തത കൈവന്നിട്ടില്ല. അധ്യാപികാധ്യാപകരും മാതാപിതാക്കളും കൂട്ടായി ശ്രമിച്ചാൽ മാതൃസംഘടന അധ്യാപകരക്ഷാകർത്തൃസംഘടനക്ക് അനുപൂരകമായി പ്രവർത്തിച്ചാൽ കുഞ്ഞുങ്ങളിലെ അക്കാദമിക് നിലവാരവും സ്വഭാവ രൂപവൽക്കരണവും നല്ല നിലയിൽ പുരോഗമിക്കുന്നതിനുള്ള അപരിമേയ സ്വാധീനം ചെലുത്തുവാൻ കഴിയുമെന്ന് ആരും വിശദമാക്കുന്നില്ല.

സംസ്ഥാനത്തിന്റെ പല ഭാഗത്തും കോംപ്ലക്സ് പ്രവർത്തനങ്ങൾക്കുണ്ടായ വിജയം അത് ഏറ്റെടുത്താൽ എന്തെന്ന തോന്നൽ വകുപ്പുമായി ബന്ധപ്പെട്ടവരിൽ ഉളവാക്കി. 1995 -96ൽ സംസ്ഥാനത്താകെ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കാം എന്ന സർക്കാർ തീരുമാനം ഇതിന്റെ ഭാഗമാണ്. സർക്കാർ തീരുമാനം കോംപ്ലക്സ് പ്രവർത്തനങ്ങൾ പടിപടിയായി മാത്രമ വിജയിപ്പിക്കാനാവു എന്ന് ഇതു നടപ്പിലാക്കിയവർ മനസ്സിലാക്കിയില്ല. അതുകൊണ്ടുതന്നെ രണ്ടു വർഷമായി നമ്മുടെ സബ് ജില്ലയിൽ പ്രവർത്തിച്ച കോംപ്ലക്സുകൾ കേവലം ഒരു സർക്കാർ പരിപാടിയായി മാറിയതാണ് നമ്മുടെ പഞ്ചായത്തിലെ അനുഭവം തെളിയിക്കുന്നത്. തങ്ങളുടെ കുട്ടികൾക്ക് ഏതു രീതിയിലുള്ള വിദ്യാഭ്യാസമാണ് വേണ്ടതെന്ന് തുറന്നാലോചിക്കാൻ വേദിയൊരുക്കുന്ന കോംപ്ലക്സ് പ്രവർത്തനങ്ങൾക്കുള്ള പഞ്ചായത്തിലെ സാധ്യത ഗൗരവപരിഗണന അർഹിക്കുന്നു.

പല വിദ്യാലയങ്ങളിലും പി.ടി.എ. യ്ക്ക് ബൈലോ ഇല്ലാത്തതിനാൽ എന്തൊക്കെ ചെയ്യാമെന്നതിനെക്കുറിച്ച് വ്യക്തതയില്ല. എല്ലാം കൺവീനറും ട്രഷററും ആയ പ്രധാനധ്യാപകൻ പറയുന്നത് അനുസരിക്കുന്നു എന്നു മാത്രം. തികഞ്ഞ അധികാരകേന്ദ്രീകരണം നിലനിൽക്കുന്നു.

മിക്കവാറും തരക്കേടില്ലാത്ത ഭൗതികസാഹചര്യങ്ങൾ വിദ്യാലയങ്ങളിൽ നിലവിലുണ്ട്. എങ്കിലും ഏതാനും പരിമിതികളും ചില വിദ്യാലയങ്ങളിൽ ഇല്ലാതില്ല. മൂർക്കനാട് എൽ.പി സ്കൂളിൽ സ്റ്റാഫ് മുറിയും പാചകമുറിയും കുട്ടികൾക്ക് മൂത്രപ്പുരയും ഇല്ല. മാടായിക്കോണം, കുഴിക്കാട്ടുകോണം സ്കൂളുകൾക്ക് കളിസ്ഥലം ഇല്ല. മഹാത്മ യു.പി. സ്കൂളിന് കളിസ്ഥലം ഇല്ലെങ്കിലും കണ്ടാരംതറ മൈതാനം റവന്യു പുറമ്പോക്ക് കളിസ്ഥലമായി പ്രയോജനപ്പെടുന്നു. എല്ലാ വിദ്യാലയങ്ങളിലും ഫർണിച്ചറുകളുടെ കുറവുണ്ട്.

വിദ്യാഭ്യാസം പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വിദ്യാലയങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ളത് ശാസ്ത്രീയ കാഴ്ചപ്പാടോടെ അല്ല എന്നു കാണാം. ഭൂരിഭാഗം വിദ്യാലയങ്ങളും വടക്കുകിഴക്കൻ മേഖലകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു.

2. ലോവർ പ്രൈമറി തലത്തിൽ വിദ്യാഭ്യാസം മിക്കവാറും സാർവത്രികമായിട്ട് വർഷങ്ങളായി എന്നിട്ടും ആ മേഖലയിൽ വിദ്യാലയങ്ങൾ അനുവദിച്ചതും അനുവാദമില്ലാതെ പ്രവർത്തിക്കുന്നതുമായ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചതും ഇരിഞ്ഞാലക്കുടയിലും പ്രാന്തപ്രദേശങ്ങളിലുമാണ്. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേക്കാൾ അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളാണ് നല്ലതെന്ന പ്രചാ

രവേല നിലവിലുണ്ട്. ഇവയെല്ലാം പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിലനില്പിനെ പ്രോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഉദാഃ മാടായിക്കോണം സർക്കാർ സ്കൂളിൽ എൽ.പി.വിഭാഗത്തിൽ ഡിവിഷനുകൾ ഓരോന്നായി കുറഞ്ഞു. എയ്ഡഡ് സ്കൂളുകളായ മഹാത്മ യു.പി.സ്കൂൾ, മൂർക്കനാട് എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ ഡിവിഷനുകൾ കുറഞ്ഞു തുടങ്ങിയിരിക്കുന്നു.

3. പഞ്ചായത്തിൽ കരുവന്നൂർ സെന്റ് ജോസഫ് കോൺവെൻറ് സ്കൂളിൽ പ്രവേശനത്തിന് തിരക്കനുഭവപ്പെടുന്നു. തദ്ദേശവാസികളുടെ മുഴുവൻ കുട്ടികൾക്കും അവിടെ പ്രവേശനം ലഭിക്കുന്നില്ല. എസ്. എസ്.എൽ.സി വിജയ ശതമാനം അവിടെ ഉയർന്നതും വിദ്യാലയം ശ്രദ്ധിക്കപ്പെടുന്നതുമാണ്.

4. മുഴുവൻ കുട്ടികളേയും സ്വീകരിക്കുന്ന വിദ്യാലയങ്ങലിൽ വിജയശതമാനം ഉയർത്തികാട്ടാനാവുന്നില്ല. അധ്യാപകരിൽ ചിലരെങ്കിലും തങ്ങളുടെ കുട്ടികളെ വിജയം ഉറപ്പാക്കുന്ന മറ്റു വിദ്യാലയങ്ങളിൽ അയക്കുന്നത് തങ്ങളുടെ വിദ്യാലയങ്ങൾ സാധാരണക്കാർക്കു മാത്രമുള്ളതാണെന്ന് പ്രയോഗത്തിലൂടെ തെളിയിക്കുന്നു.

5. ഓൾ പ്രമോഷൻ എന്തിനാണെന്നും അതിന്റെ യുക്തി എന്താണെന്നും അത് നടപ്പാക്കിയവർ വിശദീകരിച്ചില്ല. ആൾ പ്രമോഷൻ നിലനിൽക്കുന്ന പഞ്ചായത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകൾ വിട്ട് ശക്തമായ നിയന്ത്രണങ്ങളുള്ള ഇരിഞ്ഞാലക്കുടയിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് കുട്ടികളുടെ ഒഴുക്കിന്റെ വേഗത വർധിച്ചു കൊണ്ടിരിക്കുന്നു.

6. വിജയശതമാനം ഉയർത്തിക്കാട്ടുന്നവരെ ആദരിക്കുകയും കുട്ടികൾക്ക് സ്വയം കാര്യങ്ങൾ നിരീക്ഷിക്കുവാനും വിശകലനം ചെയ്യാനുമുള്ള കഴിവുണ്ടാക്കുന്നതുമായ പുതിയ ബോധന രീതികൾ സ്വീകരിക്കുന്ന അധ്യാപകരും അവരുടെസ്ഥാപനങ്ങളും ആദരിക്കപ്പെടാതെ പോകുകയും ചെയ്യുന്നു.

7. അധ്യാപകരക്ഷാകർത്തൃസംഘടന, മാതൃസംഘടന ഇവ ഫലപ്രദം, ശക്തം എന്നു പറയുന്നുണ്ടെങ്കിലും മറിച്ചാണ് പൊതുജനാഭിപ്രായം.

8. അധ്യാപനം മിക്കവാറും വിദ്യാർഥിയും അധ്യാപകനുമായുള്ള ഒരു സ്വകാര്യ ഏർപ്പാടായി മാറുന്നു.

9. രണ്ടുവർഷമായി നടക്കുന്ന സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

10. പ്രി പ്രൈമറി വിദ്യാഭ്യാസം പഞ്ചായത്തിൽ ആകർഷകമല്ല. വേണ്ടത്ര കളി ഉപകരണങ്ങൾ ഇല്ല. ഐക്യരൂപ്യമില്ല. ആരോഗ്യശാസ്ത്രപരമായും വിദ്യാഭ്യാസശാസ്ത്രപരമായും ദോഷകരമായ അന്തരീക്ഷം നിലനിൽക്കുന്നു. രക്ഷാകർത്താക്കൾ ആഗ്രഹിക്കുന്നതുകൊണ്ട് ഈ ഘട്ടത്തിൽ പ്രൈമറിപാഠഭാഗങ്ങൾ കുട്ടികൾ പഠിക്കേണ്ടിവരുന്നു.

11. പ്രിപ്രൈമറിയിൽ നിന്നു വരുന്ന സാക്ഷരരും അവിടെ പോകാത്ത നിരക്ഷരരും ഒന്നാം ക്ലാസിൽ വരുന്ന ദിവസം മുതൽ തുടങ്ങുന്ന അന്തരം എസ്.എസ്. എൽ.സി വരെ കണ്ടത്താനോ പരിഹരിക്കാനോ ഉള്ള ശ്രമത്തിന്റെ കുറവ് വ്യാപകമാണ്.

12. എം.എൽ.എൽ. പദ്ധതി നിലവിലുള്ള വിദ്യാലയങ്ങളിൽപ്പോലും പുതിയ ബോധനരീതികൾ സ്വീകരിക്കാനുള്ള വൈമുഖ്യം നിലനിൽക്കുന്നു.

13. പ്രവർത്തിപരിചയത്തിനുള്ള പിരീയഡുകൾ അതിനായി വിനിയോഗിക്കുന്നതു കുറവ് മേളകളിലും കലോത്സവങ്ങളിലും പങ്കെടുക്കുന്ന

തല്ലാതെ സ്കൂൾ തലത്തിൽ താല്പര്യമുള്ള വരുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കപ്പെടുന്നില്ല.

14. വിദ്യാലയങ്ങളിൽ ഭൂരിപക്ഷവും അധ്യാപികമാരാണ്. പ്രൈമറിയിൽ അധ്യാപികമാരുടെ സേവനം വിദ്യാർത്ഥികളുമായി പാരസ്പര്യപ്പെടുന്നതിനുള്ള മനോഭാവം പരിഗണിക്കുമ്പോൾ നല്ലതാണ് എന്നാൽ അവർക്കു ലഭിക്കുന്ന പരിശീലനത്തിന്റേയും മോണിറ്ററിങ്ങിന്റേയും കുറവും സാമൂഹിക കാഴ്ച്ചപാടുകളുടെ അഭാവവും സമൂഹത്തിന്റെ പരിച്ഛേദമായ ക്ലാസുമുറിയിൽ ഉള്ള കുട്ടികളെ അവരുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ചുറ്റുപാടിൽ മനസിലാക്കുന്നതിന്. പ്രയാസം നേരിടുന്നു.

15. ചാത്തൻമാസ്റ്റർ സ്മാരക യു.പി. സ്കൂളും മഹാത്മ യു.പി. സ്കൂളും ഹൈസ്കൂളായി ഉയർത്തണമെന്നാണ് ഗ്രാമസഭ റിപ്പോർട്ടിന്റെ സൂചന.

16. കുട്ടികളുടെ ജന്മവാസനകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം കുറയുകയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും ശ്രദ്ധ മുഴുവൻ നിലവിലുള്ള പരീക്ഷ സമ്പ്രദായത്തിൽ കേന്ദ്രീകരിച്ചുകാണുന്നു.

17. പ്രൈമറി തലത്തിൽ കലാകായിക അധ്യാപകരുടെ കുറവ് ആ രംഗത്ത് കുട്ടികളുടെ പുരോഗതിക്കും സ്കൂൾ അന്തരീക്ഷത്തിൽ വൈവിധ്യമില്ലായ്മക്കും കാരണമാകുന്നു.

18. മിക്ക വാർഡുകളിലും അംഗൻവാടികൾ ഉണ്ടെങ്കിലും പലതിനും സ്വന്തമായി സ്ഥലമോ കെട്ടിടങ്ങളോ ഇല്ല. കളി ഉപകരണങ്ങളും മറ്റും കുറവ് .

19. അനൗപചാരികവിദ്യാഭ്യാസപ്രവർത്തനം ഒന്നും തന്നെ ഇപ്പോൾ ആസൂത്രിതമായി നടക്കുന്നില്ല.

20. 6,7,8 വാർഡുകളിൽ ചെറിയ തോതിൽ നടന്നിട്ടുള്ള അയൽക്കൂട്ടം പഞ്ചായത്തിൽ സ്കൂളുകൾക്കും അംഗൻവാടികൾക്കും ചുറ്റിലും വളർന്നിട്ടില്ല.

21. വാർഡുകളിലെ മറ്റാവശ്യങ്ങൾ (1) സെന്റ് ജോസഫ് V.H.S. ആയി ഉയർത്തണം. കംപ്യൂട്ടറും കായിക പരിശീലന ഉപകരണങ്ങളും വേണം. (2) 4ാം വാർഡിൽ പൊതു പരിപാടിക്ക് സ്ഥലമില്ല. ഡാൻസ്, പാട്ട് പഠിക്കാൻ സൗകര്യം വേണം. (3) 5ാം വാർഡിൽ ITI വേണം. (4) 6ാം വാർഡുകാർ MUPS സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെടുന്നു, പഞ്ചായത്തിന്റെ സമഗ്രചരിത്രം പഠിപ്പിക്കണം. (5) 8ാം വാർഡുകൾ MUPS നേഴ്സറി വേണമെന്ന് ആവശ്യപ്പെടണം. നിരക്ഷരരുണ്ട് പരിഹാരം കാണണം. (6) 9ാം വാർഡുകാർ പഠനം ഇടക്ക് നിറുത്തിയവരെ തിരിച്ചു കൊണ്ടുവരണം, തുടർ സാക്ഷരത വേണം, താഴ്ന്ന വരുമാനക്കാർക്ക് സൗജന്യ ട്യൂഷൻ വേണം. കംപ്യൂട്ടർ കോച്ചിങ്ങ് സെന്റർ വേണം എന്നാവശ്യപ്പെടുന്നു. (7) 11ാം വാർഡിൽ സ്കൂളിൽ RLEGP പദ്ധതി പ്രകാരം പൂർത്തിയാക്കിയ തറയിൽ കെട്ടിടം പൂർത്തിയാക്കണം. (8) 12ാം വാർഡിൽ കുട്ടികൾക്ക് യാത്രാ സൗകര്യം വേണം. എന്നീ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കൂടാതെ (9) ചാത്തൻ മാസ്റ്റർ സ്കൂളിൽ ഒരു ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുക. (10) മാടായിക്കോണം ചാത്തൻ മാസ്റ്റർ സ്കൂളിൽ നഴ്സറി സ്കൂൾ കെട്ടിടം നിർമ്മിക്കുകയും കളിക്കോപ്പുകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക. (11) മാപ്രാണം Holy Cross High School ൽ U.P. School അനുവദിക്കുക.

വിദ്യാഭ്യാസം സാധ്യതകൾ

1. (പഞ്ചായത്തിൽ) സർവ്വേയുടെ അടിസ്ഥാനത്തിൽ മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അനുവദിക്കാൻ പാടുള്ളൂ.

2. ഒരു ചെറിയ ശതമാനത്തിനു മാത്രം ഉപകരിക്കുന്ന ഇംഗ്ലീഷ് മാധ്യമസ്ഥാപനങ്ങളും കോഴ്സുകളും നിരുത്സാഹപ്പെടുത്തി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരമുയർത്തുകയും അവസര സമത്വം ഉറപ്പിക്കുകയും ചെയ്യാൻ മുൻകൈ എടുക്കുക.

3. മാതൃഭാഷക്ക് വിലക്കു കല്പിക്കുന്ന വിദ്യാലയങ്ങളാണ് നല്ലതെന്ന പ്രചാരവേലയുടെ പൊള്ളത്തരം തുറന്നു കാട്ടപ്പെടണം.

4. മെച്ചപ്പെട്ട രീതി സ്വീകരിക്കുന്ന വിദ്യാലയങ്ങളേയും അധ്യാപകരേയും പ്രോത്സാഹിപ്പിക്കണം.

5. മാർക്കിലും റാങ്കിലും മാത്രം മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുന്ന ഇന്നത്തെ രീതി മാറുന്നതിന് അധ്യാപനം ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ജീവിത ഗന്ധിയുമാക്കുന്നതിന് ജനകീയ ഇടപെടൽ ശക്തമാക്കാവുന്നതാണ്.

6. അധ്യാപകർ എത്രമാത്രം തങ്ങളുടെ കുട്ടികൾക്കുവേണ്ടി എന്തൊക്കെ, എങ്ങനെയൊക്കെ പ്രവർത്തിക്കുന്നു എന്ന് തിരിച്ചറിയുന്നതിനും അധ്യാപകരും രക്ഷിതാക്കളും പ്രത്യേകിച്ച് മാതാക്കളുമായി ബന്ധപ്പെടാവുന്ന ധാരാളം അവസരം ഒരുക്കാവുന്നതാണ്. ഈ നല്ല ബന്ധം കുട്ടിയുടെ ആരോഗ്യകരമായ പഠനമനോഭാവങ്ങളെ സ്വാധീനിക്കും.

7. പ്രത്യേക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പരിമിതികൾ രക്ഷിതാക്കളെ മനസ്സിലാക്കുകയും പ്രത്യേക വേഷത്തിൽ വാഹനത്തിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികൾക്കുണ്ടാകാവുന്ന ബാല്യത്തിന്റെ നഷ്ടവും സാമൂഹ്യബോധമില്ലായ്മയുടെ ദുരന്തവും പുറത്തു കൊണ്ടു വരുന്നതിന് സ്കൂൾ വിദ്യാഭ്യാസ സമിതിക്കു കഴിയണം.

സമിതി രൂപീകരണം

8. പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും ക്ലാസ്സാകെ പൊതുനിലവാരത്തിൽ നിലനിർത്താൻ സംവിധാനമുണ്ടാക്കാവുന്നതിന്ന് ഫലവത്തായാൽ നിലവാരത്തിൽ പെട്ടെന്ന് ഉയർച്ച ദൃശ്യമാകുന്നതാണ്. അധ്യാപകരെ അതിനായി പ്രേരിപ്പിക്കാവുന്നതുമാണ്.

9. നല്ല പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനോ തേടി പോകുന്നതിനോ പകരം നിലവിലുള്ള സ്ഥാപനങ്ങളിൽ ഭൗതിക അക്കാദമിക് സാഹചര്യങ്ങൾ മെച്ചപ്പെടുത്താവുന്നതും കുഞ്ഞുങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറുള്ള രക്ഷിതാക്കളേയും നാട്ടുകാരേയും സേവനതല്പരരായ അധ്യാപകരേയും ഉപയോഗിക്കാനുള്ള സാമൂഹ്യ ഇച്ഛാശക്തി വളർത്തിയെടുക്കണം.

10. ഒരേ സേവന വേതന വ്യവസ്ഥകൾ നിലവിലുള്ള വിദ്യാലയങ്ങളിൽ ചിലതിൽ വിദ്യാർത്ഥികൾ കുറയുന്നതിനേറയും ചിലതിൽ പ്രവേശനത്തിന് തിരക്കനുഭവപ്പെടുന്നതിനേറയും അടിസ്ഥാനം കണ്ടെത്താനുള്ള ശ്രമം വേണം. ഈ ശ്രമം തന്നെ പ്രശ്ന പരിഹാരത്തിനുള്ള സാധ്യതയാണ്.

11. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ സ്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കുന്നതിനുവേണ്ടി സ്കൂൾ കോംപ്ലക്സ് കുറവുകൾ പരിഷ്ക്കരിച്ച് നടപ്പാക്കണം.

ഒട്ടേറെ സാധ്യതകൾ:

നേതൃസ്കൂളിന്റെ സൗകര്യങ്ങളുപയോഗിച്ച് അംഗ സ്കൂളുകളിലെ പ്രവർത്തനം മെച്ചപ്പെടുത്താം. അംഗസ്കൂൾ പ്രവർത്തനം മെച്ചപ്പെട്ടാൽ അവിടെ നിന്നും നേതൃസ്കൂളിലെത്തുന്ന വിദ്യാർത്ഥികളുടെ നിലവാരം മെച്ച

മായിരിക്കും. ഇത് നേതൃസ്കൂളിന്റെ നില വാരം ഉയരാനും അതുവഴി പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പു വരുത്താനും സഹായിക്കുന്നു.

പഞ്ചായത്തിനകത്തുനിന്നും പുറത്തുനിന്നും ലഭിക്കുന്ന വിഭവങ്ങൾക്കാസൂത്രിതമായി വിനിയോഗിച്ചുകൊണ്ടാണ് ഈ നേട്ടം കൈവരിക്കേണ്ടത്. പ്രാദേശികാസൂത്രണ പ്രക്രിയയിൽ പരിശീലനം നേടാൻ ഇത് വിവിധവിഭാഗമാളുകളെ സഹായിക്കും. ജനകീയ ഇടപെടലിലൂടെ സർക്കാർ സംവിധാനത്തെ കാര്യക്ഷമമാക്കാനും പുതിയ വികസനമോഡൽ ഉരുത്തിരിയിക്കാനും ഇത്തരം പ്രവർത്തനങ്ങൾ സന്ദർഭമൊരുക്കും.

ഇതൊക്കെ സാധിക്കണമെങ്കിൽ വിദ്യാഭ്യാസ പ്രവർത്തത്തിന്റെ വിവിധ മേഖലകളിൽ ഇടപെടണം. ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കമിടണം. കോംപ്ലക്സ് പ്രവർത്തനത്തിലൂടെ എന്തൊക്കെ നേടാമെന്നതിന്റെ ചില സൂചനകൾ ഇതാ:

(1) ആസൂത്രണ വരം:

വിദ്യാഭ്യാസ സർവേ നടത്തി ഓരോ സ്കൂളിന്റേയും ആവശ്യങ്ങൾ തിട്ടപ്പെടുത്തൽ

വിഭവ സാധ്യതകൾ പഠിക്കൽ

വിഭവശേഖരണവും വിനിയോഗവും

പ്രവർത്തനമേഖലകൾ കണ്ടെത്തൽ

ജനകീയ ഇടപെടൽ യാഥാർത്ഥ്യമാക്കൽ

(2) ഭരണപരം

പഞ്ചായത്തു വഴി ലഭിക്കുന്ന അധികാരങ്ങളുടെ വിനിയോഗം

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തൽ

അധ്യാപകരുടെ ഒഴിവുകൾ ഉണ്ടാകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തൽ.

ഹൈസ്കൂളുകളിലെ സ്പെഷലിസ്റ്റ് അധ്യാപകരുടെ സേവനം അംഗ സ്കൂളുകൾക്കും ഉപയോഗിക്കാൻ സന്ദർഭമുണ്ടാക്കൽ.

സ്കൂളുകളിൽ കൂടിയുള്ള ആരോഗ്യപരിപാലനം, കാർഷിക പദ്ധതികൾ എന്നിവയുടെ നടത്തിപ്പ്

(3) അക്കാദമികം

അധ്യാപക പരിശീലനം മൂല്യ നിർണ്ണയം മോണിറ്ററിങ്ങ് എന്നിവ ഏറ്റെടുക്കൽ.

പഠന സഹായികൾ പഠനോപകരണങ്ങൾ, മൂല്യനിർണ്ണയോപകരണങ്ങൾ എന്നിവ തയ്യാറാക്കൽ.

നൂതനമായ ബോധനരീതികൾ നടപ്പാക്കൽ.

ക്ലാസ് തന്ത്രങ്ങളിൽ പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കൽ.

അനേഷണാത്മക പ്രോജക്ടുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകൽ.

കഴിവുറ്റ വിദ്യാർത്ഥികളെ സ്കോളർഷിപ്പ് പരീക്ഷകൾക്കും മറ്റും തയ്യാറാക്കൽ

പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സുകൾ നടത്തൽ

അധ്യാപകരുടെ ഉപരിപഠനം പ്രോത്സാഹിപ്പിക്കൽ

അമ്മമാർക്കും മറ്റും വിവിധവിഷയങ്ങളിൽ ക്ലാസ് നൽകൽ.

(4) പാരാ അക്കാദമികം

ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തിപരിചയ പഠനോപകരണ പ്രദർശനങ്ങൾ സംഘടിപ്പിക്കൽ.

പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം.

അവധികാല പഠനോത്സവം നടത്തൽ

കലാകായിക മത്സരങ്ങളുടെ നടത്തിപ്പ്.

ചർച്ചകളും സെമിനാറുകളും വിദ്യാഭ്യാസ വിഷയങ്ങളിൽ സംഘടിപ്പിക്കൽ

മാതൃസംഘം, ഹെൽത്ത് ക്ലബ് തുടങ്ങിയവയുടെ നടത്തിപ്പ്.

വാർഷികം, യാത്രയയപ്പ്, അനുമോദന

യോഗം എന്നിവയുടെ സംഘാടനം.

12. അഞ്ച് വയസ്സിനു മുമ്പുള്ള കാലം വളരെ പ്രാധാന്യമർഹിക്കുന്നതിനാൽ നമ്മുടെ അംഗൻവാടികളുടേയും നേഴ്സറിസ്കൂളുകളുടേയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. പരിശീലനം ലഭിച്ച നല്ല അധ്യാപികമാരാണെന്ന് ഉറപ്പുവരുത്തണം. രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്ക് ബോധവൽക്കരണക്ലാസുകൾ നടത്തണം. പ്രവർത്തനങ്ങളിൽ ഐക്യരൂപ്യം വരുത്തുകയും കളികളിലൂടെ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള ആരോഗ്യകരമായ അടിത്തറ പാകലുമാകണം ലക്ഷ്യം. പ്രൈമറി പാഠഭാഗങ്ങൾ പഠിപ്പിക്കരുത്.

അംഗൻവാടികളുടേയും നേഴ്സറികളുടേയും ധർമ്മമെന്തെന്ന് ഗവൺമെന്റ് വ്യക്തത വരുത്തണം. കാരണം സമൂഹത്തിന്റെ അജ്ഞത കുഞ്ഞിനെ സംബന്ധിച്ച് ഏറെ ഭീകരമാണ്.

സജ്ജീകരണങ്ങളും പ്രവർത്തനങ്ങളും പ്രാദേശികമായി സംഘടിപ്പിക്കണം.

പഠനോപകരണങ്ങൾ തയ്യാറാക്കൽ പ്രകൃതിയിലുള്ളതും ഉപയോഗശൂന്യവും വിലകുറഞ്ഞതും എളുപ്പം ലഭിക്കുന്നതുമായ വസ്തുക്കൾ ശേഖരിക്കാം. ഇതിനായി കുഞ്ഞുങ്ങളുടെ സഹകരണം തേടാവുന്നതാണ്. കുഞ്ഞുങ്ങളിൽ ശേഖരണ വാസന വളർത്തുന്നതിനും കൃഷിയുടെ ഉപയോഗം കണ്ടെത്താനും ഇതുകൊണ്ട് സാധിക്കുന്നു.

കുഞ്ഞുങ്ങളുടെ ശാരീരിക മാനസികാരോഗ്യകാര്യങ്ങളിൽ നിരന്തരം ശ്രദ്ധിക്കുന്ന ഉത്തമ മാതൃകകളായി അധ്യാപികമാരെ നിലനിർത്തുന്നതിന് മുഴുവൻ ശ്രദ്ധയും സഹായ സഹകരണങ്ങളും നൽകണം.

13. പി.ടി.എക്ക് ബൈലോ ഇല്ലാത്ത വിദ്യാലയങ്ങളിൽ അതു തയ്യാറാക്കുകയും മുഴുവൻ രക്ഷിതാക്കൾക്കും ലഭ്യമാക്കുകയും ചെയ്യണം.

14. മാതൃസംഘടനയുടെ സംഘടനാരൂപം, നേടേണ്ടകാര്യങ്ങൾ, സമീപനങ്ങൾ ഇവ വ്യക്തതവരുത്തണം. പി.ടി.എക്ക് അനുപൂരക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. വിദ്യാർത്ഥിയുടെ അക്കാദമിക് കാര്യങ്ങളിലും സ്വഭാവരൂപവൽക്കരണത്തിലും ചെയ്യാൻ കഴിയുന്ന അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തണം.

15. മോണിറ്ററിങ്ങിന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകാം. പിയർ മോണിറ്ററിങ്ങിനെ പ്രോത്സാഹിപ്പിക്കാം.

16. കാണാപാഠം പഠിച്ച് മിടുക്കൻമാർക്കു പകരം, മനസ്സിലാക്കി പഠിച്ച മിടുക്കന്മാരുണ്ടാകുന്നതിന് കുട്ടിയുടെ കഴിവും കഴിവുകേടും കണ്ടറിഞ്ഞ് മാതൃഭാഷയിൽ കൂടി പഠനോപകരണങ്ങളുടെ സഹായത്തോടെ രസകരമായി പഠിപ്പിക്കാൻ സാഹചര്യമൊരുക്കണം.

17. ഇന്ന് വിദ്യാർഥികൾ ബഹളം വെക്കുമ്പോൾ അധ്യാപകനും ബഹളം വെക്കുന്നു. വിദ്യാർത്ഥികൾ മോശമായി സംസാരിക്കുമ്പോൾ അധ്യാപകൻ പരുഷമായി അവഹേളിച്ചു. പറയുന്നു. വിദ്യാർത്ഥികളുടെ അച്ചടക്കമില്ലായ്മക്കും മൂല്യബോധമില്ലായ്മക്കും കാരണം മുതിർന്നവർ അവർക്ക് അങ്ങനെ ഒരു സന്ദേശം അറിയാതെ വിനിമയം ചെയ്യുന്നതുകൊണ്ടാണ്. അയൽകൂട്ടങ്ങളുടെ തുടർച്ചയായ നല്ല നടത്തിപ്പിലൂടെ പരിഹാരം കാണാവുന്നതാണ്. അയൽകൂട്ടങ്ങളിൽ അധ്യാപകർ പങ്കെടുക്കണം.

18. നാട്ടിലുള്ള ആയിരക്കണക്കിന് ജോലികൾക്ക് കുട്ടികളെ പരിശീലിപ്പിക്കുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ സമീപനം മാറിയാൽ ഒന്നല്ലെങ്കിൽ മറ്റൊരു തൊഴിൽ ചെയ്യാൻ സമർത്ഥരാക്കാൻ കഴിയും.

19. പ്രീഡിഗ്രി നിർത്തലാക്കി സെക്കണ്ടറി വിദ്യാഭ്യാസം പന്ത്രണ്ട് വർഷമാക്കുന്നതോടെ ഇതിനുതകുന്ന തരത്തിൽ പൊളിച്ചെഴുതണം.

അതിനുമുമ്പായി വിദഗ്ധരും ഉല്പാദകരും ആസൂത്രകരും പങ്കെടുത്ത വിശദമായ ചർച്ചവേണം.

20. സെൽഫ് ഫൈനാൻസിങ്ങ് വഴി പരിഷ്കാരം ഏർപ്പെടുത്തുന്നത് ലക്ഷ്യമാക്കുന്നതിന്റെ അർത്ഥം ഒരു വിഭാഗത്തിനു മാത്രമായി ഈ പരിഷ്കാരം സംവരണം ചെയ്യലാണ്. അതു വേണ്ട എന്നു തീരുമാനിച്ചാൽ മറ്റു മാർഗ്ഗം താനേ ഉരുത്തിരിയും.
21. സ്കൂളുകൾക്കും കോളേജുകൾക്കും ഇന്നുള്ളതിൽ കൂടുതൽ സ്വയം ഭരണാധികാരം നൽകണം. അത് ഹെഡ് മാസ്റ്ററുടേയോ പ്രിൻസിപ്പലിന്റേയോ സ്വാതന്ത്ര്യമാവരുത്. പ്രവർത്തിക്കുന്നവർക്കെല്ലാം പകർന്നു കിട്ടുന്ന തരത്തിലുള്ളതാവണം അത്.
22. എഴുത്തു പരീക്ഷകൊണ്ട് വിലയിരുത്താനാകാത്ത കാര്യങ്ങൾ മറ്റു രീതിയിൽ വിലയിരുത്തപ്പെടണം. വൈജ്ഞാനികവും വൈജ്ഞാനികേതരവുമായ കാര്യങ്ങളും വിലയിരുത്തപ്പെടണം.
23. മൂല്യനിർണയം തുടർച്ചയും സമഗ്രവുമാവണം.
24. ഓർമ്മ പരിശോധനയുടെ പ്രാധാന്യം കുറക്കണം.
25. ഗ്രഹണം, പ്രയോഗം, നൈപുണി, അഭിഭാവം, ആസ്വാദനം തുടങ്ങിയ മേഖലകൾ പരിരക്ഷിക്കപ്പെടണം.
26. പരീക്ഷ പഠിക്കാൻ പ്രേരിപ്പിക്കുന്നതും രസപ്രദവും പഠന പ്രവർത്തനവുമാവണം.
27. ലോവർ അപ്പർ പ്രൈമറി തലത്തിൽ സ്പെഷലിസ്റ്റ് അധ്യാപകരുടെ കുറവ് സ്കൂൾ അന്തരീക്ഷത്തിലുണ്ടാക്കുന്ന വൈവിധ്യമില്ലായ്മ പരിഹരിക്കാൻ സമ്മർദം വേണം.
28. സ്കൂൾ ലൈബ്രറികളിൽ കൂടുതൽ നല്ല പുസ്തകങ്ങൾ ശേഖരിക്കണം, സഹായം സ്വീകരിക്കാം. ലൈബ്രറി സ്കൂൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ തുറക്കുന്നതിനു സംവിധാനം ഉണ്ടാക്കണം

വിദ്യാലയവിവരങ്ങൾ

ക്രമനം	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അധ്യാപകരുടെഎണ്ണം			സ്ഥാപിതം
			B	G	TOTAL	M	F	TOTAL	
1.	സെന്റ് സേവിയേഴ്സ് കോൺവെന്റ് എൽ. പി.എസ്. മാപ്രാണം.	എയ്ഡഡ്	136	127	263	-	8	8	1905
2	സെന്റ് ജോസഫ്സ് സി.ജി.എച്ച്.എസ് കരുവന്നൂർ.	എയ്ഡഡ്	571	1144	1715	-	41	41	1911
3	സെൻറ് ആന്റണീസ് എൽ.പി. എസ്. മുർക്കനാട്.	എയ്ഡഡ്	121	116	237	1	8	9	1924
4	സെന്റ് ആന്റണീസ് എച്ച്. എസ് മുർക്കനാട്.	എയ്ഡഡ്	396	208	604	6	20	26	1946
5	എം.യു.പി.എസ്. പൊറത്തിശ്ശേരി	എയ്ഡഡ്	484	426	910	6	22	2	1959
6	എച്ച്.എഫ്.എൽ.പി.എസ് കുഴിക്കാട്ടുകോണം.	എയ്ഡഡ്	108	117	225	-	7	7	1964
7	ഹോളി ക്രോസ് എച്ച്.എസ് മാപ്രാണം.	എയ്ഡഡ്	226	211	437	6	14	20	1984
8	എസ്. പി. കെ. സി. എം. എം. ജി യു. പി. എസ്. മാടായിക്കോണം.	സർക്കാർ	231	155	386	2	13	15	1951

കുടിവെള്ളവും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യം

പാരമ്പര്യ വൈദ്യൻമാരേയും മന്ത്രവാദികളേയും രോഗശമനത്തിന് വേണ്ടി സമീപിക്കുന്ന മറ്റേതു കേരളീയ ഗ്രാമങ്ങളേയും പോലുള്ള ഒരു ഭൂതകാലമാണ് പൊറത്തിശ്ശേരിക്ക് ഉണ്ടായിരുന്നത്. ഇരിങ്ങാലക്കുടയിലെ സർക്കാർ ആശുപത്രിയാണ് ഒരു ആധുനിക ചികിത്സ കേന്ദ്രം ഏറ്റവും അടുത്തുണ്ടായിരുന്നത്. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും താഴ്ന്ന സാമ്പത്തികനിലയും ജനങ്ങളുടെ ആരോഗ്യരക്ഷയെ കാര്യമായി ബാധിച്ചിരുന്നു.

1971ൽ പൊറത്തിശ്ശേരി പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരു മുറി ഒഴിവാക്കി ഒരു സർക്കാർ ആയുർവേദ ഡിസ്പൻസറി ആരംഭിച്ചു. അതായിരുന്നു ആദ്യത്തെ ആരോഗ്യകേന്ദ്രം. മാടായിക്കോണം, മൂർക്കനാട്, പൊറത്തിശ്ശേരി, എന്നിവിടങ്ങളിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വാടകകെട്ടിടത്തിൽ തുടങ്ങിയ പൊറത്തിശ്ശേരിയിലെ സ്ഥാപനത്തിന് സ്വന്തം സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ സ്വകാര്യ മേഖലയിൽ രണ്ട് വലിയ ആശുപത്രികൾ പ്രവർത്തിക്കുന്നു. മാപ്രാണത്തുള്ള ലാൽ മെമ്മോറിയൽ ആശുപത്രി ആധുനിക സൗകര്യങ്ങൾ ഉള്ളതാണ്. നാലാം വാർഡിൽ പുത്തൻതോട് പ്രദേശത്ത് സ്പെഷ്യാലിറ്റി എന്ന ഒരു സ്വകാര്യ ആശുപത്രികൂടി പ്രവർത്തിക്കുന്നുണ്ട്. ശിശുരോഗത്തിനാണ് ഇവിടെ പ്രധാനം.

ഔഷധിയുടെ 2 ഷോപ്പുകൾ ETM വൈദ്യശാല, കോട്ടക്കൽ ആര്യവൈദ്യശാല, സുധ ഔഷധ ആയുർവേദശാല എന്നീ ആയുർവേദ ഔഷധ നിർമ്മാണശാലകളുടെ ബ്രാഞ്ചുകൾ ഇവിടെയുണ്ട്. സുധാ ഹെർബൽ പ്രോഡക്ട് എന്ന ഒരു ഔഷധനിർമ്മാണശാലയും പ്രവർത്തിക്കുന്നു. പുത്തൻതോട്, മാപ്രാണകുരിശ്, മാപ്രാണ സെന്റർ എന്നിവിടങ്ങളിലായി മൂന്ന് അലോപ്പതി ഔഷധശാലകളും ഉണ്ട് . ഇതിനും പുറമെ പെട്ടിമരുന്ന് ഉൾപ്പെടെയുള്ള പാരമ്പര്യവൈദ്യശാലകൾ മൂർക്കനാട്, കരുവന്നൂർ, മാപ്രാണം എന്നീ പ്രദേശങ്ങളും ഉണ്ട്.

ഇത്രയും സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആരോഗ്യരക്ഷ തൃപ്തികരമാണെന്ന് പറയാൻ വയ്യ. ഉദരസംബന്ധമായ രോഗങ്ങൾ, നാഡിരോഗങ്ങൾ, സ്ത്രീകളിലെ ഗർഭാശയരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിവയാണ് സാധാരണ കണ്ടുവരുന്നത്. (അവലംബം ആയുർവേദ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്)

1995 96ൽ 450 ജലജന്യമായ രോഗങ്ങളും 356 വായജന്യരോഗങ്ങൾ 255 പ്രാണിജന്യ രോഗങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ച വ്യാധികളാണ്ട 1995 96ലെ ജനനനിരക്ക് 34ഉം മരണ നിരക്ക് 7ഉം ആണ്. (അവലംബം ജനന മരണ രജിസ്റ്റർ) ശരാശരി കുടുംബ വലിപ്പം 4.2

ആണ്. ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. പ്രൈമറി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമല്ല.
2. പ്രതിരോധ പ്രവർത്തനങ്ങൾ പര്യാപ്തമല്ല.
3. കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
4. ഹോമിയോ ചികിത്സാ സമ്പ്രദായം ഈ പഞ്ചായത്തിൽ നിലവിലില്ല.
5. പരിസര ശുചീകരണം വേണ്ടത്ര രീതിയിൽ പുരോഗമിച്ചിട്ടില്ല.
6. ആരോഗ്യ ശുചീകരണ പ്രശ്നങ്ങളിലെ ബോധവൽക്കരണ പരിപാടി പര്യാപ്തമല്ല.

നിർദ്ദേശങ്ങൾ

1. പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുക.
   ആധുനിക ഉപകരണങ്ങൾ X-Ray, ക്ലിനിക്കൽ ലബോറട്ടറി എന്നിവ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
   പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുക.
2. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിയന്ത്രണത്തിൽ പാര മെഡിക്കൽ സംവിധാനം ശക്തിപ്പെടുത്തുക.
3. കുടുംബക്ഷേമകേന്ദ്രത്തിൽ വീടു സന്ദർശനവും ആരോഗ്യബോധവൽക്കരണവും നടത്തുക.,.
4. ആയുർവേദ ഡിസ്പെൻസറി 10 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുക.
5. മാപ്രാണം കേന്ദ്രീകരിച്ച് ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക.
6. പൊതു സ്ഥലങ്ങളിലെ ശുചീകരണത്തിന് പഞ്ചായത്തിൽ നിന്ന് അടിയന്തിരമായി ഏർപ്പാടുകൾ ഉണ്ടാക്കണം. പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഡസ്റ്റ് ബിൻ സമയാസമയങ്ങളിൽ നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.
7. പരിസരമലിനീകരണം ശുചീകരണം എന്നിവയെ സംബന്ധിച്ച് സെമിനാറുകൾ ക്ലാസ്സുകൾ, പ്രദർശനങ്ങൾ എന്നിവ നടത്തുക. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ ചുരുങ്ങിയ ചിലവിലുള്ള E.S.P ടൈപ്പ് കക്കൂസുകൾ ഫൈബർ ഗ്ലാസ്സ് ബൗളുകൾ വെച്ച് വാർത്ത് വിതരണം ചെയ്യുക.
8. നിലവിലുള്ള പൊതു ശ്മശാനങ്ങൾ മതിലുകൾ കെട്ടി സംരക്ഷിക്കുക. പഞ്ചായത്തിൽ പൊതുവായി ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുക.

പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത്
പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1992-93	300	300+10	350	3000
1993-94	450	465	200	3500
1994-95	300	476	300	4000
1995-96	450	356	255	3000



കുടിവെള്ളം

കുടിവെള്ള പ്രശ്നം രൂക്ഷമായ ഒരു പഞ്ചായത്താണ് പൊറുത്തശ്ശേരി സമീപത്തുള്ള ആറു പഞ്ചായത്തുകൾക്കും ഇരിങ്ങലക്കുട മുനിസിപ്പാലിറ്റിക്കും വേണ്ടി, ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ , കേരള വാട്ടർ അതോറിറ്റി നടപ്പാക്കിയിട്ടുള്ള ശുദ്ധജല പദ്ധതിയിൽനിന്നുമാണ് പഞ്ചായത്തിലേക്ക് ശുദ്ധജലം ലഭിക്കുന്നത്. ഇതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള 90 കുതിരശക്തിയുള്ള മോട്ടോർ അടക്കമുള്ള പമ്പിങ്ങ് സ്റ്റേഷൻ പഞ്ചായത്ത് അതിർത്തിയിലുള്ള കരുവന്നൂർ പുഴയിലാണ്. ശുദ്ധികരണശാല പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിലുമാണ് ഉള്ളത്. ഈ പദ്ധതിയിൽ നിന്ന് പഞ്ചായത്തിലേക്ക് ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളു. കുടിവെള്ളമാവശ്യക്കാരുടെ എണ്ണം വർദ്ധിച്ചതും അതനുസരിച്ച് പദ്ധതിക്ക് ശേഷിയില്ലാത്തതുമാണ് ഇതിനു കാരണമായി വാട്ടർ അതോറിറ്റി പറയുന്നത്.

ഈ പദ്ധതിയിൽ പഞ്ചായത്തിൽ 232 ഹൗസ്കണക്ഷനുകളും 125 പെതുടാപ്പുകളുണ്ട്. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ഒരു വിപുലികരണ പദ്ധതി (Augumentation Scheme) ഇപ്പോൾ നടന്നു വരുന്നുണ്ട്. ഇത് പൂർത്തിയാകുന്നതോടെ പ്രശ്നത്തിന് കുറച്ചൊക്കെ പരിഹാരമാവുമെന്നാണ് കരുതുന്നത്.

പഞ്ചായത്തിലാകെ 7915 വീടുകൾ ഉള്ളതിൽ 4660 എണ്ണത്തിൽ മാത്രം കിണർ ഉള്ളത്. കൂടാതെ 58 പൊതുകിണറുകളും 50 സ്വകാര്യ കുഴൽകിണറുകളും 16 പൊതുകുഴൽ കിണറുകളുമുണ്ട്. കുഴൽ കിണറുകളിൽ പലതിലും ശുദ്ധജലമില്ല. ശാസ്ത്രീയമായ പഠനത്തിൻറെയും നിഗമനത്തിൻറേയും അടിസ്ഥാനത്തിലല്ല കുഴൽ കിണറുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുത്.

1995-96ൽ മാത്രം പഞ്ചായത്തിൽ.... പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ പൊതു കിണറുകളിൽ ഒട്ടുമിക്കതും വേനൽക്കാലത്ത് 4-5 മാസക്കാലം ശുദ്ധജലം ലഭിക്കുന്നില്ല. പഞ്ചായത്തിലെ ഒട്ടുമിക്ക കോളനികളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നില്ല

കുടിവെള്ള പ്രശ്നം

1. നിലവിലുള്ള K.W.A സ്കീമിൽ നിന്ന് ലഭിക്കുന്ന വെള്ളം പഞ്ചായത്താവശ്യത്തിന് പര്യാപ്തമല്ല. വിതരണത്തിന് ഉപയോഗിക്കുന്ന പൈപ്പിൻറെ വ്യാസകുറവുമൂലം മതിയായ അളവിൽ ലഭ്യമായ സമയത്തുപോലും കിട്ടുന്നില്ല.

2. പൈപ്പുകളിൽ ലഭിക്കുന്നത് ചില സമയങ്ങളിൽ മലിന ജലമാണ്. മറ്റു ചിലപ്പോൾ ശുദ്ധീകരിക്കാൻ അധികമായി ക്ലോറിൻ പൗഡർ ഉപയോഗിക്കുന്നതിനാൽ വെള്ളം കുടിക്കാനായി കഴിയുന്നില്ല..

വാർഡ് തിരിച്ച് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് 1
ഹൈസ്കൂൾ റോഡ് 1000 മീ
കിഴക്കേ അങ്ങാടി 900 മീ
മയ്യാർ ആറാട്ടുകടവ് 400 മീ
കരുവന്നൂർ സൗത്ത് ബണ്ട് 2 കി.മി.

മേൽ സൂചിപ്പിച്ച പ്രദേശത്ത് കിണറുകളിൽ വെള്ളം ലഭ്യമാണെങ്കിലും വേനൽക്കാലത്ത് 4, 5 മാസക്കാലം ചോലവെള്ളം കാണപ്പെടുന്നു. കുടിക്കാൻ യോഗ്യമല്ല.

വാർഡ് 2
ബംഗ്ലാവ് പരിസരം ഇലട്രിസിറ്റി ബോർഡിന്റെ പരിസരം ജനതാകോളനി പരിസരം.

വാർഡ് 4
നായ്ക്കൻ കൂടാരം കോളനി പരിസരം പള്ളിയുടെ പടിഞ്ഞാറുഭാഗം, പഞ്ചിക്കാട്ടു റോഡ് പടിഞ്ഞാറുവശം, തേലപ്പിള്ളി കുന്നിക്കുരു താഴം ഏരിയ, കോഴിച്ചിറ പരിസരം.

വാർഡ് 5
4 സെന്റ് കോളനി, വാതിൽ മഠം, തളിയക്കോണം സ്റ്റേഡിയം പരിസരം, പൊറത്തിശ്ശേരി കുന്ന് പ്രദേശം, തളിയക്കോണം കുന്നു കോളനി.

വാർഡ് 6
ചെമ്മണ്ടകുന്ന് പൊറത്തിശ്ശേരി പ്രദേശം

വാർഡ് 7
ഏതാണ്ടെല്ലാ പ്രദേശത്തും കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്നു.

ഉദ: കാരുകുളങ്ങര, കോലുകുളം വട്ടപ്പറമ്പിൽ മൂല, കിങ്ങ് മൂല, എമ്പ്രാന്തിരി മൂല, ഹെൽത്ത് സെന്റർ

വാർഡ് 8
വാട്ടർ ടാങ്ക് പരിസരം പള്ളിക്കാട് ഭാഗം, പൊറത്തിശ്ശേരി 3 സെന്റ് കോളനി, സുഭാഷ് നഗർ 4 സെന്റ് കോളനി.

വാർഡ് 9
കോക്കാനിക്കാട്, കാട്ടുങ്ങച്ചിറ പള്ളിക്കാട് റോഡ് പരിസരം, ലക്ഷംവീട് കോളനി പരിസരം, മാപ്രാണം ബ്ലോക്ക് സെന്റർ പരിസരം, മിച്ചഭൂമി കോളനി.

വാർഡ് 10
കുറുപ്പം റോഡ് പള്ളി പരിസരം

വാർഡ് 11
ചർച്ച് റോഡ് പരിസരം, സ്കൂൾ പരിസരം (ഇവിടെയുള്ള 15 വീടുകൾക്ക് ഏറെ ദൂരം നടക്കേണ്ടിവരുന്നു) കുഴിക്കാട്ടുകോണം കോളനി റോഡ് പരിസരം.

വാർഡ് 12
നമ്പ്യാൻകാവ് കുന്ന്, കുഴിക്കാട്ട് കോണം ഹരിജൻ കോളനി, റേഷൻക്കട പരിസരം.

കുടിവെള്ളം

സാധ്യതകൾ

1. ഇരിങ്ങാലക്കുട ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി (Augumentation Scheme) നടന്നുവരുന്നുണ്ട്. പ്രവർത്തനം ഏകദേശം 60% പൂർത്തിയായിട്ടുണ്ട്. പുതിയ പദ്ധതി നടപ്പിൽ വരുമ്പോൾ പഞ്ചായത്തിലുള്ള ജലവിതരണം മെച്ചപ്പെടുത്താമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിയുടെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം.

നിലവിലുള്ള 150 mm പൈപ്പ്ലൈനിനു പകരം പുതിയതായി ഒരു ഗ്രാവിറ്റിലൈൻ (ട്രാൻസ്മിഷൻ) ഇരിങ്ങാലക്കുട ശുദ്ധീകരണശാലയിൽനിന്ന് കൂടുതൽ വ്യാസമുള്ള പൈപ്പ് പഞ്ചായത്തിലേക്ക് നീട്ടി നിലവിലുള്ള ലൈനുമായി ബന്ധിപ്പിച്ചു കൂടുതൽ കാര്യക്ഷമമായി ശുദ്ധജലമെത്തിക്കാനാവും. നിലവിലുള്ള വിപുലീകരണ പദ്ധതിയിൽ ഈ പുതിയ ലൈൻ നടപ്പാക്കാൻ (Augumentation) പദ്ധതിയിൽ ഉൾപ്പെടുത്തണം.

2. പഞ്ചായത്തിൽ കുടിവെള്ളക്ഷാമം വ്യാപകമായിതന്നെ അനുഭവപ്പെടുന്നു. ഇതു പരിഹരിക്കുന്നതിനായി ഒരു ഇടത്തരം ജലവിതരണ പദ്ധതി നടപ്പാക്കാവുന്നതാണ്. കരുവന്നൂർ പുഴയിലെ ചേലക്കടവിൽ ഒരു പമ്പിങ്ങ് സ്റ്റേഷൻ സ്ഥാപിച്ച് പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ ചെമ്മണ്ടകുന്നിൽ ടാങ്കും ശുദ്ധീകരണശാലയും സ്ഥാപിച്ചാൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തിലും

കുടിവെള്ളക്ഷാമം ഇല്ലാതാകും. ഇതിനാവശ്യമായ വിദഗ്ദോപദേശസഹായം കേരള വാട്ടർ അതോറിറ്റിയുടെ Investigation & Planning Department ലഭ്യമാക്കണം.

3. നിലവിലുള്ള പൊതുകുളങ്ങളും പൊതുകിണറുകളും വലിയ സ്വകാര്യ കുളങ്ങളും വൃത്തിയാക്കി ശുദ്ധജലവിതരണത്തിനും തയ്യാറാക്കുക. കോളനികളിലും മറ്റും ചെറിയ ശുദ്ധജലപദ്ധതിയാകാവുന്നതാണ്. ഇവയുടെ പരിപാലന ചുമതല ഗുണഭോക്താക്കളായ പ്രാദേശിക സമിതികൾക്ക് വിട്ടുകൊടുക്കണം.

ഉടൻ ചെയ്തുതീർക്കാവുന്ന മുഴുവൻ കുടിവെള്ള ജല സ്രോതസ്സുകൾ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിനേറ്റു ചെയ്യുക. കേടുവന്ന ടാപ്പുകളും കുഴൽ കിണറുകളും അറ്റകുറ്റപണിനടത്തുക.

മുഴുവൻ പൊതു കിണറും ചെളിനീക്കി ആഴം കൂട്ടേണ്ടവ കൂട്ടിയും സംരക്ഷിച്ച് ഉപയോഗ്യമാക്കുക.

4) യാതൊരു നിയന്ത്രണവും ഇല്ലാതെ കുഴൽ കിണർ നിർമ്മിക്കപ്പെടുന്നുണ്ട്. ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വേണം സാധ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുവാൻ.

5) കുടിനീർ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ഭൂപരിധി നോക്കാതെ തയ്യാറുള്ള മുഴുവൻ പേർക്കും കിണർ കുഴിക്കാൻ സഹായം നൽകുക.

6) പഞ്ചായത്തിൽ 7-ാം വാർഡിൽ വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ ഒന്നും ഇല്ല. കുടിവെള്ളക്ഷാമം രൂക്ഷമായ കാരുകുളങ്ങര, കോലുകളം, വട്ടപ്പറമ്പിൽ മൂല, കിങ്ങ് മൂല, എമ്പ്രാന്തിരി മൂല, ഹെൽത്ത് സെന്റർ പരിസരം എന്നീ പ്രദേശങ്ങളിൽ 7-ാം വാർഡിൽ തന്നെയുള്ള രണ്ടു പൊതുകുളങ്ങൾ വൃത്തിയാക്കി സംരക്ഷിച്ച് കുടിവെള്ളം ലഭ്യമാക്കുക.

7) നിലവിലുള്ള പൈപ്പ് ലൈനിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വാർഡുകളുടെ എല്ലാ ഭാഗത്തും ശുദ്ധജലം എത്തിക്കണം.

8) ചിറത്തിണ്ട് (9-ാം) വാർഡിൽ ഹരിജൻ കോളനി മിച്ചഭൂമി എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥാപിക്കുക. പൈപ്പ് ലൈൻ എത്തിക്കുക.

9) പൊതുടാപ്പുകൾ നിലവിലുള്ളതിനെപറ്റി ഒരു പഠനം നടത്തി അവയുടെ സ്ഥാനം ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം എന്നിവ കണക്കിലെടുത്ത് ആവശ്യമായ മാറ്റം വരുത്തണം. നിലവിലുള്ള ലൈനിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വാട്ടർ കണക്ഷൻ, പൊതുടാപ്പ് എന്നിവയുടെഎണ്ണം വർദ്ധിപ്പിക്കുക.

നാന്ദിയാവുകയും ചെയ്തത്.

നമ്മുടെ ഗ്രമത്തിന്റെ ആവശ്യങ്ങളും സാദ്ധ്യതകളും പോരായ്മകളും തിരിച്ചറിഞ്ഞ് മുൻഗണനാക്രമത്തിൽ ഹദ്ധതികൾക്ക് വിഭാവം സ്വയം



പാർപ്പിടവും സാമൂഹികക്ഷേമവും

സാമൂഹ്യക്ഷേമം.

കാർഷികവൃത്തി ഉപജീവനമാർഗ്ഗമാക്കി ജീവിക്കുന്നവർക്ക് ഭൂരിപക്ഷമുള്ള പൊറത്തിശ്ശേരിയിൽ സർക്കാർ കണക്ക് പ്രകാരം ദാരിദ്ര്യരേഖക്ക് താഴേയുള്ള 30 % ജനങ്ങൾ അധിവസിക്കുന്നു. മൊത്തം ജനസംഖ്യയിൽ 15,325 സ്ത്രീകളും , 13,693 പുരുഷന്മാരുമാണ് ഉള്ളത്. പഞ്ചായത്തിൽ സ്ത്രീകളുടെ ജനസംഖ്യ പുരുഷന്മാരേക്കാൾ കൂടുതലാണ്.

തൊഴിൽ മേഖലയിലെ വിതരണക്രമം പരിശോധിച്ചാൽ ഭൂരിഭാഗം പേരും കാർഷിക മേഖലയിലാണ് തൊഴിൽ എടുക്കുന്നത്. ഇവരിൽ തന്നെ കാർഷിക തൊഴിലാളികളും, ദരിദ്രകർഷകരുമാണ് ഭൂരിപക്ഷവും. വ്യവസായമേഖലയിൽ തൊഴിൽ ലഭിച്ചിരുന്ന പഞ്ചായത്തിലെ ഓട് വ്യവസായം തകർന്നതുമൂലം ഇവർകൂടി കാർഷികമേഖലയിലേക്ക് പുതുതായി കടന്ന് വന്നിരിക്കുകയാണ്. വിവിധ സേവന മേഖലകളിൽ തൊഴിൽ എടുക്കുന്നവരായി 746 പേരാണ് ഉള്ളത്. ഗൾഫ് നാടുകളിൽ ജോലി എടുക്കുന്നവരുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ മിക്ക വീടുകളിൽ നിന്നും ഗൾഫിൽ പണി എടുക്കുന്നവരുണ്ട്. എന്നാൽ ഇവരുടെസമ്പാദ്യം പ്രത്യുൽപ്പാദനപരമല്ലാത്ത വീടുകളിലും, കോൺക്രീറ്റ് മന്ദിരങ്ങളിലും ഒതുങ്ങി നിൽക്കുന്നു.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 4066 ആണ്. ഇവർ വിദ്യഭ്യാസപരമായി ഉയർന്ന നിലവാരമോ സാമൂഹിക ഉയർച്ചയോ വേണ്ടത്ര നേടിയിട്ടില്ല.

പഞ്ചായത്തിൽ 60 വയസ്സിന് മുകളിലുള്ളവരുടെ കൃത്യമായ ജനസംഖ്യ ലഭ്യമല്ല. എങ്കിലും ഏകദേശം മൊത്തം ജനസംഖ്യയുടെ 30% 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. കാർഷിക മേഖലയിലും, വ്യവസായ മേഖലയിലും പണി എടുക്കുന്നവർ ധാരാളമുള്ള പഞ്ചായത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഉയർന്ന പരിഗണന നൽകേണ്ടതുണ്ട്. പഞ്ചായത്ത് അതിന്റെ ബഡ്ജറ്റിൽ സാമൂഹ്യക്ഷേമത്തിന് നീക്കി വയ്ക്കുന്ന വിഹിതം പരിശോധിച്ചാൽ തീർത്തും അപര്യാപ്തമാണ് എന്നകാര്യം നമുക്ക് ബോധ്യപ്പെടും.

വിവിധ സാമൂഹികക്ഷേമപ്രവർത്തനം നടത്തുന്ന ഏജൻസികളെ പരിശോധിക്കാം.

സർക്കാർ തലത്തിൽ

സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾ പഞ്ചായത്തിലും നടത്തുന്നുണ്ട്. എന്നാൽ ഏകോപിച്ച പ്രവർത്തനത്തിന്റെ അഭാവം കൊണ്ട് തന്നെ ഇവ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല. എത്രപേർക്ക് ഈ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നു എന്നതിന് വ്യക്തമായ കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമല്ല.

വിവിധ പെൻഷനുകൾ.

അഗതി, വിധവ, വികലാംഗ, വാർദ്ധക്യ, കർഷക തൊഴിലാളി എന്നീ പെൻഷനുകളും തൊഴിലില്ലായ്മ വേതനവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. എന്നാൽ ഇവ ലഭിക്കേണ്ടവരുടെ പട്ടികയും, ലഭിക്കുന്നവരുടെ പട്ടികയും പരിശോനിച്ചാൽ കുറെ കൂടിപേർക്ക് അടിയന്തിരമായി ഈ പെൻഷനുകൾ ലഭിക്കേണ്ടതുണ്ട് എന്നു കാണാം.

സർക്കാർ പെൻഷനുകളുടെ വിതരണത്തിലുള്ള കൃത്യമില്ലായ്മ ഗുണഭോക്താക്കളെ

വിവിധ പെൻഷനുകൾ – 1995 – 1996

വില്ലേജ്	അഗതി	വിവിധ	വികലാംഗ	വാർദ്ധ്യകും	അവശ കലാകാരൻ	ക്ഷയരോഗി പെൻഷൻ	കാൻസർ രോഗി	കർഷക തൊഴിൽ	തൊഴിലില്ലായ്മ വേതനം
പൊറത്തിശ്ശേരി	–	60	52	90	–	9	6	59	67
മാടായിക്കോണം	–	1	–	7	1	1	–	42	58
ഇഴിങ്ങാലക്കുട റൂറൽ	2	3	8	19	2	3	2	23	24

വലിയൊരളവ് വിഷമിപ്പിക്കുന്നുണ്ട്. പഞ്ചായത്തിൽ വിവിധ ക്ഷേമ പെൻഷൻ ലഭിക്കുന്ന വരുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടികയിൽ പെട്ടിട്ടുള്ള പെൻഷനുകൾക്ക് പുറമേ നിർമ്മാണതൊഴിലാളി, ടൈലറിങ്ങ് തുടങ്ങി ക്ഷേമപദ്ധതികളിലും പഞ്ചായത്തിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ഇവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

സ്ഥാപനങ്ങൾ

പൊറത്തിശ്ശേരിയിൽ വൃദ്ധൻമാർക്കും, നിരാലംബർക്കും ഉള്ള അഭയഭവൻ, കരുവന്നൂർ സെന്റ് ജോസഫ് ഹോളി കോൺമെന്റ്, ഹോളി എഞ്ചൽസ് കോൺവെന്റ് എന്നീ കോൺവെന്റ് കളുടെ നേതൃത്വത്തിൽ പെൺകുട്ടികൾക്കായുള്ള 2 അനാഥാലയങ്ങൾ, കുഴിക്കാട്ടുക്കോണം കോൺവെന്റിനോട് അനുബന്ധിച്ച് ഒരു അനാഥശാല എന്നീ രീതിയിൽ പഞ്ചായത്തിൽ സാമൂഹ്യക്ഷേമം മുൻനിർത്തി അനാഥശാലകൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം തന്നെ ക്രിസ്ത്യൻ മിഷനറികളുടെയാണ്. വിവിധ പള്ളികൾ സാമൂഹ്യക്ഷേമം മുൻനിർത്തി ദുർബലവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് ധന സഹായം നൽകിവരുന്നുണ്ട്.

അംഗൻവാടികൾ

പഞ്ചായത്തിൽ ആകെ 27 അംഗൻവാടികളുണ്ട്. ഈ അംഗൻവാടികൾ പലതിനും കെട്ടിടം ഇല്ലായ്മയും, വേണ്ടത്ര കളികോപ്പുകൾ ഇല്ലായ്മയുടേയും പ്രശ്നങ്ങളുണ്ട്.

പഞ്ചായത്തിലെ അംഗൻവാടികളിലെ കണക്ക് അനുസരിച്ച് 1–2 വയസ്സും വരെ 391 കുട്ടികളും, 2–3 വയസ്സ്വരെ 450 കുട്ടികളും, 3–5 വയസ്സ് വരെ 759 കുട്ടികളുമാണ് ഉള്ളത്. 1995 –96 ൽ പഞ്ചായത്തിൽ ആകെ 288 ഗർഭിണി കളുമുണ്ട്. ഇവർക്ക് ആവശ്യമായ പരിശോധന നടത്തുവാൻ മാതൃശിശുസമിതികൾക്ക് കഴിയുന്നില്ല. അംഗൻവാടികളുടെ ആരോഗ്യ രംഗത്തെ പ്രവർത്തനം തൃപ്തികരമല്ല എന്ന് കാണാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഇല്ല.

പ്രശ്നങ്ങൾ

* ദാരിദ്രനിർമാർജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.

* IRDP ലിസ്റ്റിൽ അനർഹമായ കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്ന അവസ്ഥ അതുവഴി അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത സ്ഥിതി.

* ഇടത്തട്ടുക്കാരുടെ ചൂഷണം

* പദ്ധതിവിവരം പലർക്കും അറിയില്ല. വിവരം ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതികൾ.

* കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.

* പൊറത്തിശ്ശേരി പഞ്ചായത്തിൽ 977 കുട്ടികൾ (അവലംബം പഞ്ചായത്ത് ഭവന റജിസ്റ്റർ) ഉണ്ട്. ഇതിനു പുറമെ 700 ൽ അധികം ഭവനരഹിതർ പഞ്ചായത്തിന്റെ പല പ്രദേശത്തായി താമസിച്ചു വരുന്നു. അവശത അനുഭവിക്കുന്ന ഇവരുടെ പ്രശ്നം രൂക്ഷമാകുന്നു.

* മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വർദ്ധിച്ചുവരുന്ന ഉപയോഗാസക്തി.

* ദുർബ്ബല വിഭാഗത്തിലെ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കൽ.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഓലമേഞ്ഞ കുടിലുകൾ നവീകരിക്കുന്നതിന് സാമൂഹ്യ പ്രവർത്തകരുടെയും സംഘടനകളുടെയും സഹകരണത്തോടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

2. നിർദ്ധനരായ ഭവന രഹിതർക്ക് സൗജന്യമായി പാർപ്പിടങ്ങൾ നിർമ്മിച്ച് കൊടുക്കുക.

3. IRDP ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി തയ്യാറാക്കി നടപ്പിലാക്കുക

4. പദ്ധതികൾക്കായി 10-15 പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.

5. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാക്കാനുള്ള പരിപാടികൾ

6. ധനസഹായപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള ജനകീയ സംവിധാനം.

7. ഗുണ ഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തൽ.

8. മഹിളാസമാജ ങ്ങൾ ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം - പ്രതിരോധചികിത്സ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുക.

9. ഗ്രാമീണ ബാങ്കിങ്ങ് മാതൃകയിൽ വനിതകൾക്കടക്കമുള്ള സ്വയം തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കൽ.

10. ദുർബലജനവിഭാഗത്തിലെ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കാൻ വൃദ്ധനിലയങ്ങളും അനാഥ മന്ദിരങ്ങളും സാമൂഹ്യ സംഘടകളുടെ സഹകരണത്തോടെ നടപ്പിലാക്കുക.

11. അവശ വിഭാഗങ്ങൾക്ക് താഴെ പറയുന്ന സഹായങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക.

a) അംഗവൈകല്യമുള്ളവർക്ക്, വൈകല്യനിവാരണ ഉപകരണങ്ങൾ

b) ക്ഷയം, കാൻസർ, തുടങ്ങിയ മാരകരോഗങ്ങൾ ക്ക് ചികിത്സസഹായം

c) ഗർഭണികളായ നിർദ്ദനർക്ക് പ്രസവാനുകൂല്യം

d) മാതാപിതാക്കൾ നഷ്ടപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം കാലോചിതമായി പരിഷ്കരിച്ച് വിവാഹത്തിനു മുൻപ് ലഭിക്കത്തക്കവിധം ചട്ടങ്ങൾ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക.

e) ജീവനോപാധിക്ക് വരുമാനം ഉണ്ടാക്കുന്ന കുടുംബാഗങ്ങൾ മരിച്ചുപോയാൽ പ്രസ്തുത കുടുംബാംഗങ്ങൾക്ക് ഗണ്യമായ ധനസഹായം ലഭ്യമാക്കുക.

f) പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഗ്രാമീണർ ഇൻഷ്യൂറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുക.

g) ദുർബല വിഭാഗങ്ങളിലെ വിധവകൾക്കും വയോവൃദ്ധർക്കും ഉപാധികളില്ലാതെ വൈദ്യസഹായം ലഭ്യമാക്കുക.

12. അംഗൻ വാടികളിലെ കുട്ടികളുടെ മാനസികോല്ലാസത്തിനും ബുദ്ധിവളർച്ചക്കും ഉതകുന്ന വിധത്തിൽ കളികോപ്പുകൾ ലഭ്യമാക്കുക. പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുകയും ശിശുക്കളിൽ സ്വതന്ത്ര മാനസിക വ്യാപനം നടത്തുന്നതിനുതകുന്ന രീതിയിലുള്ള പരിശീനവും നൽകുക.

13. മദ്യത്തിനും മയക്കുമരുന്നിനും എതിരെ ഫലപ്രദമായ പ്രചാരണങ്ങൾ സംഘടിപ്പിക്കുക.



പാർപ്പിടം

പൊറത്തിശ്ശേരി, മാടായിക്കോണം, ഇരിങ്ങാലക്കുട എന്നീ വില്ലേജുകളിൽ വ്യാപിച്ചു കിടക്കുന്നതാണ് ഈ പഞ്ചായത്ത്. ഇടത്തരക്കാർക്കും, തൊഴിലാളികൾക്കും മുൻതൂക്കമുള്ള ഈ പഞ്ചായത്തിലെ ജനസമുദായത്തിൽ സമ്പന്നവിഭാഗം കുറവല്ല. ഗൾഫ് മേഖലയിൽ നിന്ന് പണത്തിന്റെ മോശമല്ലാത്ത വിധത്തിലുള്ള സ്വാധീനം ഇവിടെ ഉണ്ട്. ഈ പണം കൂടുതലായും കോൺക്രീറ്റ് സൗധങ്ങൾ പണിയുന്നതിനായാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ ഗണ്യമായ വിഭാഗം എന്നുള്ളതുകൊണ്ട് കൂടിലുകളും ഇടത്തരം വീടുകളും ധാരാളമുണ്ട്. തൊഴിലാളികളിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളും, നിർമ്മാണതൊഴിലാളികളും ആണ്.

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 7915 ആണ്. അതിൽ പാർപ്പിടമായി ഉപയോഗിക്കുന്നത് 6845 ആണ്. അതിൽ ഒന്നിൽകൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ 30% ഉം കോൺക്രീറ്റ് കെട്ടിടങ്ങൾ 1580ഉം ഓടിട്ടത് 3981ഉം ഓലമേഞ്ഞത് 977ഉം ആണ്. മൊത്തം ജനസംഖ്യയിൽ 720 പേർ ഭവനരഹിതരാണ്. (വിശദവിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന പട്ടിക കാണുക)

ബഹുനിലകെട്ടിടങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറി കിടക്കുന്നു. കൃഷിഭൂമി നികത്തി വീടു വെക്കുന്ന പ്രവണത കൂടി കൂടി വരുന്നുണ്ട്. അതുകൊണ്ട് തന്നെ കൃഷിഭൂമിയുടെ വ്യാപ്തി കുറഞ്ഞു വരുന്നു.

പരമ്പരാഗത വാസ്തു വിദ്യയും, ആധുനിക വാസ്തു വിദ്യയും ചേർന്ന ശൈലിയാണ് കൂടുതലും, ഭവന നിർമ്മാണരംഗത്ത് ഉപയോഗിക്കുന്നത്. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹായം വേണ്ടത്ര പഞ്ചായത്തിൽ ലഭ്യമല്ല. ഇതിൽ സാധാരണക്കാരന് ഈ വായ്പകൾ ലഭിയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ. വായ്പാ പദ്ധതികളുടെ നൂലാമാലകൾകൊണ്ട് വളരെ വിരളമാണ്. ഈ പദ്ധതികളുടെ പ്രയോജനം സാധാരണക്കാരന് ലഭ്യമായ തോതിൽ ലഘൂകരിക്കേണ്ടതാണ്.

ഭവന നിർമ്മാണം

പ്രശ്നങ്ങൾ

നിർമ്മാണ സാമഗ്രികളുടെ വർദ്ധകുറവും അമിതമായ വിലയും.

ചിലവ് കുറഞ്ഞ വാസ്തുശില്പ വിദ്യ ലഭിക്കുന്നതിനുള്ള പ്രയാസം, ഇത് ഉപയോഗപ്പെടുത്തുന്നതിനുള്ള വൈമനസ്യം.

ഭവന നിർമ്മാണ വായ്പകളുടെ അപര്യാപ്തതയും, അശാസ്ത്രീയ വിതരണ സമ്പ്രദായവും.

ഭവന നിർമ്മാണ വായ്പക്കുള്ള ഈടു വ്യവസ്ഥകളുടെ നൂലാമാലകൾ.

വായ്പ പലിശ നിരക്കിന്റെ അമിതഭാരം.

ഭവന നിർമ്മാണത്തിന് ഉപയുക്തമായ ഭൂമിയുടെ ലഭ്യകുറവ്.

നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സിവിൽ സപ്ലൈകോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംവിധാനം ഏർപ്പെടുത്തുക.
2. ചിലവ് കുറഞ്ഞ വാസ്തുശില്പവിദ്യ ലഭ്യമാ

ക്കുകയും ഇതിന്റെ സാദ്ധ്യതകൾക്ക് വിപുലമായ തോതിൽ പ്രചരണം നടത്തുകയും ചെയ്യുക.

3. a, വിവിധ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്ത് വഴി മാത്രമാക്കുക.

b. വായ്പകൾ സർവ്വീസ് സഹകരണ സംഘം വഴി വിതരണം ചെയ്യുന്നതിനും. തിരിച്ച് അടവിനും സംവിധാനം ഏർപ്പെടുത്തണം.

c. വായ്പകൾക്ക് കുറഞ്ഞ പലിശ നിരക്ക് നിശ്ചയിക്കുക.

d. സർക്കാർ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭവന നിർമ്മാണ വായ്പ റജിസ്ട്രേഷൻ ഫീസ് എന്നിവ പൂർണ്ണമായും ഒഴിവാക്കുക.

e. വായ്പാ വിതരണസമ്പ്രദായത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

4. പ്ലോട്ട് സമ്പ്രദായത്തിൽ ഭൂമിസംഭരിച്ച് കെട്ടിടസമുഛയങ്ങൾ നിർമ്മിച്ച് വില ഈടാക്കി വിതരണം നടത്തുക.

5. അഞ്ച് ലക്ഷത്തിലധികം നിർമ്മാണ ചിലവ് വരുന്ന വീടുകൾക്ക് നിശ്ചിതതോതിൽ സെസ്സ്, ചുമത്തി ദുർബ്ബല വിഭാഗങ്ങളുടെ കുടിലുകൾ പുനരുദ്ധരിയ്ക്കുന്നതിന് വിഭവശേഷി സംഭരിക്കുക.

6. ഭവന രഹിതരായ നിർദ്ധനർക്ക് ഭൂമി സംഭരിച്ച് പാർപ്പിടം പണിതു കൊടുക്കുവാൻ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

7. ചിലവു കുറഞ്ഞ വാസ്തു ശില്പ വിദ്യ നടപ്പിലാക്കുന്ന വിദഗ്ദ തൊഴിലാളികൾക്ക് പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.



സംസ്ക്കാരം

കാർഷിക വൃത്തിയുമായി ഇടപഴകിയ ഒരു ജന സമൂഹമാണ് എന്നുള്ളതുകൊണ്ട് കാർഷികമേ ഖലയുമായി ബന്ധപ്പെട്ട ഒരു സാംസ്ക്കാരിക പൈതൃകമാണ് പൊറത്തിശ്ശേരിക്കുള്ളത്. നാടൻ പാട്ടുകൾ, ഞാറ്റു പാട്ടുകൾ, തേക്ക് പാട്ടുകൾ എന്നിവ കൊണ്ട് ഗതകാലം സമൃദ്ധമായിരുന്നു. ഫ്യൂഡൽകാലഘട്ടങ്ങളുടെ ശിഷ്ടമായി തുയലുണർത്തുപാട്ട് കുറത്തിപാട്ട്, നന്തുണിപാട്ട് എന്നിവയും ദൈവാരാധനപ്രധാനമായ തോറ്റംപാട്ട്, ഭഗവതിപാട്ട്, കളംപാട്ട് എന്നിവയും വളരെ പ്രധാനമാണ്. തുയലുണർത്ത് കുറത്തി എന്നിവ പാണർസമുദായക്കാരും, നന്തുണിപാട്ട്, തോറ്റംപാട്ട്, ഭഗവതി പാട്ട് എന്നിവ വേല (മണ്ണാൻ) സമുദായക്കാരാണ് നടത്തിയിരുന്നത്. കാലത്തിന്റെ കുത്തിയൊഴുക്കിൽ കടപുഴങ്ങിപൊയ്ക്കൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങളെ നിലനിർത്തേണ്ടത് ആവശ്യമാണ്. വാമൊഴിയായി പ്രചരിച്ചിരുന ഈ ഗാനസമ്പത്തുകളെ നഷ്ടപ്പെടാതെ വരും തലമുറകൾക്ക് കൈമാറേണ്ടതാണ്.

ഭഗവതി ക്ഷേത്രത്തിലെ വേല കളുടെ ഭാഗമായി ധാരികൾ കാളി, കുതിരകളി എന്നിവ അനുഷ്ഠാനം എന്ന നിലയിൽ പ്രദർശിപ്പിക്കുന്നു.

നാടൻ പാട്ടുകൾ, ഞാറ്റ് പാട്ടുകൾ, തേക്ക് പാട്ടുകൾ എന്നിവ വിസ്മൃതമായികൊണ്ടിരിക്കുന്നു. ഇവയെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ്.

മതവും സംസ്ക്കാരവും

കേരളത്തിലെ മറ്റനേകം ഗ്രാമങ്ങളെപ്പോലെ നാനത്വത്തിൽ ഏകത്വം നിലനിർത്തിപ്പോരുന്ന ഒരു ഗ്രാമമാണിത്. ജനങ്ങൾ തമ്മിൽ സൗഹാർദ്ദവും സഹവർത്തിത്വവും സമാധാനജീവിതവും സ്നേഹോദിതമായ ഉദ്ഗ്രഥനതന്തുവായി നിലകൊള്ളുന്നു. ജനങ്ങളിൽ മഹാഭൂരിപക്ഷം വരുന്ന ഹിന്ദുക്കളും റോമൻ കത്തോലിക്കരും ഇസ്ലാം മതാനുയായികളും ഇടകലർന്ന് ഏകോദര സഹോദരങ്ങളായി ജീവിക്കുന്നു.

തൊഴിൽപരമായ ജാതീയ ഭിന്നതകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ മത വിഭാഗങ്ങൾക്കും ആരാധനാലയങ്ങൾ ഈ പഞ്ചായത്തിൽ നിലനില്ക്കുന്നുണ്ട്.

1. വെട്ടുകുന്നത്തുകാവ് ഭഗവതി ക്ഷേത്രം

ഏകദേശം ആയിരം വർഷത്തെ പഴക്കം ഉണ്ടെന്ന് പറയുന്ന ഈ ക്ഷേത്രം ഭക്തന്മാരുടെ ആശ്വാസകേന്ദ്രമാണ്. മേടമാസത്തിലെ ഭരണി നാളിൽ വേല നടത്തുന്നു. ആനയെ എഴുന്നള്ളിച്ച് പഞ്ചാരിമേളത്തോടെ ക്ഷേത്രപ്രദിക്ഷണം നടത്തുന്നു. രാത്രി പഞ്ചവാദ്യത്തോടെ. പുറത്തേക്ക് എഴുന്നള്ളിച്ച് പാണ്ടി മേളത്തോടെ അവസാനിക്കുന്നു. പിറ്റേ ദിവസം പുലയൻ, പറയൻ തുടങ്ങിയ അടിസ്ഥാനവർഗ്ഗക്കാരുടെ ഉത്സവമാണ്. കാളകളി, കുതിരകളി, ദാരികൻ കളി, മുടിയാട്ടം തുടങ്ങിയവയാണ് ഉണ്ടാവുക. ആദ്യകാലങ്ങളിൽ ഈഴവർ, ആശാരിമാർ, പടന്ന സമു

ദായത്തിൽപെട്ടവർ എന്നിവർആഘോഷപൂർവ്വം തട്ടി മേൽ കയറുകയും തട്ടിമേൽ ഐവർകളി നടത്തുകയും ചെയ്തിരുന്നു. ഇപ്പോൾ ഈ ചടങ്ങ് നടക്കുന്നില്ല. തുലാമാസത്തിലെ ഓണം നാളിൽ പോത്തിനെ ഓടിച്ച് പോത്തോട്ടം നടത്തുന്ന കൗതുകകരമായ ചടങ്ങും ഇവിടെയുണ്ട്. തലപ്പുലയനായ (വള്ളോൻ) കൽതൂണിൽ (പോത്തോട്ടകല്ല്) കയറി ചുരുട്ടും (നെല്പറ്റ) നാളികേരവും വെച്ച് അതിൻമേൽ ഓലക്കുടയും ചൂടി ഇരിക്കുന്നു. അതിനു ശേഷം ഓടിക്കുന്ന പോത്തിനെ കല്ലിനു ചുറ്റും ഓടിക്കുന്നു. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഓരു ചടങ്ങായി ഇതിനെ കാണാവുന്നതാണ്.

2. മൂർക്കനാട്ട് ശിവക്ഷേത്രം

കൊച്ചിൻ ദേവസ്വം ബോർഡും ക്ഷേത്ര സമിതിയും കൂടി ഭരണം നടത്തുന്നു. രണ്ട് ശിവന്മാരുടെ പ്രതിഷ്ഠ ഇവിടത്തെ സവിശേഷതയാണ്. ആയിരം കൊല്ലത്തിനേറെ പഴക്കം അവകാശപ്പെടുന്ന ഒരു പുരാതനക്ഷേത്രമാണിത്. നിത്യവും പരദേശി ബ്രാഹ്മണരുടേയും സ്വദേശ ബ്രാഹ്മണരുടേയും വേദം ചൊല്ലലും ഊട്ടും നടത്തിയിരുന്നുവത്രെ. ഈ ക്ഷേത്രത്തിലെ സവിശേഷമായ ചില ആചാരങ്ങളെക്കുറിച്ച് പല ഐതിഹ്യങ്ങളും നിലനിൽക്കുന്നുണ്ട്. വള്ളി കാഞ്ഞിരം കൊമ്പു കുത്തുക എന്ന ചടങ്ങ് ഉത്സവത്തോടനുബന്ധിച്ച് നടത്താറുണ്ട്. ഈ ക്ഷേത്രത്തിലെ മുതൽ കള്ളന്മാർ കട്ടെടുക്കുകയും വഞ്ചിയിൽ കൊണ്ടുപോകും വഴി വഞ്ചി മുങ്ങി കള്ളന്മാർ മരിച്ചുപോയതായും പറയുന്നു. ഈ സമ്പത്ത് മുഴുവനും വള്ളികാഞ്ഞിരത്തിന് സമീപത്ത് ഉണ്ടെന്ന് സങ്കല്പത്തിലാണ് ഇന്നും എഴുന്നള്ളിച്ച് തിടമ്പുമായി വരുന്ന ആനയെകൊണ്ട് കൊമ്പു കുത്തിക്കുന്നത്. കുംഭമാസത്തിലെ ശിവരാത്രിയും മീന മാസത്തിൽ 11 ദിവസം നീണ്ടു നില്ക്കുന്ന ഉത്സവവും ഇവിടെ ആഘോഷിക്കാറുണ്ട്. 11ാം ദിവസത്തെ ആറാട്ടിൽ പങ്കെടുക്കുവാൻ ധാരാളം ഭക്തജനങ്ങൾ ഇവിടെ എത്താറുണ്ട്.

3. തളിയക്കോണം ശ്രീ കൃഷ്ണക്ഷേത്രം

മഹാവിഷ്ണു, മഹാദേവൻ എന്നീ പ്രതിഷ്ഠകളുള്ള അതിപുരാതനമായി ക്ഷത്രമാണിത്. വിത്തിരട്ടി പാട്ടത്തിന് 1400 പറ നെല്ല് പാട്ടം ലഭിച്ചിരുന്ന ദേവാലയമാണിത്. എന്നാൽ മാറി മാറി വന്ന നിയമങ്ങൾ മൂലം ഭൂമി മുഴുവനും കൈവശക്കാരുടെ കൈയ്യിലായി. ഇപ്പോൾ ജീർണ്ണ ക്ഷേത്രവും ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ഒരേക്കറോളം വിസ്തൃതിയുള്ള അമ്പലക്കുളവും ഇവിടെ ഉണ്ട്. കൊച്ചി ദേവസ്വം ബോർഡ് നല്കുന്ന ആന്യൂറ്റി സംഖ്യ മാത്രമാണ് ക്ഷേത്രത്തിന്റെ വരുമാന മാർഗ്ഗം. ആനച്ചമയങ്ങൾ, വെഞ്ചാമരം കോലം, ഉരുളി, ചെരക്ക് ചെമ്പ്, പാത്രങ്ങൾ, സ്വർണ്ണം, വെള്ളി മുതലായ ദേവസ്ഥാന ആഭരണങ്ങൾ എന്നിവ സ്വന്തമായി ഉണ്ടെന്നു പറയാം.

4. മാപ്രാണം കുരിശുപള്ളി

A.D. 932 ൽ സ്ഥാപിതമായ മാപ്രാണം പള്ളി ഈ പ്രദേശത്തെ ഏറ്റവും പഴക്കമേറിയ ചരിത്ര പ്രാധാന്യമുള്ള സ്ഥാപനമാണ്. കുരിശുമുത്തപ്പന്റെ അനുഗ്രഹത്തിനായി നാനാജാതി മതക്കാർ ഈ പള്ളിയിൽ വഴിപാടു നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. ഇരിങ്ങാലക്കുട രൂപതയുടെ പരിതിയിലുള്ള ഈ പള്ളിയിലെ പ്രധാന പെരുന്നാൾ സെപ്തംബർ മാസത്തിലാണ് ആഘോഷിക്കാറുള്ളത്. തിരുനാൾ ആഘോഷത്തിനോടനുബന്ധിച്ച് കൂറ്റൻ മെഴുകുതിരികൾ കത്തിക്കുന്ന വഴിപാട് ഈ ആരാധനാലയത്തിലെ പ്രത്യേകതയാണ്.

5. മൂർക്കനാട് സെൻറ് ആന്റണീസ് പള്ളി

ഇരിങ്ങാലക്കുട രൂപതയുടെ കീഴിൽ വരുന്ന ഈ ക്രൈസ്തവൻ ആരാധനാലയം 150 വർഷത്തിലേറെ പഴക്കമുണ്ട്. ഈ പള്ളി അടുത്ത കാലത്ത്

പുതുക്കി പണിയുകയുണ്ടായി.

6. നമ്പ്യൻ കാവ് ശിവക്ഷേത്രം

പുഞ്ചപാടത്തിന് നടുവിലായി പ്രശാന്തമായ പ്രകൃതിരമണീയതയിൽ നില്ക്കുന്ന ഈ ക്ഷേത്ര ത്തെക്കുറിച്ച് നിരവധി ഐതിഹ്യമുണ്ട്. ചുറ്റും വെള്ളം കയറിയാലും ക്ഷേത്രത്തിലേക്ക് വെള്ളം കയറുകയില്ലെന്ന് വിശ്വാസം.

7. കാട്ടുങ്ങചിറ ജുമാ പള്ളി, മൂർക്കനാട് ഓത്ത് പള്ളി

പഞ്ചായത്തിലെ രണ്ട് മുസ്ലീം ദേവാലയങ്ങ ളാണ്. കാട്ടുങ്ങചിറയിൽ കൂട്ടമായി താമസമാ ക്കിയ റാവുത്തർ സമുദായത്തിന്റെ പുരാതന മായ ദേവാലയമാണ് കാട്ടുങ്ങചിറ ജുമാ അത്ത് പള്ളി.

8. കല്ലട ഭഗവതി ക്ഷേത്രം

തളിയക്കോണം പൊറത്തിശ്ശേരി പ്രദേശങ്ങ ളിലെ ഈഴവരുടെ ഭരണനേതൃത്വത്തിലുള്ള ഈ ക്ഷേത്രത്തിലെ ആഘോഷം മകരച്ചൊവ്വ നാളി ലാണ് നടത്താനുള്ളത്.

9. വട്ടേക്കാട് ക്ഷേത്രം

പുരാതനമായ ഈ ക്ഷേത്രത്തിൽ ഉത്സവങ്ങൾ നടത്താറില്ല. നിത്യപൂജയുണ്ട്. നാഴിയും പിടിയു മാണ് ഈ ക്ഷേത്രത്തിലെ മുഖ്യ വഴിപാട്. മൂർക്ക നാട് ശിവക്ഷേത്രത്തിൽ നിന്നും തേവരെ എഴു ന്നള്ളിച്ച് വട്ടപറമ്പ് മനയിലേക്ക് വരാറുണ്ട്. വട്ടേ ക്കാട്ട് ക്ഷേത്രത്തിൽ ആനയെ എഴുന്നള്ളിച്ചു കൂടാ എന്നൊരു സങ്കല്പവും പറഞ്ഞു കേൾക്കു ന്നുണ്ട്.

10. തറക്കൽ ക്ഷേത്രം, ഞാറൻകുളങ്ങര ക്ഷത്രം എന്നീ മഹാവിഷ്ണു ക്ഷേത്രങ്ങളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. 40ം വാർഡിൽ വഞ്ചിക്കാ ട്ടുകുളം എന്ന പേരിൽ ഈ ഭാഗത്ത് ഒരു പ്രതിഷ്ഠയുണ്ട്.

കരുവന്നൂർ കന്യാസ്ത്രീ മഠത്തോടനുബന്ധിച്ച് ഒരു പ്രാർത്ഥ പള്ളി തേലപ്പിള്ളി സെന്ററിന് കുറച്ച് വടക്ക് മാറി കരുവന്നൂർ ഇടവക പള്ളി, പൊറത്തിശ്ശേരി പള്ളി എന്നീ ക്രിസ്തീയ ദേവാല യങ്ങൾ ഇവിടെ ഉണ്ട്.

പൊറത്തൂർ സുബ്രഹ്മണ്യക്ഷേത്രം, കക്കാട് ശിവക്ഷേത്രം, ശങ്കരമംഗലം ശിവക്ഷേത്രം, ശ്രീകണ്ഠേശ്വരം ക്ഷേത്രം, വാതിൽ മാടം ക്ഷേത്രം, വരിക്കശ്ശേരി ക്ഷേത്രം, കടുങ്ങൂർ സുബ്ര ഹ്മണ്യക്ഷേത്രം, കാരക്കട സുബ്രഹ്മണ്യക്ഷേത്രം എന്നി ദേവാലയങ്ങളും പഞ്ചായത്തിൽ ഉണ്ട്.

ഗ്രന്ഥശാല

അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കേന്ദ്ര ങ്ങളാണ് വായനശാലകൾ. ഗ്രന്ഥശാല പ്രസ്ഥാ നത്തിന് വലിയ പ്രചാരം സിദ്ധിച്ച പ്രദേശമാണ് ഇത്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നു വന്ന ഗ്രന്ഥശാല പ്രവർത്തനം ഈ പഞ്ചായത്തിലെ ഉൽപ്പതിഷ്ണുക്കളായ ചെറുപ്പക്കാർ ഊർജ്ജസ്വലമായി നടത്തികൊണ്ടിരുന്നു. ഏഴ് ഗ്രന്ഥശാലകൾ പഞ്ചായത്ത് തിർത്തിയിൽ പ്രവർത്തിക്കുന്നു.

1932കളിൽ പ്രവർത്തനമാരംഭിച്ച കരുവന്നൂർ ഗ്രാമീണവായനശാല, മൂർക്കനാട് ഗ്രാമീണവായ നശാല, തളിയക്കോണം ഗ്രാമീണവായനശാല, മാടായിക്കോണം ഗ്രാമീണവായനശാല, നവോ ദയ വായനശാല എന്നിവ പുരാതന ഗ്രന്ഥാല യങ്ങലാണ്. ഇതിൽ പലതും പ്രവർത്തനക്ഷമമ ല്ല. മാപ്രാണം സെന്റർ പഞ്ചായത്ത് സമിതി യുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ചാത്തൻമാ സ്റ്റർ സാംസ്ക്കാരികനിലയവും ഗ്രന്ഥാലയവും കഴിഞ്ഞ ഭരണ സമിതിയുടെ കാലത്താണ് പ്രവർത്തനമാരംഭിച്ചത്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അധിപ്രസരം ജനങ്ങളിൽ വായനാശീലം കുറച്ചുകൊണ്ടിരിക്കു ന്നു. ഗ്രന്ഥാലയങ്ങൾ അവരുടെ യഥാർത്ഥ ഉപ യോഗത്തിൽ നിന്ന് കേവലം ദൂരദർശ്ശൻ വീക്ഷ ണകേന്ദ്രങ്ങളായി തരംതാണിരിക്കുന്നു. ഒരു അധ മസംസ്കാരം വളർത്തികൊണ്ടുവരാനാണ്

ഇന്നത്തെ കമ്പോള സംസ്കാരത്തിന്റെ പ്രചാരകരായ ഈ മാധ്യമങ്ങൾ ശ്രമിക്കുന്നത്. ഇതിനെതിരായ ചെറുത്ത് നില്പ് ഉണ്ടാകേണ്ടതാണ്. ഇതോടൊപ്പം ക്ഷുദ്രസാഹിത്യ പ്രചരണവും തടയേണ്ടതാണ്.

കലാസമിതികളും സ്പോർട്സ് ക്ലബുകളും

മൂർക്കനാട് കേരള ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് ചിനാലിയ, പൊറത്തിശ്ശേരിയിൽ ദേശാഭിമാനി കലാവേദി നവോദയ കലാസമിതി എന്നിവയും മാടായിക്കോണം ശ്രീകണ്ഠേശ്വരം കലാഭവനം, എ.കെ.ജി. സ്മാരക കായിക കലാകേന്ദ്രം മാടായിക്കോണം, ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ കായിക സംഘടനകളാണ്. മാപ്രാണം കേന്ദ്രമാക്കി ജയ ആർട്സ് നവ പുഷ്പ എന്നീ രണ്ട് ക്ലബുകൾകൂടിയുണ്ട്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കലാ സാംസ്കാരിക പ്രവർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശാഭിമാനികലാവേദി, നവോദയകലാസമിതി എന്നിവ അമേച്വർ നാടകരംഗത്ത് തനതായ പ്രവർത്തനം കാഴ്ച വെക്കുന്നവയാണ്.

മേൽവിവരിച്ചതിന് പുറമെ കല ഉപജീവന മാർഗ്ഗമാക്കി അഭ്യസിച്ച് അവതരിപ്പിക്കുന്ന നിരവധി നാടൻ കലാകാരന്മാർ ഈ പഞ്ചായത്തിരിത്തിയിൽ ഉണ്ട്. വാദ്യകലാകാരന്മാർ, കളമെഴുത്തുകാർ എന്നിവർ ഈ വകുപ്പിൽ പെടും. കമ്മേഴ്സിയൽ ആർട്ടിസ്റ്റുമാരായി നിരവധി പേർ പ്രവർത്തിക്കുന്നു.

മാതൃഭൂമി	956
മനോരമ	794
ദേശാഭിമാനി	212
ദീപിക	76
മാധ്യമം	30
മംഗളം	15
കേരളകൗമുദി	40
ജന്മഭൂമി	30
എക്സ്പ്രസ്സ്	20

എന്നിവ പഞ്ചായത്തിൽ വിതരണം നടത്തുന്നു.

സാക്ഷരതയുടെ ഒന്നാം ഘട്ടം വളരെ നല്ല നിലയിൽ നടത്താൻ, കഴിഞ്ഞ ഒരു പഞ്ചായത്താണ് ഇത്. രണ്ടാം ഘട്ടത്തിലും താരതമ്യേന ഭേദപ്പെട്ട പ്രവർത്തനം നടത്താൻ കഴിഞ്ഞു. എന്നാൽ നവസാക്ഷരരുടെ തുടർ വിദ്യാഭ്യാസം നടത്തേണ്ടതായിട്ടുണ്ട്.

സാധ്യതകൾ

ഗ്രന്ഥശാലകളുടെ ശോച്യാവസ്ഥയുടെ പരിഹാരവും വിപുലീകരണവും

ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളുടെ സാധ്യതകളെ അനൗപചാരിക വിദ്യാഭ്യാസത്തിൽ ഉപയോഗപ്പെടുത്തൽ.

പഞ്ചായത്ത് കേന്ദ്രീകരിച്ചും വായനശാലകൾ കേന്ദ്രീകരിച്ചും ഇൻഫർമേഷൻ ആന്റ് എംപ്ലോയ്മെൻറ് ഗൈഡൻസ് സെന്ററുകൾ രൂപീകരിക്കൽ.

നവസാക്ഷരത അവർ നേടിയ അറിവ നിലനിർത്തുന്നതിനും വിപുലീകരിക്കുന്നതിനു തുടർ വിദ്യാഭ്യാസം അവർ ചെയ്യുന്ന തൊഴിലുമായി ബന്ധപ്പെട്ട് പരിശീലിപ്പിക്കൽ.

സ്പോർട്ട് രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കുവാൻ പൊതു കളി സ്ഥലങ്ങൾ കണ്ടെത്തി സംരക്ഷിക്കുക. നിലവിലുള്ള കളി സ്ഥലങ്ങളിലെ സൗകര്യങ്ങൾ വൈവിദ്ധീകരിക്കലും വിപുലീകരിക്കലും.

ഔപചാരികവിദ്യാഭ്യാസത്തിന്റെ അഭിവാജ്യ ഘടകമായി കലാകായിക പരിശീലനം ഏർപ്പെടുത്തൽ.

പെൺകുട്ടികൾക്കും സ്ത്രീകൾക്കും കായിക പരിശീലനത്തിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ലൈബ്രറിയായ ചാത്തൻമാസ്റ്റർ സ്മാരക ലൈബ്രറിയാക്കി മാറ്റുക.

പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ബുക്ക് ബാങ്ക് തുടങ്ങുക.

ഇതിന് സൗകര്യാർത്ഥം ചാത്തൻമാസ്റ്റർ സ്മാരക ഗ്രന്ഥാലയം ഉപയോഗപ്പെടുത്താം. വാർഡ് തോറും റീഡിംഗ് റൂം ഏർപ്പെടുത്തുക.

2. ഗ്രന്ഥശാലകളുടേയും സാംസ്കാരിക കേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഒരു പഞ്ചായത്ത് അനോപചാരിക കമ്മറ്റി പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക. പഞ്ചായത്ത് മെമ്പർമാരിൽചിലർ അംഗങ്ങളായുള്ള ഈ കമ്മിറ്റിയിൽ കലാകായിക സാംസ്കാരിക പ്രവർത്തകരെകൂടി എടുക്കണം. ഇവർ തയ്യാറാക്കുന്ന വികസന പരിപാടി പഞ്ചായത്ത് പരിശോധിച്ച് അംഗീകരിച്ച് നടപ്പാക്കുക.

3. പഞ്ചായത്ത് തലത്തിൽ ശാസ്ത്രീയ നൃത്ത നൃത്തശ്യങ്ങൾ, തന്ത്രി, സുഷിര, താള വാദ്യങ്ങൾ അഭ്യസിക്കുന്നതിനും അവതരിപ്പിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. നാടൻ കലാകാരന്മാരെ സംരക്ഷിക്കുന്നതിനും നാടൻ കലകൾ നിലനിൽക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. സ്പോർട്സ് വികസനത്തിന് നിലവിലുള്ള പൊതു കളിസ്ഥലങ്ങൾ സംരക്ഷിക്കുകയും പരിശീലനത്തിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. കാലാകാലങ്ങളിൽ കലാകായിക മേളകൾ പഞ്ചായത്തടിസ്ഥാനത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

6. പഞ്ചായത്തിൽ സ്വന്തമായി സ്ഥലമുള്ള വായനശാലകൾക്ക് കെട്ടിടം പണിയുവാൻ ധനസഹായം ലഭ്യമാക്കേണ്ടതാണ്.

7. സ്ത്രീകൾക്ക് വായനക്കുവേണ്ടി കൂടുതൽ സൗകര്യം ഏർപ്പെടുത്തുക.

സർവ്വോപരി കേരളത്തനിമ നിലനിർത്തുകയും അധമ ചിന്താഗതികളേയും അക്രമവാസനകളേയും ആട്ടി ഓടിക്കുകയും ചെയ്യുകൊണ്ട് കർമ്മോന്മുഖമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുക എന്നുള്ള ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം പ്രബലപ്പെടുത്തുകയും ചെയ്യുക.

വനിതാക്ഷേമം

നമ്മുടെ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ പ്രധാന ദൗർബല്യങ്ങളിലൊന്ന് ജനപങ്കാളിത്ത കുറവും അതിൽ തന്നെ ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളുടെ അദൃശ്യതയുമാണ്. വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നേറിയിട്ടും സാമൂഹ്യ വികസന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നു. ഇത് നിലനിൽക്കുന്ന സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിയുടെ പരിണതഫലം കൂടിയാണ്. സ്ത്രീകളെ കുടുംബബന്ധങ്ങളിൽ തളച്ചിടുകയും എല്ലാ ഉൽപാദന - സാമൂഹ്യ മേഖലകളിൽ നിന്നും അകറ്റുകയും, ഉത്തമ കുടുംബിനികളെ, ഉദാത്ത മാതൃകകളായി എടുത്തുകാണിക്കുകയും ചെയ്യുന്ന പുരുഷ മേധാവിത്വ പരമായ സമൂഹ ഘടന തന്നെയാണ് സ്ത്രീകളുടെ പിന്നോക്ക അവസ്ഥയ്ക്കും അദൃശ്യതയ്ക്കും മൂല കാരണം.

പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ആയിരം പുരുഷൻമാർക്ക് 1085 സ്ത്രീകളുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ മീതെയാണെങ്കിലും പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളിലും പൊതു രംഗത്തും ഈ മുൻതൂക്കം കാണുന്നില്ല. ആറു വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ എണ്ണവും ആൺകുട്ടികളേക്കാൾ അധികമാണ്.

വിദ്യാഭ്യാസ നിലവാരത്തിലും സ്ത്രീകൾ പിന്നിലല്ല. പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളിൽ 2251 ആൺകുട്ടികളും 2493 പെൺകുട്ടികളുമാണ്. എണ്ണത്തിൽ മാത്രമല്ല ഗുണത്തിലും ഈ മുൻകൈ ഉണ്ടെന്ന് എസ്.എസ്.എൽ.സി.യ്ക്കുള്ള പരീക്ഷാഫലങ്ങൾ തെളിയിക്കുന്നു. പഞ്ചായത്തിൽ പെൺകുട്ടികൾ മാത്രമായുള്ള സെൻറ്.ജോസഫ്സ് ഹൈസ്ക്കൂൾ, കരുവന്നൂർ തുടർച്ചയായി 100% എസ്.എസ്.എൽ.സി. പരീക്ഷാ വിജയം നേടി ശ്രദ്ധിക്കപ്പെടുന്നു. വിദ്യാർത്ഥികളുടെ അവസ്ഥ ഇതാണെങ്കിലും പഞ്ചായത്തിലെ സാക്ഷരതാ നിലവാരം പൂർണ്ണമാണെന്ന് പറയാനാവില്ല. ഒന്നാംഘട്ട പ്രവർത്തനം, നാടിൻെറ ഇതര ഭാഗങ്ങളിലെന്നപോലെ ആവേശകരമായിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തമായിതന്നെ നിലനിർത്തുവാൻ ആയിട്ടില്ല.

വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ മുൻകൈ തൊഴിൽരംഗത്ത് കാണാനാവുന്നില്ല എന്ന് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഉൽപാദന സേവന മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരേക്കാൾ കുറവാണ്. പഞ്ചായത്തിലെ സ്ത്രീകളിൽ

അധികം പേരും കർഷക തൊഴിലാളികളും ഓടുകമ്പനി തൊഴിലാളികളും നിർമ്മാണതൊഴിലാളികളുമാണ്. ഓട്ടുകമ്പനികളുടെ തകർച്ച, കാർഷികരംഗത്തെ യന്ത്രവത്ക്കരണം, കൃഷിരീതിയിലെ വ്യത്യാസം, കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി നികത്തൽ എന്നിവ മൂലം സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. പഞ്ചായത്തിൽ, 3-ാം വാർഡിൽ മത്സ്യതൊഴിൽ ചെയ്യുന്ന സ്ത്രീകളുണ്ട്. പഞ്ചായത്തിലെ ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകൾക്ക് നേതൃത്വമുള്ള ചില യൂണിറ്റുകളുണ്ട്. കരുവന്നൂർ പട്ടികജാതി വനിതാ സർവ്വീസ് സഹകരണ സംഘം, കരുവന്നൂർ പവ്വർലൂം സഹകരണസംഘം എന്നിവയുടെ നേതൃത്വ സ്ഥാനത്ത് വനിതകളുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക D.W.C.R.A. യൂണിറ്റിൽ പുസ്തക നിർമ്മാണ യൂണിറ്റ് വനിതകളുടെ കൂട്ടായ ദൃശ്യമാണ്.

പൊതുരംഗത്തെ സ്ത്രീകളുടെ പിന്നോക്കാവസ്ഥ സാമൂഹ്യ, രാഷ്ട്രീയ ബഹുജനങ്ങളുടെ നേതൃത്വത്തിൽ പ്രതിഫലിക്കുന്നുണ്ട്. അംഗങ്ങളുണ്ടെന്നല്ലാതെ ഇവയുടെ നേതൃത്വത്തിലേയ്ക്ക് വനിതകൾ എത്തുന്നില്ല. 1995-ൽ സ്ഥാനമൊഴിഞ്ഞ പഞ്ചായത്തു കമ്മിറ്റിയുടെ പ്രസിഡണ്ട് - വനിതയായിരുന്നു. ഇപ്പോഴത്തെ പഞ്ചായത്തു സമിതിയിൽ II, V, VIII, XII (വനിത പട്ടികജാതി) എന്നീ വാർഡുകൾ വനിതാ സംവരണ വാർഡുകളാണ്.

നിലവിൽ ഒരു ബ്ലോക്ക് പഞ്ചായത്ത് അംഗം, ജില്ലാ പഞ്ചായത്ത് അംഗം എന്നിവർ വനിതകളാണ്. നേതൃത്വസ്ഥാനത്തെത്തുന്നു സ്ത്രീകളെ അവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കാനും നേതൃത്വപരമായ കഴിവുകൾ വളർത്താനും. ഈ രംഗത്ത് നിലനിൽക്കുന്നൂന പുരുഷമേധാവിത്വ പ്രവണതകൾ അനുവദിക്കുന്നില്ല.

സ്ത്രീകളുടെ ആരോഗ്യസ്ഥിതിയും പൊതുവിൽ തൃപ്തികരമല്ല. കൃത്യമായ സ്ഥിതിവിവര കണക്കുകൾ ഇക്കാര്യത്തിൽ ലഭ്യമല്ല. ശ്വാസകോശ രോഗങ്ങൾ, ഗർഭാശയസംബന്ധമായ രോഗം, തുടങ്ങിയ അസുഖങ്ങൾ കൂടുതലായി കാണപ്പെടുന്നു. സ്ത്രീകളുടെ രോഗാവസ്ഥ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

സ്ത്രീകളുടെ നേരെയുള്ള അക്രമണങ്ങൾ, സ്ത്രീധന മരണങ്ങൾ പൊതുവെ പഞ്ചായത്തിൽ ഇല്ലെന്നു പറയാം. എന്നാൽ സ്ത്രീ പീഢന കേസുകൾ അപൂർവ്വമായെങ്കിലും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ അഞ്ചു മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സജീവമായി വനിതാ ക്ഷേമ പ്രവർത്തനങ്ങളിൽ ഇടപെടുന്ന വനിതാ സമാജങ്ങൾ ഇല്ലെന്നു തന്നെ പറയാവുന്നതാണ്. ഫലപ്രദമായി സ്ത്രീകളുടെ കൂട്ടായ്മ വളർത്തുന്നതിലും, സ്ത്രീ പ്രശ്നങ്ങളിൽ ഇടപെടാനും മഹിളാ സമാജങ്ങൾക്കാവുന്നില്ല എന്ന പരിമിത നിലനിൽക്കുന്നു.

പഞ്ചായത്തിൽ 27 അംഗൻവാടികളുണ്ട്. അംഗൻവാടികളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

(അവലംബം : വികസന ബ്ലോക്ക് രേഖകൾ)

1)	അംഗൻവാടികളുടെ എണ്ണം		27
2)	**a)** ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	:	410
	b) 1-2 വയസ്സു വരെ പ്രായമുള്ളവർ	:	391
	c) 2-3 വയസ്സുവരെ പ്രായമുള്ളവർ	:	450
	d) 3-5 വയസ്സുവരെ പ്രായമുള്ളവർ	:	759
3)	ആകെ ഗർഭിണികളുടെ എണ്ണം	:	232
4)	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:	288
5)	ആകെ ജനനങ്ങൾ **(1995-96)**	:	**213**
	ചാപ്പിള്ള ജനനങ്ങൾ	:	5
	ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ചവരുടെ എണ്ണം	:	2
	2-3 വയസ്സുവരെ മരിച്ചവരുടെ എണ്ണം	:	4
	3-6 വയസ്സുവരെ മരിച്ചവരുടെ എണ്ണം	:	2
	മറ്റു മരണങ്ങൾ	:	199

പഞ്ചായത്തിൽ ജാൻസി ബുക്ക് ബൈൻഡിംഗ് എന്ന DWCRA യൂണിറ്റ് മാത്രമാണുള്ളത്. 10 പേർ ചേർന്ന് തുടങ്ങിയ ഈ യൂണിറ്റിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ടു പുസ്തകങ്ങൾ ഉണ്ടാക്കുന്നു. ഇപ്പോൾ 10 പേർ കൂടി പരിശീലിപ്പിക്കുന്ന ഈ യൂണിറ്റിന്റെ പ്രധാന പ്രശ്നം തയ്യാറാക്കുന്ന നോട്ടു പുസ്തകത്തിന് വിപണി കണ്ടെത്താനാവുന്നില്ല എന്നതാണ്.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവാണ്.

2. തൊഴിൽ മേഖലയിൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ കുറയുന്നു.

3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളരുന്നില്ല. മാത്രവുമല്ല നിലവിലുള്ള

യൂണിറ്റുകൾ വിപണി അടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നു.

4. ആരോഗ്യപരിപാലന രംഗത്ത് വനിതാ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ പൊതുവെ ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

5. അംഗൻവാടികളിൽ പലതിനും അടിസ്ഥാന സൗകര്യങ്ങളില്ല.

(1) സ്വന്തമായി കെട്ടിട സൗകര്യമില്ല.

(2) ആവശ്യമായ ഉപകരണങ്ങൾ, കളിക്കാനുള്ള ഉപകരണങ്ങൾ ഇല്ല.

(3) കളിസ്ഥലമില്ല.

6. അംഗൻവാടി അധ്യാപികമാർക്ക് ജീവിക്കാൻ ആവശ്യമായ ന്യായമായ വേതനം ലഭിക്കുന്നില്ല. ആവശ്യമായ പരിശീലനം ശാസ്ത്രീയമായി നൽകണം.

7. പോഷകാഹാര വിതരണ പരിപാടികൾ തീർത്തും അപര്യാപ്തമാണ്.

8. വനിതകളുടെ സാംസ്കാരികോന്നമനത്തിനുള്ള സംരംഭങ്ങളും പ്രവർത്തനങ്ങളും ഉപാധികളും പരിമിതവുമാണ്.

9. തുല്യജോലിക്ക് തുല്യ വേതനം എന്നത് നടപ്പായിട്ടില്ല. കൂലി നിരക്കിൽ വിവേചനം നിലനിൽക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

	സ്ത്രീകൾ	പുരുഷന്മാർ
കാർഷിക തൊഴിലാളികൾ	60-75	100
നിർമ്മാണ തൊഴിലാളികൾ	75	100-125

കൂടാതെ സ്ത്രീകൾ മാത്രം പണിയെടുക്കുന്ന കൈത്തറി, ഖാദി മേഖലയിൽ കൂലി നിരക്ക് വളരെ കുറവാണ്.

10. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്ര ബോധ നിലവാരം പൊതുവിലും സ്ത്രീകളിൽ പ്രത്യേകിച്ചും കുറവാണ്. തൽഫലമായി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു.

11. വിവിധ തൊഴിൽ സംരംഭങ്ങൾ, സഹായ പദ്ധതികൾ എന്നിവയെകുറിച്ച് വ്യക്തമില്ലാത്ത അറിവില്ലായ്മ.

12. തൊഴിൽ പരിശീലനിത്തിന് സൗകര്യങ്ങൾ വേണ്ടത്രയില്ല. തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ല.

സാധ്യതകൾ

1. സ്ത്രീകൾക്ക് പൊതു പ്രവർത്തന രംഗത്ത് 33% പങ്കാളിത്തം ഉറപ്പുവരുത്തണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നേതൃത്വ പരിശീലനപരിപാടി ഉണ്ടാകണം. തൊഴിൽ രംഗത്ത് വനിതകൾക്ക് സംവരണം ഏർപ്പെടുത്തുക. വനിതാ പ്രാധാന്യമുള്ള തൊഴിൽ സംരഭങ്ങൾ കൈതൊഴിലുകൾ അടക്കം പ്രവർത്തിപ്പിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

2. DWCRA പോലെയുള്ള കൂട്ടു സംരംഭങ്ങൾ അനുവദിക്കാവുന്നതാണ്. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നു എന്നതിനപ്പുറം ഇത്തം കൂട്ടായ്മകൾ സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും പ്രശ്നങ്ങളെ കൂട്ടായി നേരിടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും.

3. പഞ്ചായത്തിലെ ആരോഗ്യ സേവന പരിപാടിയിൽ വനിതാ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. അംഗൻവാടികളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം.

4. സ്വന്തമായി കെട്ടിടമില്ലാത്ത മൂർക്കനാട്,

പുറത്താട്, ബംഗ്ലാവ്, പന്നിക്കാട്, ബോയൽ കോളനി, പൊറത്തിശ്ശേരി വടക്ക്, ചക്കാംപറമ്പ്, മാടായിക്കോണം, ശങ്കരമംഗലം എന്നീ അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുകയും മറ്റു ഭൗതിക സൗകര്യങ്ങൾ തയ്യാറാക്കുകയും വേണം.

5. അംഗൻവാടി, മഹിളാസമാജം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരവിതരണം ലഭ്യമാക്കുക.

6. തൊഴിലിലേർപ്പെട്ടിരിക്കുന്ന അമ്മമാരുടെ കുട്ടികളെ പരിപാലിക്കുന്നതിന് ഡെകെയർ യൂണിറ്റുകൾ സ്ഥാപിക്കുക.

7. കുടുംബസംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് ബ്ലോക്ക്തലത്തിൽ കുടുംബ കോടതികൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.

8. അശ്ലീല പരസ്യങ്ങൾ കർശനമായി നിരോധിക്കുക.

9. വൃദ്ധരായ അവശ വനിതകളെ പുനരധിവസിപ്പിക്കുന്നതിന് വൃദ്ധ ഭവനങ്ങൾ ഏർപ്പെടുത്തുക.

10. വനിതകളുടെ കൂട്ടായ്മയും സഹകരണവും വളർത്തുന്നതിനും വനിതാപ്രശ്നങ്ങളിൽ ഇടപ്പെടാനും കഴിയും വിധം മഹിളാസമാജങ്ങളെ പുനഃസംഘടിപ്പിക്കുക. എല്ലാ വാർഡിലും ഓരോ മഹിളാ സമാജമെങ്കിലും ഇത്തരത്തിൽ ഉണ്ടാകണം.

11. വനിതകൾക്കായി സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. വായനശാല, ഗ്രന്ഥശാല, ദൃശ്യശ്രാവ്യ സൗകര്യങ്ങൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, നൃത്തം, സംഗീതം എന്നിവ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം.

12. പരമ്പരാഗത തൊഴിൽ മേഖലകളിൽ സ്ത്രീകൾ കൂടുതലായി ബന്ധപ്പെടുന്ന തൊഴിലുകളിൽ പ്രത്യേകിച്ചും നവീകരണ-വികസന സൗകര്യങ്ങളുണ്ടാവണം.

13. നിലവിലുള്ള വനിതാ സഹകരണ പ്രസ്ഥാനങ്ങൾ, വിപുലീകരിക്കണം. പ്രവർത്തന പരിധി വികസിപ്പിക്കണം.

14. കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഖാദി മേഖല, കൈത്തറിനെയ്ത്ത്, പുൽപ്പായ നെയ്ത്ത്, തഴപ്പായ നെയ്ത്ത്, സോപ്പു നിർമ്മാണം, ചൂല് നിർമ്മാണ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഭക്ഷ്യവസ്തു സംസ്കരണം, പാലുല്പന്ന നിർമ്മാണ യൂണിറ്റുകൾ, ബുക്ക് ബൈൻഡിങ്ങ് എന്നിവ തുടങ്ങാവുന്ന യൂണിറ്റുകളിൽ ചിലതാണ്. ഇത്തരം യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ സമാഹരിക്കാനും ഉല്പന്നങ്ങൾക്ക് കമ്പോളം കണ്ടെത്തി വിപണനം നടത്തുവാനും കഴിയും വിധം വനിതകൾക്ക് പങ്കാളിത്തവും, നേതൃത്വവുമുള്ള സഹകരണ സ്ഥാപനം ഉണ്ടാക്കണം. തൊഴിൽ യൂണിറ്റുകൾക്കു വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തണം.

15. വനിതാ മത്സ്യതൊഴിലാളികൾ അധികമുള്ള 3-ാം വാർഡിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.

16. പഞ്ചായത്തിൽ നടക്കുന്ന വനിതാ രംഗത്തെ പ്രവർത്തനങ്ങൾ, വനിതാ സംരംഭങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെ ഏകോപിപ്പിക്കാനും വനിതാരംഗത്തെ പ്രവർത്തനങ്ങൾക്ക് ദിശാബോധം പകരാനും ഒരു പഞ്ചായത്ത് തല വനിതാ വികസന സമിതി രൂപീകരിക്കണം. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും, പഞ്ചായത്തിലെ പ്രമുഖ വനിതാ പ്രവർത്തകരും, വനിതാ സംഘടനാ പ്രതിനിധികൾളും ഉൾക്കൊള്ളുന്നതായിരിക്കും ഈ സമിതി.

സാമൂഹ്യരംഗത്ത് ഏറെ നാളായി പിന്നിൽ നിൽക്കുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപ്പെടലിലൂടെ മുന്നോട്ടു കൊണ്ടു വന്നാൽ മാത്രമെ സാമൂഹ്യ ഉല്പാദന മേഖലകളിൽ അവർക്ക് പങ്ക് വഹിക്കാനാവൂ. സ്ത്രീകൾക്കിടയിലെ ആത്മവിശ്വാസമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. സമൂഹത്തിന്റെ പകുതിയോളം വരുന്നവർ തങ്ങളാണെന്നും ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും തങ്ങൾക്കുണ്ടെന്ന് സ്ത്രീകൾക്ക് സ്വയം ബോധ്യപ്പെടണം. അതിനവരെ പ്രാപ്തരാക്കുവാനും, ആത്മവിശ്വാസമുണ്ടാക്കുവാനും ബോധപൂർവ്വമായ ശ്രമം വേണം.

അവകാശങ്ങൾ തിരിച്ചറിയുകയും അതു നേടിയെടുക്കാൻ കൂട്ടായ്മയോടെ പ്രവർത്തിക്കാൻ തങ്ങൾക്കാവും എന്ന് സ്ത്രീകൾക്ക് ബോധ്യപ്പെടണം. സമൂഹത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്വ പ്രവർത്തനങ്ങൾ ചെറുക്കുന്നതോടൊപ്പം, സാമൂഹ്യരംഗത്തും ഉല്പാദനമേഖലയിലും പുരുഷനോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കലാണ് തന്റെ കടമ എന്ന് സ്ത്രീകൾ തിരിച്ചറിയേണ്ടതുണ്ട്.



സഹകരണമേഖല

ഋണബാദ്ധ്യതയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904ലെ സഹകരണ നിയമത്തിന്റെ (കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാസംഘങ്ങളുടെ ആവിർഭാവതയോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കപ്പെട്ടത്.

ബ്രിട്ടീഷ് കോളനി വാഴ്ച മൂലം കൊള്ളയടിക്കപ്പെട്ട കർഷകരടക്കമുള്ള ജനവിഭാഗങ്ങൾ അമിതപലിശക്കാരുടെയും ഹുണ്ടികക്കാരുടെയും കൈണിയിൽപ്പെട്ടുപോയിരുന്നു. കടക്കെണിയിൽപ്പെട്ടവർക്ക് കിടപ്പാടം കൂടി നഷ്ടപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. പരമ്പരാഗത കുടിൽ വ്യവസായ മേഖലയിലെ തൊഴിലാളികളും ഇതേ അവസ്ഥയിൽ തന്നെയായിരുന്നു. കേരളത്തിലെയും പൊറത്തിശ്ശേരി പഞ്ചായത്തിലെയും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഇത്തരം ഒരു സാഹചര്യത്തിലാണ് പരസ്പര സഹകരണസംഘങ്ങളെകുറിച്ചുള്ള ചർച്ചകൾ ഉയർന്നു വന്നത്.

മേൽസൂചിപ്പിച്ച പശ്ചാത്തലത്തിലാണ് പൊറത്തിശ്ശേരി പഞ്ചായത്തിൽ സഹകരണസംരംഭങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടത്. ശ്രീ. വെട്ടിയാട്ടിൽ നടുവിൽ വീട്ടിൽ നാരായണ മേനോൻ തുടങ്ങി 17 പേർ കൂടി രൂപീകരിച്ചതാണ് കരുവന്നൂരിലെ പരസ്പര സഹായസംഘം. 1921ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. തളിയക്കാട്ടിൽ നാരായണ മേനോൻ ആയിരുന്നു ആദ്യത്തെ പ്രസിഡണ്ട്. 34 രൂപയായിരുന്ന ഓഹരിമൂലധനം. 1961ൽ സർവ്വീസ് സഹകരണ സംഘമായി ഉയർത്തുന്നതുവരെ സംഘം നിർജ്ജീവാവസ്ഥയിലായിരുന്നു. പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിലേക്കായി 1977ൽ സർവ്വീസ് സഹകരണ ബാങ്കായി രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം ഇന്ന് പഞ്ചായത്തിൽ ഏറ്റവും വലിയതും കൂടുതൽ ജനബന്ധവുമുള്ളതായി മാറിയിട്ടുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്.

I വായ്പാ സംഘങ്ങൾ

1. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് രജി. നമ്പർ 112
2. പൊറത്തിശ്ശേരി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം നമ്പർ R 312

II വായ്പേതര സംഘങ്ങൾ

1. കരുവന്നൂർ പവ്വർലൂം വീവേഴ്സ് സഹകരണസംഘം ലിമിറ്റഡ് S.IND. (R) 167
2. കരുവന്നൂർ വനിത (പട്ടികജാതി ഇൻഡസ്ട്രിയൽ സഹകരണസംഘം ലിമിറ്റഡ് നമ്പർ S.IND (R) 304
3. പൊറത്തിശ്ശേരി പാൽ വിതരണ സഹകരണ സംഘം ലിമിറ്റഡ് R 230
4. മൂർക്കനാട് ഹൈസ്കൂൾ സഹകരണ സംഘം ലിമിറ്റഡ് R No. 5

പഞ്ചായത്തിലെ സഹകരണ സംഘങ്ങളെകുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

1921ൽ രജിസ്റ്റർ ചെയ്ത് 1961 ൽ സർവ്വീസ് സഹകരണ സംഘമായി മാറിയ ഈ സ്ഥാപനം 1977 മുതൽ ആണ് സർവ്വീസ് സഹകരണ ബാങ്കായി മാറിയത്. ഇന്ന് ഈ സഹകരണ സ്ഥാപനത്തിൽ പഞ്ചായത്തിലെ മൂന്നിലൊന്ന് ജനങ്ങൾ അംഗങ്ങളാണ്. പഞ്ചായത്തിൽ ജനസംഖ്യയുടെ 33% പേർ 9466 പേർ സംഘത്തിൽ ഇന്ന് അംഗങ്ങളാണ് കരുവന്നൂരിൽ ഹെഡാഫീസുള്ള ബാങ്കിന്റെ ശാഖ മാപ്രാണത്ത് 1987 മുതൽ പ്രവർത്തിച്ചു വരുന്നു.

പൊറത്തിശ്ശേരിയിൽ മറ്റൊരു ശാഖ തുടങ്ങുന്നതിനുള്ള അനുവാദം ലഭിക്കുകയും അതിനായുള്ള പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്ന് സംഘത്തിന് 25 ലക്ഷം രൂപ ഓഹരി മൂലധനവും 574 ലക്ഷം രൂപ വായ്പയും ഉണ്ട്.

പ്രവർത്തനഫണ്ടിന്റെ അപര്യാപ്തയാണ് സംഘം നേരിടുന്ന ഒരു പ്രധാന പ്രശ്നം. ജനങ്ങളുടെ പ്രത്യേകിച്ചും കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാനാവുന്നില്ല. ഫൈനാൻസിങ്ങ് ബാങ്കിൽനിന്ന് ആവശ്യത്തിന് വായ്പ ലഭിക്കാത്തതും കൂടുതൽ നിക്ഷേപ്ങ്ങൾ സ്വരൂപിക്കാനാവാത്തതും മുഖ്യ പ്രശ്നങ്ങളാണ്. ഇന്ന് പഞ്ചായത്തിൽ നിന്ന് ധാരാളം നിക്ഷേപങ്ങൾ ഇരിങ്ങാലക്കുടയിലുള്ള ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിലേക്ക് പോകുന്നുണ്ട്. മെച്ചപ്പെട്ട സേവനം നൽകിയും ആകർഷകങ്ങളായ വിവിധ പദ്ധതികളാവിഷ്ക്കരിച്ചും ഈ നിക്ഷേപങ്ങളെ പഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കുമാറ് സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ആകർഷിക്കുവാനാകണം.

വായ്പ വിതരണത്തിനുപുറമെ ഒരു വളം ഡിപ്പോ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയും നടത്തിവരുന്നു.

2. പൊറത്തിശ്ശേരി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം

മത്സ്യതൊഴിലാളികളായ, പടന്ന സമുദായത്തിൽപ്പെട്ടവർ 1933ൽ ആരംഭിച്ച കരുവന്നൂർ പടന്ന പരസ്പര സഹായസഹകരണസംഘം 1987 മുതൽ പട്ടികജാതി സർവ്വീസ് സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 587 അംഗങ്ങളും 16448രൂപ ഓഹരി മൂലധനവും ഉണ്ട്. 42000 രൂപ വായ്പയായി നൽകിയിട്ടുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കുവേണ്ടിയാണ് മുഖ്യമായും ഈ സംഘം ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. അംഗങ്ങളുടെ ആവശ്യത്തിന് വിട്ടുകൊടുക്കാനായി വണ്ടി, പവ്വർടില്ലർ എന്നിവ സ്വന്തമായി സംഘത്തിനുണ്ട്. കൂടാതെ അഗ്രോസർവ്വീസും ചെറിയതോതിൽ നടത്തുന്നു.

3. പൊറത്തിശ്ശേരി ക്ഷീര വ്യവസായ സഹകരണസംഘം

ക്ഷീരസമ്പത്ത് താരതമ്യേന നല്ല നിലയിലുള്ള പഞ്ചായത്തിൽ ക്ഷീരകർഷകരെ സഹായിക്കാൻ വേണ്ടി 1975ൽ ആരംഭിച്ചതാണ് ഈ സംഘം. 1256 അംഗങ്ങളുള്ള സംഘം 11,200 ലിറ്റർ പാൽ പ്രതിവർഷം സംഭരിച്ച് വിതരണം നടത്തുന്നുണ്ട്.

സംഘത്തിന്റെ കേന്ദ്രം കരുവന്നൂരിലും ഒരു പാൽ സംഭരണ കേന്ദ്രം 8ാം വാർഡിൽ പൊറത്തിശ്ശേരിയിലും പ്രവർത്തിക്കുന്നുണ്ട്. സംഘത്തിന്റെ ആഭിമുഖ്യത്തിൽ വനിതകൾ നടത്തുന്ന ഒരു പാലുല്പന്ന നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തീറ്റ, പുൽകൃഷി, കന്നുകാലി പ്രദർശനം ക്ഷീരകർഷക സമ്പർക്ക പരിപാടി എന്നിവയും നടത്തി വരുന്നുണ്ട്.

ക്ഷീരരംഗത്തെ വിപുലമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. ഉല്പാദിപ്പിക്കുന്ന പാൽ കഴിയാവുന്നത്ര സംഭരിക്കാനും കർഷകന് പരമാവുധി വില ഉറപ്പുവരുത്തിക്കൊണ്ട് ഇടത്തരക്കാരുടെ

ചൂഷണം അവസാനിപ്പിക്കാനും കഴിയേണ്ടതുണ്ട്. അനന്ത സാധ്യതകൾ ഉള്ള ക്ഷീരവികസന മേഖലയിൽ സംഘം വിപുലമായ വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

4. കരുവന്നൂർ പവ്വർ ലൂം വീവേഴ്സ് സംഘം

കൈത്തറി സംഘമായി തുടങ്ങി പിന്നീട് പവ്വർ ലൂം സംഘമായി മാറിയതാണ് ഈ സഹകരണസംഘം. തൃശൂരിലെ പ്രധാന തുണി വ്യവസായ സ്ഥാപനമായ സീതാറാം മില്ലിന്റെ സഹകരണത്തോടെ വനിതകൾ മുഖ്യപങ്കുവഹിക്കുന്ന ഒരു സംഘമാണിത്. സീതാറാം മില്ലിൽനിന്ന് നൂലും പാവും വാങ്ങി തുണിയാക്കി തിരികെ സീതാറാമിനു തന്നെ എത്തിച്ചു കൊടുക്കുന്ന സീതാറാമിന്റെ ഒരു ഫീഡർ യൂണിറ്റാണ് ഈ സംഘം 10 തറികളോടെ 7 പേർ പ്രവർത്തിക്കുന്ന സംഘത്തിന്, ഉറപ്പാക്കപ്പെട്ട വിപണിയുടെയും മറ്റിതര വികസന സാധ്യതകളെയും ഉപയഗപ്പെടുത്താനായിട്ടില്ല.

5. കരുവന്നൂർ പട്ടികജാതി പട്ടികവർഗ്ഗ വനിത വ്യവസായ സഹകരണസംഘം

കരുവന്നൂർ ആസ്ഥാനമായ സംഘം റെഡി മെയ്ഡ് വസ്ത്ര നിർമ്മാണരംഗത്ത് പ്രവർത്തിച്ചു വരുന്നു.

6. ദീപ്തി ഹാൻഡി ക്രാഫ്റ്റ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം

മൂർക്കനാട് സെന്റ് ആന്റണീസ് ഹൈസ്കൂൾ സഹകരണസംഘം

സഹകരണമേഖല പ്രശ്നങ്ങൾ

1. വായ്പാ സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാകുന്നതിലും നടപ്പാക്കുന്നതിലും വേണ്ടത്ര വിജയിച്ചിട്ടില്ല.
2. ക്ഷീരോൽപ്പാദനരംഗത്തെ വിപുലമായ സാധ്യതകൾ പ്രയോജനപ്പെടുത്താനായിട്ടില്ല. പഞ്ചായത്തിൽ നിന്ന് പുറത്തേക്ക് പോകുന്ന നിക്ഷേപങ്ങളെ ആകർഷിക്കുവാൻ സർവ്വീസ് ബാങ്കുകൾക്കാവുന്നില്ല.
3. മാനേജ്മെൻറ് പരിശീലനപിപാടിയുടെ അപര്യാപ്തത.
4. വ്യവസായ സംഘങ്ങളിൽ സാങ്കേതിക നവീകരണത്തിന്റെ കുറവ്.
5. കൂടുതൽ സേവനം നല്കുമാറ് ജീവനക്കാർക്കുള്ള പരിശീലനത്തിന്റെ കുറവ്.
6. വർദ്ധിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെൻർ ചിലവുകൾ
7. വൈവിധ്യവൽക്കരണത്തിനും പുതിയ മേഖലകളിലേക്ക് പ്രവേശിക്കാനുള്ള ആത്മധൈര്യകുറവ്.
8. പഞ്ചായത്തിന്റെ പൊതു വികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായപങ്ക് വഹിക്കാനാവുന്നില്ല.
9. പട്ടികജാതി, വനിതാ സംഘങ്ങൾ എന്നിവ പരിമിതമായ രീതിയിൽ പ്രവർത്തിക്കുന്നു. ഈ രണ്ടു രംഗത്തെയും അതിവിപുലമായ സാധ്യതകൾ പ്രയോജനപ്പെടുത്തി ഈ രണ്ടു വിഭാഗങ്ങൾക്ക് വികസനത്തിന് ഉതകുമാറ് വളരാനായിട്ടില്ല.
10. പ്രൈമറി സംഘങ്ങളോട് ഫൈനാൻസിങ്ങ് ബാങ്കിന്റെ അവഗണനാ മനോഭാവം.
11. സഹകരണപ്രസ്ഥാനത്തിന് ബോധവൽക്കരണത്തിന്റെ കുറവ്.
12. സഹകരണ ചട്ടങ്ങളിലും നിയമത്തിലുമുള്ള സുതാര്യത കുറവ്.
13. കർഷകരുടെയും മറ്റ് അംഗങ്ങളുടെയും ആവശ്യങ്ങൾക്കനുസരിച്ച് വായ്പ നൽകാൻ വായ്പാ സംഘങ്ങൾക്ക് കഴിയുന്നില്ല.

സാധ്യതകൾ

1. കരുവന്നൂർ സഹകരണ ബാങ്കിനെ റൂറൽ ബാങ്കായി ഉയർത്തുക
   a. ആകർഷകമായ നിക്ഷേപ പദ്ധതികൾ

ആവിഷ്ക്കരിച്ച് നിക്ഷേപങ്ങൾ കണ്ടെത്തണം.

2. ക്ഷീരസഹകരണസംഘം നിലവിലുള്ള സംഘം സാധ്യതകൾ പരമാവുധി പ്രയോജനപ്പെടുത്തണം.

a. വാർഡുതലത്തിൽ പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ തുടങ്ങുകയും അധികം വരുന്ന പാൽ സംസ്കരിച്ച് ഉല്പന്നങ്ങളാക്കി മാറ്റുക.

b. പഞ്ചായത്ത് തലത്തിൽ ഗുണമേന്മയുള്ള കാലിതീറ്റ നിർമ്മിച്ച് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുക.

c. വ്യവസായിക അടിസ്ഥാനത്തിൽ പുൽകൃഷി ആരംഭിക്കുക.

d. മിച്ചം വരുന്ന പാൽ ഉപയോഗ്യമാക്കുവാൻ നിലവിലുള്ള പാൽ ഉൽപന്ന യൂണിറ്റ് വിപുനീകരിക്കുക.

3. യന്ത്രത്തറി ഉല്പാദനങ്ങളുടെ തുണി പ്രോസസ്സ് ചെയ്യുന്നതിന് കേന്ദ്രതലത്തിൽ സംഘങ്ങളുടെ അപെക്സ് ബോഡി രൂപീകരിച്ച് പ്രവർത്തിക്കുക.

4. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം

5. മെച്ചപ്പെട്ട സേവനം നല്കുമാറ് ജീവനക്കാർക്ക് സർക്കിൾ സഹകരണയൂണിയനുമായി ബന്ധപ്പെട്ട് പരിശീലനം.

6. കൂടുതൽ തൊഴിൽ സാധ്യത ഉണ്ടാകുന്ന വിധത്തിൽ ഇന്ന് നിലവിലുള്ള യന്ത്രത്തറി സംഘത്തെ 50 തറികൾ വീതമുള്ള വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന, അവയ്ക്ക് നേതൃത്വം കൊടുക്കുന്ന സ്ഥാപനമാക്കി മാറ്റുക. ഉണ്ടാക്കുന്ന തുണികൾ പ്രൊസസ്സ് ചെയ്യാനുള്ള (ബ്ലീച്ചിങ്ങ്, ചായം മുക്കൽ തുടങ്ങിയവ) സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. പുതിയ സഹകരണ സംഘങ്ങളുടെ സാധ്യതകൾ

a. വനിതാ വ്യവസായികൾക്ക് മുൻ തൂക്കം കൊടുത്തുകൊണ്ട് അവർക്കാവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ശേഖരിക്കുകയും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനും മാത്രമായി വനിതാസഹകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക. വിപണി മുഖ്യ പ്രശ്നമാകുന്ന ഇക്കാലത്ത് വിപണി ഉറപ്പുവരുത്തുവാൻ മേൽ പറഞ്ഞ സംഘത്തിന് കഴിഞ്ഞാൽ, വിജയകരമായി പ്രവർത്തിക്കുന്ന വനിതായൂണിറ്റുകളുണ്ടാകും.

b. കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം തുടങ്ങിയവ ശേഖരിക്കുകയും അവ സംസ്കരിച്ച് വിപണനം നടത്തുന്നതിന് ഒരു മാർക്കറ്റിങ്ങ് സഹകരണ സംഘം (പ്രൊസസ്സിങ്ങ് & മാർക്കറ്റിങ്ങ്) രൂപീകരിക്കുക.

c. ചകിരി ശേഖരിച്ച് സംസ്കരിച്ച് കയറുല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഒരു കയർ സഹകരണ സംഘം രൂപീകരിക്കുക

d. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. ഭവന നിർമ്മാണ രംഗത്ത് ജനങ്ങൾ അഭിമുഖീകരിച്ചു. കൊണ്ടിരിക്കുന്ന ദുരിതങ്ങൾ ക്കും ബുദ്ധിമുട്ടുകൾക്കും നിവാരണങ്ങൾ കണ്ടെത്തുന്നതിന് ചിലവു കുറഞ്ഞ വീടു നിർമ്മാണം, ഇതിനാവശ്യമായ സാങ്കേതിക സഹായം, വിദഗ്ദ്ധതൊഴിലാളികളുടെ സേവനം വീടുനിർമ്മാണ സാമഗ്രികൾ, ആവശ്യമായവ ഉണ്ടാക്കുകയും മറ്റുള്ളവ ശേഖരിച്ച് മിതമായ വിലക്ക് വിതരണം ചെയ്യുക. ഭവനനിർമ്മാണ വായപാസൗകര്യം എന്നിവ ഉണ്ടാക്കുക, എന്നീ കാര്യങ്ങൾ സംഘത്തിന് നിർവ്വഹിക്കാനാവും. കൂടാതെ സംഘത്തിന് മൊത്തമായി സ്ഥലംവാങ്ങി വികസിപ്പിച്ച് ചെറിയ പ്ലോട്ടുകളാക്കി കുറഞ്ഞ വിലക്ക് പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും വിതരണം ചെയ്യുവാനാണ്.

e. കല്ലൊര, മത്സ്യബന്ധനം, റെഡിമെയ്ഡ്

വ്യവസായം, ഫർണിച്ചർ നിർമ്മാണം എന്നീ ചെറുകിട കുടിൽവ്യവസായങ്ങൾക്കായി പ്രത്യേകസംഘം രൂപീകരിക്കുന്നതാണ്.

f. പഞ്ചായത്തിൽ മരപ്പണി, സ്വർണ്ണപ്പണി എന്നിവ ചെയ്യുന്ന ഒട്ടേറെ തൊഴിലാളികൾ സമീപമുള്ള മറ്റു പ്രദേശങ്ങളിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ പ്രത്യേകം സഹകരണസംഘം രൂപീകരിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുമാകും.



പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽ 4055 പേരും പട്ടിക വർഗ്ഗത്തിൽ 11 പേരുമാണുള്ളത്. പഞ്ചായത്തിലെ ആകെ ആളുകളുടെ 14% വരും പട്ടികജാതി വർഗ്ഗക്കാർ. പഞ്ചായത്തിലെ 18 അംഗീകൃത കോളനികളിലായി 372 കുടുംബങ്ങളുണ്ട്. ഈകോളനികളെ സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക - 1 ൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മുഴുവനും തൃപ്തികരമായി നല്കുവാനായിട്ടില്ല. കോളനികളിലെ വൈദ്യുതിവല്ക്കരണം 62% മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആകെയുള്ള 372 കുടുംബങ്ങളിൽ 229 കുടുംബങ്ങളിൽ മാത്രം വൈദ്യുതി പൂർത്തിയായിട്ടുള്ളൂ. ആകെയുള്ള 370 വീടുകളിൽ 314 എണ്ണത്തിൽ മാത്രമേ നല്ല താമസയോഗ്യമായ വീടുകളുള്ളൂ. ബാക്കിയുള്ളവ കുടിലുകളാണ്. 36% വീടുകളിൽ കക്കൂസില്ല. പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്.

സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ കുറച്ചധികം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈവിഭാഗത്തിൽപെടുന്നവരുടെ സാമ്പത്തിക സ്ഥിതി വേണ്ടത്രമെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതിയിൽ പെടുന്നവർക്ക് സർക്കാർ വേണ്ടത്ര സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ നടപ്പാക്കിവരുന്നുണ്ടെങ്കിലും തുകയുടെ പരിമിതിയും പ്രയാസമേറിയ നിബന്ധനകളും ഉദ്യോഗസ്ഥമേധാവികളുടെ സഹായകരമല്ലാത്ത സമീപനവും പദ്ധതികളെ സംബന്ധിച്ച പൊതുവായ അറിവില്ലായ്മയും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടില്ല.

പട്ടിക വർഗ്ഗ ക്ഷേമം

പൊതുവായ വിദ്യാഭ്യാസ നിലവാരം മുഴുവൻ തൃപ്തികരമാണെന്ന് പറയാനാവില്ല. മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കാനാവുന്നുണ്ടെങ്കിലും തോറ്റുപഠിക്കുന്നവരുടെയും പഠനം നിറുത്തിയവരുടെയും എണ്ണം ആകെ വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ മോശമാണെന്നു കാണാം. പട്ടിക - 2 ഇത് വ്യക്തമാക്കുന്നു.

	കുട്ടികളുടെ എണ്ണം	തോറ്റു പഠിക്കുന്നവർ	%	പഠനം നിറുത്തിയവർ	%
പട്ടികജാതി വിഭാഗം	667	704	16%	26	4%
മറ്റുള്ളവർ	4078	85	2%	53	1%
ആകെ	4745	189	4%	79	2%

ജനറൽ വിഭാഗത്തിൽ ആകെയുള്ള കുട്ടികളിൽ 20% തോറ്റുപഠിക്കുകയും ആകെയുള്ളതിന്റെ 10% മാത്രം പഠനം നിറുത്തുകയും ചെയ്യുമ്പോൾ പട്ടികജാതി വിഭാഗം ആകെയുള്ള കുട്ടികളിൽ 16% തോല്ക്കുകയും 4% പഠനം നിറുത്തുകയും ചെയ്യുന്നു. ഇത് ഈ വിഭാഗം കുട്ടികളുടെ പഠനനിലവാരം സൂചിപ്പിക്കുന്നു. കൂടാതെ ഓരോ ക്ളാസ്സിലും S.S.L.C. ക്കും മറ്റ് പരീക്ഷകളിലും ജയിക്കുന്ന കുട്ടികളിൽ തന്നെ പട്ടിക ജാതികുട്ടികളിൽ ഉയർന്ന നിലവാരം പുലർത്തുന്നവർ വളരെ കുറവാണ്. ഇതുകൊണ്ടുതന്നെ കടുത്തമൽസരമേറിയ ഇന്നത്തെ വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും ഇക്കൂട്ടർ പിന്തള്ളപ്പെടുന്നു. പൊതുവായ നിലവാരകുറവ് മൂലം നിലവിലുള്ള സംവരണ സംവിധാനം തന്നെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇക്കൂട്ടർക്കാവുന്നില്ല.

സാക്ഷരതാ നിലവാരവും പൂർണ്ണമായും തൃപ്തികരമല്ല. മുഴുവൻ ആളുകളെയും സാക്ഷരരാക്കുവാനായിട്ടില്ല. മാത്രവുമല്ല, ഒന്നാംഘട്ടത്തിൽ അക്ഷരാഭ്യാസം നേടിയ മുഴുവൻ ആളുകളിലും ഇത് നിലനിറുത്താനാവശ്യമായ തുടർ പ്രവർത്തനങ്ങൾ വിജയകരമായ നടത്തുവാൻ തുടർന്നുള്ള ഘട്ടങ്ങളിൽ കഴിഞ്ഞിട്ടില്ല. കൂടുതൽ കുട്ടികൾ ഇടക്കുവച്ച് പഠനം നിറുത്തി പോകുന്നുണ്ടെന്നതിനാൽ, തുടർന്നും സാക്ഷരതാ നിലവാരം മോശമാകാനിടയുണ്ട്.

ബോയൻ സമുദായക്കാരുടെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ 4ാം വാർഡിലെ ബോയൻ (നായ്ക്കൻ) കോളനിയിലും 2,3,5,8,12 വാർഡുകളിലുമായി നായ്ക്കസമുദായത്തിൻ പ്പെട്ട 90 -100 - കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ബോയൻ സമുദായക്കാരായി കണക്കാക്കി ഇവർക്ക് ഇതരപട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ കാലങ്ങളായി ലഭിച്ചുവന്നിരുന്നു. എന്നാൽ കോഴിക്കോട് ആസ്ഥാനമായ 'കിർട്ടാർഡ്സ്' (KIRTADS) നടത്തിയ പഠനത്തിന്റെയും നിഗമനത്തിന്റെയും അടിസ്ഥാനത്തിൽ കഴിഞ്ഞകുറച്ചുവർഷങ്ങളായി ഇവർക്ക് ഈ ആനുകൂല്യം നിഷേധിച്ചുവരികയാണ്. ഇവർ ബോയൻ സമുദായക്കാരല്ലെന്നും അതുകൊണ്ടു തന്നെ ഇവർക്ക് പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നല്കാനാവില്ല എന്നുമാണ് പട്ടികജാതി/ക്ഷേമ വകുപ്പും മറ്റ് അധികാരപ്പെട്ടവരും പറയുന്നത്. നായ്ക്കൻ സമുദായത്തിൽ ഉൾപ്പടുത്തി ഇവർക്ക് മറ്റ് വിഭാഗത്തിനു നൽകുന്ന ആനുകൂല്യത്തിനു മാത്രമെ അർഹതയുള്ളു എന്നു പറയപ്പെടുന്നു.

വർഷങ്ങളായി ഈ ആനുകൂല്യം ലഭിച്ചുവരികയും സാമൂഹ്യമായും സാമ്പത്തിക

മായും, വളരെ പിന്നോക്കം നില്ക്കുന്ന ഇവർക്ക് ഈ ആനുകൂല്യം നിഷേധിച്ചതിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നിട്ടുണ്ട്. ഇവർ കൂട്ടമായി താമസിക്കുന്ന ബോയൻ കോളനിയിൽ അടിസ്ഥാനസൗകര്യങ്ങൾ കാര്യമായൊന്നുമില്ല. ഈ വിഭാഗക്കാരുടെ കുട്ടികൾക്ക് സ്കൂളിൽ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിനാൽ ഒട്ടേറെ കുട്ടികൾ പഠനം നിറുത്തിയിട്ടുണ്ട്.

ഈ വിഭാഗം ആളുകളുടെ ചരിത്രപശ്ചാത്തലവും, ഇവരുടെ ഇന്നത്തെ അവസ്ഥയും കണക്കിലെടുക്കുമ്പോൾ, വർഷങ്ങളായി കൊടുത്തുപോന്നിരുന്ന ആനുകൂല്യങ്ങൾ പുനസ്ഥാപിക്കേണ്ടതുണ്ട്.

പട്ടികജാതി വർഗ്ഗക്ഷേമം

പ്രശ്നങ്ങൾ

1) മുഖ്യമായും 18 കോളനികളിലായി താമസിക്കുന്ന ഈ വിഭാഗക്കാർക്ക് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത. കുടിവെള്ളം, വൈദ്യുതി, കക്കൂസ് (etc.)

2) വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ നിലനില്ക്കുന്നു.

3) നിരക്ഷരത പൂർണ്ണമായും ഒഴിവാക്കാനായിട്ടില്ല. സാക്ഷരതാ പ്രവർത്തനം നടന്നിടത്തുതന്നെ തുടർ സാക്ഷരതാപ്രവർത്തനം നടന്നിട്ടില്ല. നവസാക്ഷരർ നിരക്ഷരരായി മാറുന്നു.

4) ഈ വിഭാഗക്കാരുടെ സാംസ്കാരിക തനിമ നിലനിറുത്തിക്കൊണ്ടു തന്നെ കോളനികളിൽ സാംസ്കാരിക പ്രവർത്തനത്തിന് സൗകര്യമില്ല. വായനശാലയോ ഗ്രന്ഥശാലയോ ഇല്ല.

5) വിവിധ സർക്കാർ പദ്ധതികൾ സാധാരണക്കാരിലേക്ക് എത്തുന്നില്ല. ഒട്ടുമിക്ക പദ്ധതികളും ലക്ഷ്യമിടുന്ന മുഴുവൻ ആളുകളിലേക്കും എത്തുന്നില്ല. നാമമാത്രമായ പദ്ധതികൾ പലപ്പോഴും കടലാസ്സിൽ തന്നെ ഒതുങ്ങുന്നു.

6) പട്ടിക ജാതി വിഭാഗക്കാർക്ക് അനുവദിച്ചുകിട്ടുന്ന പലവിധ ആനുകൂല്യങ്ങളും അവരുടെ പേരിൽ അനുവദിച്ച് മറ്റുവിഭാഗങ്ങൾ തട്ടിയെടുക്കുന്നു.

7) തൊഴിൽ പരമായ പിന്നോക്കാവസ്ഥ നിലനില്ക്കുന്നു.

8) മുഴുവൻ പേർക്കും വീടില്ല. വീടുനിർമ്മാണത്തിന് ലഭിക്കുന്ന തുക അപര്യാപ്തമായതുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാവാതെ വരുന്നു. പലപ്പോഴും തുക ദുർവ്യയം ചെയ്യപ്പെടുന്നു.

9) പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ പേർക്കും പട്ടയം ലഭിച്ചിട്ടില്ല.

സാധ്യതകൾ

1) നിലവിലുള്ള 18 കോളനികളിലും പൂർണ്ണമായും വൈദ്യുതിവൽക്കരണം നടത്താനായിട്ടില്ല. കോളനി വൈദ്യുതീകരണത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

2). കുടിവെള്ളക്ഷാമം രണ്ടു കോളനികളിലൊഴികെ മറ്റെല്ലായിടത്തും രൂക്ഷമാണ്. നിലവിലുള്ള കിണറുകളിലും പൊതുടാപ്പുകളിലും വെള്ളം തുടർച്ചയായി കിട്ടുന്നില്ല. കോളനികളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ, പൊതുകിണർ, ടാപ്പുകൾ എന്നിവ നന്നാക്കിയെടുത്ത്, ആവശ്യത്തിന് ആഴം കൂട്ടി മോട്ടോർ സ്ഥാപിച്ച് അതത് കോളനികൾക്കാവശ്യമായ വലിപ്പത്തിൽ ടാങ്ക് പണിത് പൈപ്പ് ലൈനിലൂടെ ജലവിതരണം നടത്താനുള്ള ചെറുകിട ശുദ്ധജലവിതരണ പദ്ധതി ആവിഷ്കരിക്കണം. ജലസ്രോതസ്സടക്കം പദ്ധതിയുടെ സംരക്ഷണച്ചുമതല അതത് കോളനിയിലെ പ്രാദേശിക സമിതിക്ക് വിട്ടുകൊടുക്കാം. സാങ്കേതികമായ

മേൽനോട്ടം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെടേണ്ട എഞ്ചിനീയറിങ്ങ് വിഭാഗത്തിനിയിരിക്കണം.

3) കോളനികളിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഉണ്ടാകുന്ന ഗ്യാസ് അതത് കോളനികളിലെ ഇന്ധനാവശ്യത്തിനും വെളിച്ചത്തിനുമായി ഉപയോഗിക്കാവുന്നതാണ്.

4) എല്ലാ കോളനികളിലും, ഒറ്റപ്പെട്ട മറ്റു പട്ടിക ജാതി വീടുകളിലും ഒരുവർഷം കൊണ്ട് കക്കൂസ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് പരിപാടി രൂപീകരിക്കാവുന്നതാണ്.

5) കണക്കം കോട്ട കോളനിയിലെ പട്ടികജാതി വിഭാഗക്കാരിൽ കുറച്ചുകുടുംബങ്ങൾ കാലാകാലങ്ങളിലായി മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരാണ്. ഇന്ന് ഈ തൊഴിലിനുള്ള സാധ്യതകൾ കുറവായതുകൊണ്ട് മറ്റുതൊഴിലുകൾ തേടിപോകുന്നു. ഇപ്പോൾ മത്സ്യബന്ധനത്തിൽ 12 പേർ മാത്രമാണ് ഏർപ്പെടുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യകൃഷി ചെയ്യുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം.

6) പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി താമസിക്കുന്ന പട്ടിക ജാതി വിഭാഗക്കാർക്ക് പട്ടയം നല്കേണ്ടതാണ്.

7) പട്ടികജാതി വർഗ്ഗക്കാരുടെ ശ്മശാനം അളന്നുതിരിച്ച് മതിൽ കെട്ടി സംരക്ഷിക്കണം.

8) ക്ഷേമ പദ്ധതികളെ കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവല്ക്കരണ പരിപാടികൾ അത്യാവശ്യമാണ്. ഇത് അതത് കോളനികളിൽ നടത്താനാവശ്യമായ പരിപാടികൾ ഉണ്ടാകേണ്ടതുണ്ട്. നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ നിബന്ധനകൾ ലഘൂകരിക്കുകയും തുക കാലാനുസൃതമായും ഓരോ പ്രദേശത്തെയും പട്ടിക ജാതി ജനസംഖ്യക്ക് ആനുപാതികമായി വർദ്ധിപ്പിക്കുകയും വേണം.

9) പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുണ്ടെന്ന് ഉറപ്പാക്കുക, ഈ ആനുകൂല്യങ്ങൾ ഇവരുടെ പേരിൽ അനുവദിച്ച് മറ്റുള്ളവർ തട്ടിയെടുക്കുന്നത് തടയുക, വിവിധ പദ്ധതികളിൽ ആവശ്യമായ പുനഃസംഘാടനം നടത്തുക, ബോധവല്ക്കരണം നടത്തുക, തുടങ്ങിയ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് പഞ്ചായത്തുതലത്തിൽ പട്ടിക ജാതി/വർഗ്ഗ ക്ഷേമ സമിതിക്ക് രൂപം കൊടുക്കുക. ഈ സമിതിയിൽ ഈ വിഭാഗക്കാരിൽ നിന്നുള്ള ബഹുജന നേതാക്കൾ പട്ടിക ജാതി/വർഗ്ഗ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തുക. ഈ അനൗപചാരിക സമിതിയിൽ വാർഡു മെംബർമാരെ ഉൾപ്പെടുത്തി തീരുമാനങ്ങൾ നടപ്പാക്കുന്നു എന്ന് പഞ്ചായത്തു സമിതി ഉറപ്പാക്കണം.

10) പരമ്പരാഗതമായി ഈ വിഭാഗക്കാർ ചെയ്തുവരുന്ന പായ നെയ്ത്ത്, കുട്ട, പനമ്പ്, എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

11) വ്യവസായ പരിശീലനം നല്കുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ വായ്പ, മറ്റടിസ്ഥാനസൗകര്യങ്ങൾ എന്നിവ സംഘടിപ്പിക്കുക, വായ്പകൾ ഉദ്ദ്യേശിച്ച് കാര്യത്തിനുതന്നെ ഉപയോഗിക്കുന്നു എന്ന് പരിശോധിക്കുകയും ദുരുപയോഗം തടയുകയും ചെയ്യുക. ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതായ പഞ്ചായത്തു പട്ടിക ജാതി വികസന സമിതിക്കുമാണ്.

12) നിലവിലുള്ള പട്ടിക ജാതി/സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്ത പരിധി വിപുലീകരിക്കണം.

13) വീടുനിർമ്മാണത്തിനാവശ്യമായ ധനസഹായം വർദ്ധിപ്പിക്കുക. ഒരു നിശ്ചിത സമയത്തിനകം പൂർത്തിയാകുന്നു എന്ന്

ഉറപ്പുവരുത്തുക. ചിലവുകുറഞ്ഞ പാർപ്പിടനിർമ്മാണരീതി വ്യാപകമായി പ്രചരിപ്പിക്കുക.

14) പഞ്ചായത്തിൽ പട്ടിക ജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്തു വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അതുവിറ്റഴിക്കുന്നതിന് അന്തിച്ചന്തകൾക്ക് രൂപം നല്കുകയും വേണം. ഇക്കാര്യത്തിൽ കോളനികൾക്ക് കൃഷിഭവൻ മുഖേന നല്കിവരുന്ന സഹായം ലഭ്യമാക്കാവുന്നതാണ്.

15) കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടെത്തുന്നതിന് ഓരോ കോളനിയിലും വിദ്യാഭ്യാസ സമിതി രൂപീകരിച്ച് സമിതിയുടെ നേതൃത്വത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷനും മറ്റ് ആവശ്യമായ സഹായവും ചെയ്യുക. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനമുഖ സാക്ഷരതാ പരിപാടി ആരംഭിക്കുക. മോണിറ്ററിംഗ് ചെയ്യേണ്ടത് പഞ്ചായത്ത് വികസന സമിതിയാണ്.

16) പട്ടിക ജാതി/വർഗ്ഗ വിഭാഗക്കാരുടെ സാംസ്കാരിക പാരമ്പര്യം നിലനിറുത്താവുന്നതും വികസിപ്പിക്കാവുന്നതുമായ കലാസാംസ്കാരിക പ്രവർത്തന കേന്ദ്രങ്ങൾ ഓരോ കോളനിയിലും ഏർപ്പടുത്തുക. പഞ്ചായത്തുതലത്തിൽ ഇവയെ ഏകോപിപ്പിക്കുന്നതിന് സംവിധാനം വേണം. ചീനാലിയ ക്ളബ്ബു പോലെയുള്ള സംഘടനകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

17) കുത്തുപറമ്പ് മങ്ങാടി കുന്നിൽ നിക്ഷേപിച്ചുവരുന്ന ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കമ്മ്യൂണിറ്റി ജൈവവാതക പ്ളാന്റ് സ്ഥാപിക്കുക. മാലിന്യങ്ങൾ ഒഴിവാക്കാനാവുമെന്നതിനൊപ്പം സമീപത്തുള്ള കോളനിയിലെ മുഴുവൻ വീടുകളുടെയും ഇന്ധനാവശ്യങ്ങൾക്കും വെളിച്ചത്തിനുമായി ഉപയോഗപ്പെടുത്താം.

18) മാടായിക്കോണത്ത് ഉപയോഗരഹിതമായി കിടക്കുന്ന SC/ST സൊസൈറ്റി വക സ്ഥലത്തിന്റെ ബാധ്യതകൾ തീർത്ത് പ്രസ്തുത സ്ഥലത്ത് KVIC യുടെ സഹായത്താൽ പട്ടിക ജാതി യുവതീ യുവാക്കൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

19) എല്ലാ പട്ടിക ജാതി കുടുംബങ്ങളെയും പുനർസർവ്വെ നടത്തി ദാരിദ്ര്യം അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങളെയും TRDP ലിസ്റ്റിൽ ഉൾപ്പെടുത്തി സഹായങ്ങൾ ലഭ്യമാക്കണം.

20) വാതിൽ മാടം 4 സെൻറ് കോളനിയിൽ പഞ്ചായത്തുകിണർ നിർമ്മിച്ച് മോട്ടോറും മറ്റ് ജലവിതരണ സംവിധാനങ്ങളും സ്ഥാപിച്ച് ശുദ്ധജലവിതരണ സംവിധാനം ഉണ്ടാക്കണം.

21) ദുസ്സഹമായ വിലക്കയറ്റത്തിൽ നിന്ന് മോചനം കിട്ടാൻ എല്ലാകോളനികളിലും 'സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ' സിവിൽ സപ്ളൈസ് വകുപ്പിന്റെ സഹായത്തോടെ ഏർപ്പെടുത്തുക.

22) കണ്ടാരം തറ IMDP കോളനിയിൽ നിർമ്മിച്ചിട്ടുള്ള റോഡിനെ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി റോഡുമായി ബന്ധിപ്പിക്കേണ്ടതാണ്.

23) പോലീസ്സ്റ്റേഷന്റെ വടക്കുഭാഗത്തുകൂടിയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.

24) 12ാം വാർഡിൽ പീച്ചാംപിള്ളി കോളനിയിലേക്കുള്ള റോഡ് KLDC കനാൽ റോഡുമായി ബന്ധിപ്പിച്ച് ഗതാഗതസൗകര്യം ഏർപ്പെടുത്തണം.

25) കാട്ടുങ്ങച്ചിറ തിണ്ട് ഹരിജൻ കോളനി റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

പട്ടിക -1

പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരങ്ങൾ

(അവലംബം : വികസന ബ്ലോക്ക് സർവ്വേ)

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ് നമ്പർ	പട്ടികജാതി കുടുംബങ്ങൾ	മറ്റുള്ളവർ	ജനസംഖ്യ		കോടുമേഞ്ഞ നല്ല വീടുകൾ	കക്കൂസില്ലാത്തവർ	വൈദ്യുതികരണം നടന്നത്	ഭൂരഹിത കുടുംബങ്ങൾ
					പട്ടികജാതി	മറ്റുള്ളവർ				
1.	പാറക്കാട് ഹരിജൻ കോളനി	VI	13	8	59	31	11	2	7	
2.	മാപ്രാണം 4 സെൻറ് കോളനി	V	11	20	41	85	7	3	6	
3.	ചക്കാംപറമ്പ് ഹരിജൻ കോളനി	XI	10	4	41	21	10	2	3	
4.	കുഴിക്കാട്ടുകോണം കോളനി	XII	49	35	215	182	34	19	17	5
5.	പീച്ചാംപ്പിള്ളികോണം കോളനി	X	22	1	109	4	20	14	17	5
6.	മാടായിക്കോണം	XI	19	6	90	28	14	4	8	1
7.	കൂത്തുപറമ്പ്	VIII	12	58	52	244	11	4		
8.	കണ്ടാരൻ തറ I.H.D.P	VIII	17	33	82	148	15	5	13	
9.	ചിറത്തിനാട്	IX	11	3	45	15	4	7	4	
10.	പാറപ്പുറം	VI	18	19	79	89	14	5	10	
11.	സെറ്റിൽമെൻറ്	VI	11	24	55	123	8	1		
12.	കൈപ്പുള്ളിത്തറ	IX	17	7	63	38	10	-	6	
13.	ഊളക്കാട്	VIII	14	2	72	6	10	1	7	3
14.	മൂർക്കനാട് 4 സെൻറ്	I	36	18	291	66	45	30	30	
15.	പുറത്തനാട് കോളനി	II	22	2	124	6	20	19	20	
16.	ജനതാ കോളനി	II	30	8	134	42	29	4	29	1
17.	കണക്കൻ കോട്ട	III	28	2	125	9	27	5	27	
18.	തളിയക്കോണം	IV	30	21	156	104	25	10	25	6
	ആകെ		370	271	1833	1241	314	135	229	21

ആകെയുള്ള 370 കുടുംബങ്ങളിൽ 314 എണ്ണത്തിന് മാത്രമെ നല്ല താമസയോഗ്യമായ വീടുകളുള്ളൂ. ബാക്കിയുള്ളവ കുടിലുകളാണ്. 36% വീടുകളിൽ കക്കൂസില്ല.

പഞ്ചായത്തിൻെറ ഇതരഭാഗങ്ങളിലെന്നപോലെ കുടിവെള്ള ക്ഷാമം രൂക്ഷമായി കോളനികളിൽ അനുഭവപ്പെടുന്നുണ്ട്.

വിഭവസമാഹരണം

ഏതൊരു വികസന പ്രവർത്തനത്തിനേറയും മുന്നുപാധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാവശ്യമായ വിഭവ സമാഹരണം നടത്തുക, കണ്ടെത്തുക എന്നതാണ്. കാർഷിക പ്രധാനമായ പൊറത്തിശ്ശേരി പഞ്ചായത്തിൽ കാർഷികരംഗം മുരടിച്ച അവസ്ഥയിലാണ്. നെൽകൃഷി ആദായകരമായി നിലനിർത്തുവാനാവത്തതിനാൽ താമസപ്പറമ്പുകളായി മാറ്റപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. തെങ്ങ്, വാഴകളടക്കമുള്ള മറ്റുകൃഷികളുടേയും സ്ഥിതി മോശമാണ്. രോഗങ്ങൾ, ഉല്പാദനക്ഷമതക്കുറവ്, ജലസേചനത്തിന്റെ അപര്യാപ്തത എന്നിങ്ങനെയുള്ള പ്രതിസന്ധി കാരണങ്ങളാൽ കൃഷിക്കാർ കൃഷി കൈയൊഴിഞ്ഞു കൊണ്ടിരിക്കുകയാണ്. മതിയായ വരുമാനം കൃഷിയിൽ നിന്ന് ഉറപ്പുവരുത്തുന്നതിലൂടെ മാത്രമെ പഞ്ചായത്തിലെ കാർഷികാവസ്ഥ നിലനിർത്താനും അതുവഴി പഞ്ചായത്തിനാവശ്യമായ വിഭവസമാഹരണം ഉറപ്പുവരുത്താനും കഴിയൂ.

നിലവിലുള്ള വ്യവസായങ്ങൾ എല്ലാംതന്നെ പ്രതിസന്ധികളെ നേരിടുന്നു. ഓടുവ്യവസായ മേഖല തീർത്തും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. ഇവിടുത്തുകാർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നല്കി കൊണ്ടിരുന്ന പ്ലൈവുഡ് കമ്പനി പൊളിച്ച് മാറ്റിക്കൊണ്ടിരിക്കുന്നു. ചെറുകിട വ്യവസായ സംരംഭങ്ങളെക്കൊണ്ടു വിപണിയടക്കമുള്ള ഒട്ടേറെ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്നു.

ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം കാര്യമായ തോതിൽ പഞ്ചായത്തിന്റെ വികസനത്തിന് പ്രയോജനപ്പെട്ടിട്ടില്ല. ബാങ്കുനിക്ഷേപമായി മറ്റു പ്രദേശങ്ങളിലേയ്ക്കും, കോൺക്രീറ്റ് കെട്ടിടങ്ങളായും ഈ വരുമാനം മാറികൊണ്ടിരിക്കുന്നു. മാത്രവുമല്ല ഗൾഫ് മേഖലയിൽ നിന്നുള്ള കുടിയൊഴിപ്പിയ്ക്കലിന്റെ ഭാഗമായി ഒട്ടേറെ പേർ പൊറത്തിശ്ശേരിയിലും തിരിച്ചെത്തിക്കൊണ്ടിരിക്കുന്നു. ഇവരുടെ പുനരധിവാസം മറ്റൊരു പ്രശ്നമായി മാറുകയാണ്.

കാർഷിക-വ്യവസായിക മേഖലയിൽ, ഗ്രാമ പഞ്ചായത്തുകൾക്ക് ഫലപ്രദമായി ഇടപെടാനും ഈ രണ്ടു മേഖലയിലും ജനപങ്കാളിത്തത്തോടെ, കൂട്ടായ്മ വളർത്തി വളർച്ച കൈവരിക്കാനും കഴിയണം. എങ്കിൽ മാത്രമെ പഞ്ചായത്തിന്റെ വികസനം യാഥാർത്ഥ്യമാവുകയുള്ളു.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിയ്ക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും, നിലനിറുത്താതെ, പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ ഗ്രാന്റുകൾ പഞ്ചായത്തുകൾക്ക്

കൈമാറാനാവശ്യമായ നിയമ നിർമാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് എന്നിവ രണ്ടും മൂന്നും വർഷം കഴിഞ്ഞു മാത്രമാണ് പഞ്ചായത്തിന് ലഭിക്കുന്നത്. മാത്രവുമല്ല ഗ്രാൻറുകളുടെ വിതരണം നീതിപൂർവ്വമല്ല. ജനസംഖ്യ, ദരിദ്രരുടെ എണ്ണം, പട്ടികജാതിയടക്കമുള്ള ദുർബല വിഭാഗങ്ങളുടെ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിവക്ക് ആനുപാതികമായിട്ടു വേണം ഗ്രാൻറുകൾ വിതരണം ചെയ്യുവാൻ.

ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ ദേശസൽകൃത ബാങ്കായ ഇന്ത്യൻ ഓവർസീസ് ബാങ്കിൻെറ ശാഖ, ഷെഡ്യൂൾഡ് ബാങ്കുകളായ ലോർഡ് കൃഷ്ണ ബാങ്ക് ലിമിറ്റഡ് ശാഖ, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിൻെറ എക്സ്റ്റൻഷൻ കൗണ്ടർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൻെറ വികസനവുമായി ബന്ധപ്പെട്ട് ദേശസൽകൃത ബാങ്കുകളുടെ പ്രവർത്തനം നിരാശാജനകമാണ്. പഞ്ചാത്തിലെ ശരാശരി നിക്ഷേപ വായ്പാ അനുപാതത്തെ 50%ത്തിൽ താഴെയാണ്. (കൃത്യമായ കണക്കുകൾ ലഭ്യമല്ല.)

പഞ്ചായത്തിൻെറ പരിധിയിൽ സർവ്വീസ് ഏരിയാ പരിപാടിയിൽ ബാങ്കിംഗ് പ്രവർത്തനം നടത്തുന്നത് താഴെ പറയുന്ന ബാങ്ക് ശാഖകളാണ്.

(a) ഇന്ത്യൻ ഓവർസിസ് ബാങ്ക്, കരുവന്നൂർ

(b) ഭാരതീയ സ്റ്റേറ്റ് ബാങ്ക്, ഇരിങ്ങാലക്കുട

(c) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇരിങ്ങാലക്കുട

(d) ഫെഡറൽ ബാങ്ക് ലിമിറ്റഡ്, ഇരിങ്ങാലക്കുട

പഞ്ചായത്തിൽ 10 പ്രൈവറ്റ് ഫൈനാൻസിയേഴ്സും പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിൽ ദേശസൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾ വീഴ്ച വരുത്തുന്നത്. ഈ പ്രൈവറ്റ് ഫൈനാൻസിയേഴ്സിൻെറ വളർച്ച ത്വരിതമാക്കുന്നു. ഇത്തരം ഒരു പശ്ചാത്തലത്തിൽ വേണം പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളുടെ പങ്കിനെ വിലയിരുത്തുവാൻ.

നാടിൻെറ വികസനത്തിനാവശ്യമായ ബാങ്കിംഗ് സൗകര്യങ്ങൾ ആവശ്യക്കാരന്, ആവശ്യമായ സമയത്ത്, ആവശ്യമായ അളവിൽ എത്തിച്ചു കൊടുക്കാൻ സഹകരണ ബാങ്കുകൾ ക്കാവണം. ഈ രീതിയിൽ പ്രവർത്തനം നടത്തുവാൻ സർവ്വീസ് സഹകരണ ബാങ്കുകൾക്കു കഴിഞ്ഞാൽ, പഞ്ചായത്തിൽ നിന്ന് ദേശസൽകൃത - ഷെഡ്യൂൾഡ് ബാങ്കുകൾ വഴി പുറത്തേക്കൊഴുകുന്ന നിക്ഷേപങ്ങളെ പഞ്ചായത്തിൻെറ വികസനത്തിനായി പ്രയോജനപ്പെടുത്താനാവും. പഞ്ചായത്തിൽ രണ്ടു സർവ്വീസ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(1) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് രജി.നമ്പർ 112

(2) കരുവന്നൂർ പട്ടികജാതി വികസന സർവ്വീസ് സഹകരണ സംഘം.

വിഭവസമാഹരണം - സാധ്യതകൾ

(1) പഞ്ചായത്തിൻെറ വരുമാനം കഴിയാവുന്നത്ര വർദ്ധിപ്പിച്ചും ചിലവുകൾ പരമാവധി കുറച്ചും അധിക വിഭവങ്ങൾ കണ്ടെത്താവുന്നതാണ്.

(2) നമ്മുടെ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലഭിക്കുന്ന ലൈസൻസ് ഫീസ് കുറവാണ്. മുഴുവൻ കച്ചവടക്കാരേയും ലൈസൻസ് ഫീസിൻെറ പരിധിയിൽ കൊണ്ടുവരണം.

(3) തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പഞ്ചായത്തിലെ പ്രൊഫഷൻ

ടാക്സ് രജിസ്റ്റർ വെളിവാക്കുന്നു. ഈ സാധ്യത മുഴുവനായി പ്രയോജനപ്പെടുത്തണം. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരികയും ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാവുന്നതുമാണ്. കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളികൾക്കും ഇത് ബാധകമാക്കാവുന്നതാണ്.

(4) കെട്ടിട നികുതി ഈടാക്കുന്നത് ശാസ്ത്രീയമായല്ല. കെട്ടിട നികുതി ഈടാക്കുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വിലയേറിയ സാമഗ്രികളുടെ ഉപയോഗവും കണക്കിലെടുക്കണം. വീടു നിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കുവാൻ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. വീട് അസസ്സ് ചെയ്യുന്നതെങ്ങിനെയെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കണം. അഴിമതി കുറക്കുവാൻ ഒരു അസസ്സ്മെൻറ് കമ്മറ്റിയെ ഏർപ്പാടാക്കുന്നത് നല്ലതാണ്.

(5) 5 ലക്ഷത്തിനുമേൽ വീടു നിർമ്മാണത്തിന് (വാസഗൃഹത്തിന്) ചിലവഴിക്കുന്നവരിൽ നിന്ന് ഒരു പ്രത്യേക സെസ്സ് ഏർപ്പെടുത്താവുന്നതാണ്. കെട്ടിട നിർമ്മാണത്തിലെ ദുർവ്യയം ഒഴിവാക്കാനും അധികവിഭവ സമാഹരണത്തിനും ഇത് സഹായിക്കും.

(6) കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കലിലൂടെ തങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾക്ക് ബോധ്യമാകണം. സുതാര്യമാവണം നികുതി ഘടനയും കണക്കാക്കുന്ന രീതിയും വാർഡ് തല വികസന സമിതികൾ കൂട്ടായ ശ്രമത്തിലൂടെ നികുതി പിരിച്ചെടുക്കുവാനും ഊർജ്ജിതമാക്കാനും ജനങ്ങളുടെ സഹകരണം ഉറപ്പാക്കാനും കഴിയും.

(7) വിഭവസമാഹരണത്തിന്റെ സാധ്യതകൾ പരിമിതമായിരിക്കെ തന്നെ ചിലവുകൾ മുഴുവൻ പ്രത്യുൽപാദന പരമായിട്ടല്ല നടത്തുന്നത്. പഞ്ചായത്തിന്റെ ആകെ വരുമാനത്തിന്റെ 39% ഭരണചിലവുകളാണ്. പൊതുമരാമത്ത് 9% വും വിദ്യാഭ്യാസത്തിന് 1.0%വും ശുദ്ധജലമടക്കമുള്ള പൊതുജനാരോഗ്യത്തിന് 11% വും ചിലവഴിക്കുന്നു.

(8) ഭരണ ചിലവുകളിൽ കഴിയാവുന്നത്ര ദുർവ്യയം ഒഴിവാക്കണം. പൊതുമരാമത്ത് ചിലവുകളിൽ ഉൾപ്പെടുത്തി താല്ക്കാലിക റിപ്പയർ ചെയ്യുന്നത് ഒരുഗുണവും ചെയ്യുന്നില്ല. (ഉദാ: വർഷക്കാലത്തിന് തൊട്ടുമുമ്പായി റോഡുകളിൽ മണ്ണു വെട്ടിയിടുന്നത് -- വർഷക്കാലത്തെ മഴവെള്ളത്തിൽ ഇതൊലിച്ചു പോകുന്നു.) എന്നാണ് അനുഭവം വ്യക്തമാക്കുന്നത്. മാത്രമല്ല പഞ്ചായത്ത് ഫണ്ട് പാഴായി പോവുകയും ചെയ്യുന്നു.

(9) തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിന്റെ വികസനകാര്യങ്ങൾക്കായി നൽകാൻ സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ:-

(a) വിലക്കയറ്റം രൂക്ഷമായ ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകരുത്. വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമെ നികുതിയാകുവാൻ പാടുള്ളു. എങ്കിൽ അതു കൊടുക്കുവാൻ എല്ലാവരും തയ്യാറാകും.

(b) വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.

(c) നികുതി കൊടുക്കുന്നതിലൂടെ തങ്ങളും പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ

പങ്കാളികളാകുന്നുവെന്ന് ബോധ്യപ്പെടുത്തുവാൻ പഞ്ചായത്തിന്റെ വരുമാന ചെലവിടൽ കണക്ക് സുതാര്യമാക്കണം. ഓരോ ഗ്രാമസഭയിലും ചർച്ച ചെയ്യണം. കണക്കുകൾ ജനങ്ങൾക്ക് നേരിട്ടുപരിശോധിക്കാനുള്ള സാഹചര്യം ഉണ്ടാകണം.

(d) നികുതി പിരിച്ചെടുക്കലും വികസനപ്രവർത്തനത്തിന്റെ ഭാഗമാണെന്ന് വാർഡ് വികസന സമിതിയും ഇതര ബഹുജന പ്രസ്ഥാനങ്ങളും മനസ്സിലാക്കണം. വാർഡ് തലത്തിൽ കൂട്ടായ ശ്രമം ഉണ്ടാകണം.

(e) ഗ്രാമപഞ്ചായത്ത് ആഫീസിലെ കണക്കുസൂക്ഷിപ്പ്, രജിസ്റ്ററുകൾ സൂക്ഷിക്കുന്ന രീതി കുറെക്കൂടി ശാസ്ത്രീയവും സുതാര്യവുമാകണം. ജനങ്ങൾക്ക് സ്വയം ബോധ്യപ്പെടാവുന്ന സംവിധാനം പഞ്ചായത്തിലുണ്ടാകണം.

5(a) പഞ്ചായത്തിൽ ഇപ്പോൾ അറവുശാലയില്ല. അനധികൃതമായി ചിലയിടത്ത് മൃഗങ്ങളെ അറവ് ചെയ്ത് വില്ക്കുന്നുമുണ്ട്. പൂർണ്ണമായും യന്ത്രവൽക്കരിച്ച ആധുനിക അറവുശാല പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുക. ഇതുമൂലം പഞ്ചായത്തിന് ഒരു പുതിയ വരുമാനമേഖലയുണ്ടാകുമെന്നു മാത്രമല്ല, ജനങ്ങളുടെ ആരോഗ്യത്തിനുതന്നെ പ്രശ്നമാകുന്ന അനധികൃത കശാപ്പ് ഒഴിവാക്കാനാവും.

5(b) - പഞ്ചായത്തിൽ നിലവിൽ മാർക്കറ്റുകളൊന്നുമില്ല. മാപ്രാണത്തും കഴിയാവുന്ന മറ്റു പ്രദേശങ്ങളിലും പച്ചക്കറിയടക്കമുള്ള മാർക്കറ്റുകൾക്ക് സാധ്യതയുണ്ട്. ഇത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കും.

5(c) പഞ്ചായത്ത് വികസനഫണ്ട്:- പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടു കൊണ്ട് പഞ്ചായത്ത് വികസനഫണ്ട് രൂപീകരിക്കണം. പ്രവാസി മലയാളികൾ, ഇടത്തരം വ്യവസായികൾ, കർഷകപ്രമുഖർ എന്നിവരിൽ നിന്ന് ഉപാധിരഹിത സംഭാവനകൾ/ പലിശയില്ലാത്ത ദീർഘകാല വായ്പകൾ എന്നരീതിയിൽ ഫണ്ട് സ്വരൂപിക്കണം. വികസനഫണ്ട് സ്വരൂപിക്കുവാനും ചിലവഴിക്കാനും പ്രവർത്തനം മോണിറ്റർ ചെയ്യാനും സംഭാവന ചെയ്തവരടക്കമുള്ള, ജനപങ്കാളിത്തത്തോടെയുള്ള ഒരു പുതിയ സംവിധാനം ഉണ്ടാക്കണം. വികസനഫണ്ട് പ്രത്യുൽപ്പാദനപരമായി മാത്രമേ ഉപയോഗിക്കവൂ.

(10) വികസന സന്നദ്ധ സേന: വികസന പ്രവർത്തനങ്ങളിൽ വേണ്ടിവരുന്ന മനുഷ്യാദ്ധ്വാനം നല്കാൻ സന്നദ്ധരായിട്ടുള്ള ചെറുപ്പക്കാരുടെ സന്നദ്ധസേന രൂപീകരിക്കണം.

ഉപസംഹാരം

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ പഞ്ചായത്ത് ഗ്രാമവികസനരേഖ പൊറത്തിശ്ശേരി പഞ്ചായത്തിലെ ജനങ്ങൾക്കായി സമർപ്പിക്കുകയാണ്.

പഞ്ചായത്തിലെ സമസ്ത പ്രശ്നങ്ങളും സാധ്യതകളും പരിശോധിക്കുന്ന റിപ്പോർട്ടാണിതെന്ന് അവകാശപ്പെടുന്നില്ല. 9ാം പദ്ധതി ജനകീയ പദ്ധതിയുടെ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭ റിപ്പോർട്ടുകളും പഠനപര്യടനറിപ്പോർട്ടും ശേഖരിക്കാൻ കഴിഞ്ഞ സ്ഥിതിവിവരക്കണക്കുകളും വിലയിരുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട്. സമഗ്രമാവണമെന്നില്ല, എങ്കിലും ജനകീയാസൂത്രണ സമിതി പ്രവർത്തകരും മറ്റ് പ്രമുഖ വ്യക്തികളും നടത്തിയ ചർച്ചകളിൽ നിന്ന് കിട്ടിയ വിവരണവുംകൂടി ചേർത്ത് വിലയിരുത്തപ്പെടേണ്ട പ്രശ്നങ്ങളും സാധ്യതകളും പരമാവധി ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

ദ്വിതീയ വിവര ശേഖരത്തിന്റെ അപര്യാപ്തതയും ലഭ്യമാവേണ്ട ഒട്ടേറെ രേഖകളുടെ അഭാവവും ഇത് തയ്യാരാക്കുമ്പോൾ തടസ്സമായി വന്നിട്ടുണ്ട്. ലഭ്യമായ വിവരങ്ങളിൽ പലതും ബ്ലോക്ക് താലൂക്ക് തലത്തിലാണ് എഴുതി സൂക്ഷിക്കുന്നത് എന്നതിനാൽ പഞ്ചായത്ത് തല കണക്കുകൾ ലഭ്യമാവുന്നില്ല.

നടപ്പു പദ്ധതി അവലോകനത്തിനായി ഉദ്യോഗസ്ഥയോഗം ചേർന്നിരുന്നുവെങ്കിലും വ്യക്തവും കൃത്യവുമായ അവലോകനം നടത്താനായിട്ടില്ല എന്നത് മറ്റൊരു പരിമിതമായി മാറി.

ഇക്കാരണങ്ങളാൽ കൃത്യതയിൽ കുറവനുഭവപ്പെടാം. ലഭ്യമായ വിവരങ്ങളുടെ ഒരു ക്രമീകരണം നടത്തുവാനേ കഴിഞ്ഞിട്ടുള്ളൂ.

നമ്മുടെ പഞ്ചായത്തന്റെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങൾ, സാധ്യതകൾ എന്ന നിലയിലാണ് ഈ രേഖ അവതരിപ്പിച്ചിരിക്കുന്നത്. നാളത്ത പദ്ധതി രൂപങ്ങൾക്കുള്ള ഒരു മാർഗ്ഗരേഖയാണ് ഈ റിപ്പോർട്ട്. ഈ രേഖയുടെ വിജയം ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന വികസന പദ്ധതികളാണ്.

നിരവധിപേരുടെ കൂട്ടായ ശ്രമഫലമാണ് ഈ രേഖ. പഞ്ചായത്തിലെ ഒട്ടേറെ സ്ഥാപനങ്ങളും സ്കൂളുകളും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിൽ സഹകരിച്ച മുഴുവൻ വ്യക്തികളെയും സ്ഥാപനങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

1996 നവം. 24ന് നടക്കുന്ന പഞ്ചായത്ത് വികസന സെമിനാറിലൂടെ ഈ റിപ്പോർട്ട് സമ്പുഷ്ടവും സമഗ്രവുമാക്കാനുള്ള ആത്മാർത്ഥമായ ശ്രമം ഉയർന്നു വരും എന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്ത് ജനകീയാസൂത്രണ സമിതി
പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത